ആസൂത്രണസഹായി 1

# രണ്ടാംവർഷ പദ്ധതി



സംസ്ഥാന ആസൂത്രണ ബോർഡ്

തദ്ദേശഭരണ വകുപ്പ്

കേരള സർക്കാർ

1998

ജനകീയാസൂത്രണ പ്രസ്ഥാനം

# രണ്ടാംവർഷ പദ്ധതി

## ആസൂത്രണ സഹായി 1

15

10959

12484

**ജനകീയാസൂത്രണപ്രസ്ഥാനം**

**സംസ്ഥാന ആസൂത്രണ ബോർഡ്**

**തദ്ദേശഭരണ വകുപ്പ്**

**കേരള സർക്കാർ**

**1998**

**രണ്ടാംവർഷ പദ്ധതി**

**ആസൂത്രണ സഹായി 1**

*മലയാളം*

ടൈപ്പ്സെറ്റിംഗ്, അച്ചടി - കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെൻറർ,തിരുവനന്തപുരം- 24

കവർ ഡിസൈൻ - എസ്. ശ്രീകുമാർ

പ്രസിദ്ധീകരണം - കേരള സംസ്ഥാന ആസൂത്രണബോർഡ്.
തദ്ദേശഭരണ വകുപ്പ്, കേരള സർക്കാർ.

**RANDAMVARSHA PADHATHI**
**ASOOTHRANA SAHAYI 1**

*MALAYALAM*

Typesetting and Printing - Kerala State Audio-Visual and Reprographic Centre, Thiruvananthapuram - 24

Cover Design - S. Sreekumar

Published by - State Planning Board
Local Administration Department, Government of Kerala

# ഉള്ളടക്കം


പേജ്

അവതാരിക ........ 7

തദ്ദേശഭരണവകുപ്പു മന്ത്രിയുടെ സന്ദേശം ........ 9-10

മുഖവുര ........ 11

അധ്യായം ഒന്ന് - രണ്ടാംവർഷ പദ്ധതിയുടെ പടിവാതിൽക്കൽ ........ 12-17

അധ്യായം രണ്ട് - ഗ്രാമപഞ്ചായത്തു പദ്ധതികൾ 97-98 അനുഭവ പാഠങ്ങൾ 18-38

അധ്യായം മൂന്ന് - രണ്ടാം വാർഷിക പദ്ധതിയ്ക്കുള്ള നടപടിക്രമങ്ങൾ ........ 39-43

അധ്യായം നാല് - കർമസമിതികൾ ........ 44-50

അധ്യായം അഞ്ച് - പ്രോജക്ട് തയ്യാറാക്കൽ ........ 51-65

അധ്യായം ആറ് - ഗ്രാമസഭകളും വാർഡുകൺവെൻഷനുകളും ........ 66-74

അധ്യായം ഏഴ് - വികസനസെമിനാർ ........ 75-79

അധ്യായം എട്ട് - പദ്ധതിരേഖ ........ 80-89


10959

# അവതാരിക

അധികാര വികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും ഒരു മഹത്തായ പരീക്ഷണമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനുസമാനമായ മറ്റൊന്ന് നമ്മുടെ രാജ്യത്ത് ഇതേവരെ നടന്നിട്ടില്ലായെന്ന് കേന്ദ്രപ്ലാനിംഗ് കമ്മീഷനും, ദേശത്തും വിദേശത്തും ഉള്ള വിദഗ്ധരും അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ നാമേറ്റെടുക്കുന്ന ചുമതല അതീവ സങ്കീർണവും ഭാരിച്ചതുമാണെന്ന് നാമെല്ലാം മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ അവസരത്തിനൊത്ത് ഉയരുമെന്ന് എനിക്കുറപ്പുണ്ട്.

ഇപ്പോൾ നമ്മൾ ഒന്നാം വാർഷികപദ്ധതി തയ്യാറാക്കി, അതു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ പോരായ്മകളും ദൗർബല്യങ്ങളും നാം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു.ഇതിലൊട്ടും പരിഭ്രമിക്കേണ്ടതില്ല. ചെയ്തുപഠിച്ചുകൊണ്ടിരിക്കുകയാണ്. തെറ്റുകൾ മനസ്സിലാക്കി അവയെ, തിരുത്തണം. രണ്ടാം വാർഷികപദ്ധതി തയ്യാറാക്കൽ ഇതിനുള്ള ഒരവസരമാണ്. ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന ഈ കൈപ്പുസ്തക (ആസൂത്രണ സഹായി - 1) വും മറ്റ് കൈപ്പുസ്തകങ്ങളും ഈ കടമ നിർവഹിക്കുന്നതിന് സഹായകരമായിരിക്കും.

1998-99 വർഷത്തിൽ 950-ൽ പരം കോടി രൂപയാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതി ധനസഹായമായി നൽകാൻ തീരുമാനിച്ചിരിക്കുന്നത് - കഴിഞ്ഞ വർഷം നൽകിയതിനേക്കാൾ ഏതാണ്ട് നാലിലൊന്നു തുക കൂടുതൽ. മൊത്തം പദ്ധതിയടങ്കലിൽ 10 ശതമാനത്തിൽ താഴെ മാത്രമേ വർധനയുണ്ടായിട്ടുള്ളൂ എന്നോർക്കണം. അധികാര വികേന്ദ്രീകരണപ്രക്രിയ മുന്നോട്ടുകൊണ്ടുപോകുന്നതിനായുള്ള കേരള സർക്കാരിന്റെ പ്രതിബദ്ധതയാണ് ഇത് തെളിയിക്കുന്നത്.

എന്നാൽ ഇത്ര ഭീമമായ തുക താഴേക്കു നൽകുമ്പോൾ പദ്ധതി നടത്തിപ്പിനെക്കുറിച്ച് ചില പുതിയ സങ്കല്പനങ്ങൾ സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. നടന്നുവന്നതുപോലെ കാര്യങ്ങൾ നടന്നാൽ പോരാ. ഓരോവർഷവും നൽകുന്ന ധനസഹായം ഏതാണ്ടു പൂർണമായിത്തന്നെ അതതുവർഷം ചെലവാക്കിയിരിക്കണം. ആസൂത്രണത്തിന്റെ പ്രഥമവർഷം എന്ന നിലയിലാണ് ഈവർഷം ഇക്കാര്യത്തിൽ ചില ഇളവുകൾ നൽകിയത്. ഇതു ഭാവിയിലാവർത്തിക്കില്ല എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. തീരുമാനമെടുക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി തീർക്കാൻ കഴിയണം.

സംസ്ഥാനസർക്കാർ നൽകുന്ന ധനസഹായത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിഒതുക്കാൻ പാടില്ല. പരമാവധി വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കാൻ കഴിയണം. പ്രാദേശിക വിഭവസമാഹരണത്തെയും പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയേയും പ്രോത്സാഹിപ്പിക്കാൻ ഉതകുംവിധം പദ്ധതി ധനസഹായവിതരണത്തിൽ ഭാവിയിൽ എന്തുമാറ്റങ്ങൾ കൊണ്ടുവരണമെന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ആസൂത്രണപ്രക്രിയയിലും പദ്ധതിനിർവഹണത്തിലും പരമാവധി ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തുക. വികസനത്തിൽ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധ്യമാണ് ജനകീയാസൂത്രണത്തിന് പ്രചോദനമായി തീർന്നിട്ടുള്ളത്. സങ്കുചിതമായ കക്ഷിരാഷ്ട്രീയ പരിഗണനയ്ക്കതീതമായി ജനങ്ങളെയാകെ പ്രാദേശികവികസനത്തിനായി ഒന്നിപ്പിക്കാനും പദ്ധതികൾ പ്രയോജനപ്പെടും.

അവസാനമായി, ഒരു കാര്യം അർഥശങ്കയില്ലാതെ വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ അർബുദമായി മാറിയിരിക്കുന്ന അഴിമതിയെക്കുറിച്ചാണത്. അഴിമതി തുടച്ചുനീക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിനുള്ള ഒരു മാർഗമായിട്ടുകൂടിയാണ് ജനകീയാസൂത്രണത്തെ സർക്കാർ വീക്ഷിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും സുതാര്യത ഉറപ്പുവരുത്തുക. ആസൂത്രണത്തിൽവരുന്ന സാങ്കേതികമായ പിഴവുകളും പോരായ്മകളും അനുഭവങ്ങളിൽ നിന്നു പഠിച്ച് നമുക്കു തിരുത്താം. എന്നാൽ പദ്ധതിനിർവഹണത്തിലെ അഴിമതി, അധികാര വികേന്ദ്രീകരണത്തെത്തന്നെ ദുർബലപ്പെടുത്തും. ഈ മഹത്തായ പരീക്ഷണം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി ഈ കോണിൽ നിന്നാണെന്ന് ഞാൻ കരുതുന്നു. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ നിതാന്തമായ ജാഗ്രത അധികാര വികേന്ദ്രീകരണത്തിൽ താത്പര്യമുള്ള ഏവരും പുലർത്തേണ്ടതുണ്ട്.

കഴിഞ്ഞവർഷം തുടങ്ങിവെച്ച ആസൂത്രണവികേന്ദ്രീകരണ പ്രക്രിയയെ വ്യവസ്ഥാപിതമായ ഒരു അടിത്തറയിൽ ഉറപ്പിക്കുന്നതിന് രണ്ടാംവർഷം കഴിയണം. ഈ യജ്ഞത്തിന് നേതൃത്വം നൽകുന്ന തദ്ദേശഭരണസ്ഥാപനങ്ങളിലെ ഭാരവാഹികൾക്കും ജനകീയാസൂത്രണ പ്രവർത്തകർക്കും എല്ലാ വിജയങ്ങളും നേരുന്നു.

**ഇ.കെ. നായനാർ**

*കേരള മുഖ്യമന്ത്രി*

# തദ്ദേശഭരണവകുപ്പുമന്ത്രിയുടെ സന്ദേശം

ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം അധികാരവികേന്ദ്രീകരണം യാഥാർഥ്യമാക്കലാണ്. സാധാരണഗതിയിൽ അധികാരവികേന്ദ്രീകരണം ആസൂത്രണ വികേന്ദ്രീകരണത്തിന് ഒരു മുന്നുപാധിയായിട്ടാണ് വിശേഷിപ്പിക്കപ്പെടുക. എന്നാൽ ഇവിടെ ഒരുപരിധിവരെ കാര്യങ്ങൾ തലതിരിഞ്ഞാണ്. ആസൂത്രണത്തിനായുള്ള ജനകീയപ്രസ്ഥാനത്തിലൂടെ അധികാരവികേന്ദ്രീകരണത്തിനായുള്ള സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ഇതുകൊണ്ടുതന്നെ പദ്ധതിയുടെ നിർവഹണത്തിൽ ഒട്ടേറെ വൈഷമ്യങ്ങളും പ്രശ്നങ്ങളും തദ്ദേശഭരണസ്ഥാപനങ്ങൾ നേരിടുന്നുണ്ട് എന്നത് വാസ്തവമാണ്.

എന്നാൽ അധികാരവികേന്ദ്രീകരണത്തിന്റെ പാതയിലൂടെ മുന്നേറുന്നതിന് ഇതാണ് പ്രായോഗിക മാർഗമെന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇന്നത്തെ നിലയെ കേരളത്തിലേതിനോട് താരതമ്യപ്പെടുത്തിയാൽ വ്യക്തമാകും. ഒരു സംസ്ഥാനത്തും ഇത്രയേറെ തുക സ്വന്തം തീരുമാനപ്രകാരം ചെലവഴിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്കു ലഭിക്കുന്നില്ല. ഈ പണം ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങളും മറ്റും രൂപംകൊണ്ടിട്ടുണ്ട്. ജനകീയാസൂത്രണപ്രസ്ഥാനത്തിൽ അണിനിരന്നിട്ടുള്ള ജനലക്ഷങ്ങളുടെ പിന്തുണ തദ്ദേശഭരണസ്ഥാപനങ്ങൾക്കുണ്ട്. കുറ്റങ്ങളും കുറവുകളും ഇനിയുമുണ്ടാകും. അവയൊക്കെ വഴിയേ പരിഹരിക്കണമെങ്കിൽ ഇന്നുള്ള സാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്തിയേ തീരൂ. ഇതിനായി കർമ്മനിരതരാകണം.

രണ്ടാംവർഷത്തെ പദ്ധതി തയ്യാറാക്കുന്നതിനായുള്ള കൈപ്പുസ്തകമാണ് ഈ ഗ്രന്ഥം. ആസൂത്രണ ബോർഡും തദ്ദേശഭരണവകുപ്പും കൂട്ടായി ചർച്ച ചെയ്താണ് ഇതിനു രൂപംനൽകിയിട്ടുള്ളത്. ഈ കൈപ്പുസ്തകത്തിന്റെ ഉള്ളടക്കത്തിലേക്കു കടക്കാൻ ഈ സന്ദർഭത്തിൽ ഞാനുദ്ദേശിക്കുന്നില്ല. ഇതിലെ മാർഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി രണ്ടാംവർഷ പദ്ധതിക്ക് രൂപം കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ചെയതു തീർക്കേണ്ട മറ്റൊരു കടമയെക്കുറിച്ച് ഓർമ്മിപ്പിക്കാനാണ് ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നത്. ഒന്നാംവാർഷികപദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ചാണത്.

ഒന്നാംവർഷ പദ്ധതി തയ്യാറാക്കുന്നതിൽവന്ന കാലതാമസവും പൊതുതെരഞ്ഞെടുപ്പുംമൂലം പ്രോജക്ടുകളിൽ ചെറുതല്ലാത്തൊരു പങ്ക് ഇനിയും പൂർത്തീകരിക്കേണ്ടതായിട്ടാണിരിക്കുന്നത്. അവ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എല്ലാവരും ഒന്നിച്ചിറങ്ങണം. കഴിഞ്ഞവർഷം ലഭിച്ച പദ്ധതി ധനസഹായത്തിന്റെ 90 ശതമാനം ചെലവഴിച്ചു തീർത്താലേ രണ്ടാംവാർഷികപദ്ധതിയുടെ ഒന്നാംഗഡു ലഭിക്കുകയുള്ളൂ. എന്തുവന്നാലും കഴിഞ്ഞ വർഷത്തെപ്പോലെ സെപ്തംബർ-ഒക്ടോബർ മാസത്തിലേക്ക് പുതിയ വാർഷികപദ്ധതി വെച്ചുതാമസിപ്പിച്ചു കൂടാ. ജൂൺ മാസത്തിലെങ്കിലും രണ്ടാംവാർഷിക പദ്ധതി രേഖ പൂർത്തിയാകണം. അപ്പോഴേക്കും ഒന്നാംവർഷത്തിലെ പദ്ധതിനിർവഹണവും പൂർത്തിയായിരിക്കും.

പദ്ധതിയുമായി ബന്ധപ്പെട്ട രണ്ടു കാര്യങ്ങൾ ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. ഒന്നാമത്തേത്, ഗ്രാമസഭകളുടെ പ്രാധാന്യമാണ്. ഗ്രാമസഭകളാണ് പഞ്ചായത്തീരാജിന്റെ അടിത്തറ. അധികാരം ജനങ്ങൾക്ക് എന്നതിന്റെ യഥാർഥ അർഥതലം ഇവിടം വരെ നീളുന്നു. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ പോലെതന്നെ ഭരണഘടനാപരവും വ്യവസ്ഥാപിതവുമായ സ്ഥാനവും കർത്തവ്യങ്ങളും ഗ്രാമസഭകൾക്കുണ്ട്. ആസൂത്രണത്തിനായുള്ള ഗ്രാമസഭകളെക്കുറിച്ച് ഈ കൈപ്പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ സംബന്ധിച്ച് പ്രത്യേക ചട്ടങ്ങൾ തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. സെൻ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഗ്രാമസഭകളെ ഇനിയും ശക്തമാക്കാൻ കഴിയുന്ന നിയമഭേദഗതികളെക്കുറിച്ച് സർക്കാർ ആലോചിച്ചുവരികയാണ്.

രണ്ടാമത്തെ കാര്യം, ഗുണഭോക്തൃകമ്മിറ്റികളെ അഥവാ നടത്തിപ്പുകമ്മിറ്റികളെക്കുറിച്ചാണ്. പുതിയ പ്രവൃത്തി ചട്ടങ്ങളിലൂടെ യഥാർഥ ഗുണഭോക്തൃകമ്മിറ്റികൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള എല്ലാ തടസങ്ങളും നീക്കം ചെയ്തിരിക്കുകയാണ്. യഥാർഥ ഗുണഭോക്തൃകമ്മിറ്റികൾ ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തില്ല എന്ന ബോധ്യത്താലാണ് എത്രയോ നാളായി നിലനിന്ന കീഴ്വഴക്കങ്ങളേയും

ചട്ടങ്ങളേയും മാറ്റാൻ തീരുമാനിച്ചത്. എന്നാൽ യഥാർഥ ഗുണഭോക്തൃ കമ്മിറ്റികൾക്കുപകരം പഴയ നോമിനി സമ്പ്രദായം തുടരുന്നതിനുള്ള പ്രവണത ചില തദ്ദേശഭരണസ്ഥാപനങ്ങളിൽ കണ്ടുതുടങ്ങിയിട്ടുണ്ട്. ഏതെങ്കിലും പ്രവൃത്തി കോൺട്രാക്ട് നൽകണമെങ്കിൽ അതിനുള്ള രീതികൾ പ്രവൃത്തിച്ചട്ടങ്ങളിൽ നൽകിയിട്ടുണ്ട്. അതനുസരിച്ച് ടെൻഡർ വിളിച്ച് പണി നടത്തണം. അതിനുപകരം കോൺട്രാക്ടർക്ക് കൊള്ള ലാഭം ഉണ്ടാക്കാൻ അവസരം കൊടുക്കുന്നത് ഗുരുതരമായ അഴിമതിയും ക്രമക്കേടുമാണ്. ഇക്കാര്യത്തിൽ കർക്കശവും വിട്ടുവീഴ്ചയില്ലാത്തതുമായ ഒരു നിലപാട് സ്വീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ഗുണഭോക്താക്കളെ സുതാര്യമായി ഗ്രാമസഭയിൽ വെച്ച് തീരുമാനിക്കാത്തതും പഴയ നോമിനി സമ്പ്രദായം തുടരുന്നതും അധികാരവികേന്ദ്രീകരണത്തിന്റെ ശത്രുക്കളാണ്. ഇത്തരം നിക്ഷിപ്ത താത്പര്യക്കാരെ തുറന്നു കാണിച്ചും എതിർത്തു തോല്പിച്ചുകൊണ്ടുംമാത്രമേ അധികാരവികേന്ദ്രീകരണത്തെ നമ്മുടെ നാട്ടിൽ സ്ഥായിയാക്കാനാവൂ. ശക്തമായ നിയമനടപടികൾ സർക്കാർ എടുക്കുമെന്ന് പറയുമ്പോൾ തന്നെ നാം മനസ്സിലാക്കേണ്ടുന്ന ഒരു കാര്യമുണ്ട്. കേവലം നിയമനടപടികൾ കൊണ്ട് പരിഹരിക്കാൻ പറ്റുന്ന ഒന്നല്ല അഴിമതി. ജനങ്ങളുടെ നിതാന്തമായ ജാഗ്രതയും തുടർച്ചയായ ഇടപെടലുകളും കൂടിയേതീരൂ. ഇതിനു പ്രചോദനവും ഉത്തേജനവും നൽകാനുതകുന്ന രീതിയിലായിരിക്കണം ജനകീയാസൂത്രണത്തിന്റെ രണ്ടാം വർഷപദ്ധതി ആസൂത്രണപ്രവർത്തനങ്ങൾ.

**പാലൊളി മുഹമ്മദുകുട്ടി**

*തദ്ദേശഭരണവകുപ്പ് മന്ത്രി*

# മുഖവുര

ഏതാണ്ട് ഒന്നരവർഷം മുമ്പ് ജനകീയാസൂത്രണത്തിൻെറ പ്രഥമ കൈപ്പുസ്തകത്തിന് മുഖവുരയെഴുതിയപ്പോൾ ഇത്രയേറെ സങ്കീർണമായ ഒരു സാമൂഹ്യ സാമ്പത്തിക പ്രവർത്തന പദ്ധതിയിലേക്കാണ് കാൽ വയ്ക്കുന്നത് എന്ന് ധരിച്ചിരുന്നില്ല. ഈയൊരു ചെറിയ കാലംകൊണ്ട് വികേന്ദ്രീകൃത ആസൂത്രണത്തെക്കുറിച്ച് അക്കാദമീയമായി ഇതുവരെ പഠിച്ചതിൽ നിന്നും പഠിപ്പിച്ചതിൽ നിന്നും എത്രയോ കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞു. ജനങ്ങൾ മാത്രമല്ല, സംസ്ഥാന ആസൂത്രണബോർഡിലെ ഞങ്ങളും ചെയ്തു പഠിക്കുകയായിരുന്നു. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് രണ്ടാം വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള ഈ ആസൂത്രണ സഹായി തയ്യാറാക്കിയിട്ടുള്ളത്.

കഴിഞ്ഞവർഷം പരിശീലനത്തിനുവേണ്ടി ഏഴു കൈപ്പുസ്തകങ്ങളും പന്ത്രണ്ട് ലഘു ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. അവയെല്ലാം ഈ കൈപ്പുസ്തകത്തിനുള്ള അനുബന്ധ വായനാഗ്രന്ഥങ്ങളായി കരുതി പഠിച്ചാൽ മാത്രമേ ജനകീയാസൂത്രണത്തിൽ പ്രാവീണ്യം നേടാനാവൂ. ആസൂത്രണസഹായി കർമസമിതി അംഗങ്ങൾക്കെല്ലാം ലഭ്യമാക്കാൻ കഴിയുംവിധം അച്ചടിച്ചു വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പഴയ കൈപ്പുസ്തകങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നില്ല. കഴിഞ്ഞവർഷത്തെ പരിശീലകരിൽനിന്ന് അവ വാങ്ങി വായിക്കുകയേ നിർവാഹമുള്ളൂ.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ ഒന്നാമത്തെ ആസൂത്രണ സഹായിയെ തുടർന്ന് ഓരോ വികസന മേഖലയിലേയും സവിശേഷ പ്രശ്നങ്ങളെയും പ്രോജക്ടു തയ്യാറാക്കുന്നതിൽ സ്വീകരിക്കേണ്ട സമീപനങ്ങളെയും കുറിച്ച് പ്രത്യേകം കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കർമ്മസമിതി അംഗങ്ങൾക്ക് ബ്ലോക്കുതലത്തിൽ അവലോകന-പരിശീലനങ്ങളും മാർച്ച് - മേയ് മാസങ്ങളിൽ നടത്തുന്നതിന് പരിപാടിയിട്ടിട്ടുണ്ട്. ഈ പരിശീലനങ്ങൾ രണ്ടാം വാർഷികപദ്ധതിയുടെ ഗുണനിലവാരത്തെ പുതിയൊരു വിതാനത്തിലേക്കുയർത്തുമെന്ന് തീർച്ചയാണ്.

കഴിഞ്ഞ വർഷത്തേതുപോലെ എല്ലാവർക്കും ഒരേകാര്യങ്ങളിൽ പൊതുവായി പരിശീലനം നൽകുന്നതിനല്ല; മറിച്ച്, ഓരോ വികസനമേഖലയേയുംകുറിച്ച് അതതു മേഖലയിലുള്ള നിർവഹണ ഉദ്യോഗസ്ഥർക്കും പരിശീലകർക്കും വിശേഷാലുള്ള പരിശീലനമാണ് ഈ വർഷം ഏർപ്പാടുചെയ്യുന്നത്. ഇതു സാധ്യമാക്കിത്തീർക്കുന്നത് സർക്കാരിൻെറ വിവിധ വികസനഡിപ്പാർട്ടുമെൻറുകളുടെ നിർലോഭമായ സഹകരണമാണ്. ജനകീയാസൂത്രണത്തിൻെറ ഒന്നാംവർഷത്തെ ഒരു പ്രധാന ദൗർബല്യം ഈ സഹകരണം വേണ്ടത്ര ഉണ്ടായില്ല എന്നതാണ്. ആരുടേയും ബോധപൂർവമായ കുറ്റം കൊണ്ടായിരുന്നില്ല ഇത്. ഇതിനു വേണ്ടുന്ന സാവകാശം ലഭിച്ചില്ലാ എന്നതാണ് കാരണം.

എന്നാൽ ഒന്നാംവർഷത്തെ അനുഭവങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളും ഡിപ്പാർട്ടുമെൻറുകളും തമ്മിൽ പരസ്പരധാരണയും ബന്ധവും വളർത്തിയിരിക്കുന്നു. വിദഗ്ധസമിതി അംഗങ്ങളും നിർവഹണ ഉദ്യോഗസ്ഥരും എന്ന നിലകളിൽ സർക്കാർ ഉദ്യോഗസ്ഥ സംവിധാനത്തിൽ നല്ലൊരുപങ്ക് ജനകീയാസൂത്രണവുമായി ഇതിനകം ബന്ധപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. രണ്ടാംവർഷത്തിൽ അവർകൂടി സജീവമായി ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാൻ പോവുകയാണ്.

രണ്ടാംവർഷത്തെ ആസൂത്രണത്തിൻെറ മറ്റൊരു ഗുണപരമായ വശം വിദഗ്ധരുടെ പങ്കാളിത്തമാണ്. ജനകീയാസൂത്രണത്തിൻെറ പ്രഥമഘട്ടങ്ങളിൽ വേണ്ടത്ര വിദഗ്ധരെ ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പോരായ്മ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞത് വി.ടി.സിയുടെ രൂപീകരണത്തോടെയാണ്. വി.ടി.സി.അംഗങ്ങളുടെ എണ്ണവും പ്രവർത്തനവും വിപുലീകരിക്കുന്നതിന് ആലോചനയുണ്ട്. സന്നദ്ധ പ്രവർത്തകരായ പരിശീലകരെപ്പോലെതന്നെ ജനകീയാസൂത്രണത്തിൻെറ മറ്റൊരു നെടുംതൂണാണ് സന്നദ്ധാടിസ്ഥാനത്തിൽ മുന്നോട്ടുവന്നിട്ടുള്ള സാങ്കേതിക വിദഗ്ധർ. ഇവരുടെ സേവനവും രണ്ടാം പദ്ധതിയുടെ ആസൂത്രണപ്രക്രിയയിൽ ലഭ്യമാവും.

ഈ പുതിയ രണ്ടു ഗുണപരമായ മാറ്റങ്ങളെ ഉൾക്കൊള്ളുന്നതോടൊപ്പം കെ.ആർ.പി., ഡി.ആർ.പി., എൽ.ആർ.പി. പരിശീലന സംവിധാനത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്. സങ്കുചിതമായ പരിഗണനകൾക്കതീതമായി പ്രാപ്തിയും താത്പര്യവുമുള്ള ആളുകളെ പരിശീലകരായി തെരഞ്ഞെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

കേരള സമൂഹത്തിന് ഓജസ്സു നൽകുന്ന ബഹുജനസംഘടനകൾ കൂടുതൽ സജീവമായി ആസൂത്രണ പ്രക്രിയയിൽ ഇടപെടുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുജനസംഘടനകളെ മാറ്റിനിർത്തിക്കൊണ്ട് ജനപങ്കാളിത്തം കേരളസമൂഹത്തെ സംബന്ധിച്ചിടത്തോളം മരീചികയായി തോന്നുന്നു. ഒന്നാംവർഷത്തെ ജനകീയാസൂത്രണത്തിൽ പ്രകടമായ ഏതാണ്ട് സ്വയംഭൂവായ ജനകീയ ആവേശവും പങ്കാളിത്തവും സ്ഥായിയാകണമെങ്കിൽ ജനകീയാസൂത്രണത്തെ കേരളത്തിലെ ബഹുജനസംഘടനകൾ അവരുടെ അജണ്ടയായി ഏറ്റെടുത്തേ മതിയാവൂ. ഇതുസംബന്ധിച്ച് തികഞ്ഞ ശുഭപ്രതീക്ഷയാണ് സംസ്ഥാന ആസൂത്രണബോർഡിനുള്ളത്.

ഇപ്രകാരം ആസൂത്രണപ്രക്രിയയിൽ പങ്കാളികളാകുന്ന ജനപ്രതിനിധികൾക്ക്, ഉദ്യോഗസ്ഥർക്ക്, വിദഗ്ധർക്ക്, സന്നദ്ധ പ്രവർത്തകർക്ക്, സാമൂഹിക പ്രവർത്തകർക്കെല്ലാം ഈ കൈപ്പുസ്തകവും ഇതിനെ തുടർന്ന് പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന കൈപ്പുസ്തകങ്ങളും പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആവശ്യത്തിലേറെ പുസ്തകങ്ങൾ അച്ചടിച്ചു ദുർവ്യയം ചെയ്യുന്നു എന്നൊരു ആരോപണം ചില കോണുകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾ വായിക്കുന്നതിനോ അവയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനോ മെനക്കെടാത്തവരാണ് ഈ ആരോപണത്തിനു പിന്നിലെന്നത് കൗതുകകരമാണ്.

ജനകീയാസൂത്രണം സംബന്ധിച്ച് പഠിക്കുന്നതിന് ആസൂത്രണബോർഡിൽ വരുന്ന പണ്ഡിതന്മാരും മറ്റും ഏതാണ്ട് ഒരുപോലെ വിസ്മയപ്പെടാറുണ്ട്. കേരളത്തിൽ ഇന്നു നടക്കുന്നതുപോലുള്ള വികേന്ദ്രീകൃതാസൂത്രണം ഒറ്റപ്പെട്ട ഒരു ഗ്രാമത്തിലോ അല്ലെങ്കിൽ ഒരു ചെറു പ്രദേശത്തോ നടപ്പാക്കിയ അനുഭവങ്ങളുണ്ടാകാം. എന്നാൽ എങ്ങനെ ഇത്ര വിപുലമായ ഒരു പ്രദേശത്ത്, ഒരു സംസ്ഥാനത്ത് മുഴുവനുമായി, ഇതു ചെയ്യാനാകും?

ഈ വിജയത്തിനുപിന്നിലെ ഒരു പ്രധാനപ്പെട്ട ഘടകം വിശദമായ ഈ കൈപ്പുസ്തകങ്ങൾ തന്നെയാണ്. അവ നൽകുന്ന തെളിമയും സൂക്ഷ്മതയും ഇല്ലാതിരുന്നെങ്കിൽ അരാജകത്വമായേനെ ഫലം. അക്കാദമീയമായിപ്പോലും സിദ്ധാന്തത്തിലും രീതീ സമ്പ്രദായത്തിലും ഈ കൈപ്പുസ്തകങ്ങൾ പുതിയൊരു പാത തുറക്കുന്നുവെന്ന് എനിക്കുറപ്പിച്ചു പറയാനാവും.

ഈ ഗ്രന്ഥങ്ങൾ തയ്യാറാക്കുന്നതിനുള്ള ഏകോപന ചുമതല സംസ്ഥാന ആസൂത്രണ ബോർഡിലെ ജനകീയാസൂത്രണ സെല്ലിലെ ഏതാനും പേരാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ഗവേഷണസ്ഥാപനങ്ങളിലെ വിദഗ്ധരുടെയും വിവിധ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥരുടെയും ഗ്രാമതല വികസനപ്രവർത്തകരുടെയും സമ്പന്നമായ അറിവും അനുഭവവും ഏകോപിപ്പിക്കാൻ കഴിഞ്ഞതു മൂലമാണ് സമയബന്ധിതമായ രീതിയിൽ ഈ ഗ്രന്ഥങ്ങൾ തയ്യാറാക്കാൻ കഴിഞ്ഞത്. രണ്ടാം വാർഷിക പദ്ധതിയ്ക്കുള്ള കൈപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി മൊത്തം 500-ലേറെ പേർ ഒരു ഡസനിലധികം ഗ്രൂപ്പുകളിലായി ഒരു പ്രതിഫലവുംപറ്റാതെ പണിയെടുക്കുന്നുണ്ട്. അവരോടെല്ലാമുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുന്നതിന് ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു. ആസൂത്രണ സഹായി പരമ്പരയിൽ ഒന്നാമത്തേതായ ഈ കൈപ്പുസ്തകത്തിന് അവതാരിക എഴുതിത്തന്ന് ഈ സംരംഭത്തെ ധന്യമാക്കിയ കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ.നായനാരോടും പ്രത്യേക സന്ദേശം നൽകിയ തദ്ദേശഭരണ വകുപ്പു മന്ത്രി ശ്രീ പാലൊളി മുഹമ്മദുകുട്ടിയോടുമുള്ള ആസൂത്രണബോർഡിന്റെ കടപ്പാട് രേഖപ്പെടുത്തുന്നു.

**പ്രൊഫ. ഐ.എസ്.ഗുലാത്തി**
*വൈസ് ചെയർമാൻ*
*സംസ്ഥാന ആസൂത്രണ ബോർഡ്*

അധ്യായം 1

# രണ്ടാംവർഷപദ്ധതിയുടെ പടിവാതിൽക്കൽ

കേരളത്തിന്റെ ഒമ്പതാം പഞ്ചവത്സര പദ്ധതി ഇന്ത്യൻ ആസൂത്രണ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി തീർന്നിരിക്കുന്നു. ഗ്രാമപഞ്ചായത്തു മുതൽ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളെല്ലാം അവരുടേതായ പഞ്ചവത്സരപദ്ധതിക്ക് സ്വയം രൂപം നൽകിയിരിക്കുന്നു. സംസ്ഥാന പദ്ധതിയടങ്കലിന്റെ 35% ത്തിലേറെ ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതികളിലൂടെയാണ് ചെലവഴിക്കപ്പെടുന്നത്. ഇതിനു സമാനമായി മറ്റൊരു സംഭവം ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ല. മറ്റു സംസ്ഥാനങ്ങളിൽ ഏറിയാൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സംസ്ഥാന-ജില്ലാതലങ്ങളിൽ രൂപം കൊള്ളുന്ന പദ്ധതികൾ നടപ്പാക്കുക മാത്രമാണ് ചെയ്യുന്നത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇന്ന് കേവലം വികസന നിർവഹണ ഏജൻസികൾ അല്ല. തങ്ങളുടെ അധികാരപരിധിയിൽവരുന്ന വിഷയങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വേണ്ടതെന്ന് സ്വയം തീരുമാനിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന ഭരണസ്ഥാപനങ്ങളാണ്. ജനകീയാസൂത്രണ പ്രസ്ഥാനമാണ് ഇതിനുള്ള കരുത്ത് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകിയത്.

താഴെത്തട്ടിൽ നിന്ന് ആസൂത്രണം എന്നുള്ളത് ഇന്ത്യയിലെ ആസൂത്രണ ചരിത്രത്തോളം തന്നെ പഴക്കമുള്ള ഒരു മോഹനസങ്കല്പനമായിരുന്നു. എന്നാൽ നാളിതുവരെ ഇതു നടപ്പായില്ല. അത്രമേൽ ശക്തമാണ് ആസൂത്രണ വികേന്ദ്രീകരണത്തിനുള്ള പ്രതിബന്ധങ്ങൾ. വൈദഗ്ധ്യത്തിന്റെ അഭാവം, ദുർബലമായ ഉദ്യോഗസ്ഥസംവിധാനം, മുൻപരിചയമില്ലായ്മ, ആവശ്യമായ ചട്ടങ്ങളും മറ്റുമില്ലാത്തത്, സ്ഥിതി വിവരക്കണക്കുകളിലെയും മറ്റും പോരായ്മകൾ എന്നിങ്ങനെ കടമ്പകളേറെയാണ്. ഇവമൂലമാണ് 73, 74 ഭരണഘടനാ ഭേദഗതികൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആസൂത്രണത്തിൽ പങ്കാളിത്തം ഉറപ്പു നൽകിയിട്ടും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ആസൂത്രണ വികേന്ദ്രീകരണം നടപ്പിലാകാത്തത്; ഏറിയാൽ ജില്ലാതലത്തിൽ ഒതുങ്ങി നിൽക്കുന്നത്. എല്ലാ മുന്നൊരുക്കങ്ങളും നടത്തി സർക്കാർ മുറയിൽ ആസൂത്രണ വികേന്ദ്രീകരണംനടപ്പാക്കാംഎന്നാണ് തീരുമാനിച്ചിരുന്നതെങ്കിൽ കേരളത്തിലും സ്ഥിതി മറിച്ചാകുമായിരുന്നില്ല. എന്നാൽ ഇത്തരം ഉപായങ്ങൾ പറഞ്ഞ് ആസൂത്രണ വികേന്ദ്രീകരണം പത്താം പദ്ധതിയിലേക്ക് മാറ്റി വയ്ക്കാനല്ല, മറിച്ച് ആസൂത്രണത്തിനായുള്ള ഒരു ജനകീയ പ്രസ്ഥാനത്തിനുരൂപം നൽകി ഒമ്പതാം പദ്ധതിക്കാലത്തുതന്നെ അത് യാഥാർത്ഥ്യമാക്കുന്നതിനാണ് കേരളസർക്കാർ തീരുമാനിച്ചത്.

### വികേന്ദ്രീകൃത വാർഷികപദ്ധതി - 1997-98

ഇപ്രകാരം നോക്കുമ്പോൾ ജനകീയാസൂത്രണപ്രസ്ഥാനം അതിന്റെ പ്രഥമലക്ഷ്യം കൈവരിച്ചു കഴിഞ്ഞു. ഈ നേട്ടം ഇതിനകം അന്തർദ്ദേശീയ-ദേശീയശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. ഇതിൽ അഭിമാനം കൊള്ളുന്നതിനോടൊപ്പം ഓരോ തദ്ദേശഭരണ സ്ഥാപനവും ജനകീയാസൂത്രണപ്രവർത്തകരും നടപ്പു വർഷത്തെ പദ്ധതിയിലെ വൈകല്യങ്ങളെയും വീഴ്ചകളെയും വിശദമായി പഠിക്കാനും തുറന്നുചർച്ചചെയ്യാനും തയ്യാറെടുക്കുകയാണ്. അനുഭവങ്ങളിൽനിന്ന് പഠിച്ചു മുന്നേറാൻ കഴിയണം.

നടപ്പുവർഷത്തെ പദ്ധതിയുടെ ഒരു സാമാന്യ അവലോകനം അടുത്ത അധ്യായത്തിൽ കൊടുത്തിട്ടുണ്ട്. പല പരിമിതികളും അതു വെളിപ്പെടുത്തുന്നു. പ്രാദേശികമായ വിഭവസമാഹരണ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതേസമയം ചില വിഭവസ്രോതസ്സുകൾ അയഥാർത്ഥമായി പെരുപ്പിച്ചു കാണാനുള്ള അനഭിലഷണീയ പ്രവണതയുമുണ്ട്. മനുഷ്യ-പ്രകൃതി വിഭവങ്ങളുടെ പ്രത്യേകതകളെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് പരിപാടികൾ ആവിഷ്കരിക്കുന്നതിന് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. അച്ചിൽ വാർത്ത മാതൃകയിലുള്ള പ്രോജക്ടുകൾ ധാരാളമുണ്ട്. ചില പരിപാടികൾ എല്ലാ തട്ടുകളും ആവർത്തിക്കുമ്പോൾ എല്ലാവർ

ക്കും വേണ്ടുന്ന മറ്റുചിലവ ആരും ചെയ്യുന്നില്ല, ഏകോപനവും സമഗ്രതയും വേണ്ടത്രയില്ല: ഇങ്ങനെ പലതും. ഇത്തരം വീഴ്ചകളും പോരായ്മകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി ഇതിനകം നടത്തിയിട്ടുള്ള അവലോകനങ്ങളിലെല്ലാം നമ്മൾതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. എന്നാൽ ഇവയൊക്കെ തങ്ങളുടെ എന്തോ മഹാ കണ്ടുപിടുത്തങ്ങളായി പ്രചരിപ്പിക്കാൻ ചില നിക്ഷിപ്ത താല്പര്യക്കാർ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നുണ്ട്. ഇത്തരക്കാരെ അവഗണിച്ചു കൊണ്ട് നമുക്ക് കർമ്മപാതയിലൂടെ മുന്നേറാം.

എങ്കിലും വിമർശകരോട് ചിലകാര്യങ്ങൾ പറഞ്ഞുകൊടുക്കാനുണ്ട്. പോരായ്മകളുണ്ട് എന്നതു ശരിതന്നെ. പക്ഷെ, അവരാദ്യം അംഗീകരിക്കേണ്ട ഒരു വസ്തുതയുണ്ട് -താഴെത്തട്ടിൽ നിന്ന് ഒരുപദ്ധതി രൂപംകൊണ്ടു എന്ന യാഥാർത്ഥ്യം. അങ്ങനെ ഒരു പദ്ധതിയുണ്ടായതു കൊണ്ടാണല്ലോ പോരായ്മകളെക്കുറിച്ച് സംസാരിക്കാൻ കഴിയുന്നത്. ഇതുപോലൊരു ബൃഹത്തായ പരീക്ഷണത്തിൽ പോരായ്മകൾ അനിവാര്യമാണ്. അവ കണ്ടെത്തി തിരുത്തുന്നതിനുള്ള പരിപാടി ജനകീയാസൂത്രണ പ്രസ്ഥാനത്തിലുണ്ട്. ഇതാണ് രണ്ടാംവർഷപ്രവർത്തനങ്ങളുടെ സവിശേഷത. മറ്റൊന്നുകൂടി : പോരായ്മകളെക്കുറിച്ചും വീഴ്ച്ചകളെക്കുറിച്ചും സംസാരിക്കുമ്പോൾ എന്തിനോടാണ് തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികളെ താരതമ്യപ്പെടുത്തേണ്ടത്? നമ്മുടെയൊക്കെ മനസ്സിലുള്ള ഒരു ആദർശ പദ്ധതിരൂപത്തോടോ, അതോ ഇതുവരെ സംസ്ഥാനതലത്തിൽ നടന്നുവന്നിരുന്ന പദ്ധതിയാസൂത്രണത്തിൻെറ യഥാർത്ഥ്യത്തോടോ? ഇതുവരെ നടന്നുവരുന്ന പദ്ധതി എത്ര കെങ്കേമമായിരുന്നു എന്ന് വിശദമായി പരിശോധിക്കാനിവിടെ ഒരുമ്പെടുന്നില്ല. ഉദ്ഘാടനത്തിനു മുമ്പുതന്നെ നഷ്ടം അനിവാര്യമാകുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സിൽവർജൂബിലി കഴിഞ്ഞിട്ടും പണിതീരാതെ അനന്തമായി നീളുന്ന ജലസേചന പദ്ധതികൾ, ബഡ്ജറ്റിൻെറ അമ്പതു ശതമാനത്തോളം ചെലവാക്കിയിട്ടും അനുദിനം നിലവാരത്തകർച്ച നേരിടുന്ന വിദ്യാഭ്യാസമേഖല... അഴിമതിയും കെടുകാര്യസ്ഥതയും. ഇന്നലെവരെ നടന്നുവന്നതിനേക്കാൾ കൂടുതൽ മോശമായി എന്തെങ്കിലും ചെയ്യാനാകുമോ! ഇതൊക്കെ വിസ്മരിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രഥമ പദ്ധതി നടത്തിപ്പിലുള്ള ബാലാരിഷ്ടകൾക്കെതിരെ ചന്ദ്രഹാസം ഇളക്കുന്നവരോടു പരിതപിക്കുകയേ നിവർത്തിയുള്ളു.

## പുതിയൊരു വികസന സംസ്കാരം

എങ്ങനെയെങ്കിലും താഴത്തുനിന്ന് ഒരു പദ്ധതിയുണ്ടാക്കിയെടുക്കുക എന്നതായിരുന്നില്ല ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം എന്നുപറയേണ്ടതുണ്ട്. ആസൂത്രണദൗത്യം വിജയിപ്പിക്കുന്നതിന് വിദഗ്ധരേയും ഉദ്യോഗസ്ഥരേയും സന്നദ്ധപ്രവർത്തകരേയും എല്ലാം തദ്ദേശ ജനപ്രതിനിധികൾക്കു പിന്നിൽ അണിനിരത്താനാണല്ലോ ജനകീയാസൂത്രണ പ്രസ്ഥാനം പരിശ്രമിച്ചത്. ആസൂത്രണവുമായി ബന്ധപ്പെട്ട നാനാവിധ പ്രവർത്തനങ്ങളിലും പ്രചാരണത്തിലും പഠനത്തിലും പങ്കാളികളാകുന്ന ഇവരുടെയെല്ലാം വികസന മനോഭാവത്തിലും ശൈലിയിലും അടിസ്ഥാനപരമായ മാറ്റംവരുത്തുകയെന്ന വിശാലമായ ലക്ഷ്യവുംകൂടി പ്രസ്ഥാനത്തിനുണ്ടായിരുന്നു. ജനകീയാസൂത്രണ പരിപാടികളുടെ സ്വഭാവത്തെ രൂപപ്പെടുത്തുന്നതിൽ ഈ ലക്ഷ്യബോധം പ്രധാന ഘടകമായിരുന്നു. ആസൂത്രണത്തെ പ്രസ്ഥാനത്തിൻെറ രൂപത്തിൽ സംഘടിപ്പിച്ചതിൻെ പിന്നിലെ പ്രധാന ചേതോവികാരംതന്നെ ഇതായിരുന്നുവെന്ന് വേണമെങ്കിൽപറയാം. സർക്കാരുത്തരവുകൾകൊണ്ട് കൈവരിക്കാൻ കഴിയുന്ന ഒന്നല്ല മനോഭാവമാറ്റം. അതിന് ഒരു പ്രസ്ഥാനത്തിൻെറ യുക്തിയും സർഗാത്മകതയും കൂടിയേ തീരൂ.

അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാകണമെങ്കിൽ വികസനപ്രക്രിയയിൽ പങ്കാളികളാകുന്ന എല്ലാവരും സ്വയം ഒരു പരിവർത്തനത്തിനു തയ്യാറായേ മതിയാവൂ. തദ്ദേശഭരണസ്ഥാപനത്തിലെ ജനപ്രതിനിധിയെന്നാൽ നയപരമായ തീരുമാനങ്ങളെടുത്ത് നിർവഹണം മുഴുവൻ ഉദ്യോഗസ്ഥർക്ക് വിട്ടുകൊടുക്കുന്ന ശൈലി അവലംബിച്ചാൽ പറ്റില്ല. ജനപങ്കാളിത്തവികസനം യാഥാർഥ്യമാകണമെങ്കിൽ ജനപ്രതിനിധികളും ദൈനംദിന വികസന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തേതീരൂ.

മേലുദ്യോഗസ്ഥനോട് മാത്രം കടപ്പെട്ട് ഉദ്യോഗസ്ഥശ്രേണിയിലെ ഒരു കണ്ണിയായി മാത്രം പ്രവർത്തിച്ചുവന്ന ഉദ്യോഗസ്ഥർ വിവിധ തട്ടുകളിലെ ജനപ്രതിനിധികളോട് ബാധ്യതപ്പെട്ട് പ്രവർത്തിച്ചാലേ വികേന്ദ്രീകരണം ജനാധിപത്യപരമാവൂ. ജനങ്ങളിൽനിന്നു വേറിട്ടുകൊണ്ടല്ല, ജനങ്ങളോടൊപ്പംനിന്നു പ്രവർത്തിക്കുന്ന പുതിയൊരു ഉദ്യോഗസ്ഥശൈലി നിലവിൽവരണം.

നമ്മുടെ അക്കാദമിക്ക്പണ്ഡിതരും, വിദഗ്ധരും ദന്തഗോപുരങ്ങളിൽനിന്നിറങ്ങി സാധാ

രണക്കാരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിച്ചു തുടങ്ങണം. പരീക്ഷണശാലയും പണിശാലയും തമ്മിൽ പുതിയൊരു കൊടുക്കൽ വാങ്ങൽ ബന്ധം ഉരുത്തിരിയണം.

കേരളത്തിലെ ബഹുജനസംഘടനകൾ വലിയൊരു ജനാധിപത്യ പൈതൃകമാണ്. കേരളത്തിൻെറ സാമൂഹ്യ നേട്ടങ്ങളുടെ അടിത്തറയാണവ. ഭൂമിക്കും,കൂലിക്കും, വിദ്യാഭ്യാസ ആരോഗ്യ സംവിധാനത്തിനും മറ്റവകാശങ്ങൾക്കും വേണ്ടിയുള്ള അവിരാമമായ പരിശ്രമങ്ങളാണ് നമ്മുടെ സാമൂഹ്യ ചരിത്രത്തിൻെറ മുഖ്യധാര. എന്നാലിന്നത്തെ സാഹചര്യത്തിൽ, സമ്പത്തിൻെറ പുനർവിതരണത്തിനായുള്ള അവകാശസമരങ്ങളോടൊപ്പം സമ്പത്തിൻെറ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള മുദ്രാവാക്യംകൂടി ബഹുജനങ്ങളുടെ കർമ്മപരിപാടിയിൽ സ്ഥാനം പിടിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യമേഖലകളുടെ ഗുണനിലവാരം ഉയർത്താനും സംഘടിതരായ ജനങ്ങളുടെ ബോധപൂർവ്വമായ ഇടപെടൽ കൂടിയേ തീരൂ.

എന്തിന്, രാഷ്ട്രീയശൈലിയിൽതന്നെ മാറ്റം വരേണ്ടതുണ്ട്. രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾ മറച്ചുവെക്കാതെതന്നെ സംസ്ഥാനത്തിൻെറ വികസനകാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് ഒരുമിച്ചുപ്രവർത്തിക്കാൻ കഴിയും. വെള്ളം കയറാത്ത അറകളായി ജനങ്ങളെ ഭിന്നിപ്പിച്ചു നിർത്തുന്ന കക്ഷിരാഷ്ട്രീയം നാടിൻെറ വികസനത്തിനു തടസ്സമാണ്. യോജിക്കാവുന്ന മേഖലകളിലെല്ലാം കക്ഷി രാഷ്ട്രീയത്തിനതീതമായ ബഹുജനഐക്യം രൂപപ്പെടണം.

ചുരുക്കത്തിൽ, നമുക്കുവേണ്ടത് പുതിയൊരു വികസന സംസ്കാരമാണ്. പുതിയ വികസന സംസ്കാരമെന്നു പറയുമ്പോൾ കേവലം ശൈലീമാറ്റം മാത്രമല്ല വിഭാവനം ചെയ്യുന്നതെന്ന് മനസ്സിലാക്കണം. വികസനത്തിൻെറ ഉള്ളടക്കത്തെക്കുറിച്ചുതന്നെ പുനർവിചിന്തനം വേണ്ടിയിരിക്കുന്നു. ഉത്പാദന മേഖലകൾക്കു നാമിനിമേൽ കൂടുതൽ ഊന്നൽ നൽകണം. അതോടൊപ്പം വിദ്യാഭ്യാസ - ആരോഗ്യാദിമേഖലകളിലെ ഗുണനിലവാരം ഉയർത്തുകയും വേണം. നമ്മുടെ സമൂഹത്തിൽ ഇന്നും തുടരുന്ന ദാരിദ്ര്യത്തുരുത്തുകൾ ഇല്ലാതാക്കണം. വികസനപ്രക്രിയയിൽ സ്ത്രീകൾക്ക് തുല്യപങ്കാളിത്തം കൊടുത്തേമതിയാവൂ. പരിസ്ഥിതിയെ സംഹരിച്ചു കൊണ്ടല്ല, സംരക്ഷിച്ചു കൊണ്ടു തന്നെ വികസനവളർച്ച കൈവരിക്കാനാകണം. അങ്ങനെ, ഉള്ളടക്കത്തിലും ശൈലിയിലും ഉള്ള മാറ്റത്തിൻെറ ആകെത്തുകയെയാണ് പുതിയവികസനസംസ്ക്കാരം എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

## മാറ്റങ്ങൾ എത്രമാത്രം?

ഈ ലക്ഷ്യങ്ങൾ എത്രമാത്രം കൈവരിക്കാൻ കഴിഞ്ഞു? കേരളം മാറിപ്പോയി എന്നൊന്നും ആരും അവകാശപ്പെടില്ല. പക്ഷെ, ഒന്നുതറപ്പിച്ചു പറയാനാവും. മാറ്റത്തിൻെറ കേളികൊട്ട് കേൾക്കുന്നുണ്ട്.

കക്ഷി രാഷ്ട്രീയത്തിൻെറ അതിപ്രസരത്തിനു കുപ്രസിദ്ധമായ ഈ സംസ്ഥാനത്ത് എല്ലാ രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരും രാഷ്ട്രീയമൊന്നുമില്ലാത്തവരും എല്ലാംയോജിച്ച് ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറഭാഗമായി ഗ്രാമസഭകളിൽ പങ്കുകൊണ്ടു ചർച്ചകൾ നടത്തിയത് ചെറിയൊരു കാര്യമാണോ? 30 ലക്ഷത്തോളം ആളുകളാണ് ഇപ്രകാരം ആദ്യറൗണ്ട് ഗ്രാമസഭകളിൽ പങ്കെടുത്തത്. അതുപോലെതന്നെ വികസന സെമിനാറുകളും എത്ര ഐക്യഭാവത്തോടെയാണ് നടന്നത്. വിരലിലെണ്ണാവുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലല്ലേ പദ്ധതി പാസാക്കുന്നതിന് വോട്ടെടുപ്പ് വേണ്ടിവന്നുള്ളു?

ഇന്നു വിദഗ്ധസമിതികളിൽ സന്നദ്ധ പ്രവർത്തനം നടത്തുന്ന നാലായിരത്തിൽപ്പരം വിദഗ്ധരിൽ ഏതാണ്ട് 10 ശതമാനത്തിൽത്താഴെപ്പേർ മാത്രമേ ആദ്യഘട്ടത്തിൽ ജനകീയാസൂത്രണത്തിൽ സജീവമായിരുന്നുള്ളു. എന്നാൽ തങ്ങളും കൂടി പങ്കാളികളാകേണ്ടുന്ന ഒരു മഹത്തായ സാമൂഹിക പരിവർത്തന പ്രസ്ഥാനമാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത് എന്ന തോന്നൽ ഈ വിഭാഗങ്ങളിൽ ഉണ്ടായതിൻെറ ഫലമല്ലേ ഈ വിദഗ്ദ്ധരിൽ മഹാഭൂരിപക്ഷവും കർമ്മരംഗത്തേക്ക് വന്നത്?

ജനകീയാസൂത്രണത്തിൻെറ ആദ്യഘട്ടങ്ങളിൽ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം എത്രയോ പരിമിതമായിരുന്നു. എന്നാൽ ഇന്ന് വിദഗ്ധ സമിതികളിലെ കൺവീനർമാർ ഉദ്യോഗസ്ഥരാണ്. നിർവഹണ ഉദ്യോഗസ്ഥരെന്ന നിലയിൽ വ്യത്യസ്ത ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥർ പഞ്ചായത്തിൻെറ പദ്ധതികളുടെ നിർവഹണത്തിൽ സജീവപങ്കാളിത്തം വഹിക്കുന്നു.

വികസനമെന്നാൽ സർക്കാരിൽനിന്ന് എന്തെങ്കിലും ധനസഹായം കൈപ്പറ്റുന്നതിനുള്ള ഉപായമാണ് എന്നുള്ളചിന്തയിലും കുറച്ചൊക്കെ മാറ്റങ്ങൾ വന്നുതുടങ്ങിയിട്ടുണ്ട്. സന്നദ്ധസേവനം, സംഭാവന, തങ്ങളുടെ തനതുഫണ്ട് എന്നിവയിൽ

നിന്നെല്ലാം 200-250 കോടിരൂപയുടെ അധികവിഭവസമാഹരണംനടത്താനാണ് തദ്ദേശ ഭരണസ്ഥാപനങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നത്.

ഇവയൊക്കെ മാറ്റത്തിൻെറ ആശാവഹമായ നാമ്പുകളാണ്. ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചപ്പോൾ കല്യാശ്ശേരി, കഞ്ഞിക്കുഴി, മടിക്കൈ, താനാളൂർ, ഒളവെണ്ണ എന്നിങ്ങനെ ഒരു ഡസനോളം പഞ്ചായത്തുകളേ പുതിയ വികസന സംസ്കാരത്തിൻെറ പ്രതീകങ്ങളായി ഉയർത്തിപ്പിടിക്കാനുണ്ടായിരുന്നുള്ളു. ഇന്നിപ്പോൾ മൂന്നു ഡസനിലേറെ മാതൃകാ പഞ്ചായത്തുകളെക്കുറിച്ചുള്ള വീഡിയോ ഡോക്യുമെൻററികൾതന്നെ യുണ്ട്. ഒന്നാം വാർഷികപദ്ധതി പൂർത്തിയാകുന്നതോടെ ഇത്തരം 100-150 മാതൃകാ പഞ്ചായത്തുകൾ കണ്ടെത്തുന്നതിന് പ്രയാസമുണ്ടാകില്ല. നന്മയുടെ ദേശം വ്യാപിക്കുകയാണ്. പക്ഷെ, ഭൂതകാലത്തിൻെറ ചൊരുക്കു വിട്ടുമാറാത്ത ഒട്ടേറെ വ്യക്തികളും തദ്ദേശ ഭരണസ്ഥാപനങ്ങളും ഇന്നുമുണ്ട്. ഇവയെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ജനകീയാസൂത്രണത്തെ താറടിച്ചുകാട്ടാൻ ചിലർ ശ്രമിക്കുന്നത്. ഈ യാഥാർഥ്യം സൂചിപ്പിക്കുന്നത് നാം ഇനിയും ബഹുദൂരം പിന്നിടേണ്ടതുണ്ട് എന്നതാണ്. പുത്തൻ വികസനസംസ്കാരം എന്നത് ഒരുവർഷംകൊണ്ട് നേടാൻ കഴിയുന്ന ഒന്നല്ല. അത് ദീർഘമായ ഒരു പ്രക്രിയ തന്നെയാണ്. എന്നാൽ അതിലേക്കുള്ള നിർണ്ണായകമായ ഒരു കാൽവെയ്പ് നടത്തിക്കഴിഞ്ഞു.

## വ്യവസ്ഥാപിതമാക്കൽ

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് മൂന്നാമതൊരു ലക്ഷ്യം കൂടിയുണ്ട്. പ്രസ്ഥാനം രൂപം നൽകുന്ന പുതിയആവേശത്തെയുംമൂല്യങ്ങളെയും ശൈലിയേയുമെല്ലാം വ്യവസ്ഥാപിതമാക്കുക എന്നുള്ളതാണത്. ഇതിനു കഴിഞ്ഞിട്ടില്ലായെങ്കിൽ പ്രസ്ഥാനത്തിൻെറ വേലിയിറക്കത്തോടൊപ്പം ഇവയും അസ്തമിക്കും. സാക്ഷരതാപ്രസ്ഥാനത്തിൻെറ ഒന്നാംഘട്ടത്തിൻെറ അനുഭവം നമുക്കുണ്ട്. എന്തുവലിയ ആവേശത്തിൻെറ അലകളാണ് അതുനാട്ടിൽ ഉണർത്തിയത്! എന്നാൽ സാക്ഷരതാ പ്രസ്ഥാനത്തിൻെറ വേലിയിറക്കത്തോടൊപ്പം ആ ആവേശവും ചോർന്നുപോയി. ഇതൊരു സിദ്ധാന്തമായിത്തന്നെചിലർഉയർത്തിയിട്ടുണ്ട്. പ്രസ്ഥാനത്തിൻെറ രൂപത്തിൽ ജനങ്ങളെയാകെ ആവേശം കൊള്ളിച്ച് ജനപ്രതിബദ്ധതയുടേയും സത്യസന്ധതയുടേയും സുതാര്യതയുടേയുമെല്ലാം കൊടിക്കൂറ ഉയർത്താനാവും. എന്നാൽ നിലനിർത്താനാവില്ല. ഈ വിമർശനം അസ്ഥാനത്താക്കണമെങ്കിൽ പ്രസ്ഥാനത്തിൻെറ സമ്മർദ്ദശക്തി ഉപയോഗിച്ചുതന്നെ പ്രസ്ഥാനമുണർത്തിവിടുന്ന പുതിയ ശൈലികളേയും മൂല്യങ്ങളേയും നാട്ടിലെ നിയമത്തിൻെറ ഭാഗമാക്കണം, അഥവാ വ്യവസ്ഥാപിതമാക്കണം.

ഈ ദിശയിൽ ആശാവഹമായ പലനേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗുണഭോക്താക്കളെ ഗ്രാമസഭകളിൽ സുതാര്യമായ രീതിയിൽ തെരഞ്ഞെടുക്കണമെന്നത് ജനകീയാസൂത്രണത്തിൻെറ ആദ്യനാളുകൾ മുതൽ പറഞ്ഞു തുടങ്ങിയതാണ്. എന്നാൽ ഇന്നിതൊരു സാരോപദേശമല്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പു ചട്ടങ്ങളിലൂടെ നാടിൻെറ നിയമത്തിൻെറ ഭാഗമായിരിക്കുകയാണ്. അതുപോലെതന്നെ പുതിയ പ്രവൃത്തി ച്ചട്ടങ്ങളും നടപ്പായിക്കഴിഞ്ഞു. ചില ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭകളിൽ നിന്ന് അയൽക്കൂട്ടങ്ങളിലേക്കുകടന്നുകഴിഞ്ഞു. സെൻകമ്മറ്റിയുടെ ഇടക്കാലറിപ്പോർട്ടു സർക്കാർ അംഗീകരിച്ചതോടെ നമ്മുടെ ഭരണ-വികസന സംവിധാനത്തിലാകെ ഒരു പൊളിച്ചുപണി അനിവാര്യമായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ, പുതിയവ്യവസ്ഥയ്ക്കു വേണ്ടിയുള്ള പൊളിച്ചെഴുത്തു തുടങ്ങിയിട്ടേയുള്ളു.ഉദ്യോഗസ്ഥ പുനർവിന്യാസം ഇനിയും യാഥാർത്ഥ്യമായിട്ടില്ല. നിയമങ്ങളിലും ചട്ടങ്ങളിലും ഇനിയും ഭേദഗതി വേണ്ടിവരും. ഇങ്ങനെ ചെയ്തു തീർക്കാൻ കടമകൾ ഏറെയുണ്ട്.

ചുരുക്കത്തിൽ ജനകീയാസൂത്രണ പ്രവർത്തകർക്കെല്ലാം അഭിമാനിക്കാവുന്ന ഒട്ടേറെ നേട്ടങ്ങളുണ്ട്; അതുപോലെ തന്നെ പൂർത്തീകരിക്കേണ്ട കടമകളും. ഇതാണ് രണ്ടാം വാർഷിക പദ്ധതിക്കുതയ്യാറെടുക്കാൻ തുടങ്ങുമ്പോഴുള്ള സാഹചര്യം.

## പുതിയ കടമകൾ

രണ്ടാം വാർഷിക പദ്ധതിയുടെ രൂപവത്കരണം ജനകീയാസൂത്രണ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പോരായ്മകൾ തിരുത്തുന്നതിനും ചെയ്തു തുടങ്ങിയവ പൂർത്തീകരിക്കുന്നതിനും നേടിയെടുത്തവ സുസ്ഥാപിതമാക്കുന്നതിനുമുള്ള വേളയാണ്.

*ഒന്ന്:* ഗ്രാമപഞ്ചായത്തുകളുടെയും മുകൾത്തട്ടുകളുടേയും നടപ്പുവർഷത്തെ പദ്ധതികളെ വിമർശനപരമായി അവലോകനം ചെയ്ത്, പ്രോജക്ടുകളിലെ ആവർത്തനങ്ങൾ ഒഴിവാക്കി, വിടവുകൾ നികത്തി, ഏകോപനം ഉറപ്പു വരുത്തി, ആസൂത്രണത്തിനു പുതിയൊരു മാനം നല്കാൻ

കഴിയണം. നേരത്തെ സൂചിപ്പിച്ചതുപോലെ ഈ കൈപ്പുസ്തകത്തിൻെറ രണ്ടാം അധ്യായത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളുടെ പൊതു അവലോകനം നടത്തുന്നുണ്ട്. ഡി.പി.സി.കൾ മുൻകൈയെടുത്തു ജില്ലാ അടിസ്ഥാനത്തിൽ വിശദമായ അവലോകനങ്ങൾ തയ്യാറാക്കുന്നുണ്ട്. ഈ രേഖകളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തിൻെറയും നടപ്പു പദ്ധതി സൂക്ഷ്മമായി അവലോകനം ചെയ്യണം. എന്നിട്ടു വേണം അടുത്ത വർഷത്തെ പദ്ധതിക്ക് അവസാന രൂപം നല്കാൻ.

*രണ്ട്:* ജനകീയാസൂത്രണത്തിൻെറ വിശാലമായലക്ഷ്യങ്ങൾ പരിഗണിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്. പരിപാടിയുടെ ഉല്പന്നമായ പദ്ധതി രേഖപോലെതന്നെ പ്രധാനമാണ് അതു തയ്യാറാക്കുന്നതിനുള്ള പ്രക്രിയയും. ഈ പ്രക്രിയയിൽ പങ്കാളികളാകുന്നവരുടെ മനോഭാവത്തിൽ മാറ്റം വരുത്താനാണല്ലോ ജനകീയാസൂത്രണം ലക്ഷ്യമിടുന്നത്. അതുകൊണ്ട്, രണ്ടാം വർഷത്തെ പദ്ധതി രൂപീകരണത്തിൻെറ വിവിധ ഘട്ടങ്ങളും ചിട്ടകളും വിവരിക്കാനാണ് ഈ കൈപ്പുസ്തകത്തിൻെറ നാലുമുതലുള്ള അധ്യായങ്ങൾ നീക്കി വച്ചിട്ടുള്ളത്.

*മൂന്ന്:* കഴിഞ്ഞ വർഷത്തെപ്പോലെ ഓരോ ഘട്ടത്തിനുമുന്നിലും പ്രചാരണ പരിശീലന പരിപാടികൾ ഇത്തവണ വിഭാവനം ചെയ്യുന്നില്ല. എന്നാൽ, ഓരോ വിഷയത്തിലും താല്പര്യമുള്ളവർക്കും ബന്ധപ്പെട്ട കർമ്മസമിതിയംഗങ്ങൾക്കും ബ്ലോക്കുതലത്തിൽ പരിശീലനം നല്കാൻ അതിവിപുലമായ സംവിധാനം ഒരുക്കുന്നുണ്ട്. ഇതിനെത്തുടർന്ന് ജൂൺ മാസം മുതൽ രണ്ടാം വർഷ പദ്ധതി നിർവഹണത്തിനു സമാന്തരമായി കൂടുതൽ ദീർഘകാലാടിസ്ഥാനത്തിലുള്ള മറ്റൊരു പരിശീലനപരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവയും രണ്ടാംവർഷ ആസൂത്രണ പ്രവർത്തനവും കഴിഞ്ഞവർഷം തുടക്കം കുറിച്ച പുതിയ ചലനങ്ങൾക്ക് കരുത്തുപകരും എന്നുറപ്പാണ്.

*നാല്:* ആസൂത്രണ വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കാനുള്ള പ്രവർത്തനങ്ങളുടെ കാര്യത്തിൽ അടുത്ത വാർഷിക പദ്ധതിക്കാലം നിർണ്ണായകമായിരിക്കും. സെൻകമ്മറ്റിയുടെ അന്തിമ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള നിയമഭേദഗതി, പുതിയ ചട്ടങ്ങൾ, ഉദ്യോഗസ്ഥ പുനർവിന്യാസം എന്നിവ നടപ്പിലാക്കാനുള്ള ഒരു രാഷ്ട്രീയാന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കുന്നതിനു ജനകീയാസൂത്രണ പ്രസ്ഥാനത്തിന് വലിയപങ്കു വഹിക്കാനാകും. അതുപോലെ തന്നെ, ജില്ലയിലെ ആസൂത്രണ പ്രവർത്തനങ്ങൾക്കു കൂടുതൽ പ്രത്യക്ഷവും സ്വതന്ത്രവുമായ നേതൃത്വം നല്കുന്ന നിലയിലേക്ക് ജില്ലാആസൂത്രണസമിതികൾ ഉയരുമെന്നും പ്രതീക്ഷിക്കുന്നു.

*അഞ്ച്:* ഗ്രാമപഞ്ചായത്തുപദ്ധതികളുടെ അവലോകന റിപ്പോർട്ടിനെപ്പറ്റി സൂചിപ്പിച്ചുവല്ലോ. അതുപോലെതന്നെ സുപ്രധാനമായ മറ്റൊരു രേഖക്കു കൂടി ജില്ലാ ആസൂത്രണസമിതി രൂപം നല്കും. ജില്ലയിലെ എല്ലാത്തട്ടു സർക്കാരുകളുടെയും വികസനസ്കീമുകളെയും പ്രോജക്ടുകളെയും സംയോജിപ്പിക്കുന്ന ജില്ലാപദ്ധതി രേഖയാണത്. ഇതിലൂടെ ഓരോ ജില്ലയുടെയും സമഗ്ര വികസനത്തിലൂന്നുന്ന പുതിയൊരു പരിപ്രേക്ഷ്യം ഉരുത്തിരിയും എന്നാണു കരുതുന്നത്. ഈകാഴ്ചപ്പാടിൻെറ കേന്ദ്രബിന്ദു ജില്ലാആസൂത്രണസമിതിയായിരിക്കും.

*ആറ്:* അടുത്ത വാർഷികപദ്ധതിക്കു രൂപം നല്കുന്ന കർമസമിതികളുടെ സജീവപ്രവർത്തകർ ഒരുഅനൗപചാരിക ആസൂത്രണസമിതിയായി പരിണമിക്കും എന്നാണ് പ്രതീക്ഷ. ഇപ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ആസൂത്രണത്തിനും വികസനത്തിനുമുള്ള സ്വാശ്രിതവും സ്വയംപ്രവർത്തനക്ഷമവുമായ വിദഗ്ധസംഘങ്ങൾ രൂപവൽകൃതമാകും. അതോടെ ആസൂത്രണ വികേന്ദ്രീകരണം സ്ഥായിയായ ഒരു പ്രക്രിയയാകുന്നതിനുള്ള അടിത്തറ ഓരോ ഗ്രാമത്തിലും, നഗരത്തിലും ഉണ്ടായിക്കഴിഞ്ഞിരിക്കും.

അധ്യായം 2

# ഗ്രാമപഞ്ചായത്തുപദ്ധതികൾ 97-98 അനുഭവപാഠങ്ങൾ

രണ്ടാം വാർഷിക പദ്ധതിയിലേക്ക് നീങ്ങുന്ന ഗ്രാമപഞ്ചായത്തുകളുടെ ഏറ്റവും വലിയശക്തിസ്രോതസ് കഴിഞ്ഞവർഷപദ്ധതി തയ്യാറാക്കിയ അനുഭവ സമ്പത്താണ്. അതിൻെറ അടിത്തറയിൽവേണം രണ്ടാംവർഷപദ്ധതി തയ്യാറാക്കാൻ. എന്നാൽ കഴിഞ്ഞവർഷത്തെ പ്രോജക്ടുകളിലേയും പദ്ധതിരേഖയിലേയും ദൗർബല്യങ്ങൾ പരിഹരിക്കാൻ കഴിയണം. ഇതിന് നടപ്പുപദ്ധതിയുടെ ചിട്ടയായ വിലയിരുത്തൽ അത്യന്താപേക്ഷിതമാണ്. പദ്ധതി അവലോകനം ഓരോ തദ്ദേശഭരണ സ്ഥാപനവും ഏറ്റെടുക്കേണ്ട ചുമതലയാണ്. ഇതിന് സഹായകരമായ ഒരു ജില്ലാതല അവലോകനം ജില്ലാ ആസൂത്രണസമിതികൾ തയ്യാറാക്കി എത്തിക്കുന്നതാണ്. ജില്ലയിലെ പൊതുസ്ഥിതിയ്ക്കനുസരിച്ച് അടുത്ത വാർഷികപദ്ധതിയിൽ പരിഹാരം കണ്ടെത്തേണ്ട ചില പ്രധാന പ്രശ്നങ്ങളും അതിനായുള്ള മാർഗനിർദേശങ്ങളും ഈ അവലോകനക്കുറിപ്പിൽ ഉണ്ടായിരിക്കും.

ഇവിടെ 1997-98 ഗ്രാമപഞ്ചായത്ത് പദ്ധതികളെകുറിച്ച് സംസ്ഥാനതലത്തിലുള്ള ചില പൊതുനിരീക്ഷണങ്ങൾക്കുമാത്രമേ മുതിരുന്നുള്ളു. ഈ നിരീക്ഷണങ്ങൾക്കും അതിനടിസ്ഥാനമായി ഉപയോഗിക്കുന്ന കണക്കുകൾക്കും ചില പരിമിതികളുണ്ട്. അവ ആദ്യംതന്നെ വ്യക്തമാക്കിക്കൊള്ളട്ടെ.

ഒന്ന്: മുഴുവൻ ഗ്രാമപഞ്ചായത്തുകളുടേയും കണക്കുകൾ ഈ അധ്യായം തയ്യാറാക്കുമ്പോഴും ലഭ്യമായിട്ടില്ല. അതുമൂലം 929 പഞ്ചായത്തുകളുടെ കണക്കുകളെ ആസ്പദമാക്കിയാണ് ഇവിടെ വിശകലനം നടത്തിയിരിക്കുന്നത്. അവസാന കണക്കുകൾ വരുമ്പോൾ ചെറിയ ചില വ്യത്യാസങ്ങളുണ്ടാകാനുള്ള സാധ്യതയുണ്ട്.

രണ്ട്: ലഭ്യമായ പഞ്ചായത്തുകളുടെ കണക്കുകളിൽതന്നെ ചില തെറ്റുകൾ ഇനിയും തിരുത്തേണ്ടതായിട്ടുണ്ട്. ഈ തിരുത്തലുകൾ വരുത്താൻ അതതു പഞ്ചായത്തുകളിലേ സാധ്യമാവൂ. ഇതിനുതകുന്നവിധം ഓരോ പഞ്ചായത്തിലേയും പ്രോജക്ടുകളുടെ വിശദാംശങ്ങളടങ്ങിയ കംപ്യൂട്ടർ ലിസ്റ്റ് അതത് ജില്ലകളിലെത്തിക്കുന്നുണ്ട്. ഈ സ്ക്രൂട്ടിനിയുടെ അടിസ്ഥാനത്തിലും കണക്കുകളിൽ ചില ഭേദഗതികൾ വന്നേക്കാം.

മൂന്ന്: ഒരു പദ്ധതിവിലയിരുത്തലിൽ അവശ്യം പരിശോധിച്ചിരിക്കേണ്ട ഒരു കാര്യം പദ്ധതി വികസനതന്ത്രം പ്രദേശത്തിൻെറ വികസന സാധ്യതകളോടും പ്രശ്നങ്ങളോടും എത്ര നീതി പുലർത്തുന്നു എന്നതാണ്. ഇത്തരം ഒരു പരിശോധന പ്രാദേശിക അടിസ്ഥാനത്തിലേ ചെയ്യാൻ ശ്രമിക്കുന്നതിനർത്ഥമുള്ളൂ. ആയതിനാൽ അതിനിവിടെ മുതിരുന്നില്ല.

നാല്: പ്രോജക്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾക്ക് രൂപം നൽകണമെങ്കിൽ പ്രോജക്ടുരേഖകൾ കൂടുതൽ ആഴത്തിൽ പഠിക്കേണ്ടതുണ്ട്. ഇത്തരമൊരു പഠനം സംസ്ഥാനതലത്തിൽ നടത്തിയിട്ടില്ല. ഇവിടെ നടത്തുന്ന പരാമർശങ്ങളുടെ അടിസ്ഥാനം പദ്ധതിരേഖാവിലയിരുത്തൽവേളയിൽ ബ്ലോക്കുതല വിദഗ്ധസമിതികൾ മുന്നോട്ടുവച്ച നിരീക്ഷണങ്ങളാണ്.

### വിഭവസമാഹരണസമ്പ്രദായം

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന പദ്ധതി ധനസഹായമായി നൽകിയത് 42048.90 ലക്ഷം രൂപയാണ്. ഇതിൽ 25.17 ശതമാനം പ്രത്യേക ഘടകപദ്ധതിവിഹിതവും 1.81 ശതമാനം പട്ടികവർഗ ഉപപദ്ധതിവിഹിതവുമാണ്. ഇതിനോടൊപ്പം പരമാവധി സ്വയംവിഭവസമാഹരണം ഓരോതദ്ദേശഭരണസ്ഥാപനവും നടത്തുന്നതിനെ ജനകീയാസൂത്രണത്തിൽ പ്രോത്സാഹിപ്പിച്ചിരുന്നു.

ഇവിടെ വിശകലനത്തിന് എടുത്തിരിക്കുന്ന പഞ്ചായത്തുകൾക്ക് മൊത്തം 401.49 കോടി രൂപയാണ് സംസ്ഥാന പദ്ധതി ധനസഹായമായി ലഭിച്ചിട്ടുള്ളത്. എന്നാൽ ഈ പഞ്ചായത്തുകൾ 933.81 കോടി രൂപയ്ക്കുള്ള പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നു വെച്ചാൽ സംസ്ഥാന സർക്കാർ നൽകിയ നൂറുരൂപ പദ്ധതി സഹായത്തിന് 233 രൂപയുടെ അടങ്കലുള്ള പദ്ധതി തയ്യാറാക്കപ്പെട്ടി

പട്ടിക 2.1

## ഗ്രാമപഞ്ചായത്തു പദ്ധതികളുടെ വിഭവസമാഹരണ സമ്പ്രദായം-ജില്ലാതല താരതമ്യം

| മേഖല | മൊത്തം അടങ്കൽ | സംസ്ഥാന വിഹിതം | തനതു ഫണ്ട് | സംസ്ഥാനാ വിഷ്കൃത വിഹിതം | കേന്ദ്രാവിഷ്കൃത വിഹിതം | സഹകരണ സ്ഥാപനം | ധനകാര്യ സ്ഥാപനങ്ങൾ | സന്നദ്ധ സേവനം | ഗുണ ഭോക്തൃ വിഹിതം | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | (100) | (47.99) | (3.71) | (1.82) | (1.35) | (1.14) | (8.33) | (4.04) | (30.53) | (1.37) |
| കൊല്ലം | (100) | (35.81) | (7.71) | (3.09) | (2.98) | (3.13) | (10.40) | (3.57) | (27.61) | (5.20) |
| പത്തനംതിട്ട | (100) | (48.08) | (10.73) | (3.35) | (1.83) | (2.49) | (4.78) | (3.73) | (23.36) | (1.76) |
| ആലപ്പുഴ | (100) | (42.50) | (4.76) | (2.78) | (1.36) | (0.79) | (7.25) | (2.76) | (32.48) | (3.15) |
| കോട്ടയം | (100) | (42.29) | (8.63) | (2.61) | (2.14) | (1.34) | (5.44) | (3.59) | (30.85) | (2.18) |
| ഇടുക്കി | (100) | (48.38) | (4.29) | (1.09) | (1.66) | (0.80) | (5.80) | (6.13) | (30.79) | (2.31) |
| എറണാകുളം | (100) | (38.34) | (9.27) | (5.48) | (3.79) | (2.38) | (9.26) | (4.77) | (23.32) | (2.60) |
| തൃശ്ശൂർ | (100) | (44.15) | (5.27) | (3.21) | (2.12) | (1.18) | (9.91) | (5.24) | (24.45) | (2.73) |
| പാലക്കാട് | (100) | (45.63) | (4.78) | (4.68) | (4.68) | (3.38) | (9.29) | (4.19) | (20.06) | (1.89) |
| മലപ്പുറം | (100) | (45.70) | (6.95) | (3.54) | (2.46) | (1.24) | (9.97) | (4.01) | (25.14) | (0.84) |
| കോഴിക്കോട് | (100) | (44.48) | (3.14) | (1.21) | (0.59) | (0.28) | (5.47) | (4.31) | (37.52) | (2.88) |
| വയനാട് | (100) | (38.15) | (9.52) | (6.47) | (7.04) | (1.69) | (7.59) | (3.20) | (15.35) | (0.37) |
| കണ്ണൂർ | (100) | (35.27) | (4.80) | (2.85) | (1.25) | (2.87) | (14.43) | (6.03) | (30.25) | (2.34) |
| കാസർഗോഡ് | (100) | (55.42) | (3.93) | (2.67) | (0.99) | (2.48) | (6.40) | (6.01) | (20.26) | (1.83) |
| ആകെ | (100) | (42.99) | (6.04) | (3.18) | (2.41) | (1.83) | (8.78) | (4.37) | (27.07) | (2.39) |

രിക്കുന്നു. ഇത് അഭിനന്ദനീയമാണ്. എന്നാൽ വർധിച്ച അടങ്കൽ മുഴുവൻ അധികവിഭവസമാഹരണമാണെന്ന് വിലയിരുത്തുന്നത് ശരിയാവില്ല. ഉദാഹരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും സംസ്ഥാനാവിഷ്കൃത വിഹിതവും കേന്ദ്ര-സംസ്ഥാനസർക്കാരുകൾ നൽകുന്ന പണമാണല്ലോ.

അതുപോലെതന്നെ സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന തുകയാണ്. തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതിക്കു വേണ്ടി വായ്പയെടുക്കുന്നത് ഇന്ന് വിഭാവനം ചെയ്യുന്നില്ല. ഗുണഭോക്തൃ വിഹിതത്തിൽ വളരെ ചെറിയ ഒരു തുകയൊഴിച്ച് ബാക്കി ഒട്ടെല്ലാം തന്നെ ഗുണഭോക്താക്കൾ നേരിട്ട് പ്രോജക്ടിൻെറ ഭാഗമായി ചെലവഴിക്കുകയാണ്. ഗുണഭോക്തൃ വിഹിതം തദ്ദേശഭരണസ്ഥാപനത്തിലടച്ച് നിർവഹണ ഏജൻസിവഴി ചെലവാക്കുകയല്ല.

സംസ്ഥാനസർക്കാരിൻെറ പദ്ധതിയടങ്കൽ നിർണ്ണയിക്കുമ്പോൾ സംസ്ഥാനസർക്കാർ വഴിയുള്ള നിക്ഷേപമല്ലാതെ മറ്റ് ഇനങ്ങൾ ഉൾപ്പെടുത്താറില്ല എന്നത് എടുത്തുപറയേണ്ടതുണ്ട്. ഗുണഭോക്തൃവിഹിതമോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുംമറ്റും ഗുണഭോക്താവിനു സ്കീമിൻെറ ഭാഗമായി കിട്ടുന്ന വായ്പയോ ഇപ്രകാരം അടങ്കലിൽ ഉൾപ്പെടുത്താറില്ല. എന്തിന്, കേന്ദ്രാവിഷ്കൃത സ്കീമുകളിൽ കേന്ദ്രവിഹിതം ഒഴിവാക്കി സംസ്ഥാനസർക്കാരിൻെറ വിഹിതമേ പദ്ധതിയടങ്കലിൻെറ ഭാഗമായി കാണിക്കാറുള്ളൂ. ഈ സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി ഗുണഭോക്തൃവിഹിതവും മറ്റും ഉൾപ്പെടുത്താൻ നിശ്ചയിച്ചത് ബഹുജനവിദ്യാഭ്യാസത്തിൻെറ ഒരുപകരണമായിക്കൂടി പദ്ധതി രേഖയെ കണ്ടുകൊണ്ടാണ്. ഉത്പാദനമേഖലയിലൂന്നിക്കൊണ്ടുള്ള ഒരു പ്രാദേശിക വികസനപരിപാടിയാണ് ജനകീയാസൂത്രണത്തിൽ വിഭാവനം ചെയ്യുന്നത്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങൾ നേരിട്ട് ഉത്പാദനപ്രവർത്തനങ്ങളിൽ ഏർപ്പെടു

ന്നത് ഇന്ന് വിഭാവനം ചെയ്യുന്നില്ല. മറിച്ച് പഞ്ചായത്ത് നടത്തുന്ന നിക്ഷേപം സ്വകാര്യമേഖലയിൽ ഉത്പാദനരംഗത്തു നടത്തേണ്ട മുതൽമുടക്കിന് പ്രേരകമായിത്തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്രകാരം സംഭവിക്കുന്നുണ്ടോ എന്ന് ഓരോ പ്രോജക്ടിൻെറ കാര്യത്തിലും പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തുവെന്ന് ഉറപ്പുവരുത്താൻ ഗുണഭോക്തൃവിഹിതം പദ്ധതിയടങ്കലിൽ ഉൾപ്പെടുത്തുന്ന സമീപനത്തിന് കഴിയും. അതുപോലെതന്നെ കേന്ദ്ര-സംസ്ഥാനാവിഷ്കൃതസ്കീമുകളും ഔപചാരികമായി പ്രാദേശിക പദ്ധതിയുടെ ഭാഗമാക്കുന്നത് പ്രാദേശികമായി കൂടുതൽ ഉദ്ഗ്രഥിതമായ ഒരു വികസന സമീപനം സ്വീകരിക്കുന്നതിന് പ്രേരകമാകും.

എന്നാൽ മുകളിൽ പറഞ്ഞ ഇനങ്ങളെ ഇന്ന് സംസ്ഥാനതല പദ്ധതി ആവിഷ്കരിക്കുന്നതിൻെറ ചിട്ടവെച്ചുനോക്കുമ്പോൾ അധികവിഭവസമാഹരണമെന്ന് വിശേഷിപ്പിക്കാനാവില്ല. അതുപോലെ ധനകാര്യ-സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എല്ലാംതന്നെ പദ്ധതിയുടെ ഗുണഭോക്താക്കളായുള്ള സ്വകാര്യസംരംഭകർക്കാണ് ലഭ്യമാവുക. ആയതിനാൽ നിഷ്കൃഷ്ടമായ ഒരു പരിശോധനയിൽ ഇവയും മാറ്റിനിർത്തേണ്ടിവരും.

ഇന്നത്തെ സാഹചര്യത്തിൽ കൃത്യമായി നിർവചിച്ചാൽ തനതുഫണ്ട്, സന്നദ്ധസേവനം, സംഭാവന എന്നീ ഇനങ്ങളിലായുള്ള വിഭവസമാഹരണത്തെ മാത്രമേ അധികവിഭവസമാഹരണമായി സംസ്ഥാനതലത്തിലെ കണക്കുകൂട്ടലുകൾക്കുവേണ്ടി ഉപയോഗപ്പെടുത്താനാകൂ. പ്രാദേശിക വിഭവസമാഹരണത്തിൻെറ വിവിധ സ്രോതസ്സുകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ വിവിധ ഇനങ്ങൾ തമ്മിലുള്ള ഈ അടിസ്ഥാന പരമായ വ്യത്യാസത്തെക്കുറിച്ച് മനസ്സിൽ വയ്ക്കുന്നത് നല്ലതായിരിക്കും.

ഓരോ സ്രോതസ്സുകളിൽനിന്നും യാഥാർത്ഥ്യബോധത്തോടെയും, ന്യായമായും പ്രതീക്ഷിക്കുന്ന വരുമാനം കണക്കിലെടുത്തു വേണം പദ്ധതി അടങ്കൽ തീരുമാനിക്കാൻ എന്ന് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഇക്കാര്യം ഒന്നുകൂടി വ്യക്തമാക്കാൻ നാലാംഘട്ട കൈപ്പുസ്തകത്തിലെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. ''സാദ്ധ്യതകൾ പെരുപ്പിച്ച് കാണിക്കുന്നതും, അവഗണിക്കുന്നതും ഒരുപോലെ അപകടകരമാണ്. അമിത പ്രതീക്ഷകൾ വിഭവക്ഷാമത്തിനും പദ്ധതി നടത്തിപ്പിനെ തടസ്സപ്പെടുത്തുന്നതിനും ഇടയാക്കും. വിഭവ സാദ്ധ്യതകൾ അവഗണിക്കപ്പെട്ടാൽ സാദ്ധ്യതകൾക്കനുസൃതമായ വികസന പരിപാടികൾ നടപ്പിലാക്കാൻകഴിയാതെ വരും''.

ഗ്രാമപഞ്ചായത്തുകൾ രൂപപ്പെടുത്തിയ പദ്ധതികളുടെ പ്രാഥമിക പരിശോധനയിൽ തന്നെ മേല്പറഞ്ഞ രണ്ടുതരം പ്രശ്നങ്ങളും ഉയർന്നുവന്നിരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്ന് വിഭവ സമാഹരണം നടത്തുന്നതിനായി ജനകീയാസൂത്രണം തുറന്നു നല്കിയ അവസരം ഒട്ടും ഉപയോഗിക്കാതിരുന്ന പഞ്ചായത്തുകളുണ്ട് എന്ന് പദ്ധതികളുടെ പ്രാഥമിക പരിശോധനയിൽ തെളിഞ്ഞിരുന്നു. മറിച്ച്, പലവിധ സമ്മർദങ്ങൾക്ക് വഴങ്ങി അനുവദനീയമായ വരുമാനത്തേക്കാൾ അധികം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതിനേതുടർന്ന് ഓരോ വിഭവ സ്രോതസ്സുകളിൽ നിന്നും ലഭിക്കാനിടയുള്ള വരുമാനം ഒട്ടും യാഥാർത്ഥ്യബോധമില്ലാതെ പെരുപ്പിച്ചു കാട്ടിയ പഞ്ചായത്തുകളുമുണ്ട് എന്നും പരിശോധനയിൽ വ്യക്തമായിരുന്നു. ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഒഴിവാക്കപ്പെടേണ്ടതാണ് എന്ന് സംസ്ഥാന ആസൂത്രണ ബോർഡ് ആവർത്തിച്ചു വ്യക്തമാക്കിയിരുന്നു. ഈ അഭ്യർത്ഥന പല ഗ്രാമപഞ്ചായത്തുകളും ഗൗരവമായി തന്നെ പരിഗണിച്ചു എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ഒട്ടേറെ ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പദ്ധതിരേഖകളിൽ വേണ്ട മാറ്റങ്ങൾ വരുത്താൻ തയ്യാറായി.

## സംസ്ഥാന പദ്ധതിവിഹിതം

പട്ടിക 2.1.ൽ വിവിധ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഭവസമാഹരണരീതികളെ താരതമ്യപ്പെടുത്തിയിരിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട വിഭവസ്രോതസ് സംസ്ഥാനപദ്ധതി ധനസഹായം തന്നെയാണ്. എന്നാൽ മൊത്തം പദ്ധതി അടങ്കലിൽസംസ്ഥാന പദ്ധതിവിഹിതത്തിൽ ജില്ലകൾതമ്മിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകളുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഗ്രാമപഞ്ചായത്തു പദ്ധതികളുടെ മൊത്തം അടങ്കലിൻെറ 43 ശതമാനം വരുമിത്. ഈ തോത് ഏറ്റവും ഉയർന്നു നിൽക്കുന്നത് കാസറഗോഡ് ജില്ലയിലും ഏറ്റവും കുറഞ്ഞ് നിൽക്കുന്നത് കണ്ണൂർ ജില്ലയിലുമാണ്. സംസ്ഥാന സർക്കാർ നൽകിയ ധനസഹായത്തിൻെറ ഇരട്ടിയിലേറെ തുകയുള്ള അടങ്കൽ സ്വരൂപിക്കുന്നതിന് ഗ്രാമ പഞ്ചയത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

## കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം

മറ്റ് വിഭവ സ്രോതസുകളിൽ മതിപ്പുകണക്കു തയ്യാറാക്കുന്നതിൽ ഏറ്റവും ദുർബലമായ കണ്ണി കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകളാണെന്നത് അത്ഭുതകരമായി തോന്നിയേക്കാം. ഇവ യഥാക്രമം പദ്ധതിയടങ്കലിന്റെ 3.18 ഉം 2.41 ഉം ശതമാനം വീതം വരും. സംസ്ഥാനപദ്ധതി ധനസഹായത്തിന്റെ ശരാശരി മൂന്നിലൊന്ന് സംസ്ഥാനാവിഷ്കൃത പദ്ധതി ധനസഹായം പ്രതീക്ഷിയ്ക്കാവുന്നതാണല്ലോ. എന്നാൽ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള പദ്ധതികളിൽ സംസ്ഥാനടിസ്ഥാനത്തിൽ ഇത് 7 ശതമാനമേ വരൂ. ജില്ലകൾ തമ്മിലും ഗൗരവമായ ഏറ്റക്കുറച്ചിൽ കാണാം. എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിലാണ് ഈ സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം താരതമ്യേന ഉയർന്നു നില്ക്കുന്നത്. പല പഞ്ചായത്തുകളും ഈ ഇനങ്ങളിൽനിന്ന് ഒന്നും പ്രതീക്ഷിക്കുന്നില്ല. മറ്റുചില പഞ്ചായത്തുകളാകട്ടെ തുക വളരെ പെരുപ്പിച്ചു കാണിക്കുകയുംചെയ്യുന്നു. കേന്ദ്രസംസ്ഥാനാവിഷ്കൃതപദ്ധതികൾവഴി ഏതിനത്തിൽ എന്തു ധനസഹായം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുമെന്ന വ്യക്തമായ ധാരണ നൽകാൻ കഴിയാതിരുന്നത് പദ്ധതിരൂപീകരണത്തിൽ സൃഷ്ടിച്ച വൈഷമ്യങ്ങൾ ചെറുതല്ല. ഇതു സംബന്ധിച്ച ആശയക്കുഴപ്പം ഭാവിയിൽ മുകളിൽനിന്ന് പരിഹരിച്ചേ തീരൂ.

## ധനകാര്യസ്ഥാപന വിഹിതം

ധനകാര്യസ്ഥാപനങ്ങളിൽനിന്നും സഹകരണമേഖലകളിൽനിന്നുമുള്ള വായ്പകൾ വേണ്ടത്ര സമാഹരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. മൊത്തം പദ്ധതിയടങ്കലിന്റെ 8.78ഉം 1.83ഉം ശതമാനം വീതമേ ഈ ഇനങ്ങൾ വരൂ. കണ്ണൂർ ജില്ലയിലാണ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഏറ്റവും അധികം വിഹിതം വകയിരുത്തിയിട്ടുള്ളത് (17.2 ശതമാനം). കോഴിക്കോട് ജില്ലയാണ് എറ്റവും പിന്നിൽ (5.75 ശതമാനം). എന്നാൽ പ്രതീക്ഷകളൊക്കെ എത്രമാത്രം ഫലവത്താകുമെന്ന് നിർവഹണത്തിനുശേഷമേ പറയാനാകൂ. പല പ്രോജക്ടുകളിലും ബാങ്കിൽനിന്നുള്ള വായ്പ ഉറപ്പുവരുത്തിയിട്ടില്ല ഈ വിഭവസാധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആവശ്യമായ ഒരു സംവാദം ബാങ്കധികൃതരുമായി ഭൂരിപക്ഷം ജില്ലകളിലും നടന്നില്ല എന്നതാണ് വാസ്തവം. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി തയ്യാറാക്കുന്നതിന് മുമ്പ്തന്നെ വിവിധതട്ടുകളിലെ ക്രഡിറ്റ് പ്ലാനുകൾക്ക് ബാങ്കുകൾ രൂപം നൽകിക്കഴിഞ്ഞിരുന്നു. ബാങ്കുകൾ പൊതുവേ അനുവർത്തിച്ചുവരുന്ന നിസ്സഹരണ മനോഭാവംമൂലം ഈ പോരായ്മ എത്രമാത്രം അടുത്തവർഷവും പരിഹരിയ്ക്കാനാവുമെന്ന് കണ്ടറിയണം.

എന്നാൽ സഹകരണമേഖലയുമായി കൂടുതൽ ദൃഢമായ ബന്ധം വളർത്തിയെടുത്തേതീരൂ. വാണിജ്യബാങ്കുകളിൽനിന്ന് പ്രതീക്ഷിക്കുന്നതിന്റെ 20 ശതമാനമേ സഹകരണ സ്ഥാപനങ്ങളിൽനിന്ന് വരുന്നുള്ളൂ എന്നത് ജനകീയാസൂത്രണത്തിന്റെ ഒരു പ്രധാനപ്പെട്ട ബലഹീനതയായി കാണണം. കോഴിക്കോട്, മലപ്പുറം, ആലപ്പുഴ ജില്ലകളിലാണ് ഈ തോത് ഏറ്റവും താഴ്ന്നിരിക്കുന്നത്. ഈ പോരായ്മ അടുത്ത വാർഷികപദ്ധതിയിൽ തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആസൂത്രണത്തിന്റെ എല്ലാ ഘട്ടങ്ങളിലും സഹകണമേഖലയുമായുള്ള ബന്ധം ദൃഢമാക്കണം. ഇതിനാവശ്യമായ നിർദ്ദേശം പ്രത്യേകം നൽകുന്നതാണ്.

## സബ്സിഡി

ഗുണഭോക്തൃവിഹിതത്തിന്റെ മതിപ്പ് കണക്കിലാണ് ഏറ്റവുമധികം പ്രശ്നങ്ങളുണ്ടായിട്ടുള്ളത്. ഒരുവശത്ത് ഗുണഭോക്താവിന്റെ വിഹിതം കുറയ്ക്കു ന്നതിനും സബ്സിഡി തുക വർധിപ്പിക്കുന്നതിനുമുള്ള ദുഷ്പ്രവണത ശക്തമായി പ്രകടമായിട്ടുണ്ട്. മറുവശത്താകട്ടെ, പല ഉത്പാദന പ്രോജക്ടുകളിലും സ്വകാര്യസംരംഭകർ സാധാരണഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഉത്പാദനച്ചെലവുകളെയെല്ലാം പദ്ധതിയടങ്കിലിൽ ഉൾപ്പെടുത്തി ഗുണഭോക്തൃവിഹിതം അതിശയോക്തിപരമായി പെരുപ്പിച്ചു കാട്ടുന്ന പ്രവണതയും കാണാം.

സബ്സിഡി തുക നടപ്പുവാർഷിക പദ്ധതിയിൽ ഒരു വിവാദവിഷയമായിത്തീർന്നു. നിലവിലുള്ളതിനേക്കാൾ ഉയർന്ന സബ്സിഡി തുക നിശ്ചയിക്കാനുള്ള പ്രവണത പലയിടത്തും ദൃശ്യമാണ്. സബ്സിഡി ശതമാനം എത്രയാവണം, എത്രയാകാം എന്ന പ്രശ്നം തെറ്റായ രീതിയിലാണ് ഗ്രാമസഭകളിലും സെമിനാറുകളിലും ചർച്ചയ്ക്കവതരിപ്പിക്കപ്പെട്ടത്. സബ്സിഡിയുടെ തുക അല്ലെങ്കിൽ സബ്സിഡി ശതമാനം എത്ര വേണം എന്ന ചോദ്യമുയർത്തിയാൽ ഇന്നത്തെ നിലയിൽ ഇത് പരമാവധി ഉയർത്തുന്നതിനാണ് ഏവരും ശ്രമിക്കുക. എന്നാൽ ഇതിനുപകരം സബ്സിഡിയ്ക്കായി വകയിരുത്തിയിക്കുന്ന മൊത്തം തുക

എത്രപേർക്ക് നൽകണം എന്നുള്ള രീതിയിൽ ചോദ്യമുയർത്തിയാൽ ഉത്തരം മറ്റൊന്നായിരിക്കും ലഭിക്കുക.

സബ്സിഡിയുടെ അനിവാര്യത ആർക്കും നിഷേധിക്കാനാവില്ല. ദുർബലവിഭാഗങ്ങൾക്ക് മിനിമം സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സബ്സിഡി അനിവാര്യമാണ്. സാമൂഹ്യമായി വളരെ പ്രധാനപ്പെട്ട, എന്നാൽ വ്യക്തിപരമായി അത്രതാല്പര്യജനകമല്ലാത്ത പരിപാടികൾ നടപ്പാക്കുന്നതിന് ചിലപ്പോൾ സബ്സിഡി വേണ്ടിവന്നേക്കാം. എന്നാൽ ഉത്പാദനത്തുറകളിൽ സബ്സിഡി നൽകുന്നത് കൂടുതൽ അനുപൂരകമായ സ്വകാര്യ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ്. ദുർബലവിഭാഗങ്ങൾക്കുപോലും സബ്സിഡി നൽകുമ്പോൾ സന്നദ്ധപ്രവർത്തനത്തിലൂടെയെങ്കിലും അവരുടേതായ വിഹിതം ഉറപ്പുവരുത്താൻ ശ്രമിക്കേണ്ടതുണ്ട്. അപ്പോൾ പിന്നെ ഉത്പാദന സംരംഭങ്ങളുടെ കാര്യം പറയേണ്ടതുണ്ടോ? സബ്സിഡിയുടെ റേറ്റു നിശ്ചയിക്കുമ്പോൾ സബ്സിഡിക്കായി നീക്കിവയ്ക്കാൻ പറ്റുന്ന ആകെ തുകയും അർഹരായ മൊത്തം ഗുണഭോക്താക്കളുടെ പ്രതീക്ഷിത എണ്ണവും കണക്കിലെടുക്കേണ്ടതുണ്ട്. സബ്സിഡി നിരക്ക് ഉയരുന്തോറും ധനസഹായം നല്കാൻ പറ്റുന്നവരുടെ എണ്ണം കുറയ്ക്കേണ്ടിവരും. പദ്ധതി തുക സബ്സിഡിയായി വിതരണം ചെയ്യുന്നതിനുള്ള ഒരു ഉപാധിയായി ആസൂത്രണത്തെ അധ:പതിപ്പിക്കാൻ പാടില്ല.

സംസ്ഥാനസർക്കാർ നല്കിവരുന്ന പരമാവധി സബ്സിഡിയെക്കാൾ കൂടുതൽ സബ്സിഡി നല്കാൻ പാടില്ല എന്ന നിബന്ധന ഒട്ടേറെ പ്രയാസമുണ്ടാക്കി. പലരും പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നത് ഈ നിർദ്ദേശം മനസ്സിലാക്കാതെയായിരുന്നു. ഇത്തരം പല പ്രോജക്ടിനും ഡി.പി.സി. അംഗീകാരവും നല്കിയിരുന്നു എന്നതു പ്രശ്നത്തെ കൂടുതൽ ഗൗരവതരമാക്കി. പഞ്ചായത്തു പ്രസിഡൻറുമാരും പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളുമായി തുടർച്ചയായി നടത്തിയ ആശയവിനിമയങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ ഉദാരമായ നിലപാട് നടപ്പുവർഷത്തേയ്ക്ക് അനുവദിച്ചുകൊണ്ട് തദ്ദേശഭരണ വകുപ്പ് ഉത്തര വിറക്കുകയുണ്ടായി. ഇപ്രകാരം തല്ക്കാലം പ്രശ്നം പരിഹരിക്കപ്പെട്ടെങ്കിലും ഭാവിയിൽ ആശയക്കുഴപ്പം ഒഴിവാക്കാൻ രണ്ടുകാര്യം കൂടിയേതീരൂ.

ഒന്നാമതായി, പ്രാദേശികാസൂത്രണ ചർച്ചകളിൽ സബ്സിഡി ചർച്ചയ്ക്കായി അവതരിപ്പിക്കുന്ന രീതിയിൽ കാതലായ മാറ്റംവേണം. സബ്സിഡി കൂടുതൽവേണോ കുറവുവേണോ എന്നുള്ളതിൽമാത്രം ചർച്ച ഒതുക്കരുത്. ഒരു മേഖലയിലെ സബ്സിഡിക്കായി നീക്കിവയ്ക്കാവുന്ന പരമാവധിതുകയും ആവശ്യക്കാരുടെ എണ്ണവും ഗുണഭോക്തൃവിഹിതത്തിൻെറ സാധ്യതയും എല്ലാം ഒരുമിച്ച് ചർച്ച ചെയ്യണം. സബ്സിഡിയായി ഒരു മേഖലയിൽ നല്കുന്ന തുക മറ്റൊരു മേഖലയിൽ കൂടുതൽ മുൻഗണന നല്കേണ്ട ഒരു പ്രശ്നപരിഹാരത്തിനായി വിനിയോഗിക്കാവുന്ന പണമാണ് എന്ന തിരിച്ചറിവ് സാമാന്യ ജനങ്ങൾക്കുണ്ടായാൽ ലാഘവബുദ്ധിയോടെയുള്ള സമീപനം ഒഴിവാക്കാനാകും.

രണ്ടാമതായി, സബ്സിഡി സംബന്ധിച്ച വ്യക്തമായ മാർഗനിർദേശങ്ങൾക്ക് സംസ്ഥാന തലത്തിൽ രൂപം നല്കണം. ഓരോ ജില്ലയിലെയും സ്ഥിതിവിവരങ്ങൾ പരിശോധിച്ച് ഇതു സംബന്ധിച്ച അഭിപ്രായങ്ങൾ അറിയിക്കാൻ ജില്ലാ ആസൂത്രണ സമിതികൾ മുൻകൈ എടുക്കണം. അവകൂടി പരിഗണിച്ച് സംസ്ഥാനാടിസ്ഥാനത്തിലുള്ള മാർഗനിർദ്ദേശങ്ങൾക്ക് രൂപം നല്കുന്നതാണ്.

### ഗുണഭോക്തൃ വിഹിതം

ഗുണഭോക്തൃവിഹിതം പെരുപ്പിച്ചുകാണിക്കാനുള്ള പ്രവണതയെക്കുറിച്ചും സൂചിപ്പിച്ചുവല്ലോ. ഒട്ടേറെ അപാകതകൾ ഈ ദിശയിൽ ഉണ്ടായിട്ടുണ്ട്. സ്വകാര്യ വ്യക്തിയ്ക്കുണ്ടാകുന്ന സ്വഭാവിക ചെലവെല്ലാം ഗുണഭോക്തൃവിഹിതമായി ഉൾപ്പെടുത്താൻ പാടില്ല. പ്രോജക്ടു നടപ്പാക്കുന്നതിൻെറ ഭാഗമായി ഉണ്ടാകുന്ന അസ്സൽ പ്രത്യക്ഷ സ്വകാര്യനിക്ഷേപത്തെയോ സംസ്ഥാനപദ്ധതി വഹിതത്തിൽ നേരിട്ട് അനുപൂരകമായി മുടക്കേണ്ടിവരുന്ന സ്വകാര്യവിഹിതത്തെയോ മാത്രമേ ഗുണഭോക്തൃവിഹിതമായി കണക്കാക്കാൻപാടുള്ളു. നടപ്പുവർഷത്തെ പദ്ധതിയടങ്കലിൻെറ 27 ശതമാനവും ഗുണഭോക്തൃ വിഹിത അടങ്കലിൽ സംസ്ഥാന പദ്ധതി വിഹിതം കഴിഞ്ഞാൽ ഏറ്റവും വലിയ ഇനമാണിത്. കോഴിക്കോട് ജില്ലയിലാണ് ഇത് ഏറ്റവും കൂടുതൽ - അടങ്കലിൻെറ 37 ശതമാനം വയനാട് ഏറ്റവും താഴ്ന്നതും - 15 ശതമാനം.

### തനത് ഫണ്ട്

അവസാനമായി, തനതുഫണ്ട്, സന്നദ്ധസേവനം, സംഭാവന എന്നീ ഇനങ്ങളിലായി തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തുന്ന അധിക

വിഭവസമാഹരണം പരിശോധിക്കാം. മൊത്തം പദ്ധതിയടങ്കലിൻെറ 6 ശതമാനം തനതുഫണ്ടിൽ നിന്നാണ് പ്രതീക്ഷിക്കുന്നത്. പഞ്ചായത്തിൻെറ പദ്ധതീതര വരുമാനത്തിൽനിന്നു ഭരണച്ചെലവും മെയിൻറനൻസും അനിവാര്യച്ചുമതലകളും വേണ മെങ്കിൽ ഒരു കരുതൽഫണ്ടും കഴിച്ചു മിച്ചംവരുന്ന തുകയാണ് പുതിയ വികസനപ്രോജക്ടുകൾക്കാ യി നീക്കിവയ്ക്കാൻ കഴിയുന്നത്. ഈ അർത്ഥത്തി ലുള്ള തനതുഫണ്ടുമിച്ചം മുഴുവൻ പദ്ധതിയുടെ ഭാ ഗമായി ആസൂത്രിതമായിവേണം ചെലവാക്കാൻ എന്നതായിരുന്നു ജനകീയാസൂത്രണത്തിലൂടെ നല്കിയ നിർദേശം. എന്നാൽ കഴിഞ്ഞവർഷം പദ്ധതിരൂപവത്കരണവും തദ്ദേശഭരണസ്ഥാ പനങ്ങളുടെ പദ്ധതിതയ്യാറാക്കലും സ്വതന്ത്ര സമാന്തരപ്രവർത്തനങ്ങളായാണ് നടന്നത്. തന്മൂലം ഈ പ്രവർത്തനങ്ങൾ എത്രമാത്രം യഥാർത്ഥ്യ ബോധത്തോടെയാണെന്ന് ഇപ്പോൾ പറയാനാ വില്ല. ഭൂരിപക്ഷം പഞ്ചായത്തുകളും തനതുഫണ്ട് മിച്ചം പൂർണമായും പദ്ധതിയിൽ ഉൾപ്പെടുത്താൻ വിമുഖത കാട്ടി. ചുരുക്കം ചില തദ്ദേശഭരണസ്ഥാ പനങ്ങളെങ്കിലും തനതുഫണ്ടെന്ന പേരിൽ അനി വാര്യച്ചുമതലയ്ക്കും മറ്റുമുള്ള ഫണ്ടുപോലും പദ്ധതിയിൽ വകയിരുത്തിയ അനുഭവവുമുണ്ട്.

തനതുഫണ്ട് സംബന്ധിച്ച ഈ ദൗർബല്യം പരിഹരിക്കാൻ പുതിയ ബജറ്റ് ചട്ടങ്ങളുടെയും മാനുവലിൻെറയും അടിസ്ഥാനത്തിലേ കഴിയൂ. അവ അടുത്ത വാർഷികപദ്ധതിക്കുമുമ്പ് തയ്യാറാ കുമെന്നു തോന്നുന്നില്ല. ഈ പശ്ചാത്തലത്തിൽ കരടുപദ്ധതിയെ ബജറ്റിൽ ഉൾക്കൊള്ളിക്കാനും ബജറ്റിലെ പദ്ധതിയിതരമിച്ചം പദ്ധതിയിൽ വകയി രുത്താനുംവേണ്ടിയുള്ള മാർഗനിർദേശങ്ങൾ തദ്ദേശഭരണവകുപ്പ് പ്രത്യേകം പുറപ്പെടുവിക്കു ന്നുണ്ട്. ഇതുപ്രകാരം, മാർച്ചുമാസത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ബജറ്റ് അംഗീകരി ക്കുമ്പോൾ പദ്ധതിയടങ്കൽ മൊത്തം പദ്ധതിച്ചെല വായി രേഖപ്പെടുത്തിയാൽ മതി. പ്രോജക്ടടിസ്ഥാ നത്തിൽ ചെലവുകൾ രേഖപ്പെടുത്തേണ്ടതില്ല. എന്നാൽ, തദ്ദേശഭരണസ്ഥാപനത്തിൻെറ പദ്ധതീ തരമിച്ചം പദ്ധതിയുടെ വരുമാനമായിട്ടുവേണം കാണിക്കാൻ. ഇതു സംബന്ധിച്ച് വിശദവും വ്യക്തവുമായ മാർഗനിർദേശങ്ങൾ വൈകാതെ നല്കുന്നതാണ്.

## സന്നദ്ധസേവനം

സന്നദ്ധസേവനം, സംഭാവന ഇവയിലൂടെയു ള്ള വിഭവസമാഹരണസാധ്യതകൾ പല പ്രദേ ശത്തും വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതു പോലെ തന്നെ, കപ്പാർട്ട്, ടെക്നോളജിമിഷനുകൾ തുടങ്ങിയ ഏജൻസികളിൽനിന്നും വിഭവം സമാ ഹരിക്കാനുള്ള പരിമിതമായ പരിശ്രമങ്ങളേ നടന്നി ട്ടുള്ളൂ.

ഏതായാലും, ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ മൊത്തത്തിലെടുത്താൽ സന്നദ്ധ സേവനം, സംഭാവന എന്നീ ഇനങ്ങളിലുള്ള അധി കവിഭവസമാഹരണം സംസ്ഥാനപദ്ധതിവഹിത ത്തിൻെറ 10.41 ശതമാനം വരുന്നുണ്ട്. ഇത് ജനകീ യാസൂത്രണ പ്രസ്ഥാനത്തിൻെറ ഒരു പ്രധാനനേട്ടം തന്നെയാണ്. എന്നാൽ ഇതുകൊണ്ട് നാം തൃപ്ത രായിക്കൂടാ. ഈ ഇനങ്ങളിലുള്ള അധികവിഭവ സമാഹരണത്തിൻെറ തോത് ഇനിയും ഉയർത്താ നാവും. റോഡ് തുടങ്ങിയ പശ്ചാത്തലമേഖലാ പ്രോജക്ടുകൾക്ക് മുൻഗണന നിശ്ചയിക്കുമ്പോൾ ഗുണഭോക്താക്കളുടെ സന്നദ്ധപ്രവർത്തനവും സംഭാവനയും ഒരു മാനദണ്ഡമായി തന്നെ സ്വീകരി ക്കണം. പി.ടി.എ., ആശുപത്രിസംരക്ഷണ കമ്മിറ്റി തുടങ്ങിയവയിലൂടെ ഈ മേഖലയിലെ വികസന പ്രോജക്ടുകളിൽ ഒരുഭാഗം നിർബന്ധമായും സമാ ഹരിക്കാം. ഉത്പാദനത്തുറകളിലും മണ്ണ്-ജല സംരക്ഷണം, പച്ചിലക്കാടുവളർത്തൽ തുടങ്ങിയവ യിലും വൻതോതിൽ സന്നദ്ധസേവനത്തിന് സാ ധ്യതകളുണ്ട്. ജനകീയാസൂത്രണപ്രസ്ഥാനത്തി ലൂടെ പരിചയപ്പെടുത്തിയ സന്നദ്ധസേവനത്തി ൻെറ ഒട്ടേറെ നൂതനമാതൃകകളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. വിദേശത്തുപണിയെടു ക്കുന്ന മലയാളികളുടെ സംഭാവന പ്രദേശിക പദ്ധതികളിൽ വേണ്ടത്ര ഉപയോഗപ്പെടുത്താനുള്ള പരിശ്രമവും ഉണ്ടായിട്ടില്ല.

ചുരുക്കത്തിൽ പ്രാദേശിക വിഭവസമാ ഹരണത്തിൻെറ സാധ്യതകൾ അവഗണിക്ക പ്പെടുന്നതും യാഥാർത്ഥ്യബോധമില്ലാതെ വരുമാനം പെരുപ്പിച്ചുകാണിക്കുന്നതും ഒഴിവാക്കപ്പെടണം. തനതുഫണ്ട്, സന്നദ്ധപ്രവർത്തനം, സംഭാവന, ധനകാര്യ ഏജൻസികളിൽ നിന്നു പഞ്ചായത്തു നേരിട്ടെടുക്കാൻ ശ്രമിക്കുന്ന വായ്പ എന്നിവ സംസ്ഥാനപദ്ധതിധനസഹായത്തിൻെറ 30/40 ശതമാനമായി ഉയർത്താനാവണം.

## വിഭവസമാഹരണവും വികസനമേഖലകളും

പട്ടിക-2.2ൽ വിവിധവികസനമേഖലകളിലെ വിഭവസമാഹരണരീതികൾ താരതമ്യപ്പെടുത്തിയി രിക്കുന്നു. വിജ്ഞാനപ്രദമായ ചില ഉൾക്കാ ഴ്ചകൾ ഈ താരതമ്യപഠനം നല്കുന്നുണ്ട്.

## പട്ടിക 2.2

## ഗ്രാമപഞ്ചായത്തുകളുടെ വിഭവസമാഹരണസമ്പ്രദായം - മേഖലാതാരതമ്യം

(ലക്ഷം രൂപ)

| മേഖല | മൊത്തം അടങ്കൽ | സംസ്ഥാന വിഹിതം | തനത് ഫണ്ട് | സംസ്ഥാന വിഷ്കൃതം | കേന്ദ്രാ വിഷ്കൃതം | സഹകരണ സ്ഥപാനം വായ്പ | ധനകാര്യ സ്ഥാപനം വായ്പ | സന്നദ്ധ സേവനം സംഭാവന | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|
| ഉത്പാദന മേഖല | 46635.64<br>(100.00) | 15154.40<br>(32.50) | 793.72<br>(1.70) | 1250.51<br>(2.68) | 423.37<br>(0.91) | 1420.65<br>3.05) | 6039.76<br>(12.95) | 935.57<br>(2.01) | 19176.53<br>(41.12) | 899.46<br>(1.93) |
| സേവന മേഖല | 31655.68<br>(100.00) | 15816.20<br>(49.96) | 2399.60<br>(7.58) | 1343.01<br>(4.24) | 1369.01<br>(4.32) | 285.99<br>(0.90) | 1962.38<br>(6.20) | 1945.76<br>(6.15) | 5164.30<br>(16.31) | 1051.58<br>(3.32) |
| പശ്ചാത്തല മേഖല | 15090.34<br>(100.00) | 9178.73<br>(60.83) | 2446.23<br>(16.21) | 379.87<br>(2.52) | 460.87<br>(3.05) | 4.53<br>(0.03) | 193.37<br>(1.28) | 1197.61<br>(7.94) | 939.22<br>(6.22) | 282.02<br>(1.89) |
| എല്ലാ പ്രോജക്ടുകളും | 93381.66<br>(100.00) | 40149.32<br>(42.99) | 5639.55<br>(6.04) | 2973.38<br>(3.18) | 2253.55<br>(2.41) | 1711.16<br>(1.83) | 8195.81<br>(8.78) | 4078.94<br>(4.37) | 25280.06<br>(27.07) | 2236.06<br>(2.39) |
| SCP പ്രോജക്ടുകൾ | 15039.48<br>(100.00) | 9941.14<br>(66.10) | 367.78<br>(2.45) | 391.15<br>(2.60) | 294.42<br>(1.96) | 110.90<br>(0.74) | 399.93<br>(4.65) | 436.61<br>(2.90) | 2478.05<br>(16.48) | 289.79<br>(1.93) |
| TSP പ്രോജക്ടുകൾ | 1216.10<br>(100.00) | 770.68<br>(63.37) | 51.08<br>(4.20) | 29.79<br>(2.54) | 72.23<br>(5.94) | 15.53<br>(1.28) | 32.20<br>(2.65) | 42.68<br>(3.51) | 191.54<br>(15.75) | 27.79<br>(2.29) |
| സ്ത്രീ വികസനം | 6797.79<br>(100.00) | 1997.15<br>(29.38) | 109.56<br>(1.61) | 168.43<br>(2.48) | 80.34<br>(1.18) | 254.22<br>(3.74) | 1262.99<br>(18.58) | 133.84<br>(1.97) | 2522.80<br>(37.11) | 204.29<br>(3.01) |

പട്ടിക 2.3

## പൊതുവിഭാഗം മേഖലാവിതരണം: സംസ്ഥാനവിഹിതം

| | ഉത്പാദനമേഖല | | | | പശ്ചാത്തലമേഖല | | | സേവന മേഖല | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സംസ്ഥാന വിഹിതം (പൊതു വിഭാഗം) | കൃഷിയും അനുബന്ധ മേഖലകളും | ജലസേചനവും വെള്ളപ്പൊക്ക നിവാരണവും | വ്യവസായങ്ങൾ | ആകെ | ഊർജ്ജ വികസനം | ഗതാഗതം | ആകെ | ഗ്രാമ വികസനം | സാമൂഹ്യ സേവന മേഖല | ആകെ | മറ്റുള്ളവ | ആകെ |
| തിരുവനന്തപുരം | 35.11 | 7.48 | 2.74 | 45.33 | 4.65 | 17.00 | 21.65 | 1.96 | 29.11 | 33.02 | 1.96 | 100.00 |
| കൊല്ലം | 34.35 | 5.04 | 4.82 | 44.21 | 4.81 | 16.70 | 21.51 | 0.68 | 30.55 | 34.28 | 3.05 | 100.00 |
| പത്തനംതിട്ട | 38.35 | 8.93 | 1.94 | 39.22 | 4.08 | 22.43 | 26.52 | 1.78 | 31.02 | 34.26 | 1.46 | 100.00 |
| ആലപ്പുഴ | 36.31 | 4.30 | 3.65 | 44.26 | 4.68 | 20.99 | 25.67 | 0.51 | 28.32 | 30.06 | 1.23 | 100.00 |
| കോട്ടയം | 29.98 | 10.47 | 3.30 | 43.76 | 2.84 | 21.88 | 24.72 | 1.24 | 27.89 | 31.52 | 2.38 | 100.00 |
| ഇടുക്കി | 32.91 | 6.85 | 2.63 | 42.39 | 2.07 | 21.81 | 23.88 | 0.30 | 29.65 | 33.73 | 3.78 | 100.00 |
| എറണാകുളം | 32.05 | 10.18 | 2.53 | 44.77 | 2.84 | 21.79 | 24.63 | 1.52 | 26.48 | 30.61 | 2.60 | 100.00 |
| തൃശ്ശൂർ | 28.85 | 11.61 | 6.40 | 46.87 | 3.06 | 16.52 | 19.58 | 0.60 | 28.76 | 33.56 | 4.19 | 100.00 |
| പാലക്കാട് | 30.13 | 13.85 | 1.85 | 45.83 | 3.16 | 20.60 | 23.76 | 0.49 | 27.73 | 30.41 | 2.19 | 100.00 |
| മലപ്പുറം | 26.38 | 12.58 | 2.83 | 41.79 | 1.57 | 22.69 | 24.26 | 0.55 | 32.24 | 33.98 | 1.16 | 100.00 |
| കോഴിക്കോട് | 27.93 | 9.54 | 4.44 | 41.91 | 3.03 | 20.52 | 26.55 | 0.24 | 31.77 | 34.54 | 2.54 | 100.00 |
| വയനാട് | 31.01 | 9.68 | 1.44 | 42.13 | 1.40 | 21.01 | 22.40 | 0.88 | 31.34 | 35.47 | 3.24 | 100.00 |
| കണ്ണൂർ | 30.38 | 7.94 | 4.26 | 42.55 | 2.26 | 22.35 | 24.61 | 0.64 | 30.19 | 32.84 | 2.01 | 100.00 |
| കാസർഗോഡ് | 24.90 | 13.38 | 1.35 | 39.63 | 1.91 | 22.17 | 24.08 | 0.19 | 32.86 | 36.29 | 3.24 | 100.00 |
| ആകെ | 30.56 | 9.59 | 3.44 | 43.59 | 3.09 | 20.32 | 23.41 | 0.80 | 29.77 | 33.00 | 2.43 | 100.00 |

പട്ടിക 2.4

## എല്ലാവിഭാഗങ്ങളുടെ മേഖലാവിതരണം: സംസ്ഥാനവിഹിതം

| സംസ്ഥാന വിഹിതം (പൊതു വിഭാഗം+ TSP+SCP) | കൃഷിയും അനുബന്ധ മേഖലകളും | ജലസേചനവും വെള്ളപ്പൊക്ക നിവാരണവും | വ്യവസായ ങ്ങം | ഉത്പാദന മേഖല ആകെ | ഊർജ്ജ വികസനം | ഗതാഗതം | പശ്ചാത്തല മേഖല ആകെ | ഗ്രാമ വികസനം | സാമൂഹ്യ സേവന മേഖല | സേവന മേഖല ആകെ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 29.82 | 5.96 | 2.71 | 38.18 | 4.67 | 18.90 | 23.58 | 1.83 | 34.53 | 38.24 | 1.87 | 100.00 |
| കൊല്ലം | 26.83 | 3.82 | 4.08 | 34.71 | 4.68 | 16.45 | 21.12 | 1.03 | 40.48 | 44.17 | 2.65 | 100.00 |
| പത്തനംതിട്ട | 23.24 | 6.76 | 1.90 | 31.90 | 4.30 | 22.23 | 26.83 | 1.31 | 37.77 | 41.57 | 2.49 | 100.00 |
| ആലപ്പുഴ | 32.13 | 3.38 | 3.54 | 39.05 | 3.99 | 18.61 | 22.60 | 0.72 | 36.60 | 38.35 | 1.03 | 100.00 |
| കോട്ടയം | 26.51 | 8.93 | 3.13 | 38.58 | 2.61 | 20.42 | 23.03 | 1.30 | 34.93 | 38.39 | 2.16 | 100.00 |
| ഇടുക്കി | 30.91 | 5.58 | 2.27 | 38.76 | 3.09 | 19.53 | 22.62 | 0.39 | 34.53 | 38.62 | 3.69 | 100.00 |
| എറണാകുളം | 28.07 | 8.65 | 2.36 | 39.08 | 2.90 | 21.09 | 23.99 | 1.40 | 33.01 | 36.93 | 2.52 | 100.00 |
| തൃശ്ശൂർ | 26.52 | 9.41 | 5.58 | 41.52 | 3.07 | 15.85 | 18.92 | 1.06 | 35.32 | 39.56 | 3.18 | 100.00 |
| പാലക്കാട് | 26.44 | 9.91 | 1.86 | 38.21 | 3.18 | 21.34 | 24.52 | 0.81 | 35.03 | 37.27 | 1.43 | 100.00 |
| മലപ്പുറം | 23.77 | 10.27 | 2.57 | 36.61 | 1.73 | 21.18 | 22.91 | 0.66 | 38.75 | 40.48 | 1.06 | 100.00 |
| കോഴിക്കോട് | 25.29 | 8.41 | 4.16 | 37.86 | 3.17 | 18.93 | 22.09 | 0.46 | 37.30 | 40.04 | 2.28 | 100.00 |
| വയനാട് | 26.31 | 8.20 | 1.38 | 35.88 | 1.70 | 19.84 | 21.54 | 0.74 | 39.34 | 42.58 | 2.50 | 100.00 |
| കണ്ണൂർ | 27.81 | 7.15 | 4.05 | 39.02 | 2.25 | 21.50 | 23.75 | 0.80 | 34.41 | 37.23 | 2.02 | 100.00 |
| കാസർഗോഡ് | 21.52 | 10.37 | 1.33 | 33.21 | 2.84 | 24.26 | 27.10 | 0.15 | 36.92 | 39.69 | 2.62 | 100.00 |
| ആകെ | 26.85 | 7.75 | 3.15 | 37.75 | 3.19 | 19.68 | 22.86 | 0.93 | 36.31 | 39.39 | 2.15 | 100.00 |

## പട്ടിക 2.5

## എല്ലാ വിഭാഗങ്ങളുടെ മേഖലാവിതരണം : മൊത്തം പദ്ധതിഅടങ്കൽ

| പദ്ധതി അടങ്കൽ | കൃഷിയും അനുബന്ധ മേഖലകളും | ജലസേചനവും വെള്ളപ്പൊക്ക നിവാരണവും | വ്യവസായങ്ങൾ | ഉത്പാദന മേഖല ആകെ | ഊർജ്ജ വികസനം | ഗതാഗതം | പശ്ചാത്തല മേഖല | ഗ്രാമ വികസനം | പരിസ്ഥിതി സംരക്ഷണം | പൊതു സാമ്പത്തിക മേഖല | സാമൂഹ്യസേവന മേഖല | പൊതു സേവന മേഖല | സേവന മേഖല | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 45.28 | 4.60 | 3.74 | 53.62 | 3.41 | 12.67 | 16.08 | 2.28 | 0.00 | 0.08 | 26.56 | 1.38 | 30.30 | 100.00 |
| കൊല്ലം | 43.18 | 2.65 | 5.90 | 51.73 | 3.27 | 11.78 | 15.06 | 1.20 | 0.00 | 0.15 | 29.44 | 2.42 | 33.21 | 100.00 |
| പത്തനംതിട്ട | 35.24 | 4.30 | 2.22 | 41.76 | 3.51 | 18.12 | 21.63 | 1.68 | 0.00 | 0.00 | 32.04 | 2.89 | 36.61 | 100.00 |
| ആലപ്പുഴ | 44.66 | 2.64 | 4.90 | 52.20 | 3.09 | 11.38 | 14.47 | 1.02 | 0.00 | 0.01 | 30.87 | 1.43 | 33.33 | 100.00 |
| കോട്ടയം | 37.47 | 6.10 | 3.99 | 47.56 | 3.14 | 14.55 | 17.69 | 1.83 | 0.00 | 0.02 | 29.79 | 3.10 | 34.75 | 100.00 |
| ഇടുക്കി | 42.16 | 3.96 | 2.73 | 48.85 | 2.48 | 13.46 | 15.94 | 0.30 | 0.00 | 0.40 | 31.22 | 3.29 | 35.21 | 100.00 |
| എറണാകുളം | 38.65 | 5.45 | 5.82 | 49.92 | 2.67 | 14.74 | 17.42 | 1.87 | 0.00 | 0.37 | 27.13 | 3.29 | 32.67 | 100.00 |
| തൃശ്ശൂർ | 41.11 | 6.21 | 5.22 | 52.55 | 2.51 | 10.61 | 13.13 | 0.94 | 0.00 | 0.14 | 29.83 | 3.41 | 34.33 | 100.00 |
| പാലക്കാട് | 37.61 | 6.30 | 4.78 | 48.69 | 2.34 | 14.15 | 16.49 | 1.46 | 0.00 | 1.35 | 29.81 | 2.20 | 34.82 | 100.00 |
| മലപ്പുറം | 35.79 | 7.41 | 3.13 | 46.33 | 1.96 | 15.52 | 17.48 | 1.13 | 0.00 | 0.02 | 32.85 | 2.19 | 36.19 | 100.00 |
| കോഴിക്കോട് | 41.89 | 6.73 | 4.78 | 53.40 | 2.50 | 12.03 | 14.53 | 0.33 | 0.00 | 0.03 | 29.63 | 2.08 | 32.08 | 100.00 |
| വയനാട് | 32.74 | 6.15 | 3.04 | 41.93 | 1.37 | 17.65 | 19.01 | 0.78 | 0.00 | 0.22 | 35.44 | 2.61 | 39.05 | 100.00 |
| കണ്ണൂർ | 42.94 | 4.48 | 5.70 | 53.12 | 2.11 | 12.54 | 14.65 | 2.18 | 0.00 | 0.15 | 27.59 | 2.31 | 32.23 | 100.00 |
| കാസർഗോഡ് | 33.40 | 7.33 | 3.35 | 44.08 | 2.24 | 19.31 | 21.55 | 0.14 | 0.00 | 0.03 | 30.89 | 3.32 | 34.37 | 100.00 |
| ആകെ | 40.13 | 5.30 | 4.51 | 49.94 | 2.63 | 13.53 | 16.16 | 1.30 | 0.00 | 0.24 | 29.88 | 2.48 | 33.90 | 100.00 |

പട്ടിക 2.6

## ഉത്പാദന മേഖലയിലെ ഉപമേഖലകൾ

| ഉപമേഖലകൾ | പ്രോജക്ടുകളുടെ എണ്ണം | മൊത്തം സംസ്ഥാന വിഹിതത്തിലെ പങ്ക് (%) | ഉത്പാദന മേഖലയിലെ വിഹിതത്തിലെ പങ്ക് (%) | മൊത്തം അടങ്കലിലെ പങ്ക് (%) | ഉത്പാദന മേഖലാ അടങ്കലിലെ പങ്ക് (%) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| നെല്ല് | 1032 | 3.55 | 9.39 | 5.57 | 11.15 |
| ഇതര വിളകൾ | 4399 | 8.22 | 21.77 | 15.09 | 30.22 |
| മണ്ണ് ജലസംരക്ഷണം | 965 | 2.31 | 6.13 | 1.91 | 3.83 |
| മൃഗപരിപാലനം | 4440 | 7.42 | 19.66 | 9.80 | 19.62 |
| ക്ഷീരവികസന | 962 | 1.74 | 4.60 | 2.70 | 5.41 |
| മത്സ്യബന്ധനം | 621 | 0.94 | 2.49 | 1.46 | 2.93 |
| വനവൽക്കരണം | 70 | 0.04 | 0.11 | 0.05 | 0.11 |
| ചെറുകിട വ്യവസായം | 1232 | 2.50 | 6.62 | 63.59 | 7.18 |
| കരകൗശല വ്യവസായം | 49 | 0.05 | 0.14 | 0.06 | 0.13 |
| കൈത്തറി | 24 | 0.04 | 0.11 | 0.06 | 0.12 |
| കയർ | 68 | 0.08 | 0.48 | 0.26 | 0.51 |
| ഖാദി | 48 | 0.06 | 0.17 | 0.10 | 0.20 |
| പട്ടുനൂൽ | 17 | 0.01 | 0.02 | 0.05 | 0.10 |
| മറ്റ് വ്യവസായരംഗം | 161 | 0.30 | 0.80 | 0.40 | 0.80 |
| ചെറുകിട ജലസേചനം | 2512 | 7.23 | 19.45 | 4.98 | 9.97 |
| വെള്ളപ്പൊക്കനിവാരണം | 212 | 0.52 | 1.38 | 0.32 | 0.65 |
| മറ്റു കാർഷിക വികസനം | 1529 | 2.36 | 6.26 | 2.46 | 4.92 |
| സഹകരണം | 237 | 0.27 | 0.71 | 1.08 | 2.16 |
| ആകെ | 18578 | 37.75 | 100.00 | 49.94 | 100.00 |

സംസ്ഥാനപദ്ധതിവിഹിതത്തിന്മേലുള്ള ആശ്രിതത്വം പശ്ചാത്തലമേഖലയിലാണ് ഏറ്റവും കൂടുതൽ. ഉത്പാദനമേഖലയിൽ ഏറ്റവും കുറവും. ഇതിനുള്ള കാരണവും പട്ടികയിൽനിന്നുതന്നെ വ്യക്തമാണ്. ഗുണഭോക്തൃവിഹിതം ഈ മേഖലയിൽ കുറവാണ്. ഇത് സ്വാഭാവികവുമാണ്. എന്നാൽ സന്നദ്ധപ്രവർത്തനത്തിന്റെയും സംഭാവനയുടെയും സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയാതെപോയതിന് ന്യായീകരണമില്ല.. ഇതാണ് ഒരു വശമെങ്കിൽ മറുവശത്ത് ഉത്പാദനപ്രോജക്ടുകളിൽ ഗുണഭോക്തൃവിഹിതത്തിന്റെയും ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പകളുടെയും വിഹിതം വളരെ ഉയർന്നു നില്ക്കുന്നു. ഇവ, പ്രത്യേകിച്ച് ഗുണഭോക്തൃവിഹിതം, ഒരു പരിധിവരെ അതിശയോക്തിപരമാണെന്ന് നാം കണ്ടുവല്ലോ.

പശ്ചാത്തലമേഖലയ്ക്കാണ് തനത് ഫണ്ടിന്റെ പകുതിയോളം വകയിരുത്തിയിരിക്കുന്നത്. ഈ മേഖലയുടെ അടങ്കലിന്റെ 15 ശതമാനം തനതു ഫണ്ടിൽ നിന്നാണ്. സേവനമേഖലയിൽ തനതു ഫണ്ടിൽ നിന്നുള്ള തുക ഏതാണ്ട് പശ്ചാത്തലമേഖലയോടൊപ്പം വരുമെങ്കിലും മേഖലാ

അടങ്കലിൻെറ 7.6 ശതമാനമേ വരൂ. ഉല്പാദന മേഖലയിൽ തനതുഫണ്ട് താരതമ്യേന അപ്രധാനമാണ്.

പ്രത്യേകഘടകപദ്ധതി, ഉപദ്ധതി എന്നിവയുടെ വിഭവസമാഹരണരീതികളെ പൊതുവിഭാഗം പദ്ധതിയുടെ വിഭവസമാഹരണരീതികളുമായി പട്ടിക-2.2ൽ താരതമ്യപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകഘടകപദ്ധതി, ഉപപദ്ധതി പ്രോജക്ടുകളിൽ ഗുണഭോക്തൃവിഹിതം താരതമ്യേന താഴ്ന്നതാണ്. ഇതിനനുസൃതമായി സംസ്ഥാനപദ്ധതിവിഹിതം ഈ മേഖലകളിൽ താരതമ്യേന ഉയർന്നിരിക്കുകയും ചെയ്യും. പട്ടികവിഭാഗങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിക്കുമ്പോൾ, പൊതുവിഭാഗം പ്രോജക്ടുകളുടെ തോതിൽ ഈ മേഖലയിൽ ഗുണഭോക്തൃവിഹിതം നിശ്ചയിക്കാതിരുന്നത് ഉചിതംതന്നെ. എന്നാൽ തനതുഫണ്ടിൻെറ വിനിയോഗം ഈ മേഖലകളിൽ അപര്യാപ്തമാണ്. ദുർബലവിഭാഗങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നു ലഭിക്കേണ്ട പ്രത്യേക പരിഗണന വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതു മറ്റൊരു പോരായ്മയാണ്.

സ്ത്രീപ്രോജക്ടുകളുടെ കാര്യത്തിൽ താരതമ്യേന ഉയർന്ന ഗുണഭോക്തൃവിഹിതവും ധനകാര്യ സ്ഥാപന പങ്കാളിത്തവും പലയിടത്തും വിഭാവനം ചെയ്തിരിക്കുന്നത് യാഥാർത്ഥ്യബോധത്തോടെയല്ല എന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്.

## വികസനതന്ത്രം

വികസനതന്ത്രമാണ് പദ്ധതിയുടെ മർമ്മം. ഓരോ പ്രദേശത്തിൻെറയും പ്രശ്നങ്ങളും സാധ്യതകളും മനസ്സിലാക്കി പരിമിതമായ വിഭവത്തെ ഏറ്റവും ഫലപ്രദമായി എങ്ങനെ ചെലവഴിക്കണം എന്നതിൻെറ സൂത്രവാക്യമാണ് വികസനതന്ത്രം. രണ്ടുകാര്യങ്ങളാണ് ഇവിടെ വ്യക്തമാവുക. പദ്ധതിയിൽ വിവിധ വികസനമേഖലകൾക്കു നൽകിയിരിക്കുന്ന മുൻഗണനകളുടെ ക്രമമെന്ത്? ഓരോ മേഖലയിലും അനുവർത്തിക്കാൻപോകുന്ന മുഖ്യവികസനസമീപനമെന്ത്?

വികസനതന്ത്രം സംബന്ധിച്ച് സമഗ്രമായ ഒരു വിലയിരുത്തലിന് ഇവിടെ കഴിയില്ല. വികസനറിപ്പോർട്ടിൻെറയും പദ്ധതിരേഖയുടെയും ഒരു സൂക്ഷ്മതല സംയോജിത പരിശോധന ഇതിനു കൂടിയേ തീരൂ. വികസനറിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങളെയും സാധ്യതകളെയും കണക്കിലെടുത്തുകൊണ്ടുള്ള ഒരു വികസനതന്ത്രമാണോ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്? അംഗീകരിക്കപ്പെട്ടിരിക്കുന്ന വികസനതന്ത്രത്തിന് അനുയോജ്യമായ പ്രോജക്ടുകളാണോ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്? തെരഞ്ഞെടുത്തിരിക്കുന്ന പ്രോജക്ടുകളുടെ ഗുണനിലവാരമെന്ത്? ഈ മൂന്നു കാര്യങ്ങളിലും ഈ വർഷത്തെ പദ്ധതികളിൽ വീഴ്ചയുണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരമൊരു വിശകലനം കേവലം സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം നടത്താൻ പറ്റുന്ന ഒന്നല്ലല്ലോ.

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളിൽ മുൻഗണന നൽകിയിരിക്കുന്ന മേഖലകളേതെല്ലാമെന്ന് വിലയിരുത്തുക മാത്രമാണ് ഈ സന്ദർഭത്തിൽ ചെയ്യാൻ കഴിയുക. പദ്ധതിയടങ്കലിൻെറ മുൻഗണനയെ സംബന്ധിച്ച് പൊതുവായ ചില നിർദ്ദേശങ്ങളേ മുകളിൽ നിന്നു നൽകിയിരുന്നുള്ളൂ. കൃഷി, വ്യവസായം, മത്സ്യബന്ധനം, മൃഗസംരക്ഷണം, വ്യവസായം എന്നിവയെല്ലാമടങ്ങുന്ന ഉത്പാദനമേഖല, വിദ്യാഭ്യാസം,ആരോഗ്യം, കുടിവെള്ളം, സംസ്കാരം എന്നിവയെല്ലാമടങ്ങുന്ന സേവനമേഖല, റോഡും, ഊർജ്ജവുമടങ്ങുന്ന പശ്ചാത്തലമേഖല എന്നീ മൂന്നു വിശാലമേഖലകളിലെ നിക്ഷേപങ്ങൾക്ക് ചില പരമാവധി പരിധികൾ നിശ്ചയിക്കുക മാത്രമാണ് ചെയ്തത്. ഈ പരിധികൾക്കുള്ളിൽനിന്ന് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ഉപമേഖലകളിൽ സ്വതന്ത്രമായ രീതിയിൽ നിക്ഷേപം നടത്താൻ അനുവാദമുണ്ടായിരുന്നു.

പൊതുവിഭാഗം ഗ്രാൻറിൻെറ 40 മുതൽ 50 ശതമാനം വരെ ഉത്പാദനമേഖലയിലും 30 മുതൽ 40 ശതമാനം വരെ സേവന മേഖലയ്ക്കും 10 മുതൽ 30 ശതമാനം വരെ പശ്ചാത്തല മേഖലയ്ക്കും വകയിരുത്തണമെന്നായിരുന്നു മാർഗനിർദ്ദേശം. ഉത്പാദന മേഖലയിൽ ഊന്നലും റോഡു നിർമ്മാണത്തിൻെറ അതിപ്രസരത്തിനുമേൽ നിയന്ത്രണവും ഉറപ്പാക്കുക എന്നതായിരുന്നു ഈ മാർഗനിർദ്ദേശങ്ങളുടെ ലക്ഷ്യം.

എന്നാൽ പ്രത്യേക ഘടകപദ്ധതിയുടേയും ഉപപദ്ധതിയുടേയും ഗ്രാൻറിൻെറ വിനിയോഗത്തിൽ മേൽപറഞ്ഞ നിബന്ധനകൾക്ക് ചില ഇളവുകൾ നല്കിയിരുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ സാമ്പത്തിക അടിത്തറയുടെ ദൗർബല്യം മൂലം ഇവർക്കായി ഗ്രാൻറിൻെറ 40 ശതമാനം തുകയ്ക്കുള്ള ഉത്പാദന പ്രോജക്ടുകൾക്ക് ചുരുങ്ങിയ സമയം കൊണ്ട് രൂപം നല്കുക പ്രയാസകരമായിരിക്കുമെന്നതിനാൽ ഉത്പാദന മേഖലയിൽ മുടക്കാൻ കഴിയാത്ത തുക സേവന

തുറകളിൽ വകയിരുത്തുന്നതിന് അനുവദിച്ചിരുന്നു. ചുരുക്കത്തിൽ ഉത്പാദന മേഖലയിൽ മിനിമം ഇത്ര വകയിരുത്തണമെന്ന നിബന്ധന പ്രത്യേക ഘടക പദ്ധതിയിലും ഉപപദ്ധതിയിലും നിഷ്കർഷിച്ചില്ല. എന്നാൽ പശ്ചാത്തല മേഖലയുടെമേൽ പൊതുവിഭാഗം ഗ്രാൻറിൻെറ കാര്യത്തിലെന്നപോലെ 30 ശതമാനം പരിധി നിലനിർത്തിയിരുന്നു.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു വസ്തുത സംസ്ഥാന സർക്കാർ നൽകിയ പദ്ധതിധനസഹായത്തിനു മാത്രമേ ഈ മേഖലാ നിബന്ധനകൾ ബാധകമാക്കിയിരുന്നുള്ളൂ എന്നതാണ്. തനതു ഫണ്ടടക്കം മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾക്ക് ഇവ ബാധകമായിരുന്നില്ല. മൊത്തം അടങ്കലിൻെറ മേഖലാ വിതരണത്തിൻമേൽ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിരുന്നില്ല എന്നു ചുരുക്കം.

പട്ടിക2-3ൽ പൊതുവിഭാഗം പ്രോജക്ടുകൾക്കായുള്ള സംസ്ഥാനപദ്ധതിവിഹിതത്തിൻെറ മേഖല തിരിച്ചുള്ള വിതരണത്തിൻെറ ജില്ലാതല താരതമ്യം കൊടുത്തിരിക്കുന്നു. സംസ്ഥാനം മൊത്തത്തിൽ എടുത്താൽ സംസ്ഥാനപദ്ധതി വിഹിതത്തിൻെറ 43.59 ശതമാനം ഉത്പാദന മേഖലയ്ക്കും 33.00 ശതമാനം സേവനമേഖലയ്ക്കും 23.41 ശതമാനം പശ്ചാത്തലമേഖലയ്ക്കും വകയിരുത്തിയിരിക്കുന്നതായി കാണാം. മേഖലാ നിബന്ധന സംസ്ഥാന പദ്ധതിവഹിതത്തെ സംബന്ധിച്ചിടത്തോളം എല്ലാ ജില്ലകളും പാലിച്ചിട്ടുള്ളതായി പട്ടിക കാണിക്കുന്നു. ഉത്പാദന മേഖലയ്ക്ക് ഏറ്റവും കൂടുതൽ പദ്ധതിവിഹിതം മാറ്റിവെച്ചിട്ടുള്ളത് പാലക്കാട് ജില്ലയാണ്; പത്തനംതിട്ട, കാസറഗോഡ് ജില്ലകളിൽ ഉത്പാദന മേഖലയുടെ സംസ്ഥാനപദ്ധതിവിഹിതം മിനിമം പരിധിയെക്കാൾ ചെറിയ വ്യത്യാസത്തിനാണെങ്കിൽപോലും താഴെയാണ്. ഈ രണ്ടുജില്ലകളിൽ ഉത്പാദനമേഖലയുടെ വിഹിതം 39.22 ശതമാനവും 39.63 ശതമാനവുമാണ്.

മുകളിൽ വിവരിച്ചതിൽ നിന്ന് ഉത്പാദന മേഖലയ്ക്ക് 40 ശതമാനം വകയിരുത്താത്തതും പശ്ചാത്തലമേഖലയ്ക്ക് പരിധിയ്ക്കപ്പുറം വകയിരുത്തിയിട്ടുള്ളതുമായ പല ഒറ്റപ്പെട്ട പഞ്ചായത്തുകളുമുണ്ട് എന്നതു വ്യക്തമാണല്ലോ. ഇത് ഗൗരവമുള്ള വീഴ്ചയായി കാണണം. ഇതിനുള്ള പരിഹാരനടപടികൾക്ക് ഡി.പി.സി. മുൻകൈയെടുക്കുന്നുണ്ട്.

എന്നാൽ പട്ടിക 2-4ൽ കൊടുത്തിരിക്കുന്ന പ്രത്യേകഘടകപദ്ധതിയും ഉപപദ്ധതിയുമടക്കം മൊത്തം സംസ്ഥാന പദ്ധതിവിഹിതത്തിൻെറ വിതരണം പരിശോധിച്ചാൽ ഉത്പാദനമേഖലയുടെ വിഹിതം 37.75 ശതമാനമേ വരുന്നുള്ളൂയെന്നു കാണാം. പ്രത്യേകഘടകപദ്ധതിയുടേയും ഉപപദ്ധതിയുടേയും ഉത്പാദനമേഖലാവിഹിതം ആവശ്യമെങ്കിൽ സേവനമേഖലയ്ക്ക് നീക്കി വകയിരുത്തുന്നതിന് അനുവദിച്ചിരുന്നല്ലോ. ഇതുമൂലം മൊത്തം സംസ്ഥാനവിഹിതത്തിൽ സേവന മേഖലയുടെ വിഹിതം പൊതുവിഭാഗത്തെ അപേക്ഷിച്ച് ഗണ്യമായി ഉയരുന്നു. (39.9ശതമാനം). എന്നാൽ ഈ വിഭാഗങ്ങൾക്കുപോലും പശ്ചാത്തലമേഖലയ്ക്ക് അനുവദനീയമായ പരമാവധി പരിധി ഉയർത്തിയിരുന്നില്ലല്ലോ. സംസ്ഥാനത്ത് പൊതുവിൽ പശ്ചാത്തലമേഖലയുടെ വിഹിതം 22.86 ശതമാനമേ വരുന്നുള്ളൂ. ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകളും പൊതുവിൽ നിബന്ധന പാലിച്ചിട്ടുണ്ട് എന്നാണ് സൂചിപ്പിക്കുന്നത്. കാസറഗോഡ് ജില്ലയിലാണ് പശ്ചാത്തലമേഖലയ്ക്ക് ഏറ്റവും കൂടുതൽ വിഹിതം നീക്കിവച്ചിട്ടുള്ളത്- 27.10 ശതമാനം.

പട്ടിക 2-5ൽ മൊത്തം പദ്ധതിയടങ്കലിൻെറ മേഖലാ വിഭജനം നൽകിയിരിക്കുന്നു. മൊത്തം പദ്ധതിയടങ്കലെടുക്കുമ്പോൾ ഉത്പാദനമേഖലയുടെ പ്രാധാന്യം ഗണ്യമായി വർധിക്കുന്നു. മൊത്തം പദ്ധതിയടങ്കലിൻെറ 49.94 ശതമാനം ഉത്പാദന മേഖലയ്ക്കാണ്. അതേസമയം പശ്ചാത്തല മേഖലാവിഹിതം 16.16 ശതമാനമായി കുറയുന്നു. തനതുഫണ്ട് കൂടുതൽ പശ്ചാത്തലമേഖലയ്ക്കുപയോഗിച്ചിട്ടും ഇങ്ങനെ സംഭവിക്കുന്നതിൻെറ കാരണം മറ്റ് വിഭവസ്രോതസ്സുകളിൽനിന്ന് കൂടുതൽ വിഹിതം ഉത്പാദനമേഖലയ്ക്ക് കണ്ടെത്തിയിരിക്കുന്നതുകൊണ്ടാണ്.

### ഉത്പാദന മേഖല

പട്ടിക 2-6ൽ ഉത്പാദനമേഖലയിലെ പ്രോജക്ടുകളുടെ എണ്ണവും അവയുടെ ഉപമേഖലാവിതരണവും കൊടുത്തിരിക്കുന്നു. ഉത്പാദനമേഖലയിൽ ഏതാണ്ട് 18600 ഓളം പ്രോജക്ടുകളാണുള്ളത്. മൊത്തം പ്രോജക്ടുകളുടെ ഏതാണ്ട് 39 ശതമാനം പദ്ധതിവിഹിതവും പുരയിട കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്കാണ് ("ഇതരവിളകൾ") സംസ്ഥാനപദ്ധതിവിഹിതത്തിൻെറ 8.22 ശതമാനവും മൊത്തം പദ്ധതിയടങ്കലിൻെറ 15.09 ശതമാനവും ഈ വിളകൾക്കായിട്ടാണ്

പട്ടിക 2.7

## സേവനമേഖലയിലെ ഉപമേഖലകൾ

| ഉപമേഖലകൾ | പ്രോജക്ടുകളുടെ എണ്ണം | മൊത്തം സംസ്ഥാന വിഹിതത്തിലെ പങ്ക് (%) | സേവന മേഖലയിലെ വിഹിതത്തിലെ പങ്ക് (%) | മൊത്തം അടങ്കലിലെ പങ്ക് (%) | സേവന മേഖലാ അടങ്കലിലെ പങ്ക് (%) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| പ്രാഥമിക വിദ്യാഭ്യാസം | 2834 | 2.75 | 6.97 | 2.29 | 6.75 |
| സാങ്കേതിക വിദ്യാഭ്യാസം | 44 | 0.08 | 0.20 | 0.07 | 0.21 |
| ഹൈസ്ക്കൂൾ വിദ്യാഭ്യാസം | 316 | 0.24 | 0.62 | 0.19 | 0.55 |
| യുവജനോത്സവം | 170 | 0.14 | 0.35 | 0.17 | 0.50 |
| കലയും സംസ്ക്കാരവും | 1303 | 1.53 | 3.87 | 1.09 | 3.21 |
| പൊതുജനാരോഗ്യം | 1799 | 3.12 | 7.93 | 3.02 | 8.91 |
| ഭവന നിർമ്മാണം | 2488 | 13.35 | 33.88 | 11.01 | 32.47 |
| കുടിവെള്ളം | 3646 | 8.27 | 20.99 | 5.74 | 16.94 |
| ശുചീകരണം | 1323 | 3.77 | 9.57 | 3.46 | 10.21 |
| തൊഴിലും തൊഴിലാക്ഷേമവും | 160 | 0.25 | 0.64 | 0.20 | 0.58 |
| വനിതാ/ശിശു വികസനം | 1226 | 1.52 | 3.87 | 1.59 | 4.68 |
| പോഷകാഹാരം | 89 | 0.10 | 0.26 | 0.08 | 0.25 |
| സാമൂഹ്യക്ഷേമം | 911 | 1.19 | 3.01 | 0.98 | 2.88 |
| സംയോജിതഗ്രാമവികസനം | 43 | 0.05 | 0.12 | 0.10 | 0.30 |
| സ്വയംതൊഴിൽ പരിശീലനം | 138 | 0.14 | 0.36 | 0.13 | 0.37 |
| ഗ്രാമീണ വനിതാ ശിശുവകസനം | 216 | 0.21 | 0.53 | 0.33 | 0.98 |
| പണിയായുധ വിതരണം | 62 | 0.07 | 0.17 | 0.05 | 0.14 |
| തരിശുഭൂമി വികസനം | 10 | 0.02 | 0.04 | 0.02 | 6.05 |
| ജവഹർ തൊഴിൽദാന പദ്ധതി | 59 | 0.02 | 0.04 | 0.15 | 0.43 |
| തൊഴിലുറപ്പ് പദ്ധതി | 18 | 0.02 | 0.05 | 0.07 | 0.19 |
| മറ്റ് തൊഴിൽ വികസന പരിപാടി | 128 | 0.20 | 0.51 | 0.17 | 0.50 |
| സാമൂഹ്യവികസന പരിപാടി | 65 | 0.18 | 0.46 | 0.25 | 0.73 |
| ദശലക്ഷം കിണർ | 16 | 0.01 | 0.02 | 0.02 | 0.06 |
| മറ്റുള്ളവ | 20 | 0.02 | 0.06 | 0.03 | 0.09 |
| വിനോദ സഞ്ചാരം | 17 | 0.02 | 0.04 | 0.04 | 0.11 |
| പൊതുവിതരണം | 18 | 0.03 | 0.07 | 0.18 | 0.53 |
| മറ്റു പൊതുവിതരണ പരിപാടികൾ | 22 | 0.03 | 0.07 | 0.02 | 0.06 |
| കെട്ടിടങ്ങൾ | 358 | 1.17 | 2.97 | 1.44 | 4.26 |
| മറ്റുള്ള | 644 | 0.91 | 2.30 | 1.04 | 3.06 |
| ആകെ | 18143 | 39.39 | 100.00 | 33.90 | 100.00 |

വകയിരുത്തിയിട്ടുള്ളത്. ചെറുകിട ജലസേചനത്തിനായുള്ള അടങ്കൽ സംസ്ഥാനപദ്ധതി വഹിതത്തിൻെറ 7.23 ശതമാനം വരും. ഇതിൽ നല്ലൊരു പങ്ക് പറമ്പ് ജലസേചനത്തിനാണ്. പുരയിടകൃഷിയോടുള്ള ഗൗരവമായ സമീപനം അഭിനന്ദനാർഹമാണ്. എന്നാൽ പ്രോജക്ടുകളിൽ നല്ല പങ്കും ഒറ്റപ്പെട്ട വിളകളെ ആശ്രയിച്ചാണ് രൂപം കൊണ്ടിട്ടുള്ളത്. ഇവയെ സംയോജിപ്പിച്ച് സമഗ്ര പുരയിട കൃഷി പരിപാടിക്ക് രൂപംനൽകാൻ ചുരുക്കം പഞ്ചായത്തുകളിലേ ശ്രമം നടന്നിട്ടുള്ളു.

നെല്ലിന് മറ്റുവിളകൾക്കു നല്കിയ തുകയുടെ 40 ശതമാനമേ വകയിരുത്തിയിട്ടുള്ളു എന്നത് പ്രത്യേകം പരിശോധനാവിഷയമാക്കേണ്ടതുണ്ട്. നെൽകൃഷി ഇന്നുനേരിടുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കൂടുതൽ ശക്തമായ പ്രാദേശികപിന്തുണ വേണമെന്ന ആവശ്യം നിലനില്ക്കുന്നു. പക്ഷെ ഒരുകാര്യം തീർച്ച. നെൽകൃഷിക്ക് സബ്സിഡി നല്കി പ്രശ്നം പരിഹരിക്കാമെന്ന വ്യാമോഹമാണ് ഭൂരിപക്ഷം നെൽകൃഷി പ്രോജക്ടുകളിലും പ്രതിഫലിക്കുന്നത്. നെല്ലിൻെറ ഉത്പാദനക്ഷമത ഉയർത്താൻ ഉതകുന്ന മണ്ണ്-ജല സംരക്ഷണം, ജൈവവളലഭ്യത വർധിപ്പിക്കുവാനുള്ള പ്രവർത്തനം, സംഘകൃഷി, യന്ത്രവല്കരണം, തുടർവിളകൃഷി ഇത്യാദി പ്രവർത്തനങ്ങളിൽ ഊന്നികൊണ്ടുള്ള പരിപാടിയാണ് വേണ്ടത്.

മൃഗപരിപാലന/ക്ഷീരവികസന മേഖലയ്ക്ക് വളരെ ഉയർന്ന മുൻഗണന ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളിൽ ലഭിക്കുകയുണ്ടായി. സംസ്ഥാനപദ്ധതിവിഹിതത്തിൻെറ 9 ശതമാനം ഈ മേഖലയ്ക്കാണ്. ഓരോ പഞ്ചായത്തിലും ശരാശരി 5 പ്രോജക്ട്‌വീതം ഈ മേഖലയിലുണ്ട്. ഈ പ്രോജക്ടുകളിൽ നല്ലൊരുപങ്ക് വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും കുഞ്ഞുങ്ങളെ ഗുണഭോക്താക്കൾക്ക് വിതരണംചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. നിലവിലുള്ള ഡിപ്പാർട്ടുമെൻറൽ സ്കീമുകളുടെ മാതൃകയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ളവയാണ് ഇവയിൽ ഭൂരിപക്ഷവും. രണ്ടു മുഖ്യ പോരായ്മകൾ ഈ പ്രോജക്ടുകളിൽ ദൃശ്യമാണ്. മുൻ-പിൻ ബന്ധങ്ങളെ ഗൗരവമായി പരിഗണിച്ചിട്ടില്ല. തന്മൂലം വിതരണത്തിനായുള്ള മൃഗ/പക്ഷി കുഞ്ഞുങ്ങളുടെ ലഭ്യതയും ഗുണനിലവാരവും ഇതിനകം പ്രശ്നമായി തീർന്നിട്ടുണ്ട്. അതുപോലെതന്നെ ഗുണഭോക്താക്കൾ അവർക്കുലഭിക്കുന്ന

പട്ടിക 2.8

## പശ്ചാത്തലമേഖലയിലെ ഉപമേഖലകൾ

| ഉപമേഖലകൾ | പ്രോജക്ടുകളുടെ എണ്ണം | മൊത്തം സംസ്ഥാന വിഹിതത്തിലെ പങ്ക് (%) | പശ്ചാത്തല മേഖലയിലെ വിഹിതത്തിലെ പങ്ക് (%) | മൊത്തം അടങ്കലിലെ പങ്ക് (%) | പശ്ചാത്തല മേഖലാ അടങ്കലിലെ പങ്ക് (%) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| വൈദ്യുതി ഉൽപാദനം | 46 | 0.08 | 0.34 | 0.05 | 0.29 |
| വൈദ്യുതി വിതരണം | 2130 | 2.60 | 11.38 | 1.79 | 11.07 |
| പാരമ്പര്യേതര ഊർജ്ജ വികസനം | 340 | 0.24 | 1.07 | 0.40 | 2.45 |
| സംയോജിത ഗ്രാമീണ ഊർജ്ജ വികസനം | 327 | 0.26 | 1.15 | 0.40 | 2.46 |
| റോഡുകളും പാലങ്ങളും | 8256 | 19.46 | 85.13 | 13.35 | 82.59 |
| ഉൾനാടൻ ജലഗതാഗതം | 32 | 0.07 | 0.32 | 0.06 | 0.36 |
| മറ്റ് ഗതാഗത മാർഗ്ഗങ്ങൾ | 118 | 0.14 | 0.62 | 0.13 | 0.78 |
| ആകെ | 11249 | 2.86 | 100.00 | 16.16 | 100.00 |
| ആകെ | 47970 | 100.00 | | 100.00 | |

ആടുമാടുകളേയും കോഴികളേയും ശരിയായ രീതിയിൽ പരിപാലിക്കുന്നുണ്ടോയെന്നതിന് ശക്തമായ മോണിട്ടറിംഗ് സംവിധാനം പ്രോജക്ടുകളിൽ പലതിലും വിഭാവനം ചെയ്യുന്നില്ല.

ഈ വക പ്രശ്നങ്ങൾ മറ്റുപല ഉത്പാദന പ്രോജക്ടുകൾക്കും ബാധകമാണ്. ഏതാണ്ടെല്ലാ പഞ്ചായത്തുകളും പച്ചക്കറികൃഷി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. പക്ഷെ വിത്തിൻേറയും നടീൽ വസ്തുക്കളുടേയും ലഭ്യതയെക്കുറിച്ച് വേണ്ടത്ര ചിന്തിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അതുപോലെതന്നെ വിപണനത്തിൻെറ കാര്യവും. പച്ചക്കറി വിത്ത്/നടീൽ വസ്തുക്കളുടെ വിതരണത്തിൽ മാത്രം ഒതുക്കാതെ കൃഷിയുടെ ഓരോഘട്ടത്തിലും കൂട്ടായ്മയുടെ അടിസ്ഥാനത്തിലും ശാസ്ത്രീയമായും ഇടപെടുന്നതിനുള്ള സംവിധാനം പ്രോജക്ടിൽ ഉറപ്പുവരുത്തണം. പണമായി സഹായം ഗുണഭോക്താക്കൾക്ക് നല്കുന്ന പ്രോജക്ടുകളിൽ മോണിട്ടറിംഗ് സംവിധാനം എത്രമാത്രം പ്രധാനമാണെന്ന് വിവരിക്കേണ്ടതില്ലല്ലോ.

കൃഷിയ്ക്കും അനുബന്ധമേഖലയ്ക്കും കൂടുതൽ ഊന്നൽ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിയിൽ ലഭിച്ചത് സ്വാഭാവികമാണ്. എന്നാൽ വ്യവസായമേഖലയോടുള്ള അവഗണന അഭികാമ്യമല്ല. പരമ്പരാഗത-കുടിൽ വ്യവസായങ്ങൾക്ക് പരിഗണന ലഭിച്ചിട്ടില്ല. ചെറുകിട വ്യവസായ പ്രോജക്ടുകളിൽ പലതും വാർപ്പു മാതൃകയിലുള്ള ഭക്ഷ്യസംസ്കരണ/ഗാർമെൻറ് പ്രോജക്ടുകളാണ്. വ്യവസായ സഹകരണസംഘങ്ങളുമായി ബന്ധപ്പെടുത്തി ചുരുക്കം പ്രോജക്ടുകളേ ഉണ്ടായിട്ടുള്ളൂ. നിലവിലുള്ള ഡിപ്പാർട്ടുമെൻറൽ/ഖാദി ഗ്രാമവ്യവസായം തുടങ്ങിയ ബോർഡുകളുടേയും മറ്റും സ്കീമുകളെ പ്രാദേശികമായി പരിഷ്കരിച്ചു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടില്ല.

അവഗണിക്കപ്പെട്ട മേഖലകളിൽ വേണ്ടത്ര പ്രോജക്ടുകൾ ഉണ്ടാവാതെപോയതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം ഈ രംഗങ്ങളിലെ ഗ്രാമതല ഇടപെടലുകളിലുണ്ടായ അവ്യക്തതയാണ്. വ്യവസായമേഖല മാത്രമല്ല മത്സ്യബന്ധനമേഖലയും ഇതിനുദാഹരണമാണ്. മത്സ്യമേഖലയ്ക്ക് സംസ്ഥാനപദ്ധതിവിഹിതത്തിൻെറ 1 ശതമാനത്തിൽ താഴെ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഇന്നു സംസ്ഥാനതലത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെൻറുവഴി നടപ്പാക്കുന്ന സ്കീമുകളിൽ നല്ലൊരു പങ്ക് ക്ഷേമപ്രവർത്തനങ്ങളാണ്. പ്രദേശിക പദ്ധതി കണക്കുകളിൽ ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ സേവനമേഖലകളിലായിരിക്കും ഉൾപ്പെടുത്തുക. എന്നിരുന്നാൽ തന്നെയും മത്സ്യവിപണനം, മത്സ്യകൃഷി തുടങ്ങിയ മേഖലകളിലെ സാധ്യതകളെ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നതിന് നടപ്പു വർഷത്തിൽ കഴിഞ്ഞിട്ടില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.

## സേവനമേഖല

പ്രോജക്ടുകളുടെ എണ്ണത്തിലും അടങ്കൽതുകയിലും സേവനമേഖലയ്ക്ക് ഉത്പാദന മേഖലയ്ക്കു തുല്യമായ പ്രാധാന്യമാണ് പ്രാദേശികപദ്ധതികളിൽ നല്കിയിട്ടുള്ളത്. സൗകര്യത്തിനുവേണ്ടി ഗ്രാമവികസനവകുപ്പിൻെറ സ്കീമുകളുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകളെല്ലാം സേവനമേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, മൊത്തം അടങ്കലിൻെറ വളരെ ചെറിയൊരു ശതമാനമേ ഈ സ്കീമുകളുടെ പേരിലുള്ളൂ. കേന്ദ്രാവിഷ്കൃതസ്കീമുകളെ സംബന്ധിച്ച് ആശയ വ്യക്തതയില്ലാത്തതിനാൽ ഈ സ്കീമുകളെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളുമായി ഉദ്ഗ്രഥിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണിതു സൂചിപ്പിക്കുന്നത്.

പാർപ്പിടത്തിനാണ് ഏറ്റവും ഉയർന്ന പരിഗണന സേവനമേഖലയിൽ നല്കിയിട്ടുള്ളത്. മൊത്തം സംസ്ഥാനപദ്ധതിവിഹിതത്തിൻെറ 13.3 ശതമാനം ഭവനനിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്നു. പുതിയ വീടുകൾക്കുള്ള ധനസഹായത്തിനുപുറമെ സ്ഥലം വാങ്ങാനും വീടുകൾ ഓടുമേയാനും അറ്റകുറ്റപ്പണികൾ നടത്താനുമുള്ള പ്രോജക്ടുകളുണ്ട്. പാർപ്പിടമേഖലയ്ക്ക് തദ്ദേശ ഭരണസ്ഥാപനങ്ങൾ നല്കിയിരിക്കുന്ന പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഈ മേഖലയിലെ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ ഒമ്പതാം പദ്ധതിക്കാലത്ത് എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കാനാകും.

കുടിവെള്ള പ്രോജക്ടുകളാണ് എണ്ണത്തിൻെറ കാര്യത്തിൽ ഏറ്റവും മുന്നിൽ - സംസ്ഥാനപദ്ധതിവിഹിതത്തിൻെറ 8.27 ശതമാനം. ശുചീകരണത്തിന് 3.77 ശതമാനവും വകയിരുത്തിയിട്ടുണ്ട്. പൊതുകിണറുകളുടെ പുനരുദ്ധാരണം, കിണറുകളുടെയും കുഴൽ കിണറുകളുടെയും നിർമ്മാണം, നീരുറവ സംരക്ഷിക്കൽ, പൊതുകുളങ്ങൾ ശുദ്ധീകരിക്കൽ, പൈപ്പ്ലൈൻ നീട്ടൽ തുടങ്ങി ഒട്ടനവധി പ്രോജക്ടുകളുണ്ട്. പൈപ്പുവെള്ളത്തിന് ഊന്നൽ നല്കിയുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഇന്നത്തെ സ്ഥിതിയിൽ സാങ്കേതിക

നൂലാമാലകൾ ഒട്ടേറെയുണ്ടാകാം. അതുകൊണ്ട്, കുടിവെള്ളരംഗത്ത് താരതമ്യേന ചെലവുകുറഞ്ഞ, പഞ്ചായത്തുകൾക്ക് നേരിട്ടു നടപ്പാക്കാൻപറ്റുന്ന ചെറുകിട കുടിവെള്ള പ്രോജക്ടുകൾക്കും. ജലസംരക്ഷണ പ്രോജക്ടുകൾക്കുമാണ് ഊന്നൽ നല്കേണ്ടത്.

ആരോഗ്യമേഖലയിൽ കേവലം ആശുപത്രി കേന്ദ്രീകൃതമായ സമീപനത്തെക്കാൾ കുടിവെള്ളം, ശുചിത്വം, പോഷകാഹാരം, ബോധവത്കരണം തുടങ്ങിയവയിൽ ഊന്നിയുള്ള സമഗ്രസമീപനത്തിൻെറ സാധ്യതയിലേക്ക് പദ്ധതിരേഖകൾ വിരൽ ചൂണ്ടുന്നുണ്ട്. പൊതുജനാരോഗ്യത്തിന് സംസ്ഥാനപദ്ധതിവിഹിതത്തിൻെറ 3.12 ശതമാനമാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ, ആരോഗ്യവുമായി ബന്ധപ്പെട്ട മേൽസൂചിപ്പിച്ച ഉപമേഖലകൾക്ക് അടങ്കലിൻെറ 15 ശതമാനത്തോളം നീക്കിവച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. എങ്കിലും ഇത്തരത്തിൽ ആരോഗ്യവുമായി ബന്ധപ്പെട്ടുള്ള ഉപമേഖലകളാകെ സംയോജിപ്പിക്കാനുള്ള സമഗ്രപരിപാടികൾ ഔപചാരികമായി മിക്ക പഞ്ചായത്തിൻെറയും പദ്ധതിരേഖയിലില്ല എന്നത് ന്യൂനതയാണ്.

വിദ്യാഭ്യാസത്തിന് മൊത്തം സംസ്ഥാനപ്ദധതി വിഹിതത്തിൻെറ മൂന്ന് ശതമാനത്തോളം വകയിരുത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ ഔപചാരിക അധികാരപരിധിയിൽ വരില്ലെങ്കിലുംഹൈസ്കൂൾ വിദ്യാഭ്യാസത്തിനും പണം നീക്കിവച്ചിട്ടുണ്ട്. ഭൂരിഭാഗം പ്രോജക്ടുകളും ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ളതാണ്. അക്കാദമീയപ്രവർത്തനങ്ങളിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഡി.പി.ഇ.പി. തുടങ്ങി വിദ്യാഭ്യാസമേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന മറ്റു പ്രധാന പ്രവർത്തനങ്ങളുമായി സംയോജനം ഈ വർഷത്തെ പ്രോജക്ടുകളിൽ ഇല്ലായെന്നതും ന്യൂനതയാണ്. വായനശാലകൾക്ക് പ്രത്യേകപരിഗണന ലഭിച്ചിട്ടുണ്ട് എന്നത് കൂട്ടത്തിൽ എടുത്തുപറയട്ടെ.

### പശ്ചാത്തലമേഖല

പശ്ചാത്തലമേഖലയിലെ അടങ്കലിൻെറ 80 ശതമാനത്തിലേറെ റോഡുകൾക്കും പാലങ്ങൾക്കുമാണ്. എന്നാൽ റോഡുകൾക്കും പാലങ്ങൾക്കും സംസ്ഥാനപദ്ധതിവിഹിതത്തിൻെറ 19.46 ശതമാനംവരെ മാത്രമേ ഗ്രാമപഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ളൂ യെന്നത് അഭിനന്ദനീയമായ മാറ്റമാണ്. 30 ശതമാനംവരെ റോഡിനും പാലത്തിലും വകയിരുത്താമായിരുന്നല്ലോ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻഗണനയിൽ വന്നിരിക്കുന്ന ഈ മാറ്റം ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഒരു പ്രധാന നേട്ടമാണ്. പക്ഷേ, റോഡു പ്രോജക്ടുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന ഒരു കാര്യം സമഗ്രമായ ഒരു പഞ്ചായത്തുതല റോഡുമാപ്പിൻെറ അഭാവമാണ്. ശാസ്ത്രീയ പരിഗണനകളുടെ അടിസ്ഥാനത്തിലല്ല പലപ്പോഴും റോഡുകൾ തെരഞ്ഞെടുത്തിട്ടുള്ളത്. നിർമ്മിക്കുന്ന റോഡുകളുടെ മിനിമം ഗുണനിലവാരം പ്രത്യേകിച്ച് വീതിയുടെ കാര്യത്തിൽ–നിലനിർത്തുന്നതിൽ പലയിടത്തും വൈമനസ്യമാണു കാണുന്നതെന്നുകൂടി പറയേണ്ടതുണ്ട്. ജലഗതാഗതത്തെ പ്രായേണ അവഗണിക്കുകയും ചെയ്തിരിക്കുന്നു.

വൈദ്യുതി വിതരണത്തിന് സംസ്ഥാന പദ്ധതിവിഹിതത്തിൻെറ 7.63 ശതമാനം നീക്കിവച്ചിട്ടുണ്ട്. എന്നാൽ പാരമ്പര്യേതര ഊർജ്ജ മേഖലയ്ക്ക് വേണ്ടത്ര പരിഗണന നല്കിയിട്ടില്ല.

### പ്രത്യേകഘടകപദ്ധതിയും പട്ടികവർഗ ഉപപദ്ധതിയും

സംസ്ഥാനത്തിൻെറ ഈ വർഷത്തെ പ്രത്യേകഘടകപദ്ധതിയുടെയും ഉപപദ്ധതിയുടെയും 67 ശതമാനം തുക തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിക്കുള്ള ഗ്രാൻറ്-ഇൻ-എയ്ഡായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ ആവിഷ്കരിച്ചു, തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്ന സ്കീമുകൾ ഇതിനുപുറമെയാണ്. പ്രദേശികാധികാരഘടനയിൽ ഈ വിഭാഗം ജനങ്ങളുടെ ദുർബലമായ സ്ഥാനത്തിൻെറ പശ്ചാത്തലത്തിൽ പ്രത്യേകഘടകപദ്ധതിയുടെയും ഉപപദ്ധതിയുടെയും ജനാധിപത്യ വികേന്ദ്രീകരണത്തെപ്പറ്റി പലരും ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ അവലോകനം ഇത്തരം ആശങ്കകളെ വലിയ പരിധിവരെ ദൂരീകരിക്കാൻ പര്യാപ്തമാണ്.

*ഒന്ന് :* സംസ്ഥാനം മൊത്തത്തിലെടുത്താൽ പ്രത്യേകഘടകപദ്ധതിക്കും ഉപപദ്ധതിക്കും നല്കിയിരിക്കുന്ന പണം വകമാറ്റി ചെലവ്ചെയ്യാനുള്ള പ്രവണതയില്ല. മാത്രമല്ല, പട്ടിക 2.9 -ൽനിന്നു കാണാവുന്നതുപോലെ സംസ്ഥാനസർക്കാർ ബജറ്റിൽ നല്കിയതിനെക്കാൾ കൂടുതൽ തുക പൊതുവിഭാഗത്തിൽനിന്നെടുത്തു ദുർബലവിഭാഗങ്ങൾക്കുവേണ്ടി പ്രോജക്ടുകൾ തയ്യാറാക്കു

പട്ടിക 2.9

## എസ്.സി.പി/റ്റി.എസ്.പി. ഫണ്ടിൻെറ വിനിയോഗം

(തുക ലക്ഷം രൂപയിൽ)

| ക്രമ നമ്പർ | ജില്ല | പ്രത്യക ഘടക പദ്ധതി ഗ്രാൻറ് സംസ്ഥാന വിഹിതം | പ്രത്യക ഘടക പദ്ധതി പ്രോജക്ടു കളിലെ സംസ്ഥാന പദ്ധതിവിഹിതം | പട്ടികവർഗ ഉപപദ്ധതി സംസ്ഥാന വിഹിതം | പട്ടികവർഗ ഉപപദ്ധതി പ്രോജക്ടുകളിലെ സംസ്ഥാനപദ്ധതി വിഹിതം |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 948.45 | 1026.46 | 33.11 | 35.95 |
| 2. | കൊല്ലം | 784.32 | 1010.20 | 6.75 | 7.84 |
| 3. | പത്തനംതിട്ട | 244.43 | 468.82 | 3.55 | 7.94 |
| 4. | ആലപ്പുഴ | 686.38 | 683.95 | 4.22 | 4.33 |
| 5. | കോട്ടയം | 401.01 | 442.16 | 40.33 | 35.32 |
| 6. | ഇടുക്കി | 582.72 | 600.96 | 122.61 | 132.88 |
| 7. | എറണാകുളം | 483.48 | 654.13 | 4.41 | 5.56 |
| 8. | തൃശ്ശൂർ | 1140.08 | 1241.13 | 8.35 | 14.58 |
| 9. | പാലക്കാട് | 1183.61 | 1425.04 | 83.78 | 90.77 |
| 10. | മലപ്പുറം | 805.58 | 996.12 | 24.47 | 24.44 |
| 11. | വയനാട് | 77.75 | 101.04 | 192.99 | 285.01 |
| 12. | കോഴിക്കോട് | 629.68 | 673.15 | 11.52 | 10.73 |
| 13. | കണ്ണൂർ | 317.20 | 325.04 | 43.44 | 44.82 |
| 14. | കാസർകോട് | 294.19 | 292.93 | 58.03 | 70.52 |
| | ആകെ | 8554.88 | 9941.14 | 637.56 | 770.68 |

കയാണ് ചെയ്തിട്ടുള്ളത്. കണക്കുകൾ ലഭ്യമായ പഞ്ചായത്തുകളിൽ 80.7 കോടി രൂപയാണ് സംസ്ഥാന സർക്കാർ പ്രത്യേകഘടകപദ്ധതിക്കു വേണ്ടി നല്കിയിട്ടുള്ളത്. എന്നാൽ ഈ പഞ്ചായത്തുകൾ 83.3 കോടിരൂപയ്ക്കുള്ള പ്രോജക്ടുകൾ പ്രത്യേക ഘടക പദ്ധതിയിൽ തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകളാണ് ഇതിനപവാദം.

ഇവിടെ വിശകലനത്തിനു വിധേയമാക്കുന്ന പഞ്ചായത്തുകൾക്ക് പട്ടികവർഗ ഉപപദ്ധതിക്ക് 5.8 കോടിരൂപയാണ് സംസ്ഥാനസർക്കാർ ഗ്രാൻറ് - ഇൻ- എയ്ഡായി നല്കിയത്. എന്നാൽ, കോട്ടയം, കോഴിക്കോട് ജില്ലകളിലൊഴികെ എല്ലായിടത്തും റ്റി.എസ്.പി. വിഭാഗത്തിൽ കൂടുതൽ തുകയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനം മൊത്തത്തിലെടുത്താൽ, സംസ്ഥാന സർക്കാർ നല്കിയതിനേക്കാൾ 11 ശതമാനത്തിലേറെ തുക അതായത് 6.4 കോടി രൂപ—പട്ടികവർഗ ഉപ പദ്ധതിയുടെ സംസ്ഥാന പദ്ധതിവഹിതമായി ഗ്രാമപഞ്ചായത്തുകൾ വകയിരുത്തിയിരിക്കുന്നു. അപവാദങ്ങൾ ഉണ്ട്; അവ തിരുത്തുകയുംവേണം. പക്ഷെ, ദുർബലവിഭാഗങ്ങൾക്കുള്ള പണം വകമാറ്റി ചെലവിടാനുള്ള പ്രവണതയ്ക്ക് വലിയ പരിധി വരെ വിരാമമിടാൻ കഴിഞ്ഞിട്ടുണ്ട്. പട്ടിക 2.2 ൽ കാണാവുന്നതുപോലെ നിബന്ധനകം ഇല്ലാതിരുന്നിട്ടുപോലും 4 കോടിയിൽപരം രൂപ തങ്ങളുടെ തനതു ഫണ്ടിൽ നിന്ന് പ്രത്യേക ഘടക പദ്ധതിയിലേക്കും ഉപപദ്ധതിയിലേക്കും വകയിരുത്തിയിട്ടുണ്ട് എന്നത് പ്രത്യേകംപ്രസ്താവ്യമാണ്.

*രണ്ട്:* മറ്റൊരാശങ്ക പ്രത്യേക ഘടകപദ്ധതി–ഉപപദ്ധതിഫണ്ടെല്ലാം പശ്ചാത്തലസൗകര്യ നിർമ്മാണത്തിനായി ദുർവിനിയോഗിക്കപ്പെടും

എന്നതായിരുന്നു. എന്നാൽ, പ്രത്യേകഘടക പദ്ധതിയുടെയും ഉപപദ്ധതിയുടെയും 22 ശതമാനം വീതമേ പശ്ചാത്തലമേഖലയ്ക്കായി വകയിരുത്തിയിട്ടുള്ളൂ. തിരുവനന്തപുരം, കാസർഗോഡ് ജില്ലകൾ മാത്രമെ അനുവദനീയമായ പരിധിയിലേറെ പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തിയതായി കാണുന്നുള്ളൂ. കൊല്ലം, കോട്ടയം ജില്ലകളിൽ പട്ടികവർഗ ഉപപദ്ധതിയിൽ അനുവദനീയമായതിൽ കൂടുതൽ തുക പശ്ചാത്തലമേഖലയ്ക്കു വകയിരുത്തിയിട്ടുണ്ട്. ദുർബലവിഭാഗങ്ങളുടെ പണം വകമാറ്റി ദുരുപയോഗപ്പെടുത്തുന്നത് തടയാൻ കർശന വ്യവസ്ഥകൾക്ക് രൂപം നല്കിയിട്ടുണ്ട്. തുക പൂർണമായി വകയിരുത്താത്തതോ പശ്ചാത്തല സൗകര്യമേഖലയിൽ അനുവദനീയമായതിലേറെ തുകയ്ക്ക് പ്രോജക്ടുകൾ ഉണ്ടാക്കുകയോ ചെയ്ത പഞ്ചായത്തുകളോട് അതു തിരുത്താൻ ആവശ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

*മൂന്ന്:* പ്രത്യേകഘടകപദ്ധതിയിലെയും ഉപപദ്ധതിയിലെയും മുൻഗണനകൾ പൊതുവിഭാഗത്തിലേതിൽനിന്നും വളരെ വ്യത്യസ്ഥമാണെന്ന് എടുത്തുപറയേണ്ടതുണ്ട്. പ്രത്യേകഘടകപദ്ധതിയുടെ 30ഉം ഉപപദ്ധതിയുടെ 29.37 ഉം ശതമാനം ഭവനനിർമാണത്തിനാണ് നീക്കിവച്ചിട്ടുള്ളത്. കുടിവെള്ളത്തിനും പൊതുജനാരോഗ്യത്തിനും ശുചിത്വത്തിനുംവേണ്ടി എസ്.സി.പി.യുടെ 15.91 ശതമാനവും ടി.എസ്.പി.യുടെ 17 ശതമാനവും തുക നീക്കിവച്ചിരിക്കുന്നു. വ്യക്തികളോ കുടുംബങ്ങളോ ഗുണഭോക്താക്കളായുള്ള പ്രോജക്ടുകളാണ് ബഹുഭൂരിപക്ഷവും എന്നത് ദുരുപയോഗം കുറയ്ക്കും എന്ന് പറയേണ്ടതില്ലല്ലോ.

ഈ വർഷത്തെ ഘടകപദ്ധതിയുടെയും ഉപപദ്ധതിയുടെയും പ്രധാന പോരായ്മ ഉത്പാദന മേഖലയ്ക്ക് അർഹമായ പ്രാധാന്യം നല്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. അത് എളുപ്പവുമായിരുന്നില്ല എന്ന് വ്യക്തമായിരുന്നു. അതുകൊണ്ടാണല്ലോ മേഖലാവിഭജനത്തിൽ ചില ഇളവുകൾ ഈ പദ്ധതികൾക്ക് അനുവദിച്ചത്. എന്നാൽ സാമ്പത്തിക സുസ്ഥിരത ദുർബലവിഭാഗങ്ങൾക്ക് നല്കികൊണ്ടുമാത്രമെ അവരുടെ ക്ഷേമനേട്ടങ്ങൾ സ്ഥായിയാക്കാനാവൂയെന്നതു വിസ്മരിക്കരുത്. ഈ ദൗർബല്യം ഭാവിയിൽ പരിഹരിക്കാനാവണം. അനുവദനീയമായ പരിധിയിലും താഴെയാണ് റോഡിനും പാലത്തിനുമുള്ള വകയിരുത്തലെങ്കിലും ഇവയുടെ ഗുണഭോക്താക്കളിൽ ഭൂരിപക്ഷം ദുർബലവിഭാഗക്കാർതന്നെയാണോ എന്നത് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്.

ദുർബല വിഭാഗങ്ങൾക്ക് നേരിട്ട് ആസൂത്രണപ്രക്രിയയിൽ പങ്കാളികളാകുന്നതിനും നിർവഹണത്തിന് നേതൃത്വം നല്കാനും കഴിയുമാറാണ് ആസൂത്രണത്തിന്റെയും നിർവഹണത്തിന്റെയും ചട്ടങ്ങൾക്ക് രൂപം നല്കിയിട്ടുള്ളത്. ഈ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ നടപ്പുവർഷം ഉണ്ടായ ദൗർബല്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞാൽ പ്രത്യേക ഘടകപദ്ധതിയുടെയും ഉപപദ്ധതിയുടെയും ആസൂത്രണത്തിലും നടത്തിപ്പിലും ജനകീയാസൂത്രണം ഒരു വഴിത്തിരിവായിരിക്കും എന്നത് നിസ്സംശയമാണ്.

## സ്ത്രീപരിഗണന

ജനകീയാസൂത്രണത്തിലെ സ്ത്രീപരിഗണയ്ക്ക് മൂന്നുവശങ്ങളുണ്ട്. ഒന്നാമത്തേത്, ആസൂത്രണപ്രക്രിയയിൽ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും ബോധവത്കരണത്തിനായുള്ള ക്ലാസുകളുമാണ്. രണ്ടാമത്തേത് ഏതൊരു പ്രോജക്ടിന്റെയും നേട്ടകോട്ടവിശ്ലേഷണത്തിൽ സ്ത്രീപരിഗണന നിർബന്ധിതമാക്കിയതാണ്. ഇതിനുപുറമേ, സ്ത്രീകൾക്കുവേണ്ടി പ്രത്യേകമായി തയ്യാറാക്കുന്ന പ്രോജക്ടുകൾ പദ്ധതിവിഹിതത്തിന്റെ 10 ശതമാനമെങ്കിലും വരണമെന്ന് നൽകിയ മാർഗ്ഗനിർദ്ദേശമാണ് മൂന്നാമത്തേത്. ഇത്തരമൊരു സമീപനം കൈക്കൊണ്ടത് ജനകീയാസൂത്രണത്തിന്റെ ഒരു മേന്മയാണ്. പക്ഷെ, അവ വേണ്ടത്ര പ്രായോഗികമാക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന് സ്വയം വിമർശനപരമായ പരിശോധന തെളിയിക്കുന്നു.

ഒട്ടെല്ലാ ഗ്രാമപഞ്ചായത്തുകളും സ്ത്രീകൾക്കുവേണ്ടി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഒറ്റ ജില്ലയിൽപോലും നിർദ്ദേശിക്കപ്പെട്ട 10 ശതമാനം തുകയ്ക്കുള്ള പ്രത്യേക സ്ത്രീ പ്രോജക്ടുകൾ തയ്യാറാക്കപ്പെട്ടിട്ടില്ല. തിരുവനന്തപുരം ജില്ലയാണ് ഏറ്റവും കൂടുതൽ പദ്ധതി വിഹിതം വനിതാപ്രോജക്ടുകൾക്കായി മാറ്റിവച്ചിട്ടുള്ളത് 9.59 ശതമാനം. 1.17 ശതമാനം മാറ്റിവച്ചിട്ടുള്ള കാസർകോഡ് ജില്ലയാണ് ഏറ്റവും പുറകിൽ. സംസ്ഥാനം മൊത്തത്തിലെടുത്താൽ പ്രത്യേകവനിതാഘടകപദ്ധതി സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 6.68 ശതമാനമേ വരൂ.

വനിതാ പ്രോജക്ടുകളിൽ സിംഹഭാഗവും അടുക്കളപച്ചക്കറി, അടുക്കള കോഴിവളർത്തൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നുതുടങ്ങി വാർപ്പുമാതൃകകളുടെ ആവർത്തനങ്ങളാണ്. ഈ പ്രോജക്ടുകളിലെ തന്നെ വിഭവസമാഹരണരീതിയിലെ ദൗർബല്യം നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു.

പലപ്പോഴും പ്രോജക്ട് തയ്യാറാക്കുന്നതിൽ മുൻ-പിൻ ബന്ധങ്ങൾ വേണ്ടത്ര പരിഗണിച്ചിട്ടില്ല എന്നുതന്നെയാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ബോധവത്ക്കരണത്തിനും പരിശീലനത്തിനും അല്ലെങ്കിൽ നൂതന മേഖലകളിലും വേണ്ടത്ര പ്രോജക്ടുകൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകൾക്കുവേണ്ടിയുള്ള പ്രോജക്ടുകളുടെ എണ്ണം വർധിപ്പിക്കുന്നതിനുമാത്രമല്ല, അവയുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനു കൂടി രണ്ടാംവർഷ ആസൂത്രണപ്രക്രിയയിൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു. വനിതാ പ്രോജക്ടുകളെല്ലാം വനിതാക്ഷേമകർമ്മസമിതിതന്നെ തയ്യാറാക്കുന്നതിനു പകരം ഓരോമേഖലയുമായി ബന്ധപ്പെട്ട കർമ്മസമിതികളെക്കൊണ്ട് തയ്യാറാക്കിക്കുന്ന സമീപനം കൈക്കൊണ്ടാൽ പ്രോജക്ടുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനാകും. വനിതാ കർമ്മസമിതി പ്രോജക്ട് നിർദ്ദേശങ്ങൾക്കു് രൂപം നൽകുകയും ബന്ധപ്പെട്ട കർമ്മസമിതികൾ തയ്യാറാക്കുന്ന പ്രോജക്ടുകൾ പരിശോധിക്കുകയുമാണ് വേണ്ടത്.

വനിതകൾക്കായുള്ള പ്രത്യേക ഘടക പദ്ധതിയടെ തുക ലക്ഷ്യത്തിൽ താഴെയാണെങ്കിലും പൊതുപ്രോജക്ടുകളിൽ സ്ത്രീപരിഗണന ഉറപ്പുവരുത്തുന്നതിന് വലിയൊരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജന പ്രോജക്ടുകളെ സംബന്ധിച്ച് ഇത് പ്രത്യേകം പ്രസ്താവ്യമാണ്. ഇത്തരം പ്രോജക്ടുകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകിച്ച് വിധവകൾക്കും മറ്റും മുൻഗണന നൽകിയിട്ടുണ്ട്. എന്നിരുന്നാലും രണ്ടാം വാർഷികപദ്ധതിയിലെ പ്രോജക്ടുകളിൽ കൂടുതൽ ആഴത്തിലുള്ള സ്ത്രീപദവി ആഘാത വിലയിരുത്തൽ ഉൾപ്പെടുത്തുന്നതിന് നിഷ്കർഷിക്കേണ്ടതാണ്.

## ഉപസംഹാരം

ഒന്നാം വാർഷികപദ്ധതി വിലയിരുത്തുമ്പോൾ താഴെപ്പറയുന്ന നേട്ടങ്ങൾ അഭിമാനപൂർവ്വം എടുത്തുപറയാനാവും. ഇവയെ തുടർന്നും നിലനിർത്താനാവണം.

(1) സംസ്ഥാനസർക്കാർ നല്കിയ പദ്ധതി സഹായത്തിനുപുറമെ പ്രദേശികമായി വിഭവം സമാഹരിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വിജയിച്ചിട്ടുണ്ട്. തനതുഫണ്ടും സന്നദ്ധസേവനവും കൊണ്ടുമാത്രം സംസ്ഥാനസർക്കാരിൻെറ പദ്ധതി ധനസഹായത്തിൻെറ നാലിലൊന്നുവരുന്ന തുക സമാഹരിക്കുന്നുണ്ട്.

എന്നാൽ വിഭവസമാഹരണ സാധ്യതകളെ കൂടുതൽ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുന്നതിനും ധനകാര്യസ്ഥാപനങ്ങളുടെയും മറ്റും സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്താനും കഴിയണം. സബ്സിഡികളിലുള്ള അമിതമായ ഊന്നൽ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

(2) 30 ശതമാനംവരെ തുക റോഡിനും പാലത്തിനും വകയിരുത്താമായിരുന്നിട്ടുംഇവയുടെ വിഹിതം 20 ശതമാനത്തിൽ താഴെമാത്രമായി പരിമിതപ്പെടുത്തിയത് പുതിയ വികസനസംസ്കാരത്തിൻെറ വിജയമായികണക്കാക്കാം.

എന്നാൽ ഇതിനപവാദമായുള്ള ചില പഞ്ചായത്തുകളുമുണ്ട്. പൊതുവെ പറഞ്ഞാൽ ഉത്പാദനമേഖലയിൽ കൂടുതൽ ഊന്നൽ ഇനിയും നൽകേണ്ടതുണ്ട്.

(3) കൃത്യമായ വികസന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ താഴെനിന്നും പദ്ധതിക്ക് രൂപം നല്കി എന്നത് അവിശ്വസനീയമായി പുറത്തുള്ള പലരും കരുതുന്നു. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളിൽമാത്രം അമ്പതിനായിരത്തോളം പ്രോജക്ടുകൾ ഉൾപ്പെടുന്നു. ഇത് ആവേശകരമായ തുടക്കമാണ്.

പക്ഷെ, പ്രോജക്ടുകളുടെ ഗുണനിലവാരം ഏറെ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. അതുപോലെതന്നെ കൂടുതൽ സമഗ്രവും ഉദ്ഗ്രഥിതവുമായ പരിപാടികൾക്ക് രൂപം നല്കാനും കഴിയണം. നാം കണ്ടതുപോലെ ആശയാവ്യക്തതമൂലം ചില മേഖലകൾ അവഗണിക്കപ്പെടുന്നത് ഒഴിവാക്കാനാകണം.

(4) പ്രത്യേകഘടകപദ്ധതി/ഉപപദ്ധതികളിൽ അനുവദിച്ചതിലും കൂടുതൽ തുകസംസ്ഥാനപദ്ധതിവിഹിതത്തിലും തനതുഫണ്ടിലുംനിന്നും നീക്കിവച്ചത് ഇതുവരെയുള്ള പാരമ്പര്യത്തിൽ നിന്നുള്ള ഗുണപരമായ വ്യതിയാനമാണ്.

മാർഗനിർദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ഒറ്റപ്പെട്ട അനുഭവങ്ങൾ പോലും ഭാവിയിൽ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തണം. പശ്ചാത്തലസൗകര്യ പ്രോജകട്ടുകളുടെ ഭൂരിപക്ഷം ഗുണഭോക്താക്കളും പട്ടികവിഭാഗ ഗുണഭോക്താക്കളാകണം എന്ന പരിശോധന കൂടുതൽ നിഷ്കർഷയോടെനടത്തേണ്ടതുമുണ്ട്. പട്ടികവർഗഉപപദ്ധതി പ്രത്യേക ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്യപ്പെടുമെന്ന് ഉറപ്പുവരുത്തണം.

(5) സ്ത്രീ വികസനത്തിന് പ്രത്യേക ഘടക പദ്ധതിയും പ്രോജക്ടുകളിലോരോന്നിലും സ്ത്രീ

പരിഗണനയും ജനകീയാസൂത്രണ പദ്ധതികളുടെ പ്രത്യേകതയാണ്. എന്നാൽ നിർദ്ദേശിച്ച വിഹിതം സ്ത്രീ പ്രോജക്ടുകളിൽ വകയിരുത്തിയിട്ടില്ല. പ്രോജക്ടുകളുടെ ഗുണമേന്മയും കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ മാത്രമാണിവിടെ അവലോകനം ചെയ്തത്. എന്നാൽ ഓരോ പഞ്ചായത്തിലും ഗ്രാമപഞ്ചായത്തുപദ്ധതികൾക്കുപുറമെ (ബ്ലോക്കു-ജില്ലാ പഞ്ചായത്തുകളുടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും പരിപാടികൾ നടത്തപ്പെടുന്നുവെന്നത് വിസ്മരിച്ചുകൂടാ. വിവിധ തട്ടുകളിലുള്ള സർക്കാരുകൾ രൂപം നല്കുന്ന പദ്ധതികളുടെ ഏകോപനം വളരെ പ്രധാനപ്പെട്ട ഒന്നാണ്. നടപ്പുവാർഷികപദ്ധതിയുടെ പ്രധാന ദൗർബല്യം ഈ ഏകോപനമില്ലായ്മയാണ്. നാലുതട്ടു സർക്കാരുകളും പച്ചക്കറി കൃഷി നടപ്പാക്കാൻ ശ്രമിക്കുന്ന പ്രദേശങ്ങളുണ്ട്. പരിപാടികളുടെ ആവർത്തനമാണ് ഒരു വശമെങ്കിൽ പച്ചക്കറികൃഷിയുടെ വിജയത്തിനാവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കാൻ അല്ലെങ്കിൽ വിപണനം ഉറപ്പുവരുത്തുന്നതിലുള്ള അവഗണനയാണ് മറുവശം. വിവിധ സർക്കാരുകൾ തമ്മിൽ ഒരു പ്രവൃത്തിവിഭജനം കൂടിയേ തീരൂ. സംയോജിത ജില്ലാപദ്ധതി തയ്യാറാക്കുന്നതിലൂടെ ജില്ലാ ആസൂത്രണസമിതികൾ ഇതിനു മുൻകൈയെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജില്ലയുടെയും ബ്ലോക്കിൻെറയും പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുമ്പ് ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് രൂപം നല്കാനാവണം.

അധ്യായം 3

# രണ്ടാം വാർഷികപദ്ധതിക്കുള്ള നടപടിക്രമങ്ങൾ

ആസൂത്രണമെന്നത് ഒരു തുടർപ്രക്രിയയാണ്. പഞ്ചവത്സരപദ്ധതിരേഖയ്ക്കു രൂപം നല്കിക്കഴിഞ്ഞാൽപോലും ഓരോ വർഷവും മാർച്ചിൽബഡ്ജറ്റിനു മുന്നേതന്നെ അതതു വർഷത്തേക്കുള്ള വിശദമായ വാർഷികപദ്ധതി തയ്യാറാക്കേണ്ടതുണ്ട്. സംസ്ഥാനസർക്കാരിന്റെ ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാംവർഷത്തെ പദ്ധതിയുടെ അവസാനരൂപം നൽകിക്കഴിഞ്ഞു. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിയാസൂത്രണ ഫെബ്രുവരിയിൽ തുടങ്ങുന്നതേയുള്ളൂ. ഇപ്രകാരം കാലതാമസം വന്നതിനു പല കാരണമുണ്ട്. ഏറ്റവും പ്രധാനം ഒന്നാം വാർഷികപദ്ധതിയുടെആസൂത്രണം പൂർത്തീകരിക്കാൻ ഓഗസ്റ്റ്, സെപ്തംബർ മാസം വരെ വേണ്ടിവന്നു എന്നതാണ്. പല കാരണം കൊണ്ടും നിർവഹണം ആരംഭിക്കാൻ പിന്നെയും കാലതാമസം വന്നു. കൂനിന്മേൽ കുരുവെന്നപോലെ ലോക്സഭാ തെരഞ്ഞെടുപ്പും വന്നുചേർന്ന. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് 98 ജൂൺ അവസാനത്തോടെയെങ്കിലും ഗ്രാമപഞ്ചാ യത്തുകളുടെ പദ്ധതി രേഖയ്ക്ക് അംഗീകാരം നല്കുന്നതിനുള്ള ഒരു സമയബന്ധിത പരിപാടിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

97-98 ലെ വാർഷിക പദ്ധതിക്കു രൂപം നൽകിയത് ഒരു വർഷത്തിലേറെ നീണ്ട ആറുഘട്ടങ്ങളിലെ പ്രവർത്തനങ്ങളിലൂടെയാണ്. ജനങ്ങളുടെ ആവശ്യങ്ങളറിയാനും അഭിപ്രായങ്ങൾതേടാനുമുള്ള ഗ്രാമസഭകളായിരുന്നു ആദ്യം. (1-ാം ഘട്ടം) പിന്നീട് ഒട്ടനവധി പഠനങ്ങളുടെഅടിസ്ഥാനത്തിൽ വിഭവസാധ്യതകളെയും വികസന പ്രശ്നങ്ങളെയും വിലയിരുത്തിക്കൊണ്ടുള്ള വികസന റിപ്പോർട്ടുകൾക്കു രൂപം നല്കി. അവയുടെ പശ്ചാത്തലത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ വികസനസെമിനാറുകളിൽ ചർച്ച ചെയ്തു പദ്ധതി നിർദ്ദേശങ്ങൾക്കു രൂപം നല്കി. (2-ാം ഘട്ടം) വികസനസെമിനാറുകളിൽ രൂപംകൊണ്ട കർമസമിതികളാണ് ഇവയെ പ്രോജക്ടുകളായി എഴുതി തയ്യാറാക്കിയത്. (3-ാം ഘട്ടം) അപ്പോഴേക്കും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും സംസ്ഥാന പദ്ധതിവിഹിതം എത്രയെന്നു പ്രഖ്യാപിക്കാൻ കഴിഞ്ഞു.

തദ്ദേശഭരണസ്ഥാപന ഭരണസമിതികൾ മറ്റു വിഭവ സാധ്യതകൾ കൂടി കണക്കിലെടുത്തുകൊണ്ട് അടങ്കൽ നിശ്ചയിച്ച് അതിലൊതുങ്ങുന്ന പ്രോജക്ടുകൾ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത് പദ്ധതി രേഖയ്ക്കു രൂപം നല്കി. (4-ാം ഘട്ടം) താഴെത്തട്ടിൽ നിന്നുള്ള പദ്ധതി നിർദ്ദേശങ്ങൾ പരിഗണിച്ചു ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ അവരുടെ പദ്ധതികൾക്കും രൂപം നല്കി (5-ാം ഘട്ടം). ഈ പദ്ധതി രേഖകളും പ്രോജക്ടുകളും വിദഗ്ധ സമിതികൾ പരിശോധിച്ചു ശുപാർശനല്കിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിച്ചു. (ആറാം ഘട്ടം) നിർവഹണത്തിനുള്ള പണവും ലഭ്യമാക്കി. ഇതാണ് കഴിഞ്ഞവർഷത്തെ ആസൂത്രണത്തിന്റെ അതിലളിതമായ ഒരു അനുക്രമപട്ടിക.

കഴിഞ്ഞ വർഷം ചെയ്ത നടപടികളെല്ലാം ഈ വർഷവും ആവർത്തിക്കേണ്ടതില്ല. കഴിഞ്ഞവർഷം ഓരോഘട്ട പ്രവർത്തനത്തിനു മുമ്പും പിമ്പും വിശദമായ പരിശീലനം ഉണ്ടായിരുന്നു. പഠിച്ചു കഴിഞ്ഞവ വീണ്ടും പഠിക്കേണ്ടതില്ലല്ലോ. ഏറിയാൽ ഒരു റിവിഷൻ അഭ്യാസം മതിയാകും. സ്ഥിതിവിവരക്കണക്കുകൾ വീണ്ടും ശേഖരിക്കേണ്ടതില്ല. വികസനറിപ്പോർട്ടുകൾ വീണ്ടും തയ്യാറാക്കേണ്ടതില്ല. കഴിഞ്ഞ ഒന്നരക്കൊല്ലത്തെ അക്ഷീണ പ്രവർത്തനം കൊണ്ടാണ് 97-98-ലെ വാർഷിക പദ്ധതി തയ്യാറാക്കിയതെങ്കിൽ അടുത്ത വാർഷിക പദ്ധതി തയ്യാറാക്കാൻ നാല് മാസത്തെ സമയമേ വിഭാവനം ചെയ്യുന്നുള്ളൂ. കഴിഞ്ഞവർഷത്തെ അനുഭവസമ്പത്ത് ഇക്കൊല്ലത്തെ പദ്ധതിയാസൂത്രണം കൂടുതൽ അനായാസമാക്കുന്നുമുണ്ട്.

കഴിഞ്ഞ വർഷത്തെ പദ്ധതിയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്ന ചർച്ചകളുടേയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വികസനറിപ്പോർട്ടുകളെക്കുറിച്ച് നേരത്തെ പറഞ്ഞുവല്ലോ. ചില പഞ്ചായത്തുകളുടെ പഞ്ചവത്സരപദ്ധതിരേഖകൾക്കുതന്നെ രൂപം

നല്കിയിട്ടുണ്ട്. ഇവയിലടങ്ങിയിട്ടുള്ള വികസന നിർദ്ദേശങ്ങളെ പ്രോജക്ടുകളായി എഴുതി തയ്യാറാക്കലാണ് രണ്ടാം വാർഷികപദ്ധതി ആസൂത്രണത്തിലെ പ്രഥമ ഘട്ടം. ഏപ്രിൽ മാസത്തിലേ ഗ്രാമസഭകൾ പ്രായോഗികമായി വിളിച്ചു ചേർക്കാനാകൂ. ഈ സന്ദർഭത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തല്പരരായവരെ കണ്ടെത്തി കർമ്മസമിതികൾക്കു രൂപം നൽകാൻ കഴിഞ്ഞാൽ പ്രോജക്ടുതയ്യാറാക്കാൻ കഴിയും. ഭരണ സമിതി അംഗീകരിക്കുന്ന കരടു പദ്ധതി നിർദ്ദേശങ്ങളാണ് ഏപ്രിൽ മാസത്തിൽ ചേരുന്ന ഗ്രാമസഭകൾ ചർച്ച ചെയ്യുക. ഗ്രാമസഭകളിൽ ഉയർന്നുവരുന്ന വിമർശനങ്ങളും ഭേദഗതികളും പരിഗണിക്കാനാണ് എല്ലാ ഗ്രാമസഭയിലെയും പ്രതിനിധികളും വിദഗ്ധരുമടങ്ങുന്ന വികസനസെമിനാർ. വികസന സെമിനാറിന്റെ നിർദ്ദേശങ്ങളുടെകൂടി അടിസ്ഥാനത്തിൽ പദ്ധതി സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ഭരണ സമിതി കൈക്കൊള്ളും. ഇപ്രകാരം രൂപംകൊള്ളുന്ന പദ്ധതികളെ കഴിഞ്ഞവർഷത്തേതുപോലെ വിദഗ്ധസമിതികൾ പരിശോധിച്ചു ശുപാർശയോടെ ഡി.പി.സിക്ക് സമർപ്പിക്കുന്നു. ഡി.പി.സി യുടെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് ആദ്യഗഡു പണം അനുവദിക്കും. ജൂൺ മാസത്തോടെ ഈ നടപടിക്രമങ്ങൾ പൂർത്തീകരിക്കാമെന്നാണു പ്രതീക്ഷ. ഇതാണ് രണ്ടാംവാർഷിക പദ്ധതിയുടെ നടപടിക്രമങ്ങളുടെ ചുരുക്കം.

ഇനി മുകളിൽ വിവരിച്ച ഓരോ പ്രവൃത്തിയെയും ഘട്ടംഘട്ടമായി വിശദീകരിക്കാം.

## 1. കർമ്മസമിതികളുടെ രൂപവത്ക്കരണം
*(മാർച്ച്)*

ഫെബ്രുവരി ആദ്യവാരം ഭരണസമിതികൾ ചേർന്നു കർമസമിതികൾക്കു രൂപംനല്കണമെന്ന് ഗ്രാമപഞ്ചായത്തു പ്രസിഡൻറുമാരെ അറിയിച്ചിട്ടുള്ളതാണ്. പക്ഷേ തെരഞ്ഞെടുപ്പ് തിരക്കുകൾക്കിടയിൽ ബഹുഭൂരിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഇത് നടന്നിട്ടില്ല. ഇതുസംബന്ധിച്ചഔപചാരിക തീരുമാനം ഭരണസമിതികൾകൈക്കൊള്ളണം. കർമസമിതികളുടെ എണ്ണം,ഘടന, രൂപവത്കരിക്കേണ്ട രീതി എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇതിനകം നല്കിയിട്ടുണ്ട്. ബന്ധപ്പെട്ട വിദഗ്ധരുടേയും ഉദ്യോഗസ്ഥരുടേയും സന്നദ്ധ പ്രവർത്തകരുടേയുമൊക്കെ യോഗത്തിൽ കർമ്മ സമിതികൾക്കു രൂപം നല്കുകയാണ് അഭികാമ്യം.

## 2. കരടു പ്രോജക്ട് നിർദ്ദേശങ്ങൾ

പ്രോജക്ട് തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന സമീപനമാണ് സ്വീകരിക്കുന്നത്.

1. ചില പഞ്ചായത്തുകൾ അഞ്ചു വർഷത്തേയ്ക്കുള്ള കരടു നിർദ്ദേശങ്ങൾക്ക് ഇതിനകം രൂപം നൽകിയിട്ടുണ്ട്. ഡി.പി.സി. അവ ഔപചാരികമായി പരിശോധിച്ച് അംഗീകാരം നല്കിയിട്ടില്ലെങ്കിലും ഇവ ഭരണസമിതി അംഗീകാരം നല്കിക്കഴിഞ്ഞവയും പദ്ധതിനിർവ്വഹണ ഗ്രാമസഭകളിൽ അവതരിപ്പിച്ചിട്ടുള്ളവയുമാണ്. പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ഇവയ്ക്ക് പ്രഥമ മുൻഗണന നല്കിയേ തീരൂ.
2. പഞ്ചവത്സരപദ്ധതിരേഖകൾക്കു രൂപം നല്കാത്ത പഞ്ചായത്തുകളിൽ ഓരോ വികസന മേഖലയിലും തയ്യാറാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ വികസന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്.
3. പഞ്ചായത്തുകൾക്കു കൈമാറിക്കഴിഞ്ഞ അധികാര വിഷയങ്ങളിൽ പൂർത്തിയാകാതെ കിടക്കുന്ന ഡിപ്പാർട്ടുമെൻറൽ പ്രോജക്ടുകൾക്ക് പ്രത്യേക പരിഗണന നല്കേണ്ടതാണ്. എസ്.സി.പി. - ടി.എസ്.പി യിലുള്ള ഇത്തരം പ്രോജക്ടുകൾ നിർബന്ധമായും ഏറ്റെടുത്തേ തീരൂ.
4. കഴിഞ്ഞവർഷത്തെ പഞ്ചായത്തുപദ്ധതിയിൽ നിന്നുള്ള സ്പിൽഓവർ പ്രോജക്ടുകൾക്കും തുടർപ്രോജക്ടുകൾക്കും മുൻഗണന നല്കണം.
5. കർമ്മസമിതികൾക്ക് ഇവയ്ക്കു പുറമെ പുതിയ പ്രോജക്ടുകളും തയ്യാറാക്കാം.

## 3. പ്രോജക്ട് തയ്യാറാക്കൽ
*(മാർച്ച്-മേയ്)*

പ്രോജക്ട് തയ്യാറാക്കലിന് മൂന്നാംഘട്ട പരിശീലനത്തിന്റെ കൈപ്പുസ്തകം തന്നെ ആധാരമാക്കാം. ഇതിനുപുറമെ ഓരോ വികസനത്തുറയിലും പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട സമീപനത്തേയും സാങ്കേതിക വശങ്ങളെയും കുറിച്ചു പ്രത്യേകം പ്രത്യേകം കൈപ്പുസ്കങ്ങളും തയ്യാറാക്കുന്നുണ്ട്. എന്നാൽ കർമ്മസമിതികൾ ഇവയ്ക്കായി കാത്തിരിക്കേണ്ടതില്ല. കഴിഞ്ഞ കൊല്ലത്തെ കൈപ്പുസ്തകത്തെയും പരിശീലനത്തേയും ആധാരമാക്കി പ്രവർത്തനത്തിന് അടിയന്തരമായി തുടക്കം കുറിക്കാം. ഇപ്രകാരം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തന്നെ നല്ലപങ്കുപ്രോജക്ടുകളും തയ്യാറാക്കാൻ കഴിഞ്ഞാൽ വിഷയാടിസ്ഥാനത്തിലുള്ള ബ്ലോക്കുതല പരിശീലനത്തിൽ

ഈ പ്രോജക്ടുകൾ പരിശോധിക്കാനും കൂടുതൽ മെച്ചപ്പെടുത്താനും കഴിയും. ഇതിനുള്ള കളരികളായി ബ്ലോക്കുതല പരിശീലനത്തെ രൂപപ്പെടുത്താം.

### 4. കർമ്മസമിതി അംഗങ്ങളുടെ പരിശീലനകളരി

*(ഒന്നാമതു പൊതുയോഗം)*

മാർച്ച് മാസത്തിൽ അല്ലെങ്കിൽ ഏപ്രിൽ ആദ്യവാരത്തിലെങ്കിലും കർമ്മസമിതി അംഗങ്ങളുടെ ഏകദിന പരിശീലനകളരി പഞ്ചായത്ത്/മുനിസിപ്പൽ അടിസ്ഥാനത്തിൽ നടക്കണം. രണ്ടാംവാർഷികപദ്ധതി തയ്യാറാക്കുന്നതുസംബന്ധിച്ച പൊതു കൈപ്പുസ്തകം ("ആസൂത്രണ സഹായി-1) നെ പരിചയപ്പെടുത്തുകയും ഇതുവരെ നടന്ന പ്രോജക്ട് തയ്യാറാക്കൽ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയുമാണ് ഈ കളരിയുടെ ലക്ഷ്യം. ഈ കളരികളിലെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച കെ.ആർ.പി./വി.ടി.സി അംഗങ്ങളായിരിക്കും ക്ലാസ്സുകൾ കൈകാര്യം ചെയ്യുക. പ്രോജക്ടുകൾ തയ്യാറാക്കൽ പ്രവർത്തനത്തെക്കുറിച്ച് റിപ്പോർട്ടുകൾ കർമ്മസമിതികളുടെ കൺവീനർ/അധ്യക്ഷന്മാർ അവതരിപ്പിക്കും.

### 5. കർമ്മസമിതി അംഗങ്ങളുടെ രണ്ടാമതു പൊതുയോഗം

*(ഏപ്രിൽ രണ്ടാംവാരം)*

ജില്ലാ ആസൂത്രണസമിതി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പദ്ധതികളെ അവലോകനം ചെയ്ത് ഒരു റിപ്പോർട്ട് തയ്യാറാക്കി എത്തിക്കും. ബ്ലോക്ക് അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു പദ്ധതികൾ അവലോകനം ചെയ്യുന്നതാണീ രേഖ. അതോടൊപ്പം കഴിഞ്ഞവർഷത്തെ പദ്ധതിയുടെ ദൗർബല്യങ്ങൾ തിരുത്തുന്നതിനും അടുത്ത വാർഷികപദ്ധതിക്കുമുള്ള വിശദമായ നിർദ്ദേശങ്ങളും ഈ രേഖയിൽ ഉണ്ടായിരിക്കും. ഈ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുവേണം അടുത്തവർഷത്തെ പദ്ധതിക്കു രൂപം നല്കാൻ. ഈ രേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ കഴിഞ്ഞ വാർഷികപദ്ധതിയെപ്പറ്റി ഒരു അവലോകനക്കുറിപ്പു തയ്യാറാക്കണം. പദ്ധതി നിർവ്വഹണത്തിന്റെ അനുഭവവും ഈ കുറിപ്പിൽ പരിശോധിച്ചിരിക്കണം. ഇതു ചർച്ച ചെയ്യാനായി മുഴുവൻ കർമ്മസമിതി അംഗങ്ങളുടെയും ഏകദിനയോഗം എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലും നടത്തണം. കർമ്മ സമിതികളുടെ പ്രവർത്തനം മൊത്തത്തിൽ വിലയിരുത്തുവാനും ഇതു സന്ദർഭമാണ്. കരട് പദ്ധതി നിർദ്ദേശങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ട സന്ദർഭം ഈ യോഗമാണ്.

### 6. കരട് പദ്ധതി നിർദ്ദേശം

ഈ ഘട്ടമാകുമ്പോഴേക്കും ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റേയും അടുത്ത വർഷത്തെ പദ്ധതിധനസഹായങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരം ലഭ്യമാകും. ഡി.പി.സി. കളുടെ മാർഗ്ഗനിർദ്ദേശങ്ങളും വിഭവസാധ്യതകളും പരിമിതികളും കണക്കിലെടുത്തുകൊണ്ട് മുൻഗണനാ ക്രമത്തിൽ ഓരോ വികസനമേഖലയിലും ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ കർമ്മസമിതി യോഗത്തിൽവച്ച് രൂപപ്പെടുത്തണം. ഈ നിർദ്ദേശങ്ങളുടെയെല്ലാം പ്രോജക്ടുകൾ പൂർണ്ണരൂപത്തിൽ തയ്യാറാക്കിക്കഴിഞ്ഞിരിക്കണമെന്നില്ല. എങ്കിലും ഓരോ പ്രോജക്ടിന്റെയും ഭൗതികലക്ഷ്യങ്ങളും അടങ്കലും അടങ്ങുന്ന ലഘുവിവരണം തയ്യാറാക്കാനാവും. ഈ നിർദ്ദേശങ്ങളുടെ ആകെത്തുകയാണു കരടു പദ്ധതി നിർദ്ദേശങ്ങൾ. കർമ്മസമതി അംഗങ്ങളുടെ രണ്ടാമതു പൊതുയോഗത്തിൽതന്നെ കരടുപദ്ധതിനിർദ്ദേശങ്ങൾക്ക് രൂപം നല്കാവുന്നതാണ്. കരടു പദ്ധതി നിർദ്ദേശങ്ങൾ ഭരണസമതി ചർച്ചചെയ്ത് ഉചിതമായ ഭേദഗതികളോടെ അംഗീകരിക്കണം. ഈ രേഖയാണ് ഗ്രാമസഭകളുടെ പരിഗണനയ്ക്ക് വിഷയമാക്കേണ്ടത്.

### 7. ഗ്രാമസഭകൾ ആസൂത്രണത്തിന്

*(ഏപ്രിൽ, മേയ് ആദ്യം)*

കരടുപദ്ധതി നിർദ്ദേശങ്ങൾ അച്ചടിച്ചു ഗ്രാമസഭയിൽ വിതരണം ചെയ്യണം. ഓരോ വികസനമേഖലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകളും അവയുടെ ഭൗതിക ലക്ഷ്യങ്ങളും അടങ്കലും ഒരു ലഘു വിവരണവുമാണ് ഉണ്ടാകേണ്ടത്. ആമുഖമായി കഴിഞ്ഞ വാർഷിക പദ്ധതിയുടെ ഒരു അവലോകനവും പുതിയ പദ്ധതിയുടെ വികസന തന്ത്രവും ചേർക്കാം. ഗ്രാമസഭകളുടെ ചിട്ടകൾ സംബന്ധിച്ച വിശദാംശങ്ങൾ പിന്നീടു നല്കും.

### 8 കർമ്മസമിതിയുടെ മൂന്നാമതു പൊതുയോഗം *(ഏപ്രിൽ, മേയ്)*

ഗ്രാമസഭകൾ അവസാനിച്ചുകഴിഞ്ഞാൽ കർമ്മസമിതികളുടെ മൂന്നാമതു പൊതുയോഗം വിളിച്ചുചേർക്കണം. കരടുപദ്ധതിനിർദ്ദേശങ്ങൾക്ക് ഗ്രാമസഭയിൽ ഉയർന്നുവന്ന ബദൽ നിർദ്ദേശങ്ങളും ഭേദഗതികളും ചർച്ചചെയ്യുകയാണ് ഈ യോഗത്തിന്റെ ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിൽ കരടുപദ്ധതിനിർദ്ദേശങ്ങളിൽ ഉചിതമായ മാറ്റങ്ങൾ

വരുത്താം. ഈ യോഗത്തിനുമുന്നേ പദ്ധതിരേഖയുടെ അധ്യായങ്ങളുടെ കരടുരൂപം തയ്യാറാക്കികഴിഞ്ഞിരിക്കണം. അവയും ഈ യോഗത്തിൽ ചർച്ച ചെയ്യാം. മൂന്നാമതു കർമ്മസമിതിയോഗം അവസാനിക്കുമ്പോൾ കരടുപദ്ധതിരേഖയ്ക്കു രൂപം നൽകാൻ കഴിയണം. കരടുപദ്ധതിരേഖയുടെ ഉള്ളടക്കത്തെക്കുറിച്ച് വിശദമായി പിന്നീട് ഈ കൈപ്പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. കരടുപദ്ധതിരേഖ ഭരണസമിതി പരിശോധിക്കുകയും ഔപചാരികമായി അംഗീകരിക്കുകയും വേണം.

**9. വികസനസെമിനാർ** *(മേയ്-ജൂൺ)*

വികസന സെമിനാറിൽ അച്ചടിച്ച കരടു പദ്ധതിരേഖ അവതരിപ്പിക്കണം. പദ്ധതിരേഖയുടെ അനുബന്ധങ്ങൾ അതായത് പ്രോജക്ടുകളുടെ സമ്പൂർണരൂപം തുടങ്ങിയവ അച്ചടിച്ചു നൽകേണ്ടതില്ല. എന്നാൽ ഓരോ വികസനതുറയിലും ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ഭേദഗതി നിർദ്ദേശങ്ങളും അവയിൽ സ്വീകരിച്ചവ ഏവയെന്നും തിരസ്കരിച്ചവ ഏവയെന്നും വ്യക്തമാക്കുന്ന ഒരു ലിസ്റ്റ് പ്രത്യേകം വിതരണം ചെയ്യണം. ഇവയുടെ കോപ്പികൾ ബന്ധപ്പെട്ട ഗ്രൂപ്പുയോഗങ്ങളിൽ വിതരണം ചെയ്താലും മതിയാവും.

**9. കർമ്മസമിതികളുടെ നാലാമതുയോഗം** *(മേയ്-ജൂൺ)*

കരടുപദ്ധതിരേഖയ്ക്ക് വികസനസെമിനാറിൽ ഉയർന്ന ബദൽ നിർദ്ദേശങ്ങളും ഭേദഗതികളും ചർച്ചചെയ്ത് പദ്ധതിരേഖയ്ക്ക് അവസാനരൂപം നൽകുകയാണ് ഈ യോഗത്തിൻെറ ലക്ഷ്യം. ഈ സമയമാകുമ്പോഴേക്കും എല്ലാ പ്രോജക്ടുകളുടെയും പൂർണരൂപം എഴുതിത്തയ്യാറാക്കികഴിഞ്ഞിരിക്കും എന്നാണ് കരുതുന്നത്.

**10. പദ്ധതിരേഖ ഭരണസമിതി അംഗീകരിക്കൽ** *(ജൂൺ മധ്യം)*

ഭരണസമിതി കരടുപദ്ധതിരേഖ പരിശോധിച്ച് ഔപചാരികമായി അംഗീകാരം നൽകണം. ഇങ്ങനെ ഭരണസമിതി അംഗീകരിക്കുന്ന കരടുപദ്ധതിരേഖയാണ് ബ്ലോക്ക്/മുനിസിപ്പൽതല വിദഗ്ധസമിതിയുടെ വിലയിരുത്തലിന് സമർപ്പിക്കേണ്ടത്.

## പരിശീലന പരിപാടി

ഒന്നാംവർഷത്തെ പദ്ധതിയാസൂത്രണം വിജയിച്ചതിനു പിന്നിലെ ഒരു അടിസ്ഥാന ഘടകം ജനകീയാസൂത്രണത്തിൻെറ ഭാഗമായി ആവിഷ്ക്കരിച്ച ബൃഹത്തായ പരിശീലന പരിപാടി ആയിരുന്നല്ലോ. ആദ്യമൂന്നു ഘട്ടങ്ങളിൽ സംസ്ഥാന-ജില്ലാ പ്രാദേശിക തലങ്ങളിൽ ഒരു ലക്ഷത്തിൽപ്പരം പേർക്കു മൂന്നു റൗണ്ടു പരിശീലനം നല്കി. നാലും അഞ്ചും ഘട്ടങ്ങളിൽ സംസ്ഥാനതലത്തിൽ ഭരണസമിതി ഭാരവാഹികൾക്കും സെക്രട്ടറിമാർക്കും സംസ്ഥാന പരിശീലകർക്കും താഴെത്തട്ടിൽ മുഴുവൻ ജനപ്രതിനിധികൾക്കും പരിശീലനം നല്കി. ആറാം ഘട്ടത്തിൽ വിദഗ്ധ സമിതിയംഗങ്ങൾക്കാണ് പരിശീലനം നല്കിയത്. ഏഴാം ഘട്ടത്തിൽ മുഴുവൻ നിർവഹണ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം നല്കി.

പരിശീലനത്തിൻെറ വലുപ്പം, കൈകാര്യം ചെയ്ത വിഷയങ്ങളുടെ വൈവിധ്യം, സ്വീകരിച്ച ക്യാമ്പയ്ൻ സമ്പ്രദായം, വൈവിധ്യമാർന്ന പഠനമാർഗങ്ങൾ എന്നിവകൊണ്ടെല്ലാം ഈ പരിശീലനപരിപാടി നിസ്തുലമായിരുന്നു. എന്നാൽ ഇതിനു ചില ദൗർബല്യങ്ങളും ഉണ്ടായിരുന്നു.

ഒന്നാമതായി, ആസൂത്രണത്തിനുള്ളപൊതു വിഷയങ്ങളും ചിട്ടകളുമാണ് പഠിപ്പിച്ചത്. ഓരോ വികസനത്തുറയിലെയും സവിശേഷതകളെയും വിശേഷാലെടുത്തു വിശദമായിപഠിപ്പിക്കാൻ സമയമോ സന്ദർഭമോ ഉണ്ടായില്ല. ഇതു പ്രോജക്ടുകളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

രണ്ടാമതായി നിർവഹണ ഘട്ടത്തിലെ പരിശീലനത്തിലേ ഉദ്യോഗസ്ഥർ സജീവമായി പങ്കെടുത്തുള്ളൂ. പ്രോജക്ടുകൾ തയ്യാറാക്കുന്ന ഘട്ടത്തിലെ പരിശീലനത്തിൽ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കാനുള്ള ശ്രമം വേണ്ടത്ര വിജയിച്ചില്ല. വിവിധ സർക്കാർ വകുപ്പുകളുടെ പങ്കാളിത്തം വേണ്ടത്ര ഇല്ലാതിരുന്നതും കഴിഞ്ഞ വർഷത്തെ ഒരു ദൗർബല്യമായിരുന്നു.

മൂന്നാമതായി, ആസൂത്രണത്തിൻെറ അവസാന ഘട്ടമായപ്പോഴേ വിദഗ്ധരെ പ്രസ്ഥാനത്തിൽ സജീവമാക്കാൻ കഴിഞ്ഞുള്ളൂ. ഇതു പരിശീലനങ്ങളുടെ ഉള്ളടക്കത്തെയും മറ്റും പ്രതികൂലമായി ബാധിച്ചു. നാലാമതായി, വൈവിധ്യമാർന്ന പഠന മാർഗ്ഗങ്ങൾ പരീക്ഷിച്ചെങ്കിലും ലക്ചർ സമ്പ്രദായത്തിലായിരുന്നു അതിരു കവിഞ്ഞ ഊന്നൽ. കൂടുതൽ പങ്കാളിത്തപഠന സമ്പ്രദായങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

ഈ ദൗർബല്യങ്ങൾ പരിഹരിച്ചുകൊണ്ടുള്ള ഒരു പരിശീലന പരിപാടിയാണ് രണ്ടാം വാർ

ഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിരിക്കുന്നത്. ആസൂത്രണവുമായി ബന്ധപ്പെട്ട പൊതു കാര്യങ്ങളെയും ചിട്ടകളെയുംപറ്റി ഘട്ടം ഘട്ടമായുള്ള പരിശീലനം വിഭാവനം ചെയ്യുന്നില്ല. ഇവ സംബന്ധിച്ച വിവരങ്ങൾ നല്കുന്നതിനാണ് ഇ കൈപ്പുസ്തകം. ഈ കൈപുസ്തകത്തെ അടിസ്ഥാനമാക്കി ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പൽതലത്തിൽ നടത്താനുദ്ദേശിക്കുന്ന പരിശീലനകളരിയെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചല്ലോ.

എന്നാൽ ഇനിപറയുന്ന വികസന മേഖലകളുമായി ബന്ധപ്പെട്ടു ബ്ലോക്കുതല ശില്പശാലകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ ശില്പശാലകളിൽ പങ്കെടുക്കുന്നത് ബ്ലോക്കുപ്രദേശത്തെ ഗ്രാമപഞ്ചായ ത്തുകളിലെ ബന്ധപ്പെട്ട കർമസമിതിയംഗങ്ങളായിരിക്കും.

1. കൃഷി
2. മത്സ്യബന്ധനം
3. മൃഗപരിപാലനം
4. വ്യവസായം
5. ഊർജ്ജം
6. വിദ്യാഭ്യാസം
7. ആരോഗ്യം
8. കുടിവെള്ളം
9. ശുചിത്വം
10. പാർപ്പിടം
11. അങ്കണവാടി
12. പൊതുമരാമത്ത്
13. സ്ത്രീവികസനം
14. പട്ടികജാതി-പട്ടികവർഗ്ഗ വികസനം
15. സഹകരണം
16. വിഭവസമാഹരണം

ഓരോ വിഷയത്തിൻെറയും ബ്ലോക്കുതല പരിശീലനത്തിനു പ്രത്യേകം കൈപ്പുസ്തകം തയ്യാറാക്കുന്നുണ്ട്. ഉള്ളടക്കത്തിൽ വത്യാസമുണ്ടാകുമെങ്കിലും പൊതു രീതി ഇനിപ്പറയും വിധമാണ്.

എ. കഴിഞ്ഞ വർഷത്തെ വികസന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആ മേഖലയിലെ വികസന പ്രശ്നങ്ങളെക്കുറിച്ച് പ്രതിനിധികളുടെ മുൻകൈയോടെയുള്ള ചർച്ച.

ബി. കഴിഞ്ഞ വർഷത്തെ പ്രോജക്ടുകളുടെ വിമർശനപരമായ പരിശോധന.

സി. ഇതിൻെറ അടിസ്ഥാനത്തിൽ അനുവർത്തിക്കേണ്ടുന്ന വികസന സമീപനങ്ങളെക്കുറിച്ചുള്ള അവതരണം.

ഡി. പ്രോജക്ട് തയ്യാറാക്കുന്നതെങ്ങനെ അവതരണം.

ഇ. തയ്യാറാക്കിയ പ്രോജക്ടുകളുടെ തെറ്റു തിരുത്താനും പുതിയ പ്രോജക്ടുകൾ തയ്യാറാക്കാനുമുള്ള ക്ലിനിക്.

ബ്ലോക്കുതലത്തിൽ ഇത്തരത്തിൽ ഒന്നോ രണ്ടോ ദിവസം നീണ്ടുനില്ക്കുന്ന പരിശീലനം നല്കുന്നതിനുള്ള ഫാക്കൽറ്റി ജില്ലാതലത്തിൽ ഉണ്ടാക്കും. കൈപ്പുസ്തകങ്ങളും തയ്യാറായിരിക്കും. പക്ഷേ, എല്ലായിടത്തും ഒരുപോലെ പരിശീലന പരിപാടി ഏകതാ സ്വഭാവത്തോടെ സംഘടിപ്പിക്കുന്ന പതിവ് ഇത്തവണ ഉണ്ടാകില്ല. ഏതെങ്കിലും വിഷയത്തിൽ പരിശീലനം വേണമെങ്കിൽ അതിനുള്ള മുൻകൈ ബ്ലോക്കിലെ പഞ്ചായത്തുകളിൽ നിന്ന് ഉണ്ടാകണം. കോ-ഓർഡിനേറ്റർ വഴി ഇതിനുള്ള പ്രോപ്പോസൽ ഡി.പി.ഒ ഓഫീസിൽ നല്കിയാൽ പരിശീലനം നടത്താനുള്ള ധനസഹായവും നേതൃത്വം നല്കാനുള്ള ഫാക്കൽറ്റിയും പഠന സാമഗ്രികളും ലഭ്യമാക്കും.

ഓരോ ജില്ലയിൽ നിന്നും ഓരോ വിഷയത്തിനും 20-30 പേർക്കുവീതം വിശദമായ പരിശീലനം സംസ്ഥാനതലത്തിൽ ഫെബ്രുവരിയിൽത്തന്നെ ആരംഭിച്ചു കഴിഞ്ഞു. രണ്ടുദിവസം മുതൽ അഞ്ചു ദിവസംവരെ നീളുന്നതാണീ സംസ്ഥാന പരിശീലനങ്ങൾ. സംസ്ഥാനതല പരിശീലകർ, വിദഗ്ധ സമിതിയംഗങ്ങൾ, ജില്ലയിലെ പ്രധാന ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നാണ് ഓരോ വിഷയത്തിനുമുള്ള ഫാക്കൽറ്റിയെ തെരഞ്ഞെടുക്കുക. അങ്ങനെ വിഷയാടിസ്ഥാനത്തിൽ സംസ്ഥാനതലം,പ്രാദേശികതലം എന്നിങ്ങനെ രണ്ടുതലങ്ങളിലായാണ് വാർഷികപദ്ധതി തയ്യാറാക്കലിനുള്ള പരിശീലനം സംഘടിപ്പിക്കുന്നത്.

ചില വിഷയങ്ങളിൽ സംസ്ഥാനതലത്തിനും ബ്ലോക്കിനുമിടയ്ക്ക് ജില്ലാതലത്തിൽ വിപുലമായ കൺവെൻഷനുകൾ ആലോചിക്കുന്നുണ്ട്. സഹ കരണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, അങ്കണവാടി, എന്നീ തുറകളിലാണ് ജില്ലാ കൺവെൻഷനുകൾ.

ഈ പരിശീലന പരിപാടിയിലൂടെ ഈ വർഷത്തെ പ്രോജക്ടു രൂപവത്ക്കരിക്കുന്നതിനു ഫലപ്രദമായ സാങ്കേതിക പിന്തുണ നല്കാൻ കഴിയുമെന്നും അതുവഴി പദ്ധതിയുടെ ഗുണനിലവാരത്തിൽ ഗണ്യമായ ഒരു പുരോഗതികൈവരിക്കാനാ വുമെന്നുമാണു പ്രതീക്ഷ.

അധ്യായം 4

# കർമ്മസമിതികൾ

പദ്ധതിയുടെ സാങ്കേതികമേന്മ നിർണ്ണയിക്കുന്നതിൽ ഏറ്റവും നിർണ്ണായകമായ ഘടകം കർമ്മ സമിതികളാണ്. വികസനനിർദ്ദേശങ്ങളെ പ്രോജക്ടുകളായി എഴുതിത്തയ്യാറാക്കുക എന്ന സുപ്രധാനമായ ധർമ്മമാണ് അവർക്ക് നിർവഹിക്കാനുണ്ടായിരുന്നത്. എന്നാൽ, ദൗർഭാഗ്യവശാൽ കഴിഞ്ഞ വർഷത്തെ പദ്ധതിരൂപീകരണത്തിലെ ഏറ്റവും ദുർബലമായ കണ്ണികൾ കർമ്മസമിതികളായിരുന്നു.

- വളരെ ചെറിയശതമാനം പഞ്ചായത്തുകളിലേ നിശ്ചിതസമയത്തിനുള്ളിൽ പ്രോജക്ടുകൾ എഴുതിത്തയ്യാറാക്കാൻ കഴിഞ്ഞുള്ളൂ.
- ബാക്കിയുള്ള പഞ്ചായത്തുകളിലെ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി പ്രോജക്ട് ക്ലിനിക്കുകൾ പോലുള്ള ഒട്ടേറെ ഇടപെടലുകൾ വേണ്ടിവന്നു.
- പ്രോജക്ടുകളുടെ ഗുണനിലവാരം പൊതുവേ പ്രതീക്ഷിച്ചത്ര ഉയർന്നിട്ടില്ല. ധനപരമായ വിശകലനത്തിൽ ഒട്ടേറെ പോരായ്മകൾ ഉണ്ടായിരുന്നു.
- ചില വികസനമേഖലകളിൽ സാങ്കേതികമായ പാളിച്ചകളും ദൃശ്യമായി. ഉദ്ഗ്രഥിതമായുള്ള പ്രോജക്ടുകൾ നന്നേ കുറവായിരുന്നു. അംഗീകാരം നേടാൻ പലതും പലതവണ മാറ്റിയെഴുതേണ്ടിവന്നു. എന്നിട്ടും ഇപ്പോൾ നിർവഹണവേളയിൽ പ്രോജക്ടുകളുടെ തകരാറുകൾ കൂടുതൽ വെളിവായിക്കൊണ്ടിരിക്കുന്നു

കർമ്മസമിതികൾ തുടർച്ചയായി പ്രവർത്തിക്കുന്നതുവഴി അവയിലെ പ്രധാനപ്പെട്ടവരെല്ലാം അടങ്ങുന്ന അനൗപചാരിക ആസൂത്രണ സമിതി ഉരുത്തിരിഞ്ഞുവരും എന്ന പ്രതീക്ഷ ഫലവത്തായില്ല. സത്യം പറഞ്ഞാൽ മിക്ക പഞ്ചായത്തുകളിലും കർമ്മസമിതികൾ മേഖലാടിസ്ഥാനത്തിൽ പ്രവർത്തിച്ചില്ല. തൽപരരായ കുറച്ച് പരിശീലകരും ചുരുക്കം ചില ഉദ്യോഗസ്ഥരും ഏതാനും ഭരണസമിതി അംഗങ്ങളും ചേർന്ന് ഏതാണ്ടെല്ലാ പ്രോജക്ടുകളും തയ്യാറാക്കുകയാണ് ഇവിടങ്ങളിൽ നടന്നത്. കർമ്മസമിതികളിലെ ഭൂരിപക്ഷം അംഗങ്ങളും പദ്ധതിരൂപീകരണം പൂർത്തിയാകുന്നതിനുമുമ്പ് തന്നെ കൊഴിഞ്ഞുപോയി. പ്രോജക്ട് പൂർത്തിയാക്കുന്നതിൽവന്ന കാലതാമസമാണ് ഒന്നാംവാർഷിക പദ്ധതിയുടെ ആരംഭം ഇത്ര വൈകിച്ചത്. ഈ കാലതാമസം ജനകീയാസൂത്രണ പ്രസ്ഥാനത്തിനു വരുത്തിയ പ്രശ്ന ങ്ങളും പ്രയാസങ്ങളും ചെറുതല്ല.

എന്തുകൊണ്ടിങ്ങനെ സംഭവിച്ചു എന്നത്, നിങ്ങളുടെ പഞ്ചായത്തിൻെറ/മുനിസിപ്പാലിറ്റിയുടെ അനുഭവത്തിൻെറ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുവേണം അടുത്ത വർഷത്തെ കർമ്മസമിതികളെക്കുറിച്ചുള്ള തീരുമാനമെടുക്കാൻ. കഴിഞ്ഞ വർഷത്തെ പോരായ്മകൾ ഈ വർഷവും ആവർത്തിക്കാൻ പാടില്ല.

## അനുഭവ പാഠങ്ങൾ

1. കർമസമിതികളിൽ വേണ്ടത്ര വിദഗ്ദ്ധരെ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല എന്നതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഇന്നിപ്പോൾ സന്നദ്ധസാങ്കേതിക സമിതികളിൽ അംഗങ്ങളായിപ്രവർത്തിച്ചുവരുന്നവരിൽ 20 ശതമാനത്തോളം പേർ മാത്രമേ കർമസമിതികളിൽ അംഗങ്ങളായിരുന്നുള്ളൂ. ഒരു പക്ഷേ, പല വിദഗ്ദ്ധർക്കും ജനകീയാസൂത്രണത്തെക്കുറിച്ച് ശരിയായ ധാരണയുണ്ടായിരുന്നില്ല. ഈ ധാരണ നൽകുന്നതിനുള്ള മുൻകൈ, തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. എന്നാൽ, സന്നദ്ധസാങ്കേതിക സമിതികളുടെ രൂപീകരണത്തോടെ ഈ സ്ഥിതിവിശേഷം വലിയൊരളവോളം മാറിയിരിക്കുന്നു. അതതു പ്രദേശത്തെ സന്നദ്ധസാങ്കേതിക സമിതി അംഗങ്ങളെ മുഴുവൻ കർമസമിതി അംഗങ്ങളാക്കി മാറ്റണം.

2. കർമസമിതികളിൽ വേണ്ടത്ര ഉദ്യോഗസ്ഥ പങ്കാളിത്തം ഉണ്ടായില്ല. കർമസമിതി കൺവീനർമാരായി ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാരെയാണ് നിയോഗിച്ചതെങ്കിലും അർഹിക്കുന്ന ഗൗരവത്തോടെ ഈ ചുമതല നല്ലപങ്ക് ഉദ്യോഗസ്ഥരും ഏറ്റെടുത്തില്ല എന്നാണ് കാണുന്നത്.

വകുപ്പുകളിൽ നിന്ന് കർശനമായ നിർദ്ദേശങ്ങൾ ലഭിക്കാതിരുന്നതും മുന്നൊരുക്കത്തിൻെറ പോരായ്മകളും ഈ സ്ഥിതിവിശേഷത്തിന് കാരണമായി. എന്നാലിപ്പോൾ സ്ഥിതി മാറിയിട്ടുണ്ട്. ഉദ്യോഗസ്ഥരിൽ നല്ലൊരുഭാഗം പദ്ധതിയുടെ നിർവഹണഉദ്യോഗസ്ഥരെന്ന നിലയിൽ ആസൂത്രണവുമായി ബന്ധപ്പെട്ടുകഴിഞ്ഞു. വിദഗ്ദ്ധസമിതികളിൽ അവരിൽ പലരും പ്രവൃത്തിയെടുക്കുന്നു. ഇതിനുപുറമെ, ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ചുകൊണ്ടാണ് പ്രോജക്ടുകൾ രൂപപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

3. കർമസമിതി അംഗങ്ങളായിരുന്ന സന്നദ്ധ പ്രവർത്തകരിൽ ഭൂരിപക്ഷം പേരും കൊഴിഞ്ഞു പോയി എന്നുള്ളതാണ് മറ്റൊരു ദൗർബല്യം. ഒന്നും രണ്ടും ഘട്ടങ്ങളിൽ സന്നദ്ധപ്രവർത്തകരുടെ തള്ളിക്കയറ്റമായിരുന്നെങ്കിൽ മൂന്നാം ഘട്ടത്തോടെ, ഗതിതിരിച്ചായി, സന്നദ്ധപ്രവർത്തകരിൽ നല്ലൊരു പങ്ക് പ്രോജക്ട് തയ്യാറാക്കുന്നതുപോലുള്ള സാങ്കേതികപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ പ്രാപ്തരായിരുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. കഴിഞ്ഞ വർഷത്തെ എൽ.ആർ.പി., ഡി.ആർ.പി.മാരുടെ തെരഞ്ഞെടുപ്പിൻെറ പോരായ്മയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. ആസൂത്രണത്തിനാവശ്യമായ സ്വയം പഠനത്തിനും പ്രായോഗിക പ്രവർത്തനത്തിനുമുള്ള പ്രാപ്തിയുടെ അടിസ്ഥാനത്തിലല്ല, സങ്കുചിതമായ പാർട്ടി പരിഗണനകളുടെയും മറ്റും അടിസ്ഥാനത്തിലാണ് ചില പ്രദേശങ്ങളിലെങ്കിലും ഈ തെരഞ്ഞെടുപ്പ് നടന്നത് എന്നതാണ് യാഥാർത്ഥ്യം. ഇതിൻെറ തിക്തഫലം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഏതായാലും ആസൂത്രണത്തിൻെറ പ്രഥമവർഷമെന്ന നിലയിൽ, പല തെറ്റിദ്ധാരണകളും പലർക്കും ഉണ്ടായിരുന്നു. കർമസമിതികളെ ''വരുതി''യിൽ നിർത്തിയില്ലെങ്കിൽ പദ്ധതി രൂപീകരണം തങ്ങളുടെ പിടിയിൽ നിന്ന് വിട്ടുപോകും എന്നതായിരുന്നു ചിലരുടെ ആശങ്ക. എന്നാൽ, അനുഭവം ഇത്തരം സംശയങ്ങൾക്ക് അറുതി വരുത്തിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളെ സംബന്ധിച്ച അന്തിമതീരുമാനം ഭരണസമിതികളാണെടുക്കേണ്ടതെന്ന് ആർക്കാണറിയാത്തത്. അതുകൊണ്ട്, മറ്റു പരിഗണനകളെല്ലാം മാറ്റിവെച്ച് കഴിവും സന്നദ്ധതയുള്ളവരെ കർമസമിതികളിലെ അംഗങ്ങളായി നിയോഗിക്കണം.

4. കഴിഞ്ഞ വർഷത്തെ മറ്റൊരു പോരായ്മ കർമസമിതികളെ തുടർച്ചയായി പ്രവർത്തിപ്പിക്കാൻ ശ്രമിച്ചിട്ടില്ല എന്നുള്ളതാണ്. ഇടയ്ക്കിടെയുള്ള കർമസമിതി അംഗങ്ങളുടെ പൊതുയോഗങ്ങളോ തുടർ പരിശീലനങ്ങളോ മോണിറ്ററിംഗ് സംവിധാനങ്ങളോ ഉണ്ടായിരുന്നില്ല. അതുകൊണ്ട്, ഈ വർഷം മാസത്തിലൊരിക്കലെങ്കിലും മുഴുവൻ കർമസമിതികളുടെ യോഗം ചേരുന്ന സമ്പ്രദായം ആവിഷ്കരിക്കണം. ഇതിനുപുറമെ, കർമസമിതികളുടെ ഏകോപനത്തിന് എല്ലാ കർമസമിതികളുടെയും ചെയർമാൻമാരും കൺവീനർമാരും ജോയൻറ് കൺവീനർമാരും ഉൾക്കൊള്ളുന്ന ഒരു ഏകോപനസമിതി രൂപീകരിക്കേണ്ടതാവശ്യമാണ്.

5. കഴിഞ്ഞ വർഷത്തെ പ്രോജക്ട് രൂപീകരണപ്രവർത്തനങ്ങളിൽ ധനകാര്യമേഖലയുടെ പങ്കാളിത്തം വളരെ പരിമിതമായിരുന്നു. ബാങ്ക് ജീവനക്കാരും സംഘടനകളും ആത്മാർത്ഥമായി സഹകരിച്ചെങ്കിലും ബാങ്കുകൾ നിസ്സഹകരിച്ചു. സഹകരണമേഖലയുമായി വേണ്ടപോലെ ബന്ധപ്പെട്ടുമില്ല.

6. പട്ടികജാതി/പട്ടികവർഗ്ഗങ്ങൾ തുടങ്ങിയ ദുർബലവിഭാഗങ്ങളുടെ എണ്ണം, കർമസമിതിഅംഗങ്ങളുടെ കൂട്ടത്തിൽ വളരെ പരിമിതമായിരുന്നു.

7. കർമസമിതി അംഗങ്ങളിൽ സ്ത്രീകൾ 10 ശതമാനത്തോളമേ വരൂ എന്നാണ് മതിപ്പുകണക്ക്. കർമസമിതി അംഗങ്ങളുടെ മൂന്നിലൊന്ന് സ്ത്രീകളാകുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

8. കർമസമിതികളുടെ പ്രവർത്തനം കഴിഞ്ഞ വർഷം ശുഷ്കിച്ചുപോയതിനു പ്രധാന കാരണം, പരിശീലനത്തിലെ പോരായ്മയാണ്. ജില്ലാതലത്തിലെ മുഖ്യപരിശീലകരായി മുൻഘട്ടങ്ങളിൽ പരിപാടിയിൽ പങ്കെടുത്തിട്ടില്ലാത്ത ഒട്ടേറെ ഉദ്യോഗസ്ഥരെ വേണ്ടത്ര മുന്നൊരുക്കമില്ലാതെ പങ്കാളികളാക്കിയത് അനവധി പ്രശ്നങ്ങൾ സൃഷ്ടിച്ചു. പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള മുഖ്യപരിശീലകർക്കുള്ള മൂന്ന് ദിവസത്തെ പരിശീലനം അപര്യാപ്തമായിരുന്നു. വികസനസെമിനാറുകൾ പൂർത്തീകരിക്കുന്നതിനു മുമ്പ് ബ്ലോക്കു പരിശീലനങ്ങൾ നടത്തിയതിനാൽ, തെക്കൻ ജില്ലകളിൽ പലേടത്തും ഒരു വിഭാഗം കർമസമിതി അംഗങ്ങൾക്ക് പരിശീലനമേ ലഭിച്ചില്ല. ബ്ലോക്ക്തല പരിശീലനത്തിലാകട്ടെ, പ്രോജക്ട് തയ്യാറാക്കുന്നതിൻെറ പൊതുതത്വങ്ങളാണ് കൂടുതൽ ഊന്നിയത്. ഓരോ മേഖലയിലും വേണ്ടുന്ന പരിപാടികളെക്കുറിച്ച് വേണ്ടത്ര ചർച്ച നടന്നില്ല. ഈ പോരായ്മകൾ പരിഹരിക്കാനായി ബ്ലോക്കു തലത്തിൽ, മേഖല തിരിച്ചുള്ള പരിശീലനങ്ങളാണ്

ഈ വർഷം നൽകുന്നത്. ബന്ധപ്പെട്ട മേഖലാ കർമസമിതി അംഗങ്ങൾ മുഴുവൻ ഈ പരിശീലനത്തിൽ പങ്കെടുക്കുമെന്ന് ഉറപ്പുവരുത്തണം.

## രൂപീകരണം

കർമസമിതികളുടെ രൂപീകരണത്തിൻെറ ആദ്യപരിപാടി ഇതിനായുള്ള ഭരണസമിതി യോഗമാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടവരുടെ വിപുലമായ യോഗം വിളിച്ചുകൂട്ടുന്നതിന് തീരുമാനിക്കണം. ഇങ്ങനെ വിളിച്ചുകുട്ടുന്ന യോഗത്തിൽവച്ച് കർമസമിതികൾ രൂപീകരിക്കുന്നതാണ് അഭികാമ്യം. ഏതെല്ലാം കർമസമിതികൾ വേണം, ആരൊക്കെയാവണം അംഗങ്ങൾ എന്നിവ സംബന്ധിച്ച് ഭരണസമിതിക്ക് ധാരണയുണ്ടാക്കി യോഗത്തിൻെറ മുമ്പാകെ പരിഗണനയ്ക്കു വെയ്ക്കാവുന്നതാണ്. താഴെ പറയുന്നവരെയാണ് യോഗത്തിലേക്ക് ക്ഷണിക്കേണ്ടത്.

- പഞ്ചായത്ത്/മുനിസിപ്പൽ ഭരണസമിതി അംഗങ്ങൾ
- നിലവിലുള്ള കർമസമിതികളിലെ സജീവ അംഗങ്ങൾ
- പഞ്ചായത്ത്/മുനിസിപ്പൽ ഓഫീസിലെ മുഴുവൻ ഉദ്യോഗസ്ഥരും
- മറ്റ് നിർവഹണ ഉദ്യോഗസ്ഥരും അവരുടെ കീഴ്ജീവനക്കാരും.
- കെ.ആർ.പി./ഡി.ആർ.പി./എൽ.ആർ.പി.മാർ
- വി.ടി.സി. അംഗങ്ങൾ, ബി.എൽ.ഇ.സി.യിലെ മറ്റ് ഉദ്യോഗസ്ഥഅംഗങ്ങൾ
- സഹകരണ ബാങ്ക് ഡയറക്ടർമാർ
- ബാങ്ക് ജീവനക്കാർ
- സാങ്കേതിക വിദഗ്ധർ
- സന്നദ്ധ സംഘടനാ പ്രതിനിധികൾ
- പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ മറ്റു വികസന ഏജൻസികളിലെയും വകുപ്പുകളിലെയും ഉദ്യോഗസ്ഥർ.
- അങ്കണവാടി, മഹിളാസമാജം പ്രവർത്തകർ
- രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ

ഇതിനുപുറമെ ഭരണസമിതിക്കു യുക്തമെന്നു തോന്നുന്ന ആരെവേണമെങ്കിലും യോഗത്തിലേക്കു ക്ഷണിക്കാവുന്നതാണ്.

യോഗത്തിൽ മുഖ്യമായി നാലു കാര്യങ്ങളാണ് നിർവഹിക്കേണ്ടത്.

- കഴിഞ്ഞ വർഷം രൂപീകരിച്ച കർമസമിതികളുടെ പ്രവർത്തനത്തെ വിലയിരുത്തിക്കൊണ്ടുള്ള ഒരു റിപ്പോർട്ട് അവതരണവും ചർച്ചയും.
- പഞ്ചായത്ത്/മുനിസിപ്പൽതല പദ്ധതി അവലോകന റിപ്പോർട്ടും ചർച്ചയും.
- വിവിധ വികസനത്തുറകളിൽ കർമസമിതികൾ പരിഗണിക്കേണ്ടതെന്ന് ഭരണസമിതി കരുതുന്ന കരട് നിർദ്ദേശങ്ങളുടെ അവതരണവും ചർച്ചയും.
- 1998-99-ലേക്കുള്ള കർമസമിതികളുടെ രൂപീകരണം.

## ഘടന

ഒന്നാം വർഷ പദ്ധതിയിൽ സംയോജിത പ്രോജക്ടുകളുടെ അഭാവത്തിനു മുഖ്യകാരണം, ഒരേ വികസനമേഖലയിൽത്തന്നെ വിവിധ കർമസമിതികൾ രൂപീകരിച്ചതും അവ തമ്മിൽ പരസ്പരബന്ധമില്ലാതെ പ്രവർത്തിച്ചതുമാണ്. ഈയവസ്ഥ ഒഴിവാക്കാനായി, കർമസമിതികളുടെ എണ്ണം എട്ടായി ചുരുക്കാവുന്നതാണ്.

1. കൃഷിയും അനുബന്ധമേഖലകളും
2. വ്യവസായം, ഊർജ്ജം, മാർക്കറ്റ്
3. വിദ്യാഭ്യാസം, സംസ്ക്കാരം
4. ആരോഗ്യം, കുടിവെള്ളം, ശുചിത്വം അങ്കണവാടി, സാമൂഹ്യക്ഷേമം.
5. ഗതാഗതം, പാർപ്പിടം
6. വനിതാക്ഷേമം
7. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
8. സഹകരണം

എന്നാൽ ഇപ്രകാരം കർമസമിതികളുടെ എണ്ണം കുറയ്ക്കുമ്പോൾ, സംയോജിത കർമസമിതികളിൽ ഓരോ തുറയ്ക്കും പ്രത്യേകം ഉപസമിതികൾ ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതാണ്. ഉദാഹരണത്തിന് കൃഷിയും അനുബന്ധമേഖലകളും എന്ന കർമസമിതിയിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ജലസേചനം ഇവയ്ക്കോരോന്നിനും പ്രത്യേകം ഉപസമിതികൾ രൂപീകരിക്കേണ്ടിവരും. ഭരണസമിതിയ്ക്കു വേണമെങ്കിൽ കഴിഞ്ഞ വർഷത്തേതുപോലെ ഓരോ മേഖലയ്ക്കും പ്രത്യേകം കർമസമിതികളെ നിയോഗിക്കാവുന്നതാണ്. പക്ഷെ അങ്ങനെ തീരുമാനിക്കുകയാണെങ്കിൽ സംയോജന സാദ്ധ്യതകളുള്ള കർമസമിതികളുടെ സംയോജിത പൊതുയോഗം ഇടയ്ക്കിടെ ചേരുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇതിനുപുറമെ, പ്രശ്നാധിഷ്ഠിതമായി, പ്രത്യേക പരിഗണന നൽകി തയ്യാറാക്കേണ്ട പ്രോജക്ടുകൾക്കുവേണ്ടി പ്രത്യേക കർമസമിതികളും രൂപീകരിക്കാം. കർമസമിതികളുടെ ഘടന താഴെ പറയും വിധമായിരിക്കണം.

| | |
|---|---|
| ചെയർ പേഴ്സൺ: | ജനപ്രതിനിധി.വേണമെങ്കിൽ വിദഗ്ധരിൽ ഒരാളെ ചെയർമാനാക്കാവുന്നതാണ്. |
| വൈസ്ചെയർപേഴ്സൺ: | വിദഗ്ധരിലൊരാൾ |
| കൺവീനർ: | ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥൻ അല്ലെങ്കിൽ മറ്റൊരുദ്യോഗസ്ഥൻ |
| ജോ.കൺവീനർ: | കെ.ആർ.പി. ഡി.ആർ.പി./ എൽ.ആർ.പിമാരിലൊരാൾ |

ഇവരെ കൂടാതെ അതത് മേഖലയിലെ മറ്റു വിദഗ്ധർ ഉൾപ്പെടെ 10 അംഗങ്ങളെങ്കിലും ഓരോ കർമസമിതിയിലും ഉണ്ടായിരിക്കണം. വനിതാ ക്ഷേമത്തിനുള്ള കർമസമിതിയുടെ ചെയർ പേഴ്സൺ ഒരു വനിതാമെമ്പറും പട്ടികജാതി പട്ടികവർഗ്ഗക്ഷേമസമിതി ചെയർമാൻ പ്രസിഡന്റോ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മെമ്പറോ ആയിരിക്കണം. വനിതാ കർമസമിതിയിൽ പുരുഷന്മാർക്കും അംഗങ്ങളാകാം. അതുപോലെതന്നെ, പട്ടികജാതി, പട്ടികവർഗ്ഗക്ഷേമ കർമസമിതിയിൽ മറ്റുവിഭാഗങ്ങളിലെ വിദഗ്ധർക്കും അംഗങ്ങളാകാം. എന്നാൽ, ഭൂരിപക്ഷം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായിരിക്കണം.

എല്ലാ കർമസമിതികളിലും സഹകരണ മേഖലയിൽ നിന്നുള്ള ഒരു പ്രതിനിധിയേയും ചുരുങ്ങിയത് ഒരു എസ്.സി./എസ്.ടി. വനിതാ പ്രതിനിധിയേയും ഉൾപ്പെടുത്തേണ്ടതാണ്. ഈ പ്രതിനിധികൾ കൂടിഅടങ്ങുന്നതായിരിക്കണം സഹകരണം/വനിത/പട്ടികജാതി പട്ടികവർഗ്ഗ കർമസമിതികൾ. ഈ മേഖലകളിലെ നിർദ്ദേശങ്ങൾക്കു രൂപംനൽകുക, സഹകരണം/വനിത എസ്.സി.-എസ്.ടി. കർമസമിതി കളായിരിക്കുമെങ്കിലും അവയെ പ്രോജക്ടുകളായി എഴുതിത്തയ്യാറാക്കുന്നത്, ബന്ധപ്പെട്ട വികസനത്തുറകളിലെ കർമസമിതികളായിരിക്കും. ഉദാഹരണമായി, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള കാർഷിക പ്രോജക്ടുകൾ എസ്.സി.-എസ്.ടി. കർമസമിതി നിർദ്ദേശിച്ചാൽ അതനുസരിച്ചുള്ള പ്രോജക്ട് തയ്യാറാക്കുന്നത്, കൃഷി കർമസമിതിയുടെ ചുമതലയായിരിക്കും. വനിതാ കർമസമിതി നിർദ്ദേശിക്കുന്ന വനിതകൾക്കായുള്ള ഒരു മൃഗസംരക്ഷണ പ്രോജക്ട് തയ്യാറാക്കുന്നത് മൃഗസംരക്ഷത്തിനായുള്ള കർമസമിതിയായിരിക്കും:

## കർമസമിതിയുടെ ചുമതലകൾ

താഴെപ്പറയുന്നവയാണ് കർമസമിതികളുടെ പ്രധാന ചുമതലകൾ

- നടപ്പുസാമ്പത്തികവർഷത്തിലെ പ്രോജക്ടുകളുടെ സാങ്കേതികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ വിലയിരുത്തി അവയുടെ പോരായ്മകൾ 98-99ലെ പ്രോജക്ടുകളിൽ ഒഴിവാക്കുന്നതെങ്ങനെയെന്ന് തീരുമാനിക്കുക.
- പഞ്ചവത്സരപദ്ധതിരേഖയിൽ നിർദ്ദേശിക്കപ്പെട്ടവയിൽ, 98-99 വർഷത്തിൽ നടപ്പാക്കേണ്ട പ്രോജക്ട് നിർദ്ദേശങ്ങൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തുകയും പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്യുക.
- ഒന്നാംവർഷ പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും സാങ്കേതികവും സമയപരവുമായ കാരണങ്ങളാൽ നടപ്പാക്കാൻ കഴിയാതെവന്ന പ്രോജക്ടുകളെ 98-99ലെ പദ്ധതിയിൽ ഉൾപ്പെടുത്താൻ പറ്റുന്ന വിധത്തിൽ ചിട്ടപ്പെടുത്തുക.
- ഒന്നാംവർഷം നടപ്പാക്കിയ പ്രോജക്ടുകളിൽ ആവശ്യമായ തുടർനടപടികൾ നിശ്ചയിക്കുക.
- വിഭവസമാഹരണ സാധ്യതകൾ യാഥാർത്ഥ്യബോധത്തോടെ കണക്കാക്കുകയും അതനുസരിച്ച് പ്രോജക്ടുകളിൽ ഉൾപ്പെടുത്തുകയും ചെയ്യുക.
- 1997-2002 പഞ്ചവത്സര പദ്ധതിരേഖാ ചർച്ചയ്ക്കായി നടത്തിയ ഗ്രാമസഭയിലും വികസനസെമിനാറിലും ഉയർന്നുവന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ഭരണസമിതിക്ക് ശുപാർശകൾ നൽകുക.
- പദ്ധതിയിൽ സഹകരണബാങ്കുകളുടെയും മറ്റു ധനകാര്യസ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുകയും അവയിൽ നിന്നുള്ള പരമാവധി വിഭവസമാഹരണം സാധ്യമാകത്തക്കരീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്യുക. ഇതിനായി, പ്രോജക്ട് നിർദ്ദേശങ്ങളിൽ ഏതിനൊക്കെ അവ

യ്ക്ക് വായ്പ നൽകാൻ കഴിയുമെന്നും അതിനുള്ള നിബന്ധനകളെന്തൊക്കെയെന്നും മനസ്സിലാക്കുക.

- കർമസമിതികളുടെ ഏകോപനസമിതിയിൽ, സമഗ്രപരിപാടികൾ രൂപപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുക.
- മറ്റു തലങ്ങളിൽ നടപ്പാക്കേണ്ടതും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പൽ പ്രോജക്ടുകളുടെ മുൻ-പിൻ ബന്ധമായി വരേണ്ടതുമായ പ്രോജക്ട് നിർദ്ദേശങ്ങളുടെ പട്ടിക തയ്യാറാക്കുക.
- പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക.

## പ്രവർത്തനം

കർമസമിതികൾ രൂപീകരിച്ചു കഴിഞ്ഞാൽ അവയെ നിരന്തരമായി പ്രവർത്തിപ്പിക്കേതുണ്ട്. ഇതിനായി പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ ഒരു ഏകോപനസമിതി രൂപീകരിക്കണമെന്ന് നേരത്തെ നിർദ്ദേശിക്കുകയുണ്ടായല്ലോ. പഞ്ചായത്ത് പ്രസിഡൻറ്/ മുനിസിപ്പൽ ചെയർപേഴ്സൺ അധ്യക്ഷനായുള്ള ഈ ഏകോപനസമിതിയിൽ എല്ലാ കർമസമിതികളുടെയും ഭാരവാഹികൾ അംഗങ്ങളായിരിക്കും. പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിയാകണം ഇതിൻെറ കൺവീനർ. കർമ്മസമിതികളുടെ പ്രവർത്തനത്തിനാവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഒരുക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയായിരിക്കും. കർമസമിതി യോഗങ്ങൾ ചിട്ടയായി നടത്തണം. യോഗനടപടികൾ രേഖപ്പെടുത്തുന്നതിനായി മിനിട്ട്സ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കർമസമിതിപ്രവർത്തനം സംബന്ധിച്ച എല്ലാ രേഖകളും പഞ്ചായത്ത്/മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിരിക്കണം.

ഓരോ കർമ്മസമിതിയും ആവശ്യത്തിനനുസരിച്ച് പലതവണ യോഗംചേരുകയും കൂടിയാലോചനകൾ നടത്തുകയും ചെയ്യുമെങ്കിലും എല്ലാ കർമ്മസമിതി അംഗങ്ങളും പങ്കെടുക്കുന്ന ജനറൽ ബോഡിയോഗം ഏറ്റവും ചുരുങ്ങിയത് നാലു തവണയെങ്കിലും നടക്കേണ്ടതുണ്ട്.

മാർച്ചുമാസത്തിൽ അല്ലെങ്കിൽ ഏപ്രിൽ ആദ്യം കർമ്മസമിതി അംഗങ്ങളുടെ ഒന്നാമത്തെ പൊതുയോഗം നടത്തണമെന്ന് കഴിഞ്ഞ അധ്യായത്തിൽ സൂചിപ്പിച്ചിരുന്നു. രണ്ടാംവാർഷിക പദ്ധതി തയ്യാറാക്കുന്നതുംസംബന്ധിച്ച് ചിട്ടയായ ധാരണ മുഴുവൻ കർമ്മസമിതി അംഗങ്ങൾക്കും നൽകുക എന്നതാണ് ഈ യോഗത്തിൻെറ പ്രഥമ ലക്ഷ്യം. ഇതു സംബന്ധിച്ച് വിശദാംശങ്ങൾ നൽകുന്ന ആസൂത്രണസഹായി 1-നെ അടിസ്ഥാനമാക്കിയാണ് പരിശീലനം നടക്കേണ്ടത്. ഈ ഏകദിനയോഗത്തിൽ താഴെപ്പറയുന്ന അവതരണങ്ങളും ചർച്ചകളും ഉണ്ടാകും.

ഒന്ന് : രണ്ടാംവർഷപദ്ധതിയുടെ പടിവാതിൽക്കൽ-ചർച്ച (അധ്യായം ഒന്ന്)

രണ്ട് : രണ്ടാം വാർഷികപദ്ധതിക്കുള്ള നടപടിക്രമങ്ങളും കർമ്മസമിതി രൂപീകരണവും മറ്റു മാർഗ്ഗ നിർദ്ദേശങ്ങളും (അധ്യായം രണ്ട്, മൂന്ന്)

മൂന്ന് : പ്രോജക്ട് തയ്യാറാക്കേണ്ടതെങ്ങനെ? പ്രോജക്ടുകൾ സമഗവും സംയോജിതവുമാക്കുന്നതെങ്ങനെ? (അധ്യായം അഞ്ച്)

കർമ്മസമിതികളുടെ രൂപീകരണത്തിനുശേഷം പ്രോജക്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുന്നതിനും ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഈ യോഗം ഒരു വേദിയാക്കാം. ഏതെല്ലാം പ്രോജക്ട് നിർദ്ദേശങ്ങൾക്കാണ് പരിഗണന നൽകേണ്ടതെന്ന് കഴിഞ്ഞ അധ്യായത്തിൽ നിർദ്ദേശംനൽകിയിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും തയ്യാറാക്കേണ്ട പ്രോജക്ടുകളെക്കുറിച്ച് കൂടുതൽ കൃത്യമായ ധാരണ ഈ യോഗത്തിൽവെച്ച് ഉണ്ടാക്കണം. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ കരടുപദ്ധതി നിർദ്ദേശങ്ങൾക്ക് രൂപംനൽകാൻ ഏകോപനസമിതിയെ അധികാരപ്പെടുത്തുകയോ ഒരു സമിതിയെ തെരഞ്ഞെടുക്കുകയോ ചെയ്യാം.

ഏപ്രിൽ മധ്യത്തിനുമുമ്പ് കർമ്മസമിതികളുടെ രണ്ടാമത്തെ പൊതുയോഗം നടക്കണം. ഈ പൊതുയോഗത്തിൻെറ ലക്ഷ്യം മുഖ്യമായും രണ്ടാണ്. ഒന്ന്: ഡി.പി.സി. തയ്യാറാക്കിനൽകുന്ന ജില്ലാപദ്ധതി അവലോകനറിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ കഴിഞ്ഞവർഷത്തെ പദ്ധതി അവലോകനം ചെയ്യുകയും അടുത്ത വർഷത്തേയ്ക്കുള്ള പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുക. രണ്ട്: ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ രണ്ടാം വാർഷികപദ്ധതിയുടെ വികസനതന്ത്രവും അതിനനുസൃതമായ മേഖലതിരിച്ചുള്ള പ്രോജക്ടുകളുടെ ലിസ്റ്റും തയ്യാറാക്കണം. ഇവ രണ്ടും സംബന്ധിച്ച് കരടു നിർദ്ദേശങ്ങൾ ചർച്ചയ്ക്കുവേണ്ടി നേരത്തെ തയ്യാറാക്കി

അവതരിപ്പിച്ചാൽ മാത്രമേ യോഗം ഫലപ്രദമാകൂ എന്നു പറയേണ്ടതില്ലല്ലോ. ഒന്നാമത്തെ പൊതുയോഗത്തിൽ തെരഞ്ഞെടുക്കുന്ന സബ്ക മ്മിറ്റിയോ ഡ്രാഫ്റ്റിംഗ്കമ്മിറ്റിയോ ഏകോപനസമിതിയോ ആണ്. ഈ കർത്തവ്യം നിർവഹിക്കേണ്ടത്. രണ്ടാമത്തെ പൊതുയോഗത്തിൻെറ കാര്യപരിപാടി താഴെപ്പറയുന്നപ്രകാരമാകാം.

ഒന്ന്: പദ്ധതിഅവലോകന അവതരണവും കർമ്മസമിതി അടിസ്ഥാനത്തിലുള്ള ചർച്ചയും.

(അവതരണത്തിന് ആസൂത്രണ സഹായി തല രണ്ടാം അധ്യായവും ഡി.പി.സിയുടെ അവലോകന റിപ്പോർട്ടും ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ ഇവയുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തിൻെറയും പദ്ധതി പ്രത്യേകമെടുത്ത് പരിശോധിക്കണം)

രണ്ട്: പദ്ധതിനിർവഹണം സംബന്ധിച്ച റിപ്പോർട്ട്. ഒന്നാമത്തെ അവതരണം സംബന്ധിച്ച ഗ്രൂപ്പ് ചർച്ചയുടെ തുടർച്ചയായി ഓരോ കർമ്മസമിതിയും ബന്ധപ്പെട്ട വികസനമേഖലയിൽ നടപ്പാക്കിയ വികസന പ്രോജക്ടുകളുടേയും പൂർത്തീകരിക്കേണ്ട വികസന പ്രോജക്ടുകളുടേയും വിശദാംശങ്ങൾ ചർച്ച ചെയ്യണം. ഇതിനാവശ്യമായ വസ്തുതകൾ കർമ്മസമിതികളുടെ കൺവീനർ/ചെയർമാൻ മുൻകൂട്ടി ശേഖരിച്ച് കർമ്മസമിതിയോഗത്തിൽ അവതരിപ്പിക്കുകയാണ് വേണ്ടത്. ഓരോ കർമ്മസമിതിയും നിർവഹണം സംബന്ധിച്ച ചർച്ചകൾ ക്രോഡീകരിച്ച് ഒരു ലഘു കുറിപ്പ് പ്ലീനറി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ഈ കുറിപ്പുകൾ ഗ്രാമസഭയിലേയ്ക്കുവേണ്ടുന്ന പ്രവർത്തന അവലോകനറിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായകരമാകും.

മൂന്ന്: 1998-99 വാർഷികപദ്ധതിയ്ക്കുള്ള വികസനതന്ത്രത്തിൻെറ അവതരണവും ചർച്ചയും. ഈ സന്ദർഭത്തിൽ മേഖലാ മുൻഗണനകളെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ സംസ്ഥാനപദ്ധതിവിഹിതത്തിൽനിന്നും തനതുഫണ്ടിൽനിന്നും ഓരോ വികസനമേഖലയ്ക്കും എത്ര തുക വകയിരുത്താം എന്നതു മാത്രമേ മേഖലാ മുൻഗണന സംബന്ധിച്ച് പറയേണ്ടതുള്ളൂ. മേഖലാവിഹിതം നിശ്ചയിക്കുന്നത് സർക്കാരിൻെറ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന് പറയേണ്ടതില്ലല്ലോ. മൊത്തം മേഖലാ പദ്ധതിയടങ്കലിനെക്കുറിച്ച് പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കിയതിനു ശേഷമേ യഥാർത്ഥസ്ഥിതി മനസ്സിലാക്കാനാവൂ.

നാല്: വികസനതന്ത്രത്തിനനുസൃതമായി ഓരോ വികസനമേഖലയിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ലക്ഷ്യം, അടങ്കൽ, എന്നിവ ഉൾക്കൊള്ളുന്ന ഒരു ചുരുക്കവിവരപ്പട്ടിക തയ്യാറാക്കുക. ഓരോ കർമ്മസമിതിയും പ്രത്യേകം യോഗം ചേർന്നാ ണ് ഇത് തയ്യാറാക്കുന്നത്. ഓരരോ വികസനമേഖലയ്ക്കും എത്രവരെ തുക ആകാമെന്നതിനെക്കുറിച്ച് വികസനതന്ത്രത്തിൻെറ ഭാഗമായി അവതരിപ്പിക്കപ്പെട്ടിരിക്കുമല്ലോ. ഈ അടങ്കലിൽനിന്നുകൊണ്ടുള്ള പ്രോജക്ടു നിർദ്ദേശങ്ങൾ കർമ്മസമിതികൾ തെരഞ്ഞെടുത്താൽ മതിയാകും.

ചുരുക്കത്തിൽ രണ്ടാമത്തെ പൊതുയോഗം കഴിയുമ്പോൾ വാർഷികപദ്ധതിയെ സംബന്ധിച്ചുള്ള അവലോകനറിപ്പോർട്ടും 98-99 വാർഷികപദ്ധതിയ്ക്കുള്ള വികസനതന്ത്രത്തിൻെറ കരടുരൂപവും ഓരോ വികസനമേഖലയിലും നടപ്പാക്കേണ്ട പ്രോജക്ടുകളുടെ ലക്ഷ്യം, അടങ്കൽ എന്നിവയുൾക്കൊള്ളുന്ന ഒരു ചുരുക്കവിവരപ്പട്ടികയും എഴുതി തയ്യാറാക്കപ്പെട്ടിരിക്കും.

ഇപ്രകാരം കർമ്മസമിതി പൊതുയോഗം അംഗീകരിക്കുന്ന ഈ മൂന്നു രേഖകളും ഭരണസമിതിയുടെ ഔപചാരികയോഗം ചർച്ചചെയ്ത് അംഗീകരിക്കണം. വിലയിരുത്തലുകളിലോ, വികസനതന്ത്രത്തിലോ, പ്രേജക്ടുകളിലോ എന്തു ഭേദഗതി വരുത്തുന്നതിനും ഭരണസമിതികൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ അവ യുക്തിഭദ്രമായിരിക്കണമെന്നു മാത്രം. ഉദാഹരണത്തിന് വികസനതന്ത്രത്തിന് അനുസൃതമായിരിക്കണം പ്രോജക്ടുകൾ. അല്ലാത്തപക്ഷം വികസനതന്ത്രവുംകൂടി ഭേദഗതി ചെയ്യണം. കഴിഞ്ഞവർഷപദ്ധതി വിലയിരുത്തൽ നിഗമനങ്ങൾക്കനുസൃതമായിരിക്കണം വികസനതന്ത്രം. കാരണം, ഈ രേഖകൾ ഗ്രാമസഭകളിലും വികസന സെമിനാറുകളിലും ചർച്ചചെയ്യാനുള്ളവയാണ്. തീരുമാനങ്ങൾ യുക്തിഭദ്രമായിവിശദീകരിക്കാനാവണം.

മൂന്നാമത്തെ പൊതുയോഗം ഗ്രാമസഭകൾക്കുശേഷമാണ് ചേരേണ്ടത്. ഗ്രാമസഭകളിലെ ചർച്ചകളുടെയടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച രേഖകളിൽ എന്തു ഭേദഗതി വരുത്തണമെന്നതാണ് ഈ പൊതുയോഗത്തിൻെറ മുഖ്യചർച്ചാവിഷയം. ചർച്ചകളുടെയടിസ്ഥാനത്തിൽ 'കരടു പദ്ധതിരേഖ' തയ്യാറാക്കണം. ഏകോപനസമതി ഇത്തരമൊരു കരടുരേഖ മുൻകൂട്ടി തയ്യാറാക്കി ചർച്ചയ്ക്ക് അവതരിപ്പിക്കുകയാണ് വേണ്ടത്. ഈ 'കരട് പദ്ധതിരേഖ'യാണ് വികസനസെമിനാറിലെ ചർച്ചകൾക്ക് അടിസ്ഥാനം.

കർമ്മസമിതികളുടെ നാലാമത്തെ പൊതുയോഗം വികസനസെമിനാറിലെ നിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതിനാണ് ചേരുന്നത്. കർമ്മസമിതികളുടെ നിർദ്ദേശങ്ങളെയും ശുപാർശകളെയുംകൂടി പരിഗണിച്ച് കരട് പദ്ധതി സംബന്ധിച്ച് അവസാന തീരുമാനങ്ങൾ ഭരണസമിതി കൈക്കൊള്ളും. അവ ഉൾക്കൊള്ളിച്ച് പദ്ധതിരേഖയ്ക്ക് അവസാനരൂപം നല്കുന്നതിന് കർമ്മസമിതിയുടെ പൊതുയോഗത്തിന് ഒരു ഏകോപനസമിതിയേയോ ഒരു സബ്ബ് കമ്മിറ്റിയേയോ നിയോഗിക്കാവുന്നതാണ്.

കഴിഞ്ഞ വർഷത്തിൽനിന്നും വ്യത്യസ്തമായി കർമ്മസമിതികളെ ചിട്ടയായും തുടർച്ചയായും പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു പരിപാടി 1998-99 ലേക്ക് ആവിഷ്കരിച്ചിട്ടുണ്ട്. കർമ്മസമിതിയംഗങ്ങൾ വിഷയാടിസ്ഥാനത്തിൽ ബ്ലോക്കുതലത്തിൽ നടത്തുവാനുദ്ദേശിക്കുന്ന ശില്പശാല/പരിശീലനങ്ങൾ ഇതിനു പുറമേയാണ്. ഈ പ്രക്രിയയിലൂടെ ഓരോപഞ്ചായത്തിലും വികസന ആസൂത്രണ-നിർവഹണത്തിൽ പ്രതിബദ്ധതയും വൈദഗ്ധ്യവുമുള്ള ഒരു സംഘത്തിനു അസ്ഥിവാരമിടാനാവുമെന്നു പ്രതീക്ഷിക്കുന്നു.




***ഉപസമിതികൾക്കു പകരം കൂടുതൽ കർമ്മസമിതികൾ തന്നെയാവാം. പക്ഷെ, പരസ്പരം ബന്ധപ്പെട്ട കർമ്മസമിതികൾ സംയോജിത പരിപാടികളെക്കുറിച്ച് കൂടിയാലോചനകൾ നടത്തുമെന്ന് ഉറപ്പുണ്ടാക്കണമെന്നുമാത്രം.***

അധ്യായം 5

# പ്രോജക്ടുതയ്യാറാക്കൽ

ഏകീകൃത സ്വഭാവത്തോടുകൂടിയുള്ള സ്കീമുകളാണ് പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി ഓരോപ്രദേശത്തും നടപ്പാക്കിയിരുന്നത്. എന്നാൽ ജനകീയാസൂത്രണത്തിൽ മുകളിൽ നിന്ന് ആവിഷ്ക്കരിക്കുന്ന സ്കീമുകൾ നടപ്പാക്കുകയല്ലാ ചെയ്യുന്നത്. ഓരോ പ്രദേശത്തിൻെറയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അല്ലെങ്കിൽ ലക്ഷ്യങ്ങൾ നേടുന്നതിന് കൃത്യമായ സമയപരിധിക്കുള്ളിൽ നടപ്പാക്കേണ്ട പ്രോജക്ടുകൾക്ക് താഴെ നിന്ന് രൂപം നൽകുകയാണ്. ഓരോ പ്രോജക്ടിനും കൃത്യമായ ലക്ഷ്യങ്ങളുണ്ടാകും. പ്രത്യേക പ്രവർത്തനപ്രദേശമുണ്ടാകും. അതു ചെയ്തു തീർക്കാൻ ഒരു കാലപരിധിയുമുണ്ടാകും. ഇപ്രകാരം പ്രത്യേകമായി വിശകലനത്തിനോ ആസൂത്രണത്തിനോ നിർവ്വഹണത്തിനോ സാധ്യതയുള്ള ഏറ്റവും ചെറിയ വികസനപ്രവർത്തന ഘടകത്തെയാണ് പ്രോജക്ട് എന്നു പറയുന്നത്.

ജനകീയാസത്രണപദ്ധതികളിൽ സ്കീമുകളൊന്നും ഉൾപ്പെടില്ല എന്നല്ല പറഞ്ഞു വരുന്നത്. സംസ്ഥാന സർക്കാരോ കേന്ദ്രസർക്കാരോ ആവിഷ്ക്കരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ചില സ്കീമുകൾ പ്രാദേശികപദ്ധതിയിലുൾപ്പെടുത്തിയാണ് നടപ്പാക്കുക. എന്നാൽ ഈ സ്കീമുകളെ പ്രാദേശികമായി രൂപം കൊള്ളുന്ന പ്രോജക്ടുകളും പരിപാടികളുമായി സംയോജിപ്പിക്കുന്നതിന് ജനകീയാസൂത്രണത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. പ്രോജക്ടുകളുടെ ധനാഗമമാർഗ്ഗങ്ങളിലൊന്നായി കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളെ ഉപയോഗപ്പെടുത്താം. അതല്ലെങ്കിൽ പ്രാദേശികമായി ആവിഷ്ക്കരിക്കപ്പെടുന്ന സമഗ്രപരിപാടകളുടെ ഇനമായി അവയെ നടപ്പാക്കാം. പരസ്പരബന്ധിതമായ പ്രോജക്ടുകളുടെ കൂട്ടത്തെയാണ് പരിപാടി എന്നു പറയുന്നത്. കേവലം ഒറ്റപ്പെട്ട പ്രോജക്ടുകൾക്കു രൂപം നൽകുന്നതിനു പകരം അവയെ സംയോജിപ്പിച്ച് സമഗ്രപരിപാടികളാക്കണമെന്നുള്ളതാണ് ജനകീയാസൂത്രണത്തിൻെറ സമീപനം.

ജനകീയാസൂത്രണത്തിൽ, പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ടുകളുടെ ഒരു ചുരുക്കവിവരപ്പട്ടികയോ ലിസ്റ്റോ നൽകിയാൽ പോരാ. ഓരോ പ്രോജക്ടും വിശദമായി അടുക്കും ചിട്ടയിലും എഴുതി പദ്ധതിരേഖയുടെ അനുബന്ധമായി നൽകിയേതീരൂ. ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. എന്തുകൊണ്ടാണ് ഒരേ ചിട്ടയിൽ പരമാവധി വിശദാംശങ്ങളോടെ പ്രോജക്ടുകളെല്ലാം തയ്യാറാക്കുന്നതിന് ഇത്രമാത്രം നിഷ്കർഷിക്കുന്നത്?

ചിട്ടയായി പ്രോജക്ട് തയ്യാറാക്കുന്നത്, സമഗ്രമായുള്ളൊരു സ്വയം പഠനത്തിൻെറ ഉപാധിയാണ്. ഒരു പ്രോജക്ട് തയ്യാറാക്കുമ്പോൾ അവശ്യം പരിഗണിക്കേണ്ട നിരവധി കാര്യങ്ങളുണ്ട്. സാങ്കേതികവും സാമ്പത്തികവുമായ സാധ്യതമാത്രമല്ല, സാമൂഹികമായ സ്വീകാര്യതയും പരിശോധിക്കപ്പെടേണ്ടതാണ്. ഇവ പരിഗണിക്കപ്പെടുന്നു എന്നുറപ്പുവരുത്തുന്നതിനുള്ള ഒരു ചെക്ക്ലിസ്റ്റാണ് പ്രോജക്ട് രേഖയിൽ ഉൾക്കൊള്ളിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന ഘടകങ്ങൾ.

താഴെത്തട്ടിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ വിലയിരുത്തുന്നതിന് ഇത്തരമൊരുരേഖ ആവശ്യമാണ്. പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്നതിനു മുമ്പ് അവയെ ബ്ലോക്ക്/മുനിസിപ്പൽ തലത്തിൽ ഒരു വിദഗ്ധസമിതി പരിശോധിച്ച് ശുപാർശ ജില്ലാആസൂത്രണസമിതിക്കു നല്കേണ്ടതുണ്ടല്ലോ. ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഈ പ്രധാനഘട്ടം ഫലപ്രദമായി നടക്കണമെങ്കിൽ ഓരോപ്രോജക്ടിൻെറയും വിശദാംശങ്ങൾ അടങ്ങുന്ന രേഖകൾ കൂടിയേ തീരൂ. സംസ്ഥാന സർക്കാരിൻെറ പ്ലാൻഫണ്ടിനു മാത്രമല്ല, മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് ധനസഹായം ലഭിക്കാനും ഇത്തരം പ്രോജക്ട് രേഖകൾ വേണം. മാത്രമല്ല, പ്രോജക്ട്രേഖ തയ്യാറാക്കുന്നതിന് നടത്തുന്ന കണക്കുകൂട്ടലുകൾ ധനകാര്യസ്ഥാപനങ്ങൾ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണമെന്നും അവർ നിഷ്കർഷിക്കാറുണ്ട്.

വിവിധ ഗ്രാമ-ബ്ലോക്ക് പദ്ധതികളെ, ജില്ലാ-സംസ്ഥാനപദ്ധതികളുമായി സംയോജിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള പ്രോജക്ട് രേഖകൾ വേണം. പഞ്ചായത്തുകൾ അവരവരുടെ രീതി സ്വീകരിച്ചാൽ താരതമ്യവും ക്രോഡീകരണവും അസാധ്യമാകും.

## പ്രോജക്ടുകളുടെ തരംതിരിവ്

പല മാനദണ്ഡങ്ങളുപയോഗിച്ച് പ്രോജക്ടുകളെ തരംതിരിക്കാം. സർവ്വസാധാരണമായിട്ടുള്ളത് വികസനത്തുറകളുടെ അടിസ്ഥാനത്തിലുള്ള തരംതിരിവാണ്. ജനകീയാസൂത്രണപ്രസ്ഥാനത്തിലെ കർമ്മസമിതികൾ വികസനമേഖലകളുടെ അടിസ്ഥാനത്തിലാണല്ലോ രൂപീകരിച്ചിരിക്കുന്നത്. പഞ്ചവത്സരപദ്ധതികളുടെ അടങ്കലും വകയിരുത്തലും വികസനത്തുറകളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ, ആത്യന്തികമായി ഓരോ പ്രോജക്ടും ഏതെങ്കിലുമൊരു വികസനത്തുറയിൽ വകകൊള്ളിക്കേണ്ടിവരും. കൃഷി-മൃഗപരിപാലനം, മത്സ്യബന്ധനം, ദാരിദ്ര്യനിർമ്മാർജ്ജനം, ആരോഗ്യം, സാമൂഹ്യക്ഷേമം, പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം ഇത്യാദി ഓരോ മേഖലയിലും പ്രോജക്ടുകളുണ്ടാവും.

ഏതുവികസനത്തുറയിലെ പ്രോജക്ടാണെങ്കിലും അവയെ മൂന്നായി തരംതിരിക്കാം: ഉത്പാദന പ്രോജക്ടുകൾ, ഉത്പാദനത്തിനായുള്ള പശ്ചാത്തല സൗകര്യ പ്രോജക്ടുകൾ, സേവന-ക്ഷേമപ്രവർത്തന പ്രോജക്ടുകൾ. കാർഷിക മേഖലയിലെ വിവിധതരം പ്രോജക്ടുകൾ, വ്യവസായ മേഖലയിൽ മിനി വ്യവസായ എസ്റ്റേറ്റുകൾ, വിപണനത്തിനും മറ്റുമായുള്ള ഏജൻസികൾ തുടങ്ങിയവയൊക്കെ ഉത്പാദന പ്രോജക്ടുകളിൽപ്പെടും. റോഡുകൾ, മാർക്കറ്റിങ്ങ് കോംപ്ലക്സുകൾ തുടങ്ങിയവയെ പശ്ചാത്തല സൗകര്യങ്ങളായി പരിഗണിക്കാം. മൂന്നാമത്തേത് ആരോഗ്യം, ദാരിദ്ര്യനിർമ്മാർജ്ജനം തുടങ്ങിയ സേവനങ്ങൾക്കുള്ള പ്രോജക്ടുകളാണ്.

ഉത്പാദന പ്രോജക്ടുകൾ ലാഭം ലക്ഷ്യമിട്ടുകൊണ്ടുള്ളവയാണ്. ചെലവിനെക്കാൾ കൂടുതൽ വരുമാനമുണ്ടായേ തീരൂ. എന്നാൽ, ക്ഷേമ-സേവന പ്രോജക്ടുകളാവട്ടെ, സാമ്പത്തികലാഭം ലക്ഷ്യമിട്ടുകൊണ്ടുള്ളവയല്ല. ക്ഷേമരംഗത്തെ നേട്ടങ്ങൾക്ക് വിലയിടുകയും ഏതാണ്ടസാധ്യമാണ്. തന്മൂലം ലാഭപരിഗണന ഇത്തരം പ്രോജക്ടുകൾക്ക് ബാധകമല്ല. അതേസമയം, ഉദ്ദേശിക്കുന്നസേവനം എത്ര കാര്യക്ഷമമായി എത്ര കുറഞ്ഞചെലവിൽ ചെയ്യാമെന്നുള്ളത് പരിശോധിക്കേണ്ടതുണ്ട്.

പശ്ചാത്തല സൗകര്യങ്ങൾ ചിലവയെങ്കിലും ഇന്ന് വരുമാനസ്രോതസ്സുകളാണ്. ഉദാഹരണത്തിന്, ഷോപ്പിങ്ങ് കോംപ്ലക്സുകൾ തുടങ്ങിയവ. ഉത്പാദനത്തെ സഹായിക്കുന്ന പശ്ചാത്തല സൗകര്യങ്ങൾക്കുപോലും അവയുടെ മുടക്കുമുതലിൻെറ ചെറിയൊരു ശതമാനമെങ്കിലും തിരിച്ചുനൽകണമെന്നതാണ് ഇന്നത്തെ മതം.

പ്രോജക്ടുകളെ കാലദൈർഘ്യത്തിൻെറ അടിസ്ഥാനത്തിൽ ഒറ്റ വർഷം കൊണ്ട് പൂർത്തിയാവുന്നവ, പലവർഷംകൊണ്ട് പൂർത്തിയാകുന്നവ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. ഒരു വർഷം കൊണ്ട് തീരുന്ന പ്രോജക്ടുണെങ്കിൽ വരവ്-ചെലവ് കണക്കുകൾ എഴുതുക വളരെ എളുപ്പമാണ്. ദീർഘനാൾ കൊണ്ട് നടപ്പാക്കുന്ന പ്രോജക്ടുകളിലാവട്ടെ, ഓരോ വർഷത്തിൻെറയും വരവു ചെലവ് കണക്കെഴുതി തയ്യാറാക്കേണ്ടിവരും.

ഇനിയും തരംതിരിവുകളുണ്ട്. ചില പ്രോജക്ടുകൾ വ്യക്തികളെയോ കുടുംബങ്ങളെയോ പ്രത്യക്ഷ ഗുണഭോക്താക്കളായി ലക്ഷ്യമിട്ടുകൊണ്ടുള്ളവയാണ്. ഇങ്ങനെയുള്ള പ്രോജക്ടുകളിൽ, സുദീർഘമായ സാമ്പത്തികവിശകലനത്തിന് പ്രസക്തിയില്ല. എന്നാൽ മറ്റു ചില പ്രോജക്ടുകളാകട്ടെ, ഒരു പ്രദേശത്തെ മൊത്തത്തിൽ ലക്ഷ്യമിട്ടുകൊണ്ടുള്ളവയായിരിക്കും.

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത് ജില്ലാടിസ്ഥാനത്തിലുള്ള ഒരു സംയോജിത വികസന തന്ത്രത്തിൻെറ അടിസ്ഥാനത്തിലായിരിക്കണം. ഇതുമൂലം പ്രോജക്ടുകളുടെ ഇരട്ടിപ്പും ആവർത്തനവും ഒഴിവാക്കാൻ കഴിയുന്നതാണ്. പരസ്പരപൂരകങ്ങളായ സംയോജിത പ്രോജക്ടുകൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. മാത്രമല്ല, ഒരു പഞ്ചായത്തിൻെറതന്നെ വിവിധ വികസനമേഖലകളിലുള്ള പ്രോജക്ടുകളുടെ ഉദ്ഗ്രഥനവും മുൻ-പിൻബന്ധവും ഉറപ്പുവരുത്തേണ്ടതുമാണ്.

## അധികവായനയ്ക്കുള്ള പുസ്തകങ്ങൾ

ഓരോതലത്തിലുമുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് അതാതിൻേറതായ പ്രത്യേകതകൾ അനിവാര്യമായും കണക്കിലെടുക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഉത്പാദന പ്രോജക്ടുകളുടെ ധനകാര്യ വിശകലനം ക്ഷേമ പ്രോജക്ടുകളിൽ നിന്ന് വളരെ വ്യത്യാസപ്പെട്ടതായിരിക്കും. ഇതുപോലെ പ്രോജക്ടിൻെറ രൂപത്തിൽ മാത്രമല്ല, ഉള്ളടക്കത്തിലും ഗൗരവമായ അന്തരം വികസന മേഖലയുടെ സ്വഭാവമനുസരിച്ച് ഉണ്ടാകുമെന്ന്

പറയേണ്ടതില്ലല്ലോ. ഓരോ വികസനമേഖലയിലേയും സമീപനത്തിൽ വ്യത്യാസങ്ങളുണ്ടാകും. ഈ പ്രത്യേകതകളെല്ലാം വിശദീകരിക്കുന്നതിന് ഈ കൈപ്പുസ്തകത്തിൽ ശ്രമിക്കുന്നില്ല. എന്നാൽ പ്രോജക്ട് തയ്യാറാക്കുന്നതിൻെറ പൊതുസമീപനങ്ങൾ മാത്രം വിശദീകരിച്ചാൽ പോരാ എന്നത് തർക്കമറ്റ കാര്യവുമാണ്. ഇത്തരം വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് വികസന മേഖലകളടെ അടിസ്ഥാനത്തിൽ പ്രത്യേകം കൈപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. താൽപ്പര്യമുള്ളവർ അതതു മേഖലകളുമായി ബന്ധപ്പെട്ട കൈപ്പുസ്തകങ്ങൾ വായിച്ചുപഠിക്കണം.

ഇതിനു പുറമേ കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച മൂന്നുകൈപ്പുസ്തകങ്ങൾ ഇന്നും പ്രസക്തമാണ്.

1 മൂന്നാംഘട്ട പരിശീലനകൈപ്പുസ്തകം

പ്രോജക്ടു തയ്യാറാക്കുന്നതിൻെറ പൊതുചിട്ടകൾ പരിശോധിക്കുന്നതിനുപുറമേ ഒട്ടനവധി മാതൃകാപ്രോജക്ടുകളും കൈപ്പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2. പ്രോജക്ടുവിലയിരുത്തൽ കൈപ്പുസ്തകം

ആറാം ഘട്ടത്തിൻെറ ഭാഗമായി VTC അംഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ഈ കൈപ്പുസ്തകം. ഓരോ മേഖലയിലേയം പ്രോജക്ടുകൾ വിലയിരുത്തുമ്പോൾ ആവശ്യം പരിശോധിക്കേണ്ട കാര്യങ്ങളെന്തൊക്കെയാണെന്ന് ഈ കൈപ്പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം തയ്യാറാക്കിയ പ്രോജക്ടുകളിലെ വീഴ്ചകളും പോരായ്മകളും എന്തെന്നും അവ എങ്ങനെ പരിഹരിക്കാമെന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ ഈ കൈപ്പുസ്കത്തിൽ നിന്നും ലഭ്യമാകും. പ്രോജക്ടു തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളായി ഇവയെ പരിഗണിക്കാവുന്നതാണ്.

3. പദ്ധതി നിർവഹണസഹായി

നിർവഹണഘട്ടത്തിലെ ചട്ടങ്ങളെയും മറ്റുമാണ് ഈ കൈപ്പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അതോടൊപ്പം വിവിധവികസനമേഖലകളിലെ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ വരാവുന്ന സവിശേഷ പ്രശ്നങ്ങളെ പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. ഇവ പ്രോജക്ടു തയ്യാറാക്കുമ്പോൾ ഓർക്കേണ്ടുന്ന മുൻകരുതലുകളായി പരിഗണിക്കാവുന്നതാണ്.

ഇവയ്ക്കുപുറമേ രണ്ടാം ഘട്ടവുമായി ബന്ധപ്പെട്ടുകൊണ്ട് 12 ലഘുഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവ താഴെ കൊടുത്തിരിക്കുന്നു. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും സംസ്ഥാനതല പരിശീലകർക്കും ഇവയുടെ കോപ്പികൾ ലഭ്യമാക്കിയിട്ടുണ്ട്.

1. പഞ്ചായത്തുവികസനസഹായി.
2. വികസന സമീപനം - കർഷികമേഖല
3. വിദ്യാഭ്യാസം
4. ആരോഗ്യം
5. കുടിവെള്ളം
6. മണ്ണ് - ജല സംരക്ഷണം
7. സ്ത്രീകളും പ്രാദേശികാസൂത്രണവും
8. മൃഗസംരക്ഷണം
9. ജൈവവൈവിധ്യം
10. പരിസരശുചിത്വം
11. നീരുറവകൾ
12. പ്രാദേശിക ചരിത്രം

പ്രോജക്ടുതയ്യാറാക്കുന്നതു സംബന്ധിച്ച് ഈ അധ്യായത്തിൽ നൽകുന്ന പൊതുമാർഗനിർദ്ദേശങ്ങൾ പ്രായോഗിക പ്രവർത്തനത്തിനുതകണമെങ്കിൽ മൂന്നും ആറും ഘട്ടങ്ങളിലെ കൈപ്പുസ്തകങ്ങളെങ്കിലും പഠിച്ചിരിക്കണം. ഇപ്രകാരം ഒരു സ്വയം പഠനത്തിന് കർമ്മസമിതി അംഗങ്ങൾ തയ്യാറായേ തീരൂ.

## പ്രോജക്ട് ഘടന

പ്രോജക്ട് രേഖ തയ്യാറാക്കുന്നതിന് പല രീതികളുണ്ടാവാം. ഏതായാലും ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി തയ്യാറാക്കുന്ന പ്രോജക്ട് രേഖകളിലോരോന്നിലും താഴെ പറയുന്ന വിഭാഗങ്ങളുണ്ടായിരിക്കണം.

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. ഗുണഭോക്താക്കൾ
4. പ്രവർത്തനങ്ങൾ - സാങ്കേതികവിശകലനം
5. സംഘാടനം
6. ധനകാര്യവിശകലനം
7. നേട്ടങ്ങൾ
8. മോണിറ്ററിങ്ങ്

## I. ആമുഖം

താഴെപ്പറയുന്ന ക്രമത്തിലായിരിക്കണം ആമുഖം തയ്യാറാക്കേണ്ടത്.

1. ആവശ്യകത

ഏതുപ്രശ്നം പരിഹരിക്കുന്നതിനാണ്, എവിടെ, ഏതാവശ്യം നിറവേറ്റുന്നതിനാണ് പ്രസ്തുത പ്രോജക്ട് വിഭാവനം ചെയ്യുന്നത് എന്ന് വിശദീകരിക്കണം.

2. സാധ്യത

ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ഭൗതികസാഹചര്യങ്ങളും അനുയോജ്യതയും വ്യക്തമാക്കണം.

3. സ്ഥിതിവിവരക്കണക്ക്:

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ഉപോൽബലകമായ സ്ഥിതിവിവരക്കണക്കുകൾ യഥായോഗ്യം നൽകിയിരിക്കേണ്ടതാണ്.

4. ഗ്രാമസഭ/വികസനരേഖയിൽ ഈ ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ എന്നു പരിശോധിക്കണം.

5. ഈ പ്രോജക്ട് പൂർത്തീകരിക്കപ്പെട്ട മറ്റൊരു പ്രോജക്ടിൻെറ തുടർച്ചയാണെങ്കിലോ, അല്ലെങ്കിൽ, ഒരു പ്രോജക്ടിൻെറ രണ്ടാം ഘട്ടമാണെങ്കിലോ ആദ്യപ്രോജക്ടിൻെറ നേട്ടകോട്ട വിശകലനം സംക്ഷിപ്തമായി പ്രതിപാദിക്കണം.

6. പ്രോജക്ട് ഏതു ജനവിഭാഗത്തിന്, ഏതു വികസനമേഖല, ഉപമേഖലയിലാണെന്ന് വ്യക്തമാക്കണം.

## II. ലക്ഷ്യങ്ങൾ

അടുത്തതായി പ്രോജക്ടിൻെറ ലക്ഷ്യങ്ങളെന്ത് എന്ന് കൃത്യമായി നിർവചിക്കണം. ഇത് വിവരണാത്മകമാകാൻ പാടില്ല. ഓരോലക്ഷ്യവും അക്കമിട്ടെഴുതണം. കഴിയുമെങ്കിൽ ലക്ഷ്യങ്ങളെ പരിമാണാത്മകമായി നിർവചിക്കണം. ഉദാഹരണത്തിന്, കോഴികളെ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകളാണെന്നിരിക്കട്ടെ. എത്ര കോഴികളെ എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്യാനുദ്ദേശിക്കുന്നു എന്ന് പറയണം. അല്ലെങ്കിൽ നെല്ലിൻെറ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മറ്റൊരു പ്രോജക്ട്. പ്രോജക്ട് അവസാനിപ്പിക്കുമ്പോൾ നെല്ലിൻെറ ഉത്പാദനക്ഷമത, ഹെക്ടറിന് എത്രയിൽ നിന്ന് എത്രയായി ഉയരും എന്ന് പറയാൻ സാധിക്കണം. ഒരു കുടിവെള്ള പ്രോജക്ടാണെന്നിരിക്കട്ടെ, എത്ര കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് പറയണം. കഴിയുമെങ്കിൽ എത്ര ലിറ്റർ വെള്ളം പമ്പുചെയ്യാനാകുമെന്നം, എല്ലാം കണക്കുകളുടെ അടിസ്ഥാനത്തിൽ നിർവ്വചിക്കണമെന്ന് ശഠിക്കുന്നില്ല. ചില കാര്യങ്ങാക്ക് കണക്കുകൂട്ടലുകാ സാധ്യമാവണമെന്നില്ല. കഴിഞ്ഞാൽ തന്നെ, ഏറെ ശ്രമകരമായേക്കാം. പൊതുവിവരണത്തിലൊതുങ്ങാതെ ലക്ഷ്യങ്ങാ കൃത്യമായി നിർവ്വചിക്കണം എന്നാണ് പറഞ്ഞതിനർത്ഥം. ഇങ്ങനെ ചെയ്താൽ മാത്രമേ, പ്രോജക്ടവസാനിക്കുമ്പോൾ, ലക്ഷ്യം എത്രമാത്രം നേടി എന്ന് വിലയിരുത്താനാവു. വിവിധയിനം ലക്ഷ്യങ്ങളെ നിർവചിക്കുന്നതിനുപയോഗിക്കേണ്ട യൂണിറ്റുകൾ ഈ അദ്ധ്യായത്തിന് അനുബന്ധമായി നൽകിയിട്ടുണ്ട്.

## III. ഗുണഭോക്താക്കൾ

ഗുണഭോക്താക്കൾ അല്ലങ്കിൽ ഗുണഭോക്തൃപ്രദേശം, ലക്ഷ്യങ്ങൾ നിർവചിച്ചപ്പോൾ തന്നെ പരാമർശിക്കപ്പെട്ടുകാണും. ആയതിനാൽ അതുതന്നെ ഇവിടെ ആവർത്തിച്ചാൽ പോരാ. ഇവിടെ വിശദമാക്കേണ്ടത്, ഗുണഭോക്താക്കളെയോ ഗുണഭോക്തൃ പ്രദേശങ്ങളെയോ തെരഞ്ഞെടുക്കുന്നതിന് അവലംബിക്കാനുദ്ദേശിക്കുന്ന മാനദണ്ഡങ്ങളാണ്. എല്ലാ പ്രദേശങ്ങളും കുടുംബങ്ങളും വ്യക്തികളും ഒരു പ്രോജക്ടിൻെറഗുണഭോക്താക്കളാവുന്നത് വിരളമാണ്. കാരണം, വിഭവ പരിമിതി തന്നെ. അങ്ങനെ വരുമ്പോൾ, മുൻഗണന നിശ്ചയിച്ച് ചില പ്രദേശങ്ങളെയോ വ്യക്തികളെയോ കുടുംബങ്ങളെയോ വിഭാഗങ്ങളെയോ തെരഞ്ഞെടുക്കേണ്ടിവരും.

ഇപ്രകാരമുള്ള തെരഞ്ഞെടുപ്പിൻെറ മുൻഗണനാ മാനദണ്ഡങ്ങൾ കൃത്യമായി നിർവചിക്കേണ്ടതുണ്ട്. കഴിഞ്ഞവർഷത്തെ പ്രോജക്ടുകളുടെ ഒരു പോരായ്മ ഈ മാനദണ്ഡങ്ങൾ കൃത്യമായി നിർവചിച്ചിരുന്നില്ല എന്നതാണ്. ഇതിൻെറ ഫലമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ചട്ടങ്ങൾ പിന്നീടുണ്ടായപ്പോൾ അവയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ വെച്ച് സുതാര്യമായി തെരഞ്ഞെടുക്കുന്നതിന് ഒട്ടേറെ വൈഷമ്യങ്ങൾ നേരിടേണ്ടി വന്നു. വരുമാനവും മറ്റും മാനദണ്ഡമായി നിശ്ചയിച്ചാൽ അതു തർക്കത്തിന് വഴിതെളിക്കാം. ആയതിനാൽ എല്ലാവർക്കും പെട്ടെന്ന് മനസ്സിലാക്കാൻ കഴിയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കാൻ കഴിയണം. ഭൂവിസ്തൃതി, വീടിൻെറ നില, ആസ്തികൾ, തൊഴിൽ, സ്ത്രീപരിഗണന തുടങ്ങിയ ഒട്ടനവധി ഘടകങ്ങൾ മാനദണ്ഡങ്ങളായി

എടുക്കാവുന്നതാണ്. ഉത്പാദനപ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഗുണഭോക്താക്കളുടെ കഴിവും ആഭിമുഖ്യവും പരിഗണിക്കേണ്ടതുണ്ട്.

എസ്.സി.പി., ടി.എസ്.പി പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ട്. വ്യക്തിഗത എസ്.സി.പി, ടി.എസ്.പി പ്രോജക്ടുകളിലെ ഗുണഭോക്താക്കൾ ആ വിഭാഗത്തിൽ തന്നെയുള്ളവരായിരിക്കണം. വ്യക്തിഗത ഗുണഭോക്താക്കളില്ലാത്ത പ്രോജക്ടുകളെടുക്കുമ്പോൾ 51% ഗുണഭോക്താക്കൾ/ഗുണഭോക്തൃപ്രദേശം ആ വിഭാഗത്തിൽ പ്പെട്ടിരിക്കണം. കഴിയുന്നതും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള വികസനപ്രവർത്തനങ്ങൾ പ്രത്യേക പ്രോജക്ടുകളായിത്തന്നെ എഴുതിത്തയ്യാറാക്കണം. മറ്റ് പൊതുപരിപാടികളുടെയോ പ്രോജക്ടുകളുടേയോ പൊതുസംവിധാനങ്ങളെ ആശ്രയിക്കുമ്പോൾപോലും പ്രത്യേകം പ്രോജക്ടുകളായി എഴുതിത്തയ്യാറാക്കുന്നതാണ് ഉചിതം.

ഇതുപോലെതന്നെ, പദ്ധതി നടപ്പാക്കുന്നതിന് ചില പ്രാദേശിക മുൻഗണനകളും നിശ്ചയിക്കേണ്ടിവരാം. ചില പ്രോജക്ടുകൾക്കുവേണ്ടി ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെയാവും തെരഞ്ഞെടുക്കേണ്ടിവരിക. മറ്റുചിലവയ്ക്കാകട്ടെ ഒരു പക്ഷെ, ഏറ്റവും വികസന സാധ്യതകളുള്ള പ്രദേശങ്ങളെയാവും തെരഞ്ഞെടുക്കേണ്ടിവരിക. ചില പ്രോജക്ടുകൾ ചില പ്രദേശങ്ങളിലേ നടപ്പാക്കാൻ പറ്റൂ. ഉദാഹരണത്തിന് പാറമട പാറക്കെട്ടുള്ളിടത്തല്ലേ പറ്റൂ. വെള്ളം കിട്ടാനിടയുള്ള സ്ഥലത്തല്ലേ കുളം കുഴിക്കാൻ പറ്റൂ. എന്നാൽ, മറ്റു ചിലവ സാങ്കേതികമായി എവിടെ വേണമെങ്കിലും സ്ഥാപിക്കാം. എന്നാൽ സാമ്പത്തിക പരിഗണന വെച്ചു നോക്കുമ്പോൾ പല ഉത്പാദന യൂണിറ്റുകളും ഒന്നുകിൽ അസംസ്കൃത വിഭവങ്ങൾക്കടുത്ത് അല്ലെങ്കിൽ വിപണിയുടെ അടുത്ത് സ്ഥാപിക്കുന്നതാവും നന്ന്. ചരക്കുകടത്തുകൂലി കുറയ്ക്കാനിതുവഴി പറ്റും. ഒരു മിനി വ്യവസായ എസ്റ്റേറ്റ് ഇപ്പോൾ തന്നെ വൈദ്യുതിയും വെള്ളവുമുള്ളിടത്ത് സ്ഥാപിക്കുന്നത് ചെലവ് കുറയ്ക്കാൻ സഹായിക്കും. എന്നാൽ സാമൂഹികമായി നോക്കുമ്പോൾ പിന്നോക്കപ്രദേശത്ത് സ്ഥാപക്കുന്നതാണ് നല്ലത് എന്നാവശ്യമുണ്ടാകും. ആ പ്രദേശത്തിന്റെ വികസനത്തിന് മിനി വ്യവസായ എസ്റ്റേറ്റ് വഴിതെളിക്കും. ഒരു പക്ഷേ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി ഇവിടെയായിരിക്കും ലഭിക്കുക. ആയതിനാൽ, പ്രാദേശിക മുൻഗണന നിശ്ചയിക്കുന്നത് അത്ര എളുപ്പമല്ല. കാരണമെന്തായാലും അതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കിയിരിക്കണം.

## IV. പ്രവർത്തനങ്ങൾ

നിശ്ചിത ലക്ഷ്യത്തിനു വേണ്ടിയുള്ള പരസ്പരബന്ധിതവും സമയബന്ധിതവുമായ പ്രവർത്തനങ്ങളുടെ സമുച്ചയമാണല്ലോ പ്രോജക്ട്. ഈ പ്രവർത്തനങ്ങളിലോരോന്നിന്റെയും സാങ്കേതിക സ്വഭാവവും കാലഗണനയും വിവരിക്കുകയാണ് ഇനി വേണ്ടത്.

ഉദാഹരണത്തിന്, ഒരു പഞ്ചായത്തിലെ പച്ചക്കറികൃഷി പ്രോജക്ട് എടുക്കുക. പഞ്ചായത്തിലെ ഒട്ടെല്ലാ വീട്ടുപറമ്പുകളിലും പച്ചക്കറി കൃഷി വ്യാപിപ്പിച്ചുകൊണ്ട് കാർഷികോത്പാദനം ഗണ്യമായി ഉയർത്തുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഇതിനെ താഴെപ്പറയുന്ന പ്രവർത്തനങ്ങളായി തരംതിരിക്കാം.

1. പ്രോജക്ട് സംബന്ധിച്ച ബോധവത്ക്കരണവും പഞ്ചായത്ത്, വാർഡ്തല കമ്മറ്റികളുടെയും അയൽക്കൂട്ടങ്ങളുടെയും രൂപീകരണവും.
2. പരിശീലനം
3. വിത്ത് സമാഹരണവും വിതരണവും
4. ഏകദിന പച്ചക്കറി നടീൽ ഉത്സവം
5. ജൈവവള സംഭരണവും വിതരണവും
6. ജൈവ കീടനാശിനി ഉത്പാദനവും വിതരണവും
7. പരിശോധനാസംഘങ്ങളുടെ രൂപീകരണവും പരിശോധനയും
8. വിളവെടുപ്പ്
9. വിപണനം

ഇത്തരത്തിൽ, പ്രവർത്തനങ്ങളോരോന്നും കുറിച്ചാൽ പോര, സാമാന്യമായി വിശദീകരിക്കുക തന്നെ വേണം. ഈ വിശദീകരണത്തിൽ ഊന്നൽ നൽകേണ്ട പ്രധാന കാര്യം, ഓരോ പ്രവർത്തനത്തിനും ഉപയോഗിക്കാൻ പോകുന്ന സാങ്കേതിക വിദ്യയാണ്. മുകളിൽ കൊടുത്ത ഉദാഹരണത്തിൽ സാങ്കേതികവിദ്യ സംബന്ധിച്ച് ഏതെല്ലാം തീരുമാനങ്ങൾ വിശദീകരിക്കേണ്ടതുണ്ടെന്ന് നോക്കൂ.

1. പച്ചക്കറി നടുന്നത് - നിലമൊരുക്കുന്നതെങ്ങനെ
2. ഏതൊക്കെ ഇനം പച്ചക്കറികളാണ് അനുയോജ്യം - എല്ലാ ഇനങ്ങളും എല്ലായിടത്തും വളരില്ല എന്ന് പറയേണ്ടതില്ലല്ലോ. ഇനി,

സാങ്കേതികമായി സാധ്യമായാൽ തന്നെ വളർത്താൻ പോകുന്ന പച്ചക്കറിയുടെ വിപണനസാധ്യത കണക്കിലെടുത്തേ തീരുമാനിക്കാൻ പറ്റൂ.

3. ഏതു പ്രദേശത്തു നിന്നുള്ള വിത്ത് ഉപയോഗിക്കണം

4. ഏതുതരം വളം ഉപയോഗിക്കണം? ജൈവ വളം വേണോ, അതോ രാസവളമോ?

5. ജൈവകീടനാശിനി വേണമോ രാസകീടനാശിനി വേണോ?

പച്ചക്കറികൃഷിപോലെ ലളിതമായ ഒരു പ്രോജക്ടിൽ പോലും എത്ര സാങ്കേതികമായ തീരുമാനങ്ങളാണ് എടുക്കേണ്ടിവന്നതെന്ന് നോക്കുക. ഇവയൊക്കെ സംബന്ധിച്ച് പ്രോജക്ട് രേഖയിൽ വ്യക്തമായ ധാരണകളുണ്ടാകണം. വ്യവസായ പ്രോജക്ടുകളും മറ്റുമാകുമ്പോൾ സാങ്കേതികവിദ്യ സംബന്ധിച്ച തീരുമാനങ്ങൾ കൂടുതൽ സങ്കീർണ്ണമായിത്തീരും. എല്ലാ യന്ത്രങ്ങളുടെയും നിർമ്മാണങ്ങളുടെയും ഡിസൈനും മറ്റും പ്രോജക്ട് രേഖയിൽ ഇപ്പോൾ തന്നെ ഉൾപ്പെടുത്തണമെന്ന് നിർബന്ധമില്ല. എന്നാൽ, പ്രോജക്ട് നടപ്പാക്കുന്നതിനുമുമ്പ് ഇവയൊക്കെ ഉണ്ടാക്കേണ്ടിവരും.

സാങ്കേതികവിദ്യയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റൊരുകാര്യം. പ്രോജക്ടിൻെറ വലിപ്പമാണ്. ഇവിടെ, പഞ്ചായത്ത് മുഴുവൻ പ്രോജക്ട് മേഖലയാണ്. എന്നാൽ വിഭവപരിമിതിമൂലം പല കാർഷിക പ്രോജക്ടുകളിലും ഇതുപോലെ മുഴുവൻ കർഷകരെയും ഉൾപ്പെടുത്താൻ കഴിയണമെന്നില്ല. വിപണനത്തിൻെറ സാധ്യതകളും കണക്കിലെടുക്കേണ്ടതുണ്ട്. ഉത്പാദിപ്പിക്കപ്പെടുന്ന ചരക്കുകളും സേവനങ്ങളും വിറ്റഴിക്കാൻ കഴിയുമോ? ദീർഘകാലയളവിലുള്ള പ്രോജക്റ്റുകളാണെങ്കിൽ, ഭാവി ഡിമാൻറുകളെപ്പറ്റി കൂടി വിലയിരുത്തേണ്ടി വരും. പ്രോജക്ടിൻെറ വലിപ്പത്തെ നിർണ്ണയിക്കുന്ന വേറൊരു കാര്യം ചെലവും വലിപ്പവും തമ്മിലുള്ള ബന്ധ മാണ്. പഞ്ചായത്ത് വ്യാപകമായ കൃഷിയായതിനാൽ, കേന്ദ്രീകൃതമായും വൻതോതിലും വിത്തും വളവും ശേഖരിക്കാൻ കഴിയും. ഇത് ചെലവ് കുറയ്ക്കാൻ സഹായിക്കും. നടീൽ വസ്തുക്കൾ പഞ്ചായത്തിൽ തന്നെ ഉത്പാദിപ്പിക്കാൻ പ്രത്യേകം സംവിധാനങ്ങളുണ്ടാക്കാം. വലിപ്പമേറുന്തോറും ഉണ്ടാകുന്ന ഇത്തരം നേട്ടങ്ങളെ വലിപ്പനേട്ടങ്ങൾ (Economics of Scale) എന്ന് വിശേഷിപ്പിക്കാം. വ്യവസായ പ്രോജക്ടുകളിലാണ് ഈ പ്രവണത ഏറ്റവും പ്രകടമാവുന്നത്. ചെറുകിട വ്യവസായങ്ങളാണെങ്കിലും അവയെല്ലാം ഒരിടത്ത് വ്യവസായ എസ്റ്റേറ്റിൽ കേന്ദ്രീകരിച്ച് ''കൂട്ട നേട്ടങ്ങൾ'' ഉണ്ടാക്കാൻ ശ്രമിക്കാറുണ്ട്. ഏതായാലും വിശദീകരിക്കാൻ ശ്രമിക്കുന്ന കാര്യമിതാണ്. പ്രോജക്ടിൻെറ വലിപ്പമെത്രയെന്ന് തീരുമാനിക്കുന്നത്, സാങ്കേതികവിദ്യയുടെ സ്വഭാവം, വിഭവസാധ്യത, വിപണി തുടങ്ങി പല കാര്യങ്ങളും പരിശോധിച്ചുകൊണ്ടുവേണം.

പ്രവർത്തനങ്ങളെയും അവ അടിസ്ഥാനമാക്കുന്ന സാങ്കേതികവിദ്യകളെയും വിശദീകരിക്കുമ്പോൾ അവശ്യം വിശദീകരിക്കേണ്ട മറ്റൊരു കാര്യം, ആ പ്രവർത്തനത്തിന് വേണ്ടുന്ന ഭൗതികസാമഗ്രികളാണ്. അതുപോലെ തന്നെ, എത്ര തൊഴിലാളികൾ വേണമെന്നും അവരുടെ വൈദഗ്ധ്യമെന്തെന്നും പരിശോധിക്കപ്പെട്ടിരിക്കും. ഇവ കൂടാതെ പ്രവർത്തനം സാധ്യമല്ലല്ലോ. ആയതിനാൽ, അവയുടെ ലഭ്യത ഉറപ്പാണോ എന്ന പരിശോധന നിർബന്ധമാണ്. ആവശ്യമായ വിത്ത് സമയത്ത് ലഭിച്ചില്ലെങ്കിൽ, പഞ്ചായത്ത് തലത്തിൽ പച്ചക്കറി കൃഷി വ്യാപനത്തിന് തുനിഞ്ഞിട്ട് കാര്യമില്ലല്ലോ.

ഇൻപുട്ടുകളുടെ ലഭ്യത പോലെതന്നെ പ്രധാനമാണ് ഉത്പന്നങ്ങളുടെ വിപണനസാധ്യത. കേരളത്തിലെ ചെറുകിട ഉത്പാദനമേഖലയുടെ ഒരു പ്രധാന ദൗർബല്യം വിപണനമാണ്.

മുകളിൽ വിവരിച്ചപ്രകാരം, അസംസ്കൃത സാമഗ്രികളുടെ ലഭ്യതയെക്കുറിച്ചും ഉത്പന്നങ്ങളുടെ വിപണിയെക്കുറിച്ചുമൊക്കെയുള്ള ചിട്ടയായ പരിശോധന, പ്രോജക്ടിൻെറ മുൻപിൻ ബന്ധങ്ങളിലേക്കു നയിക്കും. ഈ അധ്യായത്തിൻെറ ആരംഭത്തിൽ കണ്ടതുപോലെ, മുൻപിൻ ബന്ധങ്ങൾ പോലെതന്നെ, മറ്റു മേഖലകളുമായുള്ള പാർശ്വബന്ധങ്ങളും പരിശോധിക്കേണ്ടതുണ്ട്. പ്രോജക്ടുകളോരോന്നും കഴിയുമെങ്കിൽ സംയോജിതമായ പരിപാടിയുടെ ഭാഗമായിരിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നതെന്ന് ആമുഖത്തിൽ തന്നെ പ്രസ്താവിച്ചിരുന്നതാണല്ലോ.

അവസാനമായി, ഓരോ പ്രവർത്തനവും ഏതു കാലയളവിലാണ് നടക്കേണ്ടത് എന്നതുകൂടി വ്യക്തമാക്കണം. ചില പ്രോജക്ടുകൾ ദീർഘകാലയളവിൽ നടപ്പാക്കേണ്ടവയാണല്ലോ. ഒന്നാം വർഷം ഏതെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുക. രണ്ടാം വർഷം ഏതെല്ലാം? ഇങ്ങനെ പ്രൊജക്ടുകാലത്തെ പ്രവർത്തനങ്ങളെല്ലാം പ്രത്യേകം ചാർട്ടായി നൽകണം. ഒറ്റവർഷം കൊണ്ട് നടപ്പാക്കുന്ന ഒരു പ്രൊജക്റ്റാണെങ്കിൽ പോലും അതിലെ പ്രവർത്തനങ്ങളെ സമയബന്ധിതമായി വിവരിക്കേണ്ടത് ആവശ്യമാണ്. ഉദാഹരണത്തിന്,

പച്ചക്കറി പ്രോജക്ടിലെ പ്രവർത്തനങ്ങളുടെ സമയബന്ധിത ചാർട്ട് താഴെ കൊടുത്തിരിക്കുന്നു. (ചാർട്ട് 1)

## V. സംഘാടനം

മുകളിൽ വിവരിച്ച പ്രവർത്തനങ്ങൾ എങ്ങനെയാണ് സംഘടിപ്പിക്കുക? ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്ന ഏജൻസികൾ ഏവയെന്നും അവയോരോന്നിന്റെയും കടമകൾ എന്തൊക്കെയെന്നും വ്യക്തമാക്കണം. പലപ്പോഴും പ്രോജക്ട് നടത്തിപ്പിനുവേണ്ടി പുതിയ സ്ഥാപനങ്ങൾക്കോ സംഘടനകൾക്കോ രൂപം നൽകേണ്ടി വന്നേക്കാം. ഉദാഹരണത്തിന്, പഞ്ചായത്തിലെ പച്ചക്കറികൃഷിക്കുവേണ്ടി, പഞ്ചായത്തുതല കൃഷിവികസന സമിതി, വാർഡ് സമിതി, കൃഷിക്കാരുടെ അയൽകൂട്ടങ്ങൾ എന്നിവ രൂപീകരിക്കാം. ഇപ്രകാരം രൂപീകരിക്കുന്ന സ്ഥാപനങ്ങളുടെ ഘടനയും കർത്തവ്യങ്ങളും കൃത്യമായും നിർവചിച്ചിരിക്കണം.

### ചാർട്ട് 1: പ്രവർത്തനങ്ങളുടെ കാലഗണന

| ക്രമ നമ്പർ | പ്രവർത്തനം | മാസങ്ങ‌ൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ജ | ഫെ | മാ | ഏ | മെ | ജൂൺ | ജൂ | ആ | സെ | ഒ | ന | ഡി |
| 1. | ബോധവൽക്കരണവും സംഘാടനവും | | | | | | | | | | | | |
| 2. | പരിശീലനം | | | | | | | | | | | | |
| 3. | വിത്ത് സമാഹരണവും വിതരണവും | | | | | | | | | | | | |
| 4. | നടീൽ ഉത്സവം | | | | | | | | | | | | |
| 5. | വളം സംഭരണവും വിതരണവും | | | | | | | | | | | | |
| 6. | കീടനാശിനി ഉത്പാദനവും വിതരണവും | | | | | | | | | | | | |
| 7. | പരിശോധന | | | | | | | | | | | | |
| 8. | വിളവെടുപ്പ് | | | | | | | | | | | | |
| 9. | വിപണനം | | | | | | | | | | | | |

ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 5 മുതൽ 15 വരെയുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഒരു നിർവ്വഹണ കമ്മിറ്റി/സംഘാടക കമ്മിറ്റിയെ പ്രവർത്തി ചട്ടങ്ങൾ ഒട്ടുമിക്ക പ്രൊജക്ടുകൾക്കും അനിവാര്യമാക്കുന്നുണ്ട്. അതിന് ഒരു ചെയർമാനും ഒരു കൺവീനറും ഉണ്ടായിരിക്കേണ്ടതാണ്. സാങ്കേതികോപദേശം ബന്ധപ്പെട്ട വകുപ്പിലെ നിർവ്വഹണോദ്യോഗസ്ഥരും BLEC/MLEC/DLEC/CLEC യിലെ സാങ്കേതികവിദഗ്ധരുമായിരിക്കും നൽകുക.

നിർവ്വഹണത്തിനായി താഴെപ്പറയുന്ന സമിതികളുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

1) ഗുണഭോക്തൃസമിതി
2) പാടശേഖരസമിതി
3) കേരകർഷകസമിതി
4) P.T.A തുടങ്ങിയവ.

ഓരോ പ്രോജക്ടിന്റെയും നിർവ്വഹണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതിന് ''പദ്ധതി നിർവ്വഹണ സഹായിയിലെ'' പ്രസക്തഭാഗങ്ങൾ അവലംബിക്കാവുന്നതാണ്.

## VI. ധനകാര്യ വിശകലനം

പ്രോജക്ട് നടപ്പാക്കുന്നതിനു വേണ്ടി, എത്ര രൂപ മുതൽ മുടക്കേണ്ടിവരും? ഇത് ആര് മുടക്കും? പഞ്ചായത്ത്/മുനിസിപ്പൽ പ്ലാൻ ഫണ്ടിൽ ഇതിനായി എത്ര രൂപ വകയിരുത്തണം? ഈ തുകയിൽ എത്ര വീതം ഓരോ വർഷവും നിക്ഷേപിക്കേണ്ടിവരും? ഇവ സംബന്ധിച്ചുള്ള വിശദവിവരങ്ങളാണ് ധനകാര്യ വിശകലനത്തിൻെറ ആദ്യഭാഗത്ത് നൽകേണ്ടത്.

പ്രോജക്ടിനു വേണ്ടിവരുന്ന നിക്ഷേപത്തെ രണ്ടായി തരംതരിക്കാം. ഒന്നാമത്തേത്, ഭൂമി, കെട്ടിടം, യന്ത്രങ്ങൾ തുടങ്ങിയവയ്ക്ക് വേണ്ടി വരുന്ന സ്ഥിരം നിക്ഷേപമാണ്. ഇതിനുപുറമേ, ആവർത്തനസ്വഭാവമില്ലാത്ത, ഒറ്റത്തവണ മാത്രം ചെയ്യേണ്ടിവരുന്ന പ്രാരംഭച്ചെലവുകളും നിക്ഷേപത്തിൽപ്പെടുത്താം. ഉത്പാദന യൂണിറ്റുകളുടെ വിശകലനത്തിൽ ഇതിനെ ബ്ലോക്ക് ക്യാപിറ്റൽ (Block Capital) എന്നു വിവക്ഷിക്കാറുണ്ട്. ഇത്തരം യൂണിറ്റുകളുടെ ആവർത്തനച്ചെലവുകൾക്കു വേണ്ടുന്ന പ്രവർത്തന നിക്ഷേപവും അഥവാ പ്രവർത്തനമൂലധനവും (Working Capital) മുതൽ മുടക്കിൽ ഉൾക്കൊള്ളിച്ചേ പറ്റൂ. ഇപ്രകാരം പ്രോജക്ടിനു വേണ്ടിവരുന്ന നിക്ഷേപം എത്രയെന്ന് കണക്കാക്കുമ്പോൾ, ഓരോ പ്രവർത്തനത്തിനും വേണ്ട തുക എത്രയെന്ന് ഇനം തിരിച്ച് കാണിച്ചിരിക്കണം. കണക്കാക്കുന്നതിനുപയോഗിച്ചിരിക്കുന്ന മാനദണ്ഡങ്ങളും വ്യക്തമാക്കണം.

മൊത്തം നിക്ഷേപം എത്ര എന്നു പറഞ്ഞാൽ മാത്രം പോരാ, ഈ മുതൽ മുടക്കിൻെറ ധനാഗമമാർഗമെന്ത് എന്നുകൂടി വ്യക്തമാക്കണം. പ്രോജക്ടിനുവേണ്ടുന്ന നിക്ഷേപം, താഴെപറയുന്ന ഒന്നോ അതിലധികമോ സ്രോതസ്സുകളിൽ നിന്നാകാമല്ലോ.

- സംസ്ഥാന പദ്ധതിവിഹിതം
- സംസ്ഥാനാവിഷ്കൃത വിഹിതം
- കേന്ദ്രാവിഷ്കൃതവിഹിതം
- പഞ്ചായത്തിൻെറ/മുനിസിപ്പാലിറ്റിയുടെ സ്വന്തം ഫണ്ട്
- സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ
- മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ
- സന്നദ്ധ പ്രവർത്തനങ്ങളും സംഭാവനകളും
- ഗുണഭോക്തൃവിഹിതം
- മറ്റുള്ളവ

ഓരോ പ്രവർത്തനത്തിനും വേണ്ട മൊത്തം നിക്ഷേപത്തിൽ, ഓരോ സ്രോതസ്സിൽ നിന്നും യഥാർത്ഥത്തിൽ എത്രവീതം ലഭിക്കുമെന്ന് താഴെകാണിച്ചിരിക്കുന്ന വിധത്തിൽ ചാർട്ടായി നൽകണം. (ചാർട്ട് 2)

പ്രാദേശിക പദ്ധതി മുകളിൽ നിന്ന് തരുന്ന പ്ലാൻ ഫണ്ടിൽ ഒതുങ്ങാൻ പാടില്ല. സംഭാവനയും സന്നദ്ധപ്രവർത്തനവും പഞ്ചായത്തിൻെറ/മുനിസി

ചാർട്ട് 2: പ്രോജക്ടിൻെറ ധനാഗമമാർഗങ്ങൾ

| വർഷം | വർഷം<br>വരുമാന സ്രോതസ്സ് | വർഷം I രൂ. | വർഷം II രൂ. | വർഷം III രൂ. | IV രൂ. | V രൂ. |
|---|---|---|---|---|---|---|
| 1. | പഞ്ചായത്ത്/മുൻ. വിഹിതം | | | | | |
| 2. | പദ്ധതിയേതര ഫണ്ട് | | | | | |
| 3. | സർക്കാർ സ്കീം | | | | | |
| 4. | സഹകരണ സ്ഥാപനം | | | | | |
| 5. | മറ്റു ധനകാര്യ സ്ഥാപനം | | | | | |
| 6. | സന്നദ്ധ പ്രവർത്തനം, സംഭാവന | | | | | |
| 7. | സ്വകാര്യമേഖല | | | | | |
| 8. | ഗുണഭോക്തൃവിഹിതം | | | | | |
| | ആകെ | | | | | |

പ്പാലറ്റിയുടെ തനത് ഫണ്ടും മാത്രമല്ല, സഹകരണ സ്ഥാപനങ്ങളടക്കം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കാൻ കഴിയണം. ഇത്തരത്തിൽ ക്രെഡിറ്റ് ലിങ്കേജിനായുള്ള ബോധപൂർവ്വമായ പരിശ്രമം ഓരോ പ്രോജക്ടിലും പ്രതിഫലിക്കണം.

പ്രോജക്ട് മുതൽമുടക്കിൽ വിവിധ പ്രവർത്തനങ്ങളിലായി പഞ്ചായത്തിൻെറ പ്ലാൻ ഫണ്ടിൽ നിന്ന് എത്ര രൂപ വകയിരുത്തണമെന്നു കണ്ടു കഴിഞ്ഞാൽ, അത് എത്ര വർഷമാണ് ചെലവാക്കേണ്ടിവരിക എന്നതും വ്യക്തമാക്കേണ്ടതാണ്. ജനകീയ പച്ചക്കറിക്കൃഷി ഒറ്റ വർഷത്തെ പ്രോജക്ടായതിനാൽ ഏതു വർഷമാണ് നടപ്പാക്കുക എന്ന് പ്രോജക്ട് രേഖയിൽ വ്യക്തമാക്കണം. തുടർച്ചയായി നടപ്പിലാക്കുന്നുവെങ്കിൽ ഓരോ വർഷവും ഈയിനത്തിൽ വകയിരുത്തേണ്ട തുക എത്രയെന്നു കാണിക്കണം. നിക്ഷേപത്തിൻെറ സമയക്രമം പ്രത്യേകം ചാർട്ടായി നൽകുകയും വേണം. മാതൃക ചുവടെ കൊടുക്കുന്നു.

പ്രോജക്ടിനു വേണ്ടിയുള്ള മുതൽമുടക്ക് എത്രയെന്ന് കണ്ട് ഈ തുക മുടക്കിയാൽ എന്തു നേട്ടം കിട്ടും? ചെലവിനെക്കാൾ കൂടുതൽ വരവുണ്ടാകുന്ന പ്രോജക്ടുകളേ നടപ്പാക്കാൻ പാടുള്ളു എന്നതാണ് സാമാന്യ നിയമം. എന്നാൽ, ചില പ്രോജക്ടുകളുടെ നേട്ടം പണമായി കണക്കു കൂട്ടാൻ പറ്റില്ലല്ലോ. ഇത്തരം പ്രോജക്ടുകൾ ധനകാര്യവിശകലനത്തിന് വിധേയമാക്കാൻ പരിമിതിയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഒരു യൂണിറ്റ് സേവനം നൽകുന്നതിന് എന്തു ചെലവു വരും എന്ന് വേണമെങ്കിൽ കണക്കാക്കാം. ഉദാഹരണത്തിന്, ആശുപത്രിയിലെ ഒരു കിടക്കയ്ക്ക്, തൊഴിൽദാന പദ്ധതിയിൽ ഒരാളുടെ തൊഴിലിനും, ഷോപ്പിങ്ങ് കോംപ്ലക്സിൽ ഒരു ചതുരശ്ര അടിക്ക് എന്നിങ്ങനെ യൂണിറ്റൊന്നിന് എത്ര ചെലവുവരുമെന്ന് കണക്കാക്കിയാൽ സേവനത്തിൻെറ കാര്യക്ഷമത മനസ്സിലാക്കാം. ഇതുപോലെ തന്നെ, സേവനം നൽകുന്നതിനുള്ള പ്രതിശീർഷ ചെലവ് കണക്കാക്കാനാകും. ഉദാഹരണത്തിന്, ഒരാൾക്ക് കുടിവെള്ളം നൽകുന്നതിന്, ഒരു ഔട്ട്പേഷ്യൻറിന് ചികിത്സ നൽകുന്നതിന് എന്നിങ്ങനെ.

മുകളിൽ പറഞ്ഞ യാഥാർത്ഥ്യം അംഗീകരിക്കുമ്പോൾ തന്നെ, കഴിയുമെങ്കിൽ ഓരോ പ്രോജക്ടിൻെറയും പ്രത്യേകിച്ച് ഉത്പാദന പ്രോജക്ടുകളുടെ ലാഭനഷ്ട സാധ്യതകൾ പണാടിസ്ഥാനത്തിൽ കണക്കാക്കുക തന്നെ വേണം. പ്രോജക്ട് കാലയളവിൽ ഓരോ വർഷവും വിവിധ ഇനങ്ങളിലുണ്ടാവുന്ന വരുമാനവും ചെലവും പട്ടികയായി നൽകണം. ജനകീയ പച്ചക്കറി പദ്ധതിയെ സംബന്ധിച്ചാണെങ്കിൽ ഒരു മാതൃകാ കൃഷിത്തോട്ടം 10 സെൻറോ, 30 സെൻറോ കൃഷിചെയ്യുന്നതിനു വേണ്ടിവരുന്ന ചെലവും വരവും നൽകിയാൽ മതിയാകും. ഇത് താരതമ്യേന എളുപ്പവുമാണ്. എന്നാൽ ദീർഘകാലയളവിലേക്കുള്ള പ്രോജക്ടുകളാണ് നടപ്പാക്കുന്നതെങ്കിൽ പ്രോജക്ട് കാലയളവിലെ ഓരോ വർഷത്തെയും വരവും ചെലവും മതിപ്പു കണക്കാക്കി നൽകുക ശ്രമകരമായിരിക്കും. എന്നാൽ, ഇതു ചെയ്താലേ പ്രോജക്ടിൻെറ ധനകാര്യ ഭദ്രത സംബന്ധിച്ച് കൃത്യമായ നിഗമനത്തിലെത്താൻ പറ്റൂ. ധനകാര്യഭദ്രത അളക്കുന്നതിന് പല സൂചികകൾ ഉപയോഗിക്കാറുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1. ലളിതനേട്ടനിരക്ക് (Simple Rate of Return)
2. തിരിച്ചടവ് കാലം (Payback period)
3. അസൽ വർത്തമാനമൂല്യം (Net Present Value)
4. Benefit Cost Ratio (നേട്ടകോട്ട അനുപാതം)
5. Internal Rate of Return
6. Break Even Point തുടങ്ങിയവ

മുകളിൽ പറഞ്ഞ സൂചികകൾ ഗണിച്ചെടുക്കണമെങ്കിൽ താഴെ കൊടുത്തിരിക്കുന്ന പട്ടികരൂപത്തിൽ വരവുകളും ചെലവുകളും എഴുതിതയ്യാറാക്കണം. ഇത്തരം ഒരു പട്ടികയെയാണ് Cash flow chart എന്നു പറയുന്നത്. Cash flow എന്നാൽപ്രോജക്ടിലെ വർഷംതോറുമുള്ള എല്ലാ വരവും എല്ലാ ചെലവും പെടും. അടുത്ത പേജിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ ഏഴുവർഷം നീണ്ടു നിൽക്കുന്ന ഒരു സാങ്കൽപിക പ്രോജക്ടിൻെറ പ്രതീക്ഷിത ചെലവുകളും പ്രതീക്ഷിത വരവുകളും നൽകിയിരിക്കുന്നു.

പട്ടികയുടെ ആദ്യഭാഗത്ത് ചെലവിനങ്ങളാണ് നൽകിയിരിക്കുന്നത് (A). ഒന്നാംവർഷം സ്ഥിരം നിക്ഷേപമേ ഉള്ളു എന്നും രണ്ടാംവർഷം മുതലാണ് യഥാർത്ഥത്തിൽ പ്രോജക്ട് പ്രവർത്തനം ആരംഭിക്കുന്നതെന്നുമാണ് അനുമാനം. അതിനാൽ പ്രവർത്തനച്ചെലവുകൾ (Operating costs) രണ്ടാം വർഷം മുതലേ കാണിച്ചിട്ടുള്ളു. പട്ടികയുടെ കീഴ്ഭാഗത്ത് വരുമാനം നൽകിയിരിക്കുന്നു (B). മൂന്നാം ഭാഗത്ത് (C) ഓരോ വർഷത്തെയും അസ്സൽ നേട്ടമാണ് നൽകിയിരിക്കുന്നത്. വരുമാനത്തിൽ നിന്ന് ചെലവ് കുറച്ചതാണ് അസ്സൽ നേട്ടം. ഒന്നാം വർഷം വരുമാനമില്ല. ചെലവേയുള്ളു. അതുകൊണ്ട് അസ്സൽ

| | ഇനം | വർഷം | | | | | | |
|---|---|---|---|---|---|---|---|---|
| | | 1998 (Rs) | 1999 (Rs) | 2000 (Rs)) | 2001 (Rs) | 2002 (Rs) | 2003 (Rs) | 2004 (Rs) |
| A | ചെലവ് | | | | | | | |
| | സ്ഥിര നിക്ഷേപം | 1000 | | | | | | |
| | ആവർത്തനചെലവുകൾ: | | | | | | | |
| | വേതനം | - | 160 | 160 | 120 | 120 | 120 | 120 |
| | അസംസ്കൃത പദാർത്ഥങ്ങൾ | - | 120 | 120 | 120 | 120 | 120 | 120 |
| | ഇന്ധനം | - | 80 | 80 | 120 | 120 | 120 | 120 |
| | മറ്റു ചെലവുകൾ | - | 120 | 120 | 120 | 120 | 120 | 120 |
| | പലിശ | - | 100 | 100 | 100 | 100 | 100 | 100 |
| | നികുതി | - | 20 | 20 | 40 | 60 | 60 | 60 |
| | ആകെ | 1000 | 600 | 600 | 620 | 640 | 640 | 640 |
| B | വരവ് | | | | | | | |
| | വിറ്റുവരവ് | - | 720 | 720 | 840 | 940 | 940 | 940 |
| | സബ്സിഡി | - | 40 | 40 | - | - | - | - |
| | പ്രോജക്ട് അവസാനത്തിലുണ്ടാകുന്ന ആസ്തി | - | - | - | - | - | - | - |
| | ആകെ | - | 760 | 760 | 840 | 940 | 940 | 940 |
| C | അസ്സൽ നേട്ടം (ലാഭം/ നഷ്ടം) | -1000 | 160 | 160 | 220 | 300 | 300 | 300 |
| D | വർഷാവസാനത്തിൽ അസ്സൽ നേട്ടത്തിൻെറ നില | -1000 | -840 | -680 | -460 | -190 | +140 | +140 |

നേട്ടം -1000 ആണ്. രണ്ടാം വർഷം പ്രോജക്ട് 160 രൂപ മിച്ചമുണ്ടാക്കി. അത് ക്രമേണ ഉയർന്ന് 5 മുതൽ 7 വരെയുള്ള വർഷങ്ങളിൽ 300 രൂപവരെ എത്തിയിരിക്കുന്നു.

പക്ഷേ, അസ്സൽ നേട്ടത്തിൻെറ തുക എത്രയെന്ന് ഇപ്രകാരം പറഞ്ഞതുകൊണ്ട് പ്രോജക്ടിൻെറ സാമ്പത്തിക ഭദ്രതയെക്കുറിച്ച് ശരിയായൊരു ധാരണ ലഭിക്കണമെന്നില്ല. പ്രോജക്ടിനുവേണ്ടി മുടക്കിയ മൂലധനവുമായി ബന്ധപ്പെടുത്തി ഈ ലാഭത്തെ പരിഗണിക്കുമ്പോൾ മാത്രമേ ശരിയായ ചിത്രം തെളിയൂ. ഇതിന് ഏറ്റവും എളുപ്പമാർഗ്ഗം സാധാരണ ഗതിയിൽ ഒരു വർഷത്തിൽ പ്രോജക്ടിൽ നിന്നുള്ള ലാഭം മുടക്കിയ മൂലധനത്തിൻെറ എത്ര ശതമാനം വരും എന്ന് കണക്കാക്കുകയാണ്. മുകളിൽ കൊടുത്തിട്ടുള്ള ഉദാഹരണത്തിൽ 1000 രൂപയാണ് (ഷെയറായും വായ്പയെടുത്തും) മുതൽ മുടക്കിയിരിക്കുന്നത്. അഞ്ചാം വർഷത്തെ കണക്ക് നോക്കുകയാണെങ്കിൽ, ലളിതനേട്ടനിരക്ക് 300 (അസൽനേട്ടം)+ 100 (പലിശ) ÷1000) = 0.4 ആണ്. അഥവാ 0.40 x 100 = 40% ആണ്.

തിരിച്ചടവ് കാലയളവ് സമ്പ്രദായത്തിൽ, പ്രോജക്ടിനുവേണ്ടിയുള്ള മുതൽ മുടക്ക് ലാഭത്തിലൂടെ തിരിച്ചുകിട്ടാൻ എത്രവർഷം വേണമെന്നാണ് കണക്കാക്കുക. ഉദാഹരണത്തിന്, മുകളിൽ കൊടുത്തിരിക്കുന്ന ഉദാഹരണത്തിൽ 1000 രൂപയാണല്ലൊ മുതൽ മുടക്കിയത്. ഒന്നാം വർഷത്തിൽ തിരിച്ചൊന്നും കിട്ടുന്നില്ല. -1000 ആണ് അസ്സൽ നേട്ടം (പട്ടികയിൽ D ഭാഗം നോക്കുക). എന്നാൽ, രണ്ടും മൂന്നും വർഷം 160 രൂപ വീതം ലാഭമുണ്ടാകുന്നു. അതിൻെറ ഫലമായി നാലാം വർഷാരംഭത്തിൽ 680 രൂപ കിട്ടിയാൽ മുതൽമുടക്ക് പൂർണ്ണമായി തിരിച്ചു കിട്ടും എന്നതാണ് നില. നാലാം വർഷത്തിൽ 220 രൂപ ലാഭം. ഇനി 680 രൂപയേ തിരിച്ചുകിട്ടാനുള്ളു എന്നതാകുന്നു നില. അഞ്ചാം വർഷത്തിൽ 300 രൂപ കൂടിതിരിച്ചു കിട്ടുന്നു. പിന്നെ 160 രൂപകൂടി തിരിച്ചുകിട്ടിയാൽ മതി. ആറാം വർഷത്തോടെ, മുതൽ മുടക്ക് പൂർണമായി തിരിച്ചുകിട്ടുന്നു. 140 രൂപ അധികവുമുണ്ടാകുന്നു. ഈ പ്രോജക്ടിൻെറ തിരിച്ചടവ് കാലയളവ് ആറു വർഷമാണെന്നു പറയാം. സാധാരണ ഗതിയിൽ, നിശ്ചിത തിരിച്ചടവ് കാലമുള്ള

പ്രോജക്ടുകളാണ് കൂടുതൽ അഭികാമ്യമായി കരുതുക.

മുകളിൽ കൊടുത്ത കണക്കുകൂട്ടലുകൾക്ക് ഒരപാകതയുണ്ട്. വിലക്കയറ്റത്തെ പരിഗണിക്കുന്നില്ല. മുടക്കിയ1000 രൂപ, ആറ് വർഷം കൊണ്ട് തിരിച്ചു കിട്ടുമെന്നത് ശരിതന്നെ. എന്നാൽ, ആറാം വർഷം കിട്ടുന്ന 300 രൂപയ്ക്ക് ഇന്നു കിട്ടുന്ന 300 രൂപയുടെ വിലയുണ്ടോ? വ്യക്തികളെ സംബന്ധിച്ചിടത്തോളം വിലക്കയറ്റം കൊണ്ടു മാത്രമല്ല, മറ്റു പല കാരണങ്ങൾ കൊണ്ടും ഇന്നു കൈയിലുള്ള പണത്തിൻെറ മൂല്യം നാളെ കിട്ടുന്ന പണത്തിനുണ്ടാവണമെന്നില്ല. ആയതിനാൽ, നാളെ കിട്ടുന്ന വരുമാനം മുഖവിലയ്ക്കെടുക്കാൻ പാടില്ല. നാളെ കിട്ടുന്ന പണത്തിന് ഇന്നെന്തുവില കിട്ടും എന്ന് കണക്കു കൂട്ടേണ്ടത് ന്യായം മാത്രം. ഭാവിയിൽ ഓരോ വർഷവും കിട്ടുന്ന വരുമാനത്തെ ഒരു നിശ്ചിത ശതമാനത്തിൽ ഡിസ്ക്കൗണ്ട് ചെയ്ത് ഇന്നവയുടെ യഥാർത്ഥ മൂല്യമെത്രയെന്ന് കണക്കാക്കിയാൽ കിട്ടുന്നതാണ് Net Present Value.

അതിലളിതമായ ഒരുദാഹരണത്തിലൂടെ ഈസങ്കല്പനം വ്യക്തമാക്കാം. കൂട്ടുപലിശ സമ്പ്രദായം പരിചിതമാണല്ലൊ. ഒന്നാം വർഷം 100 രൂപയാണ് 8% കൂട്ടുപലിശക്ക് ബാങ്കിലിട്ടതെന്നിരിക്കട്ടെ. ഒന്നാംവർഷാവസാനം 108 രൂപയായി വർധിക്കും (100 + 100 × 8) = 108. രണ്ടാം വർഷാവസാനം അത് 116.6 രൂപയാകും (x 108 ̧ 100 = = 116.6). മൂന്നാം വർഷം 125.9 രൂപയുമാകും ( $\frac{1}{(1+r)^n}$ ) = 125.9. നാലാം വർഷമോ 136 രൂപയാകും. ഇപ്രകാരം കൂട്ടുപലിശ കണക്കാക്കുന്നതിനുള്ള സൂത്രവാക്യവും നമുക്കറിയാം [$F=P(1+r)^n$] എന്നാൽ ഇന്ന് മുതലിറക്കിയിരിക്കുന്ന തുക. F എന്നാൽ അതിൻെറ ഭാവിമൂല്യം. r എന്നാൽ കൂട്ടുപലിശ നിരക്ക്. n എന്നാൽ വർഷം. ഈ കണക്കുകൂട്ടലാണ് താഴെ ചിത്രത്തിൽ കൊടുത്തിരിക്കുന്നത്.




നമ്മുടെ കണക്കു പ്രകാരം ഇന്ന് 100 രൂപ മുടക്കിയാൽ അഞ്ചു വർഷം കഴിയുമ്പോൾ അതിൻെറ മൂല്യം 136 രൂപയാകും. തിരിച്ചുംപറയാമല്ലോ - അഞ്ച് വർഷം കഴിഞ്ഞ് 136 രൂപ കിട്ടിയാലേ ഇന്ന് 100 രൂപ കിട്ടുന്നതിന് സമമാകൂ. ഇത് പോലെതന്നെ ഭാവിയിൽ കിട്ടുന്ന പണവരുമാനത്തിൻെറ ഇന്നത്തെ യഥാർത്ഥമൂല്യം കണക്കാക്കുന്നതിന് സൂത്രവാക്യമുണ്ട്. കൂട്ടുപലിശയുടെ പ്രതിലോമമാണത്.

$$P = F \times \frac{1}{(1+r)^n}$$

ഈ സൂത്രവാക്യമുപയോഗിച്ച് വിവിധ നിരക്കുകളിൽ ഡിസ്ക്കൗണ്ട് ചെയ്യുമ്പോൾ ഓരോ വർഷത്തിലും 1-ൻെറ മൂല്യമെന്തെന്ന് കാണിക്കുന്ന പട്ടികകൾ ലഭ്യമാണ് (ഗുണനപ്പട്ടികകൾ പോലെ). ഈ തോതുകളുപയോഗിച്ച് ഭാവി ലാഭത്തെ ഡിസ്കൗണ്ട് ചെയ്താൽ അതിൻെറ ഇന്നത്തെ യഥാർത്ഥമൂല്യം കിട്ടും.

ഇതൊന്നും കൂടുതൽ വിശദീകരിക്കാൻ ഇവിടെ തുനിയുന്നില്ല. കാരണം, പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുമ്പോൾ, വർഷം തോറുമുള്ള Cash flow chart നൽകണമെന്നല്ലാതെ, Net Present Value, Benefit Cost Ratio, Internal Rate of Return തുടങ്ങിയ തോതുകളൊന്നും ഗണിച്ചെടുക്കണമെന്ന് നിർബന്ധിക്കുന്നില്ല. അവ വിലയിരുത്തൽ സമയത്ത് വിദഗ്ദ്ധർ ചെയ്യും.

എന്നാൽ Pay Back Period പോലെതന്നെ ലളിതമായ മറ്റൊരു സൂചികയാണ് Break Even Point. വ്യവസായ ഉത്പാദക പ്രോജക്ടുകൾക്കാണ് ഈ സൂചിക സാധാരണയായി ഉപയോഗിക്കുക. ടേണോവർ എത്രമാത്രമുണ്ടെങ്കിൽ വ്യവസായശാല ലാഭകരമായി പ്രവർത്തിക്കും എന്നാണ് ഇതിലൂടെ പരിശോധിക്കാൻ ശ്രമിക്കുന്നത്. ഉത്പാദന ശേഷിയുടെ വളരെ ഉയർന്ന ശതമാനം ടേണോവർ ഉണ്ടെങ്കിലേ സ്ഥാപനം ലാഭകരമാവൂ എങ്കിൽ അത്തരം സന്ദർഭങ്ങളിൽ റിസ്ക് കൂടുതലാണെന്ന് പറയേണ്ടതില്ലല്ലൊ. ഏതെങ്കിലും കാരണവശാൽ - പവർകട്ട്, അസംസ്കൃത പദാർത്ഥ ക്ഷാമം എന്നിവയാൽ - ഉത്പാദനം വെട്ടിക്കുറക്കേണ്ടി വന്നാൽ പ്രോജക്ട് അവതാളത്തിലായതു തന്നെ.

Break Even Point -കണ്ടുപിടിക്കണമെങ്കിൽ ഫാക്ടറിയുടെയോ സ്ഥാപനത്തിൻെറയോ പ്രവർത്തനച്ചെലവിനെ (Operational costs), സ്ഥിരം ചെലവ്, അസ്ഥിരചെലവ് എന്നിങ്ങനെ രണ്ടായി തിരിക്കണം. സ്ഥിരചെലവെന്നാൽ, ഉത്പാദനം നടന്നാലും നടന്നില്ലെങ്കിലും അല്ലെങ്കിൽ എത്ര തന്നെ കുറഞ്ഞാലും അനിവാര്യമായി നടത്തേണ്ടിവരുന്ന ചെലവുകളാണ്. ഉദാ. കെട്ടിടവാടക, സ്ഥിരജീവനക്കാരുടെ ശമ്പളം, ഇൻഷ്വറൻസ് തുടങ്ങിയവ. അസ്ഥിരചെലവുകൾ ഉത്പാദനം നടന്നാലേ വേണ്ടിവരൂ. ഉത്പാദനം വർധിക്കുന്ന മുറയ്ക്ക് അവ

ഉയരുകയും ചെയ്യും. ഉദാഹരണത്തിന്, അസംസ്കൃത വസ്തുക്കളുടെ ചെലവ്, ദിവസത്തൊഴിലാളികളുടെ കൂലി, വൈദ്യുതി ചാർജ് തുടങ്ങിയവ. വിറ്റുവരവിനനുസരിച്ച് അസ്ഥിരച്ചെലവുകളിൽ മാറ്റം വരുമെന്നത് വ്യക്തം. എന്നാൽ, പ്രോജക്ട് ലാഭത്തിലാവണമെങ്കിൽ, അസ്ഥിരചെലവ് നടത്തി മിച്ചം വരുന്ന വിറ്റുവരവ് കൊണ്ട് സ്ഥിരം ചെലവുകളും നടത്താൻ കഴിയണം. അസ്ഥിരച്ചെലവ് കഴിച്ചുള്ള മിച്ചം കൂടുന്തോറും പ്രോജക്ട് ലാഭത്തോടടുത്തു കൊണ്ടിരിക്കും. ഉത്പാദന ശേഷിയുടെ എത്ര ശതമാനം ടേണോവർ ആകുമ്പോൾ ഇപ്രകാരം പ്രോജക്ട് ലാഭത്തിലായിത്തീരുമെന്നാണ് Break Even Point സൂചിപ്പിക്കുന്നത്. സൂത്രവാക്യം താഴെ കൊടുക്കുന്നു.

$$BEP = \frac{\text{സ്ഥിരചെലവ്}}{(\text{വിറ്റുവരവ് - അസ്ഥിരചെലവ്})}$$

പഞ്ചായത്ത്, മുനിസിപ്പൽ പദ്ധതിയുണ്ടാക്കുന്നതിനുവേണ്ടി തയ്യാറാക്കുന്ന പ്രോജക്ടുകളിൽ, അവയുടെ വിശദമായ വരവു ചെലവ് കണക്കുകൾ നൽകണമെന്ന് നിർബ്ബന്ധമാണ്. പക്ഷേ, നേരത്തെ പറഞ്ഞതുപോലെ മുതൽമുടക്കിൽ മേൽ ലഭിക്കാവുന്ന വരവുനിരക്ക്, തിരിച്ചടവ് കാലയളവ്, Break Even Point എന്നീ ലളിതമായ വിശകലനങ്ങൾക്കപ്പുറം സാമ്പത്തിക ഭദ്രതാവിശകലനം പോകേണ്ടതില്ല.

## സബ്സിഡി

സബ്സിഡി സംബന്ധിച്ച വ്യക്തതയില്ലായ്മ, ഒന്നാംവർഷപ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ഒട്ടേറെ പ്രായസങ്ങളുണ്ടാക്കുകയുണ്ടായി. ഒരേ ഇനത്തിന് തൊട്ടടുത്ത പഞ്ചായത്തുകൾ വ്യത്യസ്ഥ സബ്സിഡി നിരക്കുകൾ സ്വീകരിക്കുക, ഒരു ന്യായീകരണവുമില്ലാത്ത വിധത്തിൽ വളരെ ഉയർന്ന നിരക്ക് നിശ്ചയിക്കുക. വിവിധ വകുപ്പുകൾ വിവിധ നിരക്കിൽ സബ്സിഡി നൽകുക തുടങ്ങിയ ആശയക്കുഴപ്പം ഉണ്ടാകാനിടയാക്കി. ഇത്തരം പ്രശ്നങ്ങളൊക്കെ രണ്ടാം വർഷപദ്ധതിയിലെ പ്രോജക്ടിൽ ഒഴിവാക്കണം. സബ്സിഡി നിരക്കുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വൈകാതെ അറിയിക്കുന്നതാണ്. ഇനി സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള സബ്സിഡി മാത്രമേ പ്രോജക്ടുകളിൽ വകയിരുത്താൻ പാടുള്ളൂ. പ്ലാൻ ഫണ്ടിൽ നിന്നുള്ള സബ്സിഡിക്കു പുറമേ, പഞ്ചായത്തിൻെറ തനതു ഫണ്ടിൽ നിന്നുള്ള പ്രത്യേക സബ്സിഡി നൽകിയ അനുഭവങ്ങളുണ്ടായിട്ടുണ്ട്. പദ്ധതി വിഹിതവും തനത് ഫണ്ടുമൊക്കെ, പൊതുപണമാണെന്ന ധാരണയിൽ വേണം സബ്സിഡി നിരക്ക് സംബന്ധിച്ച തീരുമാനമെടുക്കാൻ.

ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ഗുണഭോക്തൃ വിഹിതം, സംഭാവന തുടങ്ങിയവ യഥാർത്ഥ്യത്തിലധിഷ്ഠിതമായിരിക്കണം. സഹകരണമേഖലയിൽ നിന്നുള്ള വായ്പകളുടെ സാധ്യത പരമാവധി ഉറപ്പുവരുത്തണം.

ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനും, മേൽനോട്ടചെലവിനും മറ്റ് അനിവാര്യച്ചെലവുകൾക്കും എസ്റ്റിമേറ്റ് തുകയുടെ 5% വരെയുള്ള തുക വകകൊള്ളിക്കാവുന്നതാണ്.

## VII. നേട്ടങ്ങൾ

ധനകാര്യവിശകലനത്തിൽ, പ്രോജക്ടിൽ നിന്നുണ്ടാവുന്ന ലാഭത്തെക്കുറിച്ചുള്ള പ്രാഥമിക വിശകലനം നടത്തിക്കഴിഞ്ഞു. എന്നാൽ, ഈ വിശകലനത്തിൽ പരിഗണിക്കപ്പെടാത്ത മറ്റു പല നേട്ടങ്ങളും ഉണ്ട്. ധനകാര്യവിശകലനത്തിൽ പണമായിട്ടുള്ള വരവും ചെലവും മാത്രമല്ലേ പരിഗണിച്ചിട്ടുള്ളു. സംരംഭകൻെറ സങ്കുചിതമായ നിലപാടിൽ നിന്നുകൊണ്ട് മാത്രമാണ് കാര്യങ്ങളെ വീക്ഷിച്ചിരിക്കുന്നത്. സാമ്പത്തിക ലാഭം ലക്ഷ്യമിടാത്ത പ്രോജക്ടുകളിൽ ഈ ധനകാര്യവിശകലനത്തിന് പ്രസക്തിയില്ല എന്നും കണ്ടു കഴിഞ്ഞു.

സാമൂഹ്യനേട്ടകോട്ട വിശ്ലേഷണത്തിലെ സമഗ്രമായ വിശകലനം പ്രായോഗികമല്ല ആയതിനാൽ പ്രോജക്ടിൻെറ ഫലമായുണ്ടാകുന്ന പ്രത്യക്ഷവും പരോക്ഷവും ഹ്രസ്വകാല ദീർഘകാലനേട്ടകോട്ടങ്ങളെയെല്ലാം പരിശോധിക്കണമെന്നേ നിഷ്കർഷിക്കുന്നുള്ളു. താഴെ പറയുന്നവയാണ് ഇവയ്ക്കുള്ള ചെക്ക് ലിസ്റ്റ്.

1. ആദ്യം പ്രോജക്ടിൻെറ പ്രത്യക്ഷനേട്ടങ്ങൾ പരിശോധിക്കുക. മൂന്ന് കാര്യങ്ങളാണ് പറയേണ്ടത്.

എ. പ്രോജക്ടിൻെറ ഫലമായി ഉത്പാദനത്തിലും വരുമാനത്തിലും എന്തുവർദ്ധനവുണ്ടാകും? ഉത്പാദനക്ഷമതയിൽ വർദ്ധനവുണ്ടാവുമെങ്കിൽ അതെടുത്തു പറയണം.

ബി. എത്രമാത്രം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും? താൽക്കാലികമായി സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങൾ എത്ര? (300 തൊഴിൽ ദിനങ്ങൾ 1 തൊഴിൽ വർഷം) സ്ഥിരമായി സൃഷ്ടിക്കപ്പെടുന്ന തൊഴി

ലവസരങ്ങളെത്ര? തൊഴിലവസരം കുറയുകയാണെങ്കിൽ അത് പ്രത്യേകം എടുത്തു പറയണം.

സി. സേവനങ്ങളുടെ ഗുണനിലവാരത്തെ എത്രമാത്രം സ്വാധീനിക്കും?

2. രണ്ടാമതായി, പ്രോജക്ടിന്റെ പരോക്ഷ നേട്ടങ്ങളെയും, കോട്ടങ്ങളെയും പരിശോധിക്കുക. പരോക്ഷമായ പ്രത്യാഘാതങ്ങൾ, പ്രോജക്ട് നടപ്പാക്കുന്ന പ്രദേശത്തോ, മേഖലയിലോ ഒതുങ്ങണമെന്നില്ല എന്ന് പ്രത്യേകം ഓർമിക്കണം. പ്രോജക്ടിന്റെ ഫലമായി ക്ഷേമം കൂടുമോ? കുറയുമോ? ഏതെങ്കിലും വിഭാഗത്തിന്റെ ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുമോ?

3. മുകളിൽപറഞ്ഞ കാര്യങ്ങൾ പരിശോധിക്കുമ്പോൾ, മൂന്ന് കാര്യങ്ങളെക്കുറിച്ച് പ്രത്യേക പരിഗണനവേണം. അവ, നേട്ടവിശദീകരണത്തിന്റെ അവസാനം, പ്രത്യേക ഉപതലവാചകത്തിൻകീഴിൽ നൽകുകയും വേണം.

എ. ദരിദ്രരെ പട്ടികജാതി/വർഗക്കാരെ എങ്ങനെ ഈ പ്രോജക്ട് സഹായിക്കും? അവരെ കൂടുതൽ ദരിദ്രരാക്കുമോ അതോ അവരുടെ നിലമെച്ചപ്പെടുത്താൻ സഹായിക്കുമോ? അവരെ കൂടുതൽ ദരിദ്രരാക്കാനാണ് സാധ്യതയെങ്കിൽ അതിന് പ്രതിവിധിയെന്ത്?

ബി. സ്ത്രീകളുടെ സാമൂഹ്യ പദവിയെ ഉയർത്തുന്നതിന് എപ്രകാരം സഹായിക്കും? സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിക്കുമോ? ആസ്തികളുടെയും വരുമാനത്തിന്റെയും മേൽ അവരുടെ നിയന്ത്രണം കൂടുമോ? സ്ത്രീകളോടുള്ള വിവേചനം കുറയ്ക്കാൻ സഹായിക്കുമോ? ഇത്യാദി ചോദ്യങ്ങൾക്ക് മറുപടി നൽകണം.

സി. പ്രോജക്ടിന്റെ പരിസ്ഥിതി ആഘാതം വിലയിരുത്തണം. മലിനീകരണം, മണ്ണൊലിപ്പ്, ജൈവശോഷണം, വിഭവശോഷണം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കപ്പെടണം. ദൂഷ്യഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിന് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും വേണം.

ഡി. SC/ST അവർക്കായിത്തന്നെ ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.

## VIII. മോണിട്ടറിംഗ്

പ്രോജക്ടിന്റെ നിർവ്വഹണഘട്ടത്തിൽ ഗുണനിലവാരവും പുരോഗതിയും പരിശോധിക്കുന്ന പ്രക്രിയയാണ് മോണിട്ടറിംഗ് എന്നു പറയുന്നത്

ഒന്നാംവർഷപ്രോജക്ടുകളുടെ നിർവഹണത്തിലെ ഏറ്റവും ദുർബലമായ ഘടകം, മോണിറ്ററിങ്ങ് ആയിരുന്നുവെന്ന് കാണാം. പ്രോജക്ട് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനപ്പുറം, ആനുകൂല്യങ്ങൾ നിർദ്ദിഷ്ട രീതിയിൽ വിനിയോഗിച്ചിട്ടുണ്ടോ, നിർവഹണത്തിൽ തടസ്സങ്ങളുണ്ടായിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളൊന്നും തന്നെ വ്യക്തിഗത ഗുണഭോക്താക്കളുള്ള പ്രോജക്ടുകളുടെ കാര്യത്തിൽ പലേടത്തും നടന്നതായി കാണുന്നില്ല. പ്രോജക്ട് നിർവഹണത്തിനുള്ള തീരുമാനമെടുക്കുന്നതോടൊപ്പം തന്നെ, മോണിറ്ററിംഗിനുള്ള സംവിധാനവും രൂപപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. തുടക്കമെന്ന നിലയിൽ ഇതൊക്കെ ഗുരുതരമായ പ്രശ്നങ്ങളായി കാണേണ്ടതില്ലെങ്കിലും ഇനിയങ്ങോട്ട് അങ്ങനെയായിക്കൂടാ. പ്രൊജക്ട് വിഭാവനം ചെയ്ത രീതിയിൽ തന്നെ മുന്നോട്ടു പോകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം എന്തെന്ന് പ്രൊജക്ട് തയ്യാറാക്കുന്ന ഘട്ടത്തിൽ തന്നെ വ്യക്തമാക്കിയിരിക്കണം. അത് പ്രാജക്ട് രേഖയിൽ പ്രതിപാദിക്കുകയും വേണം.

## പരിശോധനപ്പട്ടിക

പ്രോജക്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷമുണ്ടായ അനുഭവങ്ങൾ കർമ്മസമിതികളെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ സൂചിപ്പിച്ചുവല്ലോ. ഈ പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ആറാം ഘട്ട കൈപ്പുസ്തകത്തിന് രൂപം നൽകിയത്. ഏറ്റവും ഗുരുതരമായ പാളിച്ചകൾ സാങ്കേതിക വിശദീകരണത്തില്ല ധനകാര്യ വിശകലനത്തിലാണ് ഉണ്ടായത്.

പ്രോജക്ട് രേഖയുടെ നാലംഭാഗത്ത് പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന വേളയിലാണ് സാങ്കേതിക കാര്യങ്ങൾ ചർച്ചചെയ്യപ്പെടുന്നത്. പല പ്രോജക്ടുകളിലും പ്രവർത്തനങ്ങൾ ചിട്ടയായി പട്ടികപ്പെടുത്തിയിരുന്നില്ല. പ്രത്യേകിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ. കാലക്രമത്തെക്കുറിച്ച് പരിഗണിച്ചിരുന്നതേയില്ല. നടീൽ വസ്തുക്കളുടെയും മറ്റും ലഭ്യതയേയും ഗുണനിലവാരത്തേയും കുറിച്ച് കൃത്യമായ ധാരണകൾ ഉണ്ടായിരുന്നില്ല. ഇവയൊക്കെ നിർവഹണത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദമായ ഡിസൈനും മറ്റും നിർവഹണത്തിനുമുമ്പ് സാങ്കേതികാനുമതിനേടുന്ന ഘട്ടത്തിൽ മതിയെന്ന് പറഞ്ഞിരുന്നുവെന്നത് ശരി

യാണ്. എന്നാൽ ഗൗരവപൂർണമായ സാങ്കേതിക മായ വിശകലനം ഇല്ലാതെയാണ് പല പ്രോജക്ടു കളും രൂപം കൊള്ളുന്നത്. ഇവയൊക്കെ വിലയി രുത്തൽഘട്ടത്തിലോ നിർവഹണഘട്ടത്തിലോ തി രുത്തേണ്ടതായിവന്നു.

വിശദമായ സാങ്കേതിക പരിശോധന നടത്താത്തത് സാമ്പത്തിക വിശകലനത്തെ പ്രതി കൂലമായി ബാധിച്ചു. ഏതെങ്കിലും ഒരു സ്റ്റാൻ ഡേർഡ് മാനദണ്ഡം കൊണ്ട് യൂണിറ്റുകളെ ഗുണി ച്ച് മൊത്ത ചെലവ് എത്രയെന്ന് കണക്കാക്കുന്ന രീതി ഒട്ടും ആശാസ്യമല്ല. പ്രോജക്ടുകളടെ ധനാ ഗമ മാർഗങ്ങളും യാഥാർത്ഥ്യബോധത്തോടെയല്ല പലപ്പോഴും തയ്യാറാക്കിയിരുന്നത്. വിവിധ ധനാ ഗമമാർഗ്ഗങ്ങളുടെ മതിപ്പുകണക്കു തയ്യാറാ ക്കുന്നതിലെ പാളിച്ചകൾ ഇതിനു മുമ്പ് വിശദമാ യി സൂചിപ്പിച്ചിട്ടുള്ളതാണല്ലോ?.

പ്രോജക്ടുകളുടെ സംഘാടനം മോ ണിറ്ററിംഗ് എന്നീ ഭാഗങ്ങളിലെ അവ്യക്തത നിർ വഹണത്തെ കൂടുതൽ ക്ലിഷ്ടമാക്കി. ഇതിനു പുറ മേ പുതിയ പ്രവൃത്തി ചട്ടങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പുചട്ടങ്ങളും പ്രോജക്ടുകൾ തയ്യാറാ ക്കിയതിനുശേഷമാണ് രൂപം കൊണ്ടത്.

ഒരു പ്രോജക്ട് തയ്യാറാക്കിയാൽ അതിലുൾ പ്പെടുത്തേണ്ട ഘടകങ്ങളെല്ലാമുണ്ടോയെന്ന് പരി ശോധിക്കുന്നതിനു സഹായകമായ ഒരു പരിശോ ധനപട്ടിക ഈ അദ്ധ്യായത്തിനു ഉപസംഹാരമായി നൽകട്ടെ. ഇതൊരു സാമാന്യപരിശോധനാപ്പട്ടിക മാത്രമാണെന്ന് ധരിക്കുക. ഓരാ മേഖലയ്ക്കും പ്ര ത്യേകതകൾ അനിവാര്യമായും ഉണ്ടാകും.

## I. ആമുഖം

1. പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ അധികാരപരിധിയിൽ ഉൾപ്പെട്ടതാണോ? ഗ്രാ മസഭയിലോ വികസനറിപ്പോർട്ടിലോ ഈ നിർദ്ദേശം ഉയർന്നിരുന്നോ? കഴിഞ്ഞ വർഷ പദ്ധതിയുമായി തുടർ ബന്ധമുണ്ടോ?
2. ആവശ്യവും പ്രസക്തിയും സാധ്യതയും വ്യ ക്തമാക്കിയിട്ടുണ്ടോ?
3. ഇതിനുപോൽബലകമായി സ്ഥിതിവിവരക്ക ണക്കുകൾ നൽകിയിട്ടുണ്ടോ?
4. പൊതുവിഭാഗം എസ്.സി.പി., ടി.എസ്.പി ഇതിലേതിനത്തിലാണ് എന്ന് വ്യക്തമാക്കി യിട്ടുണ്ടോ? ഏതു വികസന ഉപമേഖലയിൽ ഉൾപ്പെടും എന്ന് സൂചിപ്പിച്ചിട്ടുണ്ടോ?
5. ഏതെങ്കിലും സമഗ്രപരിപാടിയുടെ ഭാഗമാ ണോ?

## II. ലക്ഷ്യം

1. ആമുഖത്തിലെ പ്രശ്നങ്ങൾക്ക് അനുഗുണമാ ണോ ലക്ഷ്യങ്ങൾ
2. ലക്ഷ്യങ്ങൾ പരിമാണാത്മകമായാണോ നിർ വചിച്ചിരിക്കുന്നത്? ഇനങ്ങളും യൂണിറ്റുകളും അനുബന്ധമായി നൽകിയിരിക്കുന്നവത ന്നെയാണോ?

## III. ഗുണഭോക്താക്കൾ

1. ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമായിട്ടു ണ്ടോ?
2. മാനദണ്ഡങ്ങൾ നീതിപൂർവ്വകവും വ്യക്തവും സുതാര്യവുമാണോ?
3. അവയുടെ അടിസ്ഥാനത്തിൽ ഗ്രാമസഭയിൽ വെച്ച് തെരഞ്ഞെടുപ്പ് നടത്താനാവുമോ?
4. ഗുണഭോക്തൃ പ്രദേശത്തിന്റെ തെരഞ്ഞെടു പ്പ് മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ടോ?
5. എസ്.സി.പി., ടി.എസ്.പി. പ്രോജക്ടുകളിൽ ഗുണഭോക്തൃ മാനദണ്ഡങ്ങൾ ഉറപ്പാക്കിയി ട്ടുണ്ടോ? ഗുണഭോക്തൃ പ്രദേശത്തിന്റെ 51% ഈ വിഭാഗത്തിൽ പെടുമെന്നതിന് തെളിവു കൾ നൽകിയിട്ടുണ്ടോ?
6. സ്ത്രീകൾക്കു പ്രത്യേകപരിഗണന ഉറപ്പു വരുത്തിയിട്ടുണ്ടോ?

## IV. പ്രവർത്തനങ്ങൾ

1. പ്രോജക്ടിലെ എല്ലാ പ്രവർത്തനങ്ങളും പട്ടി കപ്പെടുത്തിയിട്ടുണ്ടോ?
2. മുൻപിൻ ബന്ധങ്ങൾ ഉറപ്പുവരുത്തിയിട്ടു ണ്ടോ?
3. ഓരോ പ്രവർത്തനത്തിന്റെയും സാങ്കേതി കവശം വ്യക്തമാക്കിയിട്ടുണ്ടോ?
4. പ്രവർത്തനങ്ങളുടെ കാലഗണന ശരിയാ ണോ? പ്രവർത്തനകലണ്ടർ നൽകിയിട്ടു ണ്ടോ?
5. നിർമ്മാണപ്രവർത്തനങ്ങളുടെയും മറ്റും സ്കെച്ചും പ്ലാനും ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇവയിൽ പ്രാദേശിക പരിഗണന കണക്കി ലെടുത്തിട്ടുണ്ടോ?
6. ടൈപ്പ് ഡിസൈനും മറ്റുമാണോ ഉപയോഗ് പ്പെടുത്തുന്ന ത്?

7. ഏതെങ്കിലും വിശദമായ സാങ്കേതിക പരിശോധന പ്രോജക്ട് നടപ്പാക്കുന്നതിനു മുമ്പ് വേണമെങ്കിൽ അത് വ്യക്തമായിട്ടുണ്ടോ?

## V. സംഘാടനം

1. പരമാവധി പങ്കാളിത്തം ഉറപ്പ് വരുത്തുന്ന രീതിയിലാണോ സംഘാടനം?

2. ഗുണഭോക്തൃ കമ്മിറ്റി വഴി നടപ്പാക്കുന്നതാണോ പ്രോജക്ട്? എങ്കിൽ സമിതിയുടെ ഘടനയും ചുമതലയും വ്യക്തമാക്കിയിട്ടുണ്ടോ?

3. വിവിധ ഏജൻസികൾ ഒത്തൊരുമിച്ച് നടപ്പാക്കേണ്ട പ്രോജക്ടാണെങ്കിൽ ഓരോ ഏജൻസിയുടേയും ചുമതലകളും പരസ്പര ബന്ധവും വ്യക്തമാക്കിയിട്ടുണ്ടോ?

4. സംഘാടനത്തിലെ സുതാര്യത ഉറപ്പുവരുത്തിയിട്ടുണ്ടോ?

## VI. ധനകാര്യവിശകലനം

1. പ്രോജക്ടിനാവശ്യമായ മൊത്തം നിക്ഷേപവും അതിനുവേണ്ടുന്ന സംസ്ഥാന പദ്ധതിവിഹിതവും മറ്റു സ്രോതസുകളും വ്യക്തമാക്കിയിട്ടുണ്ടോ?

2. ദീർഘകാല പ്രോജക്ടാണെങ്കിൽ അടുത്ത വാർഷിക പദ്ധതിയിൽ വേണ്ടിവരുന്ന തുക പ്രത്യേകമെടുത്ത് കാണിച്ചിട്ടുണ്ടോ?

3. വായ്പാ സാധ്യതകളെ പ്രയോജനപ്പെടുത്താൻശ്രമിച്ചിട്ടുണ്ടോ? വായ്പാ ഏജൻസികളുമായി ഇതു സംബന്ധിച്ച് ചർച്ച ചെയ്യുകയോ പിന്തുണ ഉറപ്പാക്കുകകയോ ചെയ്തിട്ടുണ്ടോ?

4. സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ടുകളുപയോഗിക്കുന്നുണ്ടെങ്കിൽ അവയുടെ മാനദണ്ഡങ്ങൾക്കനുയോജ്യമാണോ പ്രോജക്ട്?

5. സബ്സിഡി നിരക്കുകൾ അനുവദനീയ പരിധി ലംഘിച്ചിട്ടുണ്ടോ?

6. സന്നദ്ധസേവനവും സംഭാവനയും പെരുപ്പിച്ചു കാണിച്ചിട്ടുണ്ടോ? ഗുണഭോക്തൃവിഹിതം അതിശയോക്തിപരമാണോ?

7. ഉത്പാദന പ്രോജക്ടുകൾക്ക് ക്യാഷ് ഫ്ളോ ചാർട്ട് നൽകിയിട്ടുണ്ടോ? ക്ഷേമപ്രോജക്ടുകൾക്കം മറ്റും യൂണിറ്റ് കോസ്റ്റ് നൽകിയിട്ടുണ്ടോ? വരുമാനവും ചെലവും യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതാണോ?

## VII. നേട്ടങ്ങൾ

1. പ്രത്യക്ഷ നേട്ടങ്ങൾ വിശദീകരിച്ചിട്ടുണ്ടോ?
2. പരോക്ഷനേട്ടകോട്ടങ്ങൾ വിശദീകരിച്ചിട്ടുണ്ടോ?
3. സ്ത്രീ പരിഗണന വ്യക്തമാക്കിയിട്ടുണ്ടോ?
4. ദുർബലവിഭാഗപരിഗണന പരാമർശ വിഷയമായിട്ടുണ്ടോ?
5. പരിസ്ഥിതി ആഘാതപട്ടിക തയ്യാറാക്കുന്നതിന് ശ്രമിച്ചിട്ടുണ്ടോ?

## VIII. മോണിറ്ററിംഗ്

1. പ്രോജക്ടിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനമുണ്ടോ? അതോ, പൊതുവായിട്ടുള്ള മോണിറ്ററിംഗ് സംവിധാനത്തിലൂടെയാണോ നിർവഹിക്കപ്പെടുന്നത്?
2. മോണിറ്ററിംഗ് സമിതിയുടെ ഘടനയും ചുമതലയും വ്യക്തമാക്കിയിട്ടുണ്ടോ? നിരന്തരമായ സോഷ്യൽ ഓഡിറ്റിംഗും ജനങ്ങളുടെ പരിശോധനയും ഉറപ്പാക്കുന്നതിന് എന്തുസംവിധാനമാണ് ഏർപ്പാടു ചെയ്യുന്നത്?
3. മോണിറ്ററിംഗ് സംവിധാനവും സാധാരണഗതിയിലുള്ള ഔദ്യോഗികമായ മേൽനോട്ടവും (ഉദാഹരണത്തിന് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സൂപ്പർ വിഷൻ, മെഷർമെൻറ്, ചെക്ക് മെഷർമെൻറ് തുടങ്ങിയവ) തമ്മിലുള്ള ബന്ധം വ്യക്തമാക്കിയിട്ടുണ്ടോ?

അധ്യായം 6

# ഗ്രാമസഭകളും വാർഡുകൺവെൻഷനുകളും

ഗ്രാമസഭകൾ ജനകീയാസൂത്രണത്തിന്റെ സൃഷ്ടിയല്ല. 73,74 ഭരണഘടനാഭേദഗതികളിലൂടെയാണ് ഇന്ത്യയിലെ ഭരണസംവിധാനത്തിന്റെ ഏറ്റവും താഴെത്തട്ടിലെ അനിവാര്യ ഭരണതലമായി അവ രൂപംകൊണ്ടത്. ഭരണഘടനയുടെ 243-ാം വകുപ്പ് പ്രകാരം ഗ്രാമസഭ "ഗ്രാമത്തിലെ മുഴുവൻ വോട്ടർമാർ ഉൾക്കൊള്ളുന്നതും ഗ്രാമതലത്തിൽ പ്രവർത്തിക്കുന്നതുമായ" സഭയായി നിർവചിച്ചിരുക്കുന്നു. കേരളത്തിലെ പഞ്ചായത്തീരാജ് നിയമപ്രകാരം ഓരോ വാർഡിലേയും മുഴുവൻ വോട്ടർമാരുടെയും സഭയാണ് ഗ്രാമസഭ. എന്നാൽ വാർഡുകളിലെ വോട്ടർമാരുടെ ബാഹുല്യവും ആവാസ സമ്പ്രദായത്തിലെ പ്രത്യേകതകളുംമൂലം ഗ്രാമസഭകൾ കേരളത്തിൽ പ്രായോഗികമായിരിക്കില്ല എന്ന മനോഭാവമാണ് പരക്കെനിലവിലുണ്ടായിരുന്നത്. ഈയൊരു സ്ഥിതിവിശേഷത്തിന് വിരാമമിട്ടു എന്നതാണ് ജനകീയാസൂത്രണത്തിന്റെ സംഭാവന. പ്രായോഗികമായും ഫലപ്രദമായും ഗ്രാമസഭകൾ എങ്ങനെ സംഘടിപ്പിക്കാമെന്നത് പ്രവർത്തിപഥത്തിൽ കൊണ്ടുവന്നത് ജനകീയാസൂത്രണത്തിലൂടെയാണ്. അതിനായി രൂപംനല്കിയ ഗ്രൂപ്പുതിരിഞ്ഞുള്ള ചർച്ചകൾ പോലുള്ള ചിട്ടകൾ ഇന്ന് ഔദ്യോഗിക ചട്ടങ്ങളുടെ ഭാഗമായിട്ടുണ്ട്.

ഗ്രാമസഭകളുടെ അധികാരങ്ങളും അവ സംബന്ധിച്ചുള്ള വിശദീകരണങ്ങളും ഒന്നാംഘട്ട പരിശീലനകൈപ്പുസ്തകത്തിൽ വിശദമായി നല്കിയിരിന്നു. അവയെല്ലാം ഇവിടെ ആവർത്തിക്കാൻ മുതിരുന്നില്ല. വാർഡിനെസംബന്ധിച്ച് മുൻവർഷ വികസനപരിപാടികളെയും നടപ്പുവർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്നവയെയും കുറിച്ചുള്ള റിപ്പോർട്ടും വാർഷികതുകകളുടെ സ്റ്റേറ്റ്മെൻറും ഗ്രാമസഭയ്ക്കുമുമ്പാകെ വയ്ക്കുവാൻ ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥമാണ്. ഗ്രാമസഭകളുടെ ശുപാർശകൾക്ക് ഗ്രാമ,ബ്ലോക്ക്,ജില്ലാപഞ്ചായത്തുകൾ അർഹമായപരിഗണനനല്കേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. ഗ്രാമസഭയുടെ ഏതെങ്കിലുമൊരു തീരുമാനം നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണം ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആസൂത്രണപ്രക്രിയയിൽ ഗ്രാമസഭകളുടെ പങ്കിനെപ്പറ്റി നിയമത്തിൽപ്രത്യേകമെടുത്തുപറയുന്നുണ്ട്. ഗ്രാമത്തിന്റെ വികസനപദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും സഹായം നല്കുക, അവയുടെ മേൽനോട്ടത്തിന് നേതൃത്വം നൽകുക, ശ്രമദാനവും സംഭാവനയും സമാഹരിക്കുക, ഗുണഭോക്താക്കളെ നിശ്ചയിക്കുക, നിർവ്വഹണത്തിനു സഹായിക്കുക എന്നീ കാര്യങ്ങളിൽ നിയമപ്രകാരം ഗ്രാമസഭകൾക്ക് അധികാരമുണ്ട്.

കേരളാ മുൻസിപ്പാലിറ്റി നിയമപ്രകാരം മുൻസിപ്പാലിറ്റിയിലെ ഓരോ വാർഡിലും, നോമിനേറ്റ് ചെയ്യപ്പെടുന്ന പരമാവധി അമ്പതുപേരുള്ള വാർഡ് കമ്മിറ്റിയാണുള്ളത്. എന്നാൽ ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായുള്ള ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ നടത്തുന്നത് ബഹുഭൂരിപക്ഷം മുനിസിപ്പാലിറ്റി വാർഡ് സഭകൾ വഴിയായിരുന്നു. ഗ്രാമസഭകൾക്ക് സമാനമായിത്തന്നെ മുനിസിപ്പൽ വാർഡ്സഭകൾക്കും കാര്യക്ഷമവും ഫലപ്രദവുമായി പ്രവർത്തിക്കാൻ കഴിയുമെന്നുള്ളത് കേരളത്തിൽ വാർഡ് സഭകളുടെ പ്രസക്തിയും സാധ്യതകളും വിളിച്ചോതുന്നു. വർഡു സഭകൾക്ക് ഭാവിയിൽ നിയമപ്രാബല്യം ഉണ്ടാകുമെന്നും പ്രതീക്ഷയുണ്ട്. ഈ അദ്ധ്യായത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ സൗകര്യത്തിനായി ഗ്രാമസഭകളെകുറിച്ചാണ് പ്രതിപാദിക്കുന്നത്. എന്നാൽ ഇവയൊക്കെ മുൻസിപ്പൽ വാർഡുസഭകൾക്കും ബാധകമായിരിക്കും.

ജനകീയാസൂത്രണപ്രസ്ഥാനവുമായി ബന്ധപ്പെട്ട് മൂന്നു ഗ്രാമസഭകളാണ് ഇതുവരെ നടന്നിട്ടുള്ളത്. അവയ്ക്ക് ഓരോന്നിനും സാധാരണഗതിയിലുള്ള നടപടിക്രമങ്ങൾക്കുപുറമേ ചില പ്രത്യേക ചുമതലകളും നിർവഹിക്കാനുണ്ടായിരുന്നു. 1997-98ലെ പദ്ധതി ആസുത്രണത്തിനായുള്ള വിശേഷാൽ ഗ്രാമസഭകളിലൂടെയാണ് അതിനുള്ള തുടക്കമിട്ടത്. അതാതു വാർഡുകളിലെ

വികസന പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക, വാർഡു തലത്തിൽ ചർച്ചകളിലൂടെ രൂപപ്പെടുത്താവുന്ന കണക്കുകളും സ്ഥിതിവിവരങ്ങളും തയ്യാറാക്കുക, പ്രശ്നങ്ങൾക്കുള്ള പരിഹാരനിർദ്ദേശങ്ങളും പുതിയ വിഭവ-വിനിയോഗ സാധ്യതകളും അവയുടെ മുൻഗണനകളും നിർദ്ദേശിക്കുക. ഇതിൻെറയൊക്കെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണത്തിന് തുടക്കംകുറിക്കുക എന്നതായിരുന്നു ലക്ഷ്യം. സംഘാടകർക്കും സാധാരണ ജനങ്ങൾക്കും ഇതൊരു പുതിയ അനുഭവമായിരുന്നു. ഗ്രാമസഭയുടെ പ്രായോഗികതയെപ്പറ്റി വ്യാപകമായി ഉണ്ടായിരുന്ന ആശങ്കകൾ ദൂരീകരിക്കുന്നതായിരുന്നു അത്.

ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ വാർഷികപദ്ധതി ചർച്ചചെയ്യുകയായിരുന്നു രണ്ടാമത്തെ," നിർവഹണത്തിനായുള്ള ഗ്രാമസഭ"യുടെ മുഖ്യലക്ഷ്യം. പഞ്ചായത്തിനെ അടിസ്ഥാന വികസന യൂണിറ്റായികണ്ട് വികസനപ്രവർത്തനങ്ങളെ വിലയിരുത്തുന്നതിലും, അവയുടെ നടത്തിപ്പ്, മോണിറ്ററിങ് എന്നിവയ്ക്കായി രൂപീകരിക്കുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിലും ഈ ഗ്രാമസഭകൾ വിജയിച്ചതായാണ് കാണുന്നത്.

മൂന്നാമതായി നടന്ന "ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായുള്ള ഗ്രാമസഭ"കൾ ഈ പ്രസ്ഥാനത്തിൻെറ സാധ്യതയെ അരക്കിട്ടുറപ്പിക്കുന്നു. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ ഗ്രാമസഭകൾ കാണിച്ച ഉത്തരവാദിത്തം ശ്രദ്ധേയമാണ്. ഒറ്റപ്പെട്ട ചില പോരായ്മകൾ കാണാമെങ്കിലും ഗ്രാമസഭാനുഭവങ്ങൾ ജനങ്ങൾക്ക് വമ്പിച്ച പ്രതീക്ഷയും ആവേശവും ഉളവാക്കുന്നതാണ്. ഭരണത്തിൽ നിന്നുള്ള ജനങ്ങളുടെ അന്യവത്ക്കരണം പരമാവധി കുറയ്ക്കാൻ സാധ്യതകൾ തുറന്നിരിക്കുന്നു. കക്ഷി-രാഷ്ട്രീയത്തിനും മറ്റ് വിഭാഗീയതകൾക്കും അതീതവും ജനങ്ങളുടെ കൂട്ടായ്മയിൽ അധിഷ്ഠിതവുമായ ഒരു പുതിയ വികസനസംസ്കാരം കേരളത്തിൽ ഉടലെടുത്തിരിക്കുന്നു.

### അനുഭവപാഠങ്ങൾ

രണ്ടാം വാർഷികപദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഗ്രാമസഭകളിലൂടെ കഴിഞ്ഞവർഷത്തെ പോരായ്മകൾ നികത്തി ഗ്രാമസഭകളെ കേരളീയ സാമൂഹികജീവിതത്തിൻെറ ഒരടിസ്ഥാനഘടകമായിമാറ്റാൻ നമുക്കു കഴിയും. ഈയൊരു കാഴ്ചപ്പാടിലൂടെയാണ് ഒന്നാംവർഷത്തെ ചില അനുഭവപാഠങ്ങളെ പരിശോധിക്കുന്നത്.

### പങ്കാളിത്തം

പുതിയപഞ്ചായത്തുകൾ അധികാരമേറ്റതിനുശേഷം 1996 മാർച്ചിൽ നടന്ന ഗ്രാമസഭകളിൽ ഭൂരിപക്ഷത്തിലും കഷ്ടിച്ചു കോറത്തിനുള്ള ആളുകളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ജനകീയാസൂത്രണത്തിൻെറ ഭാഗമായി സെപ്തംബർ-ഒക്ടോബർ മാസങ്ങളിലായി നടന്ന ഒന്നാം ഗ്രാമസഭകളിൽ അതിൻെറ നാലുമടങ്ങോളം ആളുകൾ പങ്കെടുക്കുകയുണ്ടായി.മൊത്തം ഏതാണ്ട് 27 ലക്ഷം പേർ എന്നാണ് മതിപ്പുകണക്ക്. ഇതിൽ അഭിമാനിക്കുമ്പോൾത്തന്നെ പങ്കെടുക്കേണ്ട വോട്ടർമാരുടെ മഹാഭൂരിപക്ഷവും ഈ യോഗങ്ങളിൽ പങ്കെടുത്തിട്ടില്ല എന്ന യഥാർത്ഥ്യം അംഗീകരിക്കേണ്ടതുണ്ട്. ആയിരത്തിലേറെപ്പേർ പങ്കെടുത്തഗ്രാമസഭകൾ മുതൽ കഷ്ടിച്ച് കോറത്തിൽ നടന്ന ഗ്രാമസഭകൾ വരെയുണ്ട്. പഞ്ചായത്തുകൾതമ്മിൽ ഗ്രാമസഭാ പങ്കാളിത്തത്തിലുള്ള ഈ വ്യത്യാസത്തെ മുഖ്യമായും മൂന്നു ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാനാകും.

1. നഗരവത്കരണം 2. ജനപ്രതിനിധികളുടെ താല്പര്യം 3. പ്രചാരണം. എവിടെയെല്ലാം മാർഗനിർദ്ദേശങ്ങൾക്കനുസരണമായി ചിട്ടയായ പ്രവർത്തനങ്ങളും സംഘാടനവും നടന്നുവോ അവിടെങ്ങളിലെല്ലാം താരതമ്യേന ഉയർന്നപങ്കാളിത്തം ഗ്രാമസഭകളിലുണ്ടായിരുന്നു. ഏറ്റവും പ്രധാനപ്പെട്ടത് വീടുകയറിയുള്ള സ്ക്വാഡുപ്രവർത്തനം തന്നെയായിരുന്നു. പ്രചാണ പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതാണ് നിർവഹണത്തിനായി ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ പങ്കാളിത്തം ഉയരാതിരുന്നതിന് കാരണം. തെരഞ്ഞെടുപ്പുകാലത്തെ ബഹളങ്ങൾ ജനകീയാസൂത്രണത്തിൽ നിന്ന് താത്കാലികമായെങ്കിലും ജനങ്ങളുടെ ശ്രദ്ധ അകറ്റിയിട്ടുണ്ട്. ഇതിനെ മറികടക്കാനുതകുന്നവിധം അതിവിപുലമായ പ്രചാരണപ്രവർത്തനങ്ങൾ മാർച്ച്- ഏപ്രിൽ മാസങ്ങളിൽ സംഘടിപ്പിക്കേണ്ടതുണ്ട്.

### ദുർബലവിഭാഗങ്ങളുടെ പങ്കാളിത്തം

ആസൂത്രണഗ്രാമസഭകളിൽ പങ്കെടുത്തവരിൽ പട്ടികജാതി; പട്ടികവർഗക്കാർ 2.7 ശതമാനമേ ഉണ്ടായിരുന്നുള്ളൂ. പ്രത്യേകഘടകപദ്ധതിയുടെ സിംഹഭാഗവും താഴെത്തട്ടിലാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്നും അതിൻെറ ഗുണഭോക്താക്കളായ തങ്ങൾക്കാണ് ഇതിൻെറ അവകാശമെന്നും ഈ ജനവിഭാഗങ്ങളെ വേണ്ടവണ്ണം ബോധ്യപ്പെടുത്താൻ കഴിയാതിരുന്നതുമൂലമാണ് ഈ

ദൗർബല്യം. ഇതിനുപരിഹാരമായി കർഷകത്തൊഴിലാളി യൂണിയനുകളെയും പട്ടികജാതി-പട്ടികവർഗക്ഷേമത്തിൽ താല്പര്യമുള്ള മറ്റ് സംഘടനകളെയും വ്യക്തികളെയും മുൻകൂട്ടി ബന്ധപ്പെടുന്നതിൽ ശ്രദ്ധനല്കണം.

### സ്ത്രീപങ്കാളിത്തം

ഗ്രാമസഭകളിൽ പങ്കെടുത്തവരിൽ നാലിലൊന്നേ സ്ത്രീകൾവരൂ. മൊത്തം ജനപങ്കാളിത്തത്തിൽ പഞ്ചായത്തുകൾ തമ്മിലുള്ള അന്തരത്തെക്കാൾ വളരെക്കൂടുതലാണ് സ്ത്രീ പങ്കാളിത്തത്തിലുള്ള അന്തരം. ഇതുകാണിക്കുന്നത് സ്ത്രീകളെ പങ്കെടുപ്പിക്കുന്നതിൽ പ്രത്യേകശ്രദ്ധപതിപ്പിക്കേണ്ടതിൻെറ അവശ്യകതയാണ്. എവിടെയെല്ലാം ഇത്തരമൊരുപരിഗണന നല്കിയിട്ടുണ്ടോ അവിടെങ്ങളിലെല്ലാം സ്ത്രീപങ്കാളിത്തം കൂടുതലായിരുന്നു. പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകൾ ഗ്രാമഭകളിൽ പങ്കെടുത്ത പ്രദേശങ്ങളുമുണ്ട്. മഹിളാസംഘടനകളെയും അങ്കണവാടി പ്രവർത്തകരെയും സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് രംഗത്തിറക്കാൻ കഴിയണം.

### ഇടത്തരക്കാരുടെ പങ്കാളിത്തം

ആസൂത്രണഗ്രാമസഭകളെ അപേക്ഷിച്ച് പിന്നീടു നടന്ന രണ്ടു ഗ്രാമസഭകളിലും ഇടത്തരക്കാരുടെപങ്കാളിത്തം ഗണ്യമായികുറയുകയുണ്ടായി. ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരാണ് ഗ്രാമസഭകളിൽ പങ്കെടുക്കുന്നത്. വോട്ടവകാശ വിനിയോഗം പോലെതന്നെ ഒരു പൗരധർമ്മമാണ് ഗ്രാമസഭയെന്ന ബോധം കൂടുതൽ വ്യാപകമാകേണ്ടതുണ്ട്. അഭ്യസ്തവിദ്യരെയും മറ്റും ഗ്രാമസഭകളിലേയ്ക്ക് ആകർഷിക്കാനുതകുംവിധം പരിപാടികൾ ആവിഷ്കരിക്കണം.വിവിധ ഗ്രൂപ്പുകളുടെ അധ്യക്ഷരായും മറ്റും വിദഗ്ധരെ മുൻകൂട്ടിതീരുമാനിച്ചു ക്ഷണിക്കുന്നത് ഇതിനുസഹായകരമായേക്കും. ഓരോ വിഷയഗ്രൂപ്പിലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിലെ ഏതെങ്കിലുമൊരുദ്യോഗസ്ഥൻ പങ്കെടുക്കുമെന്നുറപ്പുവരുത്തുന്നത് നിന്നായിരിക്കും.

### യുവജനപങ്കാളിത്തം

ഗ്രാമസഭകളിൽ, പ്രത്യേകിച്ച് നിർവഹണവും ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ പ്രായപരിശോധന ഒരുകാര്യം വെളിപ്പെടുത്തി. പതിനെട്ടു വയസ്സിൽ വോട്ടവകാശമുണ്ടെങ്കിലും 30 ൽ താഴെ പ്രായമുള്ള യുവതീയുവാക്കളുടെ പങ്കാളിത്തം ഗ്രാമസഭകളിൽ പൊതുവെ കുറവായിരുന്നു. സർവ്വകലാശാല വിദ്യാർത്ഥികളെയും തൊഴിലില്ലാത്ത യുവതീ യുവാക്കളെയും കൂടുതൽ സജീവമായി രംഗത്തിറക്കിയേതീരൂ.ഇതിനായി വിദ്യാർത്ഥിയുവജന സംഘടനകളുടെ യോഗങ്ങൾ മുന്നൊരുക്കത്തിൻെറ ഭാഗമായി വിളിച്ചുചേർക്കണ്ടതാണ്.

### അയൽക്കൂട്ടം.

കേരളത്തിലെ 60 ഓളം പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്കും താഴെ 50-60 വീടുകളുടെ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സജീവമായി പ്രവർത്തിക്കുന്നു. ഇന്നിപ്പോൾ പദ്ധതിനിർവഹണത്തിൻെറ ഭാഗമായി ഗുണഭോക്താക്കളുടെ അയൽക്കൂട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ദാരിദ്ര നിർമ്മാർജ്ജന പരിപാടികളുടെ ഭാഗമായും അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ പരിപാടിയുണ്ട്.അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകളിൽ ഗ്രാമസഭകളുടെ പങ്കാളിത്തം മറ്റ് പഞ്ചായത്തുകളേക്കാൾ വളരെ ഉയർന്നതായിരുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. എണ്ണം കൊണ്ടു മാത്രമല്ല, ചർച്ചകളുടെ ഉള്ളടക്കത്തിൻെറ കാര്യത്തിലും അയൽക്കൂട്ടമുള്ള പഞ്ചായത്തുകൾ വളരെ മുന്നിലാണ്. ഗ്രാമസഭകളുടെ മുന്നോടിയായി അയൽക്കൂട്ടങ്ങൾ ചേരുന്നത് ഫലപ്രദമായിരിക്കും.

### ചർച്ചകൾ

പല ഗ്രാമസഭകളിലും ചർച്ചകൾ വേണ്ടത്ര ഗുണനിലവാരം പുലർത്തിയില്ല എന്നത് ഒരു ന്യൂനതയായിരുന്നു. ആവശ്യങ്ങൾ ഉയർത്തുകയല്ലാതെ പ്രശ്നങ്ങൾ വിശകലനം ചെയ്യാൻ പലയിടത്തും കഴിഞ്ഞിട്ടില്ല. ഇതിനൊരു പ്രധാനപ്പെട്ട കാരണം വേണ്ടത്ര മുന്നൊരുക്കം ഇല്ലാത്തതാണ്. ചർച്ചകളെ നയിക്കേണ്ടിയിരുന്ന പരിശീലകർ വേണ്ടത്ര തയ്യാറെടുപ്പോടെയല്ല പങ്കെടുത്തിരുന്നത്. പലയിടത്തും ഇതിനു പറ്റിയ ആളുകളേ ഉണ്ടായിരുന്നില്ല. ചർച്ചയെ സഹായിക്കുന്നതിനായി നൽകിയ ചോദ്യാവലി അടിസ്ഥാനമാക്കി യാന്ത്രികമായി ഉത്തരങ്ങൾ പൂരിപ്പിക്കുന്നതിലേക്ക് ചിലയിടത്ത് ചർച്ച അധ:പതിച്ചു. ഈ പോരായ്മ പരിഹരിക്കണമെങ്കിൽ ചർച്ചനയിക്കുന്നതിന് പ്രാപ്തിയുള്ള ആളുകളെ മുൻകൂട്ടി കണ്ടെത്തി പരിശീലനം നൽകണം.

### 1998 മാർച്ച്-ഏപ്രിൽ മാസങ്ങളിലെ ഗ്രാമസഭകളുടെ ലക്ഷ്യം.

പുതുക്കിയ പരിപാടി അനുസരിച്ച് 98-99 ലെ വാർഷിക പദ്ധതിയുടെ രൂപീകരണത്തിന് ഏപ്രിൽമാസത്തിൽത്തന്നെ അടുത്ത ഗ്രാമസഭാ

യോഗങ്ങൾ പൂർത്തിയാക്കണം. 1998-99 ലെ കരട് വാർഷിക പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയാണ് ഈ ഗ്രാമസഭയുടെ മുഖ്യ ചുമതല .1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ രണ്ടാം അധ്യായം (വകുപ്പ് 3) ഉപവകുപ്പ് 6 ഗ്രാമസഭയിലെ കാര്യപരിപാടിയെപ്പറ്റി പരാമർശിക്കുന്നത് നോക്കുക "ആ വാർഡിനെ സംബന്ധിച്ച മുൻ വർഷത്തെ വികസന പരിപാടികളെയും നടപ്പുവർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വികസനപരിപാടികളെയും അതിന് വേണ്ടി വരുന്ന ചെലവിനേയും സംബന്ധിച്ച ഒരു റിപ്പോർട്ടും, മുൻ വർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെൻറും ഗ്രാമസഭയ്ക്കു മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്". ഇതനുസരിച്ച് മൂന്നു ലക്ഷ്യങ്ങളാണ് ഇത്തവണത്തെ ഗ്രാമസഭയ്ക്കുള്ളത്.

1. 1997-98 ലെ വാർഷിക വികസന പ്രവർത്തനങ്ങളുടെ അവലോകന റിപ്പോർട്ടും ചർച്ച ചെയ്യുക.
2. 97-98 ലെ വാർഷിക വരവ്-ചെലവ് കണക്കുകൾ പരിശോധിക്കുക.
3. 98-99 ലെ കരട് വാർഷികപദ്ധതി ചർച്ച ചെയ്യുക.

ഇതിനുപുറമേ ബ്ലോക്കു-ജില്ലാ പഞ്ചായത്തുകളുടെയും മറ്റും പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുണ്ടെങ്കിൽ അതിനും ഈ ഗ്രാമസഭകൾ സന്ദർഭമാക്കാം.

ഗ്രാമസഭയുടെ മുഖ്യ ലക്ഷ്യം 98-99 ലെ കരടു പദ്ധതി ചർച്ച ചെയ്യുകയാണല്ലോ? ഇതിനുതകുന്ന രീതിയിൽ മേഖലതിരിച്ച് കരടുപദ്ധതി നിർദ്ദേശങ്ങൾ ചുരുക്കത്തിൽ വിശദീകരിക്കണം പ്രോജക്ടുകൾ പൂർണ്ണമായി എഴുതിത്തീർന്നിട്ടില്ലെങ്കിലും സംസ്ഥാന പദ്ധതി വിഹിതം എത്രയെന്ന് കൃത്യമായി അറിഞ്ഞ സ്ഥിതിക്ക് കർമ്മസമിതികളുടെ സഹായത്തോടുകൂടി ഓരോ മേഖലയിലേയും ഏതാണ്ട് അടങ്കൽ എത്രയെന്നും അവിടെ ഉൾപ്പെടുത്താൻ കഴിയുന്ന പ്രോജക്ടുകളേതെന്നും തീരുമാനിക്കാൻ കഴിയും. ഭരണസമിതി ഔപചാരികമായി അംഗീകരിക്കുന്ന ഈ രേഖയാവണം ചർച്ചയ്ക്കായി വിതരണം ചെയ്യുന്നത്. കരടുപദ്ധതി നിർദ്ദേശങ്ങൾക്കാമുഖമായി കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലല്ലെങ്കിലും പദ്ധതിയുടെ വികസനതന്ത്രത്തെക്കുറിച്ച് ഒരാമുഖവും ചേർക്കാവുന്നതാണ്.

97-98 ലെ വാർഷിക പദ്ധതിയുടെ ഹ്രസ്വമായ അവലോകനറിപ്പോർട്ടും അച്ചടിച്ചു നൽകേണ്ടതാണ്. പ്രോജക്ടുകളുടെ ഗുണനിലവാരത്തേയും പരിപാടികളുടെ പ്രസക്തിയേയും കുറിച്ചുള്ള ജില്ലാ ആസൂത്രണസമിതിയുടെ അവലോകന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ഈ സ്റ്റേറ്റ്മെൻറിൽ ചേർക്കാവുന്നതാണ്. വരവു-ചെലവു കണക്ക് സംബന്ധിച്ച് ഒരു പട്ടിക അച്ചടിച്ചുനൽകേണ്ടതാണ്. ഈ മൂന്നിനങ്ങളേയും കുറിച്ച് ചർച്ച ചെയ്യുന്നതിനുള്ള അവകാശം ഗ്രാമസഭകൾക്കുണ്ട്. എന്നാൽ പ്രാധാന്യം നൽകേണ്ടത് 98-99 വർഷത്തേക്കുള്ള പദ്ധതിയുടെ കരട് നിർദ്ദേശങ്ങളുടെ ചർച്ചയ്ക്കാണ്.

മുൻവർഷത്തിൽ നിന്നും വ്യത്യസ്തമായി കരടു പദ്ധതി നിർദ്ദേശങ്ങളാണ് ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നത്. ഓരോ പ്രദേശങ്ങളുടേയും പ്രശ്നങ്ങൾ പട്ടികപ്പെടുത്തുകയല്ല ഈ ഗ്രാമസഭകളുടെ ലക്ഷ്യം. കരടുപദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനേക്കാൾ മുൻഗണന നൽകേണ്ട ഏതെങ്കിലും ബദൽ നിർദ്ദേശമുണ്ടെങ്കിൽ അതുയർത്താവുന്നതാണ്. എന്നാൽ പദ്ധതിഅടങ്കൽ ഏതാണ്ട് തീരുമാനിക്കപ്പെട്ടുക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് കരടുനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതു പ്രോജക്ട് മാറ്റി വെച്ച് പുതിയ പ്രോജക്ട് ഉൾക്കൊള്ളിക്കണം എന്ന മൂർത്തമായ രീതിയിൽ ചർച്ചകൾ നടത്തിയേതീരൂ. മുൻഗണനകളെ സംബന്ധിച്ചുള്ള ചർച്ചയ്ക്കാണ് ഈ വർഷത്തെ ആസൂത്രണത്തിനുള്ള ഗ്രാമസഭയിൽ പ്രാമുഖ്യം എന്നെടുത്തുപറയേണ്ടിയിരിക്കുന്നു. പഞ്ചായത്തു ഭരണസമിതിയുടെ തീരുമാനത്തിനു പിന്നിലെ ന്യായവും യുക്തിയും ഗ്രാമസഭാംഗങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ചർച്ചനയിക്കുന്നവർ ചെയ്യേണ്ടത്. ഇതു സംബന്ധിച്ചു അഭിപ്രായഐക്യം ഉണ്ടാക്കാനായില്ലെങ്കിൽ അത്തരം ബദൽ നിർദ്ദേശങ്ങൾ കുറിച്ചുവെച്ച് വികസനസെമിനാറിൻെറ പരിഗണനക്കായി അയക്കാം.

## മുന്നൊരുക്കങ്ങൾ

### 1. ഭരണസമിതി തീരുമാനം.

ഏപ്രിൽ മാസത്തിൽത്തന്നെ ഗ്രാമസഭകൾ തീർക്കുന്നതാണ് അഭികാമ്യം. ഇതിന് സാധിക്കണമെങ്കിൽ മാർച്ച് മാസത്തിൽത്തന്നെ അതത് ഭരണസമിതികൾ ചേർന്ന് 2-3 ആഴ്ചക്കാലം കൊണ്ട് മുഴുവൻ ഗ്രാമസഭകളും വാർഡ് സഭകളും ചേരുന്നതിനുള്ള പരിപാടി സംബന്ധിച്ച് ഔപചാരികമായി തീരുമാനിക്കണം. ഗ്രാമസഭയിൽ വയ്ക്കുന്നതിനുള്ള റിപ്പോർട്ടുകൾ, കണക്കുകൾ, കരട് പദ്ധതിരേഖ എന്നിവ ഉദ്യോഗസ്ഥരുടേയും കർമ്മസമിതികളുടേയും സഹായത്തോടെ മുൻകൂട്ടി തയ്യാറാക്കി ഈ

യോഗത്തിൽ വച്ചുതന്നെ അവസാന രൂപം നൽകി ഭരണസമിതിയുടെ അംഗീകാരത്തിന് നൽകുന്നതാണ് ഉചിതം.

ഗ്രാമസഭകൾ ചേരുന്നതിനുള്ള പരിപാടി തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- കഴിവതും അവധി ദിവസങ്ങളിൽ ഗ്രാമസഭ ചേരുന്നതാണ് വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പുവരുത്തുക. പ്രാദേശികസാധ്യതകൾക്കനുസരിച്ച് മറിച്ചും തീരുമാനിക്കാവുന്നതാണ്.
- കുറഞ്ഞത് നാലു മണിക്കൂർ സമയമെങ്കിലും ഗ്രാമസഭായോഗത്തിന് വേണ്ടി വരും. ഉച്ചയ്ക്ക് ശേഷം 2 മണിമുതൽ ഗ്രാമസഭ ചേരുന്നത് സൗകര്യപ്രദമാകും. പ്രാദേശിക സാധ്യതയനുസരിച്ച് മുഴുദിന ഗ്രാമസഭയുമാകാം. ഒന്നാം വാർഷികപദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ എല്ലാ തദ്ദേശസാങ്കേതികഭരണസ്ഥാപനങ്ങളിലുമുണ്ടാവാം. അതിനാൽ പ്രവർത്തനറിപ്പോർട്ട്, വരവു-ചെലവുകണക്ക് എന്നിവയിൻമേൽ കൂടുതൽ ചർച്ചയുണ്ടാകാനുള്ളസാധ്യതയുണ്ട്. ഈ സാഹചര്യം ഉണ്ടാകുമെന്ന് ബോധ്യമുള്ളിടങ്ങളിൽ രണ്ട് സാധ്യതകൾ ആലോചിക്കാം. ഒന്നു മുഴുദിനഗ്രാമസഭകൾ, മറ്റൊന്ന് സമയം ദീർഘിപ്പിച്ചിട്ടും ചർച്ചതീരാതെ വന്നാൽ ചർച്ച തൊട്ടടുത്തദിവസത്തേക്ക് മാറ്റിവെക്കാം. പദ്ധതി രേഖാചർച്ച പരിപാടിയനുസരിച്ചുതന്നെ പൂർത്തിയാക്കാം.
- പുതിയ സാഹചര്യത്തിൽ കുറഞ്ഞത് 300 -500 പേരെ പ്രതീക്ഷിക്കാവുന്നതാണ്. എല്ലാ പേർക്കും വന്നെത്താനും, ഇരിക്കാനും ഗ്രൂപ്പ് ചർച്ചകൾ നടത്താനും സൗകര്യമുള്ള ഇടങ്ങളിലാകണം ഗ്രാമസഭ സംഘടിപ്പിക്കേണ്ടത്.
- വാർഡിലെ എല്ലാ വീടുകളിലും അറിയിപ്പ് എത്തിയെന്ന് ഉറപ്പുവരുത്തണം. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനു വേണ്ടി ചേർന്ന ഏറ്റവും ഒടുവിലത്തെ ഗ്രാമസഭ സംബന്ധിച്ചുള്ള പ്രചരണം പലേടത്തും നാമമാത്രമായിരുന്നുവെന്നും അത് ഗ്രാമസഭാപങ്കാളിത്തത്തെ ബാധിച്ചിട്ടുണ്ടെന്നും പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അടുത്ത ഗ്രാമസഭയ്ക്ക് അതു സംഭവിച്ചുകൂടാ.
- ഗ്രാമസഭയിൽ അധ്യക്ഷത വഹിക്കേണ്ടത് ഗ്രാമപഞ്ചായത്ത് പ്രസിഡൻറാണ്. അദ്ദേഹത്തിൻെറ അഭാവത്തിൽ വൈസ് പ്രസിഡൻേറാ വാർഡ് മെമ്പറോ ആകാം എന്നാണ് നിയമം.
- ഒരു ദിവസം രണ്ട് ഗ്രാമസഭകൾ വരെയാകാം. മുൻസിപ്പാലിറ്റികൾക്ക് അതിലധികം ആകാവുന്നതാണ്.

2. രേഖകൾ തയ്യാറാക്കൽ

നേരത്തെ സൂചിപ്പിച്ചതുപോലെ ഗ്രാമസഭകളിൽ 3 രേഖകൾ അച്ചടിച്ചു വിതരണം ചെയ്യണം.

1. 97-98 പദ്ധതിയുടെ അവലോകന റിപ്പോർട്ട്.
2. 97-98 വാർഷിക പദ്ധതിയുടെ വരവ് ചിലവ് കണക്ക്.
3. 98-99 വാർഷികപദ്ധതിയുടെ കരട് നിർദ്ദേശങ്ങൾ. ഭരണസമിതി യോഗത്തിനു മുമ്പുതന്നെ ഈ 3 രേഖകളും തയ്യാറാക്കുക എന്നുള്ളത് വളരെപ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ്. 97-98 ലെ വാർഷിക പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഒരു സ്റ്റേറ്റ് മെൻറ് മാത്രം അച്ചടിച്ചു നൽകിയാൽ മതിയെങ്കിലും അതിൻെറ അവതരണത്തിനാമുഖമായി പറയേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഒരു ധാരണ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഡി.പി.സി.യുടെ അവലോകന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കർമ്മസമിതികളുടെ ചർച്ചകളിലൂടെ എത്തിച്ചേരുന്ന നിഗമനങ്ങൾ എഴുതിത്തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം നേടേണ്ടതുണ്ട്.

വാർഷിക വരവ്-ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെൻറ് ഇതിനു മുമ്പും ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കാറുണ്ട്. ഇവിടെ പദ്ധതി നടത്തിപ്പിൻെറ കണക്കുകൾ കൂടി ഉൾപ്പെടുത്തിയാൽ മതിയാകും. വരവ്-ചെലവുകണക്കുകൾ തയ്യാറാക്കാൻ പഞ്ചായത്ത് സെക്രട്ടറി തന്നെ മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇവിടേയും സാങ്കേതിക പദങ്ങൾ ഒഴിവാക്കി, സാധാരണക്കാർക്കും മനസ്സിലാകുന്ന വിധത്തിൽ വേണം റിപ്പോർട്ടു തയ്യാറാക്കാൻ.

കരടുപദ്ധതിനിർദ്ദേശങ്ങൾതയ്യാറാക്കുന്നതിന് കർമ്മസമിതികളുടെ ഏകോപനസമിതിയോഗത്തോട് ഭരണസമിതിക്ക് ആവശ്യപ്പെടാവുന്നതാണ്. നാലാമധ്യായത്തിൽ സൂചിപ്പിച്ചതുപോലെ ഈ കരടുനിർദ്ദേശങ്ങൾ കർമ്മസമിതിയുടെ രണ്ടാമതു പൊതുയോഗത്തിൽ ചർച്ചചെയ്തതിനുശേഷം വേണം ഭരണസമിതി അംഗീകരിക്കുന്നതിനുവേണ്ടി പരിഗണിക്കുവാൻ

ഗ്രാമസഭയുടെ കാര്യപരിപാടികൾ ഔപചാരികമായി തീരുമാനിക്കുന്ന ഭരണസമിതി യോഗത്തിൽ വച്ചുതന്നെ റിപ്പോർട്ടുകളും കരട് പദ്ധതി രേഖയും ചർച്ച ചെയ്ത് അംഗീകരിക്കാൻ കഴിയുന്ന വിധത്തിൽ ഇവ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാലേകൂട്ടി നടത്തണം.

3. സംഘാടകയോഗങ്ങൾ

ഗ്രാമസഭായോഗങ്ങളുടെ പരിപാടി തീരുമാനിച്ചുകഴിഞ്ഞാൽ വൈകാതെതന്നെ ഈ പരിപാടി വിജയിപ്പിക്കുന്നതിന് പഞ്ചായത്ത്/നഗരസഭാ തലത്തിൽ വിവിധ സംഘടനാപ്രവർത്തകരുടെ യോഗം വിളിച്ചുചേർക്കുന്നത് നന്നായിരിക്കും. രാഷ്ട്രീയപാർട്ടികൾ, വനിതാ സംഘടനകൾ അങ്കണവാടികൾ എന്നിവയുടെ പ്രതിനിധികളെയും വാർഡുവികസനസമിതി കൺവീനർമാരെയും ഇതിലേക്ക് ക്ഷണിക്കണം. കാര്യപരിപാടി അവതരിപ്പിച്ചശേഷം ഗ്രാമസഭകളുടെ സംഘാടനത്തിനായുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കണം. അതാത് വാർഡുകളിലെ സംഘാടകസമിതി രൂപീകരണത്തിനായുള്ള തീയതി, സ്ഥലം, സമയം, പഞ്ചായത്തു തലത്തിലുള്ള പ്രചരണരീതികൾ എന്നിവ മേൽ തീരുമാനങ്ങളിൽ ഉണ്ടാകണം. തൊട്ടടുത്ത രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ വാർഡുതലസംഘാടകസമിതി രൂപീകരിക്കണം. വാർഡുതല സംഘാടക സമിതി രൂപീകരണത്തിൽ വച്ചു തന്നെ ഗ്രാമസഭ പ്രചരണം, ക്ഷണക്കത്തുകൾ എത്തിക്കുന്നതിനുള്ള സ്ക്വാഡുകളുടെ രൂപീകരണം, മറ്റു പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കണം. ഒരു വീട്ടിൽ നിന്നും ഒരു പുരുഷനും, ഒരു സ്ത്രീയുമെങ്കിലും പങ്കെടുക്കുന്നതിനുള്ള ശ്രമമാണ് വേണ്ടത്. സ്തീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത് നന്നായിരിക്കും. പട്ടികജാതി കോളനികളിലും പട്ടികവർഗ്ഗ ഊരുകളിലും പ്രത്യേക യോഗങ്ങൾ ചേർന്ന് അവരുടെ പങ്കാളിത്തം ഗ്രാമസഭകളിൽ ഉറപ്പു വരുത്തണം.

4. പരിശീലനം

ഗ്രാമസഭകൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ പഞ്ചായത്തുതല പരിശീലനം നടന്നിരിക്കണം. ഈ പരിശീലനത്തിൽവെച്ച് ഗ്രാമസഭകളുടെ നടത്തിപ്പ് സൂക്ഷ്മമായി ആസൂത്രണം ചെയ്യേണ്ടതാണ്.

പ്രധാനമായും 4 ചുമതലകളാണ് പരിശീലകർക്ക് ഗ്രാമസഭകളിൽ നിർവഹിക്കാനുള്ളത്.

1. മുൻവർഷത്തെ വികസനറിപ്പോർട്ട് അവതരിപ്പിക്കുക. ഇതിനായി പഞ്ചായത്ത് തലത്തിൽ കുറഞ്ഞത് 3-4 പേരെങ്കിലും തയ്യാറാകണം.
2. വാർഷിക വരവ്-ചെലവ് കണക്കുകളുടെ അവതരണം. കഴിയുമെങ്കിൽ ഇത് പഞ്ചായത്ത് സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ, ധനകാര്യ സ്റ്റാൻറിങ്കമ്മിറ്റി ചെയർമാനോ നിർവഹിക്കുന്നതാണ് ഉചിതം.
3. കരട് വാർഷിക പദ്ധതിരേഖാ അവതരണം. ഇതിനായും 3-4 പേരെങ്കിലും പഞ്ചായത്ത് തലത്തിൽ തയ്യാറാകണം.
4. റിപ്പോർട്ടുകളുടേയും, കരട് പദ്ധതി രേഖയുടേയും പൊതു അവതരണത്തിനുപുറമേ ഗ്രൂപ്പ് ചർച്ചകൾക്കും നേതൃത്വം നൽ കേണ്ടതുണ്ട്. ഇതിനായും പരിശീലകരെ മുൻകൂട്ടി നിശ്ചയിക്കണം. ഇവരായിരിക്കും അതത് ഗ്രൂപ്പ്ചർച്ചകളുടെ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയുടെ സമാപനസമ്മേളനത്തിൽ അവതരിപ്പിക്കേണ്ടത്.

പഞ്ചായത്തുകൾ രൂപീകരിക്കുന്ന കർമ്മസമിതികളുടെ ഘടന പ്രകാരം എല്ലാ പ്രാദേശിക പരിശീലകരും കർമ്മസമിതി അംഗങ്ങളാണ്. അതിനാൽ ഗ്രാമസഭകളിൽ ചർച്ചചെയ്യേണ്ട രേഖകളുടെ ഉള്ളടക്കത്തെക്കുറിച്ച് ഒരു സാമാന്യ ധാരണ ഇവരോരോരുത്തർക്കും കർമ്മ സമിതിയുടെ യോഗങ്ങളിലൂടെ ലഭിച്ചിരിക്കും എന്നാണ് അനുമാനം. എങ്കിലും പൊതുയോഗത്തിൽ പദ്ധതി അവലോകനറിപ്പോർട്ടിന്റെ അവതരണത്തിനും കരട് വാർഷികപദ്ധതി രേഖ അവതരണത്തിനും കണക്കുകളുടെ അവതരണത്തിനും ചുമതല യേല്ക്കുന്നവർ പ്രത്യേകമായിരുന്ന് വിശദമായി ചർച്ച ചെയ്യുകയും സ്വയം തയ്യാറെടുക്കുകയും വേണം.

വിവിധവിഷയഗ്രൂപ്പുചർച്ചകൾക്ക് നേതൃത്വം നൽകുന്നതിന് ബന്ധപ്പെട്ട കർമ്മസമതി അംഗങ്ങളിൽനിന്ന് തെരഞ്ഞെടുത്തവരെയാണ് ചുമതലപ്പെടുത്തേണ്ടത്. വാർഡിൽനിന്ന് മറ്റുനിർദ്ദേശമില്ലെങ്കിൽ വിഷയഗ്രൂപ്പുകളുടെ അധ്യക്ഷനായും പൊതുഅംഗീകാരമുള്ള കർമ്മസമിതി അംഗത്തെതന്നെ തീരുമാനിക്കുന്നതാണ് ഉചിതം. ഇങ്ങനെ ചർച്ചനയിക്കാൻ നിയോഗിക്കപ്പെടുന്നവർ പ്രോജക്ട് നിർദ്ദേശങ്ങൾ പഠിച്ചിരിക്കണമെന്നുറപ്പുവരുത്തേണ്ടതുണ്ട്.

പഞ്ചായത്തിലെ ഏതെങ്കിലുമൊരു ഗ്രാമസഭ ഒരു ദിവസം മാതൃകാ ഗ്രാമസഭയായിവിളിച്ചു ചേർത്തതിനു ശേഷമേ മറ്റുഗ്രാമസഭകൾ തുടങ്ങാവൂ. ഈ മാതൃകാഗ്രാമസഭയിൽ കഴിയുമെങ്കിൽ

മുഴുവൻ കർമ്മസമിതി അംഗങ്ങളും, ചുരുങ്ങിയപക്ഷം അവതരണങ്ങൾക്കും ചർച്ചനയിക്കുന്നതിനും നിയോഗിക്കപ്പെട്ടവർ പങ്കെടുക്കുമെന്നുറപ്പുവരുത്ത ണം. ഗ്രാമസഭാസംഘാടനത്തിനുള്ള ഒരു പ്രായോഗികപരിശീലനവേദിയായി ഈ മാതൃകാ ഗ്രാമസഭയെ ഉപയോഗപ്പെടുത്താവുന്നതാണ്.

5. പ്രചാരണം

കഴിഞ്ഞ ഗ്രാമസഭകളുടെ സംഘാടനത്തിനായി ഒട്ടേറെ പ്രചാരണമാർഗ്ഗങ്ങൾ നാം സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും ശരിയായ പ്രചാരണത്തിന്റെ അഭാവത്താൽ ചില ഗ്രാമസഭകളിലെങ്കിലും വേണ്ടത്ര ജനപങ്കാളിത്തം ഉണ്ടായിട്ടില്ല എന്നു കാണാം. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും പ്രചാരണപ്രവർത്തനങ്ങൾ വേണം. സംഘാടന സൗകര്യമനുസരിച്ച് ഏത് തലത്തിലാണ് വേണ്ടത് എന്ന് നിശ്ചയിക്കാം. ക്ഷണക്കത്ത് വിതരണം, സ്ക്വാഡു പ്രവർത്തനം, ചുവരെഴുത്ത്, വാർത്താ ബോർഡ് സ്ഥാപിക്കൽ, പോസ്റ്ററിങ്, ക്വിസ് പരിപാടി, കൂട്ടയോട്ടം, തീയേറ്ററുകളിൽ സ്ലൈഡ് പ്രദർശനം, വിളംബര ജാഥകൾ, പദയാത്രകൾ, തെരുവുനാടകം, കലാജാഥ തുടങ്ങി ഒട്ടേറെ പ്രചാരണ പ്രവർത്തനങ്ങൾ ഇതിനായി സ്വീകരിക്കാവുന്നതാണ്. മുൻഗ്രാമസഭകളിൽ ഒഴിഞ്ഞുനിന്ന ഏതെങ്കിലും ജനവിഭാഗങ്ങൾ ഉണ്ടെങ്കിൽ അവരെ പങ്കെടുപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധനല്കേണ്ടതുണ്ട്.

## കാര്യപരിപാടി

കരട് പദ്ധതിരേഖ ചർച്ചയ്ക്കുള്ള ഒരു മാതൃകാ ഗ്രാമസഭയുടെ കാര്യപരിപാടി ഇങ്ങനെയാകാം.

1.30 - 2.00 - രജിസ്ട്രേഷൻ

2.00 - 2.05 - സ്വാഗതം (വാർഡ് മെമ്പർ)

2.05 - 2.15 - അധ്യക്ഷപ്രസംഗം (പഞ്ചായത്ത് പ്രസിഡന്റ്/വൈസ് പ്രസിഡന്റ്)

2.15 - 2.30 - ഉദ്ഘാടനം(ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പ്രതിനിധി/ സ്ഥലം MLA)

2.30 - 2.50 - വാർഷിക വികസനറിപ്പോർട്ട് അവതരണം (DRP)

2.50 - 3.00 - 97-98 വാർഷിക വരവ്-ചെലവ് കണക്ക് അവതരണം (സെക്രട്ടറി)

3.00 - 3.30 - 98-99 ലെ കരട് വാർഷിക-പദ്ധതി അവതരണം (DRP/VTC)അംഗം.

3.30 - 5.30 - ഗ്രൂപ്പ് ചർച്ച

5.30 - 6.30 - പൊതു അവതരണം

6.30 - സമാപനം

## രജിസ്ട്രേഷൻ

ഗ്രാമസഭയിൽ പങ്കെടുക്കുന്നവരെല്ലാം രജിസ്റ്റർ ചെയ്യുന്നതിന് ഒരു കൗണ്ടർ മതിയാകില്ല. വിഷയഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ ചുരുങ്ങിയത് അഞ്ച് രജിസ്ട്രേഷൻ കൗണ്ടറുകൾ എങ്കിലും ഉണ്ടായിരിക്കണം. ഒരാളെ ഏതു കൗണ്ടറിൽ രജിസ്റ്റർ ചെയ്യണമെന്നത് അദ്ദേഹത്തിന്റെ താല്പര്യവും അദ്ദേഹത്തിന് ഏതു ഗ്രൂപ്പിലെ ചർച്ചകളിലാണ് കൂടുതൽ സംഭാവന ചെയ്യാൻ കഴിയുക എന്നത് സംബന്ധിച്ച സംഘാടകരുടെ വിലയിരുത്തലും മുൻനിറുത്തിയായിരിക്കണം. രജിസ്ട്രേഷൻ കഴിഞ്ഞാൽ രജിസ്റ്റർചെയ്ത ഫോറങ്ങൾ എല്ലാം ശേഖരിച്ച് ഫയൽ ചെയ്തു സൂക്ഷിക്കുക എന്നത് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. ഇത് വളരെ പ്രധാനപ്പെട്ട ആധികാരിക രേഖയാണെന്നുള്ളത് പ്രത്യേകം സൂചിപ്പിക്കേണ്ടതില്ലല്ലോ. കഴിയുമെങ്കിൽ ഗ്രാമസഭയിലെ പങ്കാളിത്തം സംബന്ധിച്ച കണക്ക് സമാപനസമ്മേളനത്തിൽ പ്രഖ്യാപിക്കുന്നത് ഉചിതമായിരിക്കും. രജിസ്ട്രേഷനുള്ള മാതൃകാ ഫോറം ചുവടെ ചേർക്കുന്നു.

**........................................ ഗ്രാമപഞ്ചായത്ത്/**
**മുനിസിപ്പാലിറ്റി/ഗ്രാമസഭ/വാർഡ്സഭ**
**രജിസ്ട്രേഷൻ ഫോറം**

തീയതി ........................................

വാർഡ് നമ്പർ ........................................

ഗ്രൂപ്പ് ........................................

| ക്രമനമ്പർ | പേര്, വീട്ടുനമ്പർ വീട്ടു പേര് | സ്ത്രീയോ പുരുഷനോ | വിദ്യാഭ്യാസ യോഗ്യത | പ്രായം | SC/ ST | തൊഴിൽ |
|---|---|---|---|---|---|---|
| | | | | | | |

രജിസ്ട്രേഷനിൽ പ്രസക്തവിവരങ്ങൾ കോഡുകളായി എഴുതുന്നതായിരിക്കും. പിന്നീട് കണക്കുക്കൂട്ടുന്നതിന് സൗകര്യം. പ്രത്യേകിച്ച് വിദ്യാഭ്യാസയോഗ്യത, പ്രായം, തൊഴിൽ എന്നീകാര്യങ്ങളിൽ. ഇതിനുള്ള കോഡുകൾ താഴെകൊടുക്കുന്നു.

വിദ്യാഭ്യാസയോഗ്യത

| | | |
|---|---|---|
| പ്രൈമറിയിൽ താഴെ | – | 1 |
| പ്രൈമറി | – | 2 |
| അപ്പർ പ്രൈമറി | – | 3 |
| ഹൈസ്ക്കൂൾ | – | 4 |
| പ്രീഡിഗ്രി/ സർട്ടിഫിക്കേറ്റ്/ഡിപ്ലോമ | – | 5 |
| ഡിഗ്രി | – | 6 |
| പോസ്റ്റ് ഗ്രാജ്വേഷനും മറ്റും | – | 7 |

പ്രായം

| | | |
|---|---|---|
| 21നു താഴെ | – | 1 |
| 21 മുതൽ 30 | – | 2 |
| 30 - 40 | – | 3 |
| 40 - 55 | – | 4 |
| 55നു മുകളിൽ | – | 5 |
| SC | – | 1 |
| ST | – | 2 |

തൊഴിൽ

| | | |
|---|---|---|
| കൃഷിക്കാരൻ | – | 1 |
| കർഷകത്തൊഴിലാളി | – | 2 |
| മറ്റു സ്വയംതൊഴിലുകാർ | – | 3 |
| മറ്റു കൂലിവേലക്കാർ | – | 4 |
| സർക്കാർ/അർധസർക്കാർഉദ്യോഗം | – | 5 |
| മറ്റു സംഘടിതമേഖലയിൽ | – | 6 |
| തൊഴിലില്ലാത്തവർ | – | 7 |
| മറ്റുള്ളവർ | – | 8 |

ഗ്രാമസഭയുടെ മിനിട്ട്സും, നടപടിക്രമങ്ങളും തീരുമാനങ്ങളും എഴുതി സൂക്ഷിക്കുന്നതിന് ബൈൻറു ചെയ്തതും, പേജ് നമ്പർ ഉള്ളതുമായ രജിസ്റ്റർ തയ്യാറാക്കിയിരിക്കണം. തീരുമാനങ്ങളും എഴുതി അധ്യക്ഷൻേറയും കൺവീനറുടേയും ഒപ്പു വാങ്ങി പഞ്ചായത്ത് സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. മറ്റ് എല്ലാരേഖകളും ഫയൽ ചെയ്തത് സൂക്ഷിക്കണം.

## ഗ്രൂപ്പ് ചർച്ച

ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചയ്ക്ക് കുറഞ്ഞത് ഒൻപത് ഗ്രൂപ്പാണ് അഭികാമ്യം. ആവശ്യമെങ്കിൽ ഗ്രൂപ്പുകളുടെ എണ്ണം വർധിപ്പിക്കാവുന്നതാണ്.

1. കൃഷിയും ജലസേചനവും.
2. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം.
3. ഗതാഗതം, പാർപ്പിടം.
4. കുടിവെള്ളം, ആരോഗ്യം, സാമൂഹ്യക്ഷേമം,
5. വ്യവസായവും ഊർജ്ജനും
6. വിദ്യാഭ്യാസം, സംസ്കാരം
7. വനിത.
8. പട്ടികജാതി ക്ഷേമം, പട്ടികവർഗ്ഗ ക്ഷേമം
9. സഹകരണം, വിഭവസമാഹരണം

ഗ്രൂപ്പുകളുടെ എണ്ണത്തിലും ചേരുവയിലും മാറ്റം വരുത്താമെങ്കിലും ഒരു ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒരേ എണ്ണം ഗ്രൂപ്പുകൾ ഉണ്ടായിരിക്കുവാൻ ശ്രദ്ധിക്കണം. പഞ്ചായത്തുതല ക്രോഡീകരണത്തിന് ഇത് സഹായകമാകും. ഓരോ ഗ്രൂപ്പിനും ഇരിക്കാനുള്ള സ്ഥലം അവിടെ ചർച്ചയ്ക്ക് നേതൃത്വംകൊടുക്കേണ്ട ആൾ തുടങ്ങിയ കാര്യങ്ങളിൽ മുൻകൂട്ടി ധാരണ ഉണ്ടായിരിക്കണം. പഞ്ചായത്ത്തല പരിശീലന സംഘത്തിലെ ഒരംഗത്തിനായിരിക്കണം ഗ്രൂപ്പ് ചർച്ചയിലെ പൊതു നിർദ്ദേശങ്ങൾ പിന്നീട് പൊതു സമ്മേളനത്തിൽ റിപ്പോർട്ട് ചെയ്യേണ്ട ചുമതല. ഗ്രൂപ്പ് ചർച്ച പ്രധാനമായും മൂന്ന് കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ്.

നേരത്തെസൂചിപ്പിച്ചതുപോലെ 98-99 ലെ വാർഷികപദ്ധതികളെ ക്കുറിച്ചുള്ള ചർച്ചകളാണ് മുഖ്യമായും വിഷയഗ്രൂപ്പിൽ നടക്കേണ്ടത്. വരവു ചെലവുകണക്കുകളെക്കുറിച്ചുള്ള സംശയങ്ങൾ ചോദ്യരൂപത്തിൽ പൊതുസമ്മേളനത്തിലുയർത്താൻ എഴുതി വാങ്ങിച്ചാൽ മതിയാകും. മുൻവർഷത്തെ വികസനപ്രവർത്തനങ്ങളുടെ അവലോകനത്തിൽ നിന്നും ചർച്ചകൾ ആരംഭിക്കാം. അതതു വിഷയഗ്രൂപ്പിലുൾപ്പെടുന്ന പ്രോജക്ടുകളുടെ അവലോകനം ആ ഗ്രൂപ്പിൽ ചെയ്താൽ മതിയാകും.മറ്റു മേഖലകളിലെ പ്രോജക്ടുകളെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിൽ അതെഴുതി ബന്ധപ്പെട്ട ഗ്രൂപ്പിൻെറ അദ്ധ്യക്ഷനെ ഏല്പ്പിക്കയാണ് വേണ്ടത്. ഏതെങ്കിലും പ്രോജക്ടിൻെറ നടത്തിപ്പിനെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിൽ അവ ഉന്നയിക്കാം. ഗുണഭോക്താക്കളെ കണ്ടെത്താൻ രൂപീകരിച്ച മാനദണ്ഡങ്ങൾ കുറ്റമറ്റതായിരുന്നുവോ? യഥാർത്ഥത്തിൽ അർഹതയുള്ളവതന്നെയാണോ തെരഞ്ഞെടുക്കപ്പെട്ടത്? പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നടന്നുവോ? ഭൗതികലക്ഷ്യം കൈവരിച്ചുവോ? തുടർപ്രവർത്തനങ്ങൾ ആവശ്യമാണോ എന്നിങ്ങനെ ചർച്ചയാകാം. അരമണിക്കൂർ സമയത്തിലേറെ ഈ രണ്ട് അജണ്ടയ്ക്കായി ഉപയോഗിക്കരുത്. ഒരു മണിക്കൂറെങ്കിലും 98-99 ലെ വാർഷികപദ്ധതി ചർച്ചയ്ക്കുവേണ്ടി വിനിയോഗിക്കണം.

ഗ്രൂപ്പിൻെറ വിഷയവുമായി ബന്ധപ്പെട്ട മേഖലകളിലെ പ്രോജക്ടുകൾ മാത്രമേ ചർച്ചചെ

യ്യേണ്ടതുള്ളൂ. മറ്റുള്ളവ സംബന്ധിച്ച അഭിപ്രായങ്ങൾ എഴുതിക്കൊടുക്കുകയേ നിവൃത്തിയുള്ളൂ. നേരത്തെസൂചിപ്പിച്ചതുപോലെ ഏതു പുതിയനിർദ്ദേശവും രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനേക്കാൾ അഭികാമ്യമാണോ അല്ലയോ എന്ന് താരതമ്യപ്പെടുത്തിവേണം ചർച്ചനടത്തുവാൻ. ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ടുകൾ ആ മേഖലയിലെ പ്രശ്നങ്ങളോട് നീതിപുലർത്തിയിട്ടുണ്ടോ എന്നും പരിശോധിക്കണം. നിലവിലുള്ളപ്രോജക്ടുകൾക്കു പകരമുള്ള പുതിയനിർദ്ദേശങ്ങൾക്ക്പുറമെ മറ്റു നിർദ്ദേശങ്ങൾ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് ഗ്രൂപ്പിൽ ഏകകണ്ഠവും ശക്തവുമായ അഭിപ്രായമുണ്ടെങ്കിൽ അവ പ്രത്യേകം രേഖപ്പെടുത്തുക. അങ്ങനെ ഗ്രാമസഭയിലെ നിർദ്ദേശങ്ങളെ മൂന്നായി തരംതിരിക്കാം.

1. കരടുപദ്ധതികൾക്കുപകരം പുതുതായി ഉയർന്നുവന്ന നിർദ്ദേശങ്ങൾ (ഏതുപദ്ധതിക്കു പകരമാണ് പുതിയനിർദ്ദേശങ്ങൾ എന്ന് പ്രത്യേകം എടുത്തുപറയേണ്ടതാണ്).

2. നിലവിലുള്ളവയ്ക്ക് ഉപകാരമല്ലാതുള്ള നിർദ്ദേശങ്ങൾ (പദ്ധതിയടങ്കൽ ഏതാണ്ട് നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നതിനാൽ ഇത്തരം നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് കർശനമായ പരിമിതികൾ ഉണ്ട് എന്ന് ചർച്ചകളിൽ പരിശീലകർ വ്യക്തമാക്കേണ്ടതുണ്ട്.)

3. മറ്റു നിർദ്ദേശങ്ങൾ

പ്ലീനറി സെഷനിൽ കൺവീനർ ഇവ മൂന്നും വായിക്കേണ്ടതുണ്ട്. അതുപോലെതന്നെ ആ വിഷയമേഖലയിലെ കഴിഞ്ഞവർഷത്തെ പദ്ധതി നടത്തിപ്പിനെക്കുറിച്ചുള്ള നിഗമനങ്ങളും നിർദ്ദേശങ്ങളും അതിന്റെ അടിസ്ഥാനത്തിൽ വരുംവർഷ പദ്ധതിയിലെ നിർദ്ദേശങ്ങളെക്കുറിച്ചുള്ള വിലയിരുത്തലും എഴുതിവായിക്കണം. എഴുതി തയ്യാറാക്കിയ കുറിപ്പുകളിൽ അധ്യക്ഷന്റെ ഒപ്പുസഹിതം ഗ്രാമസഭയുടെ തീരുമാനങ്ങളായി പഞ്ചായത്തിനു കൈമാറേണ്ടതാണ്.

വികസനസെമിനാറിലേയ്ക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത് വിഷയഗ്രൂപ്പിൽ വെച്ചാണ്. ഒരു വിഷയഗ്രൂപ്പിൽനിന്ന് രണ്ട് പ്രതിനിധികളാണ് വേണ്ടത്. ഒരാൾ നിർബന്ധമായും സ്ത്രീയായിരിക്കണം.

പൊതുസമ്മേളനത്തിൽ ഗ്രൂപ്പുകൾ അംഗീകരിച്ച് എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകൾ വായിച്ചാൽ മതിയാകും. ഗ്രാമസഭയുടെ സമാപനത്തിനു മുമ്പായി അധ്യക്ഷൻ ചർച്ചകൾ ക്രോഡീകരിച്ച് സംസാരിക്കണം. വിവിധ ഗ്രൂപ്പുകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ വിശദമായി ചർച്ചചെയ്യുന്നതിനു വേണ്ടി പഞ്ചായത്ത് വികസനസെമിനാർ നടത്തുന്ന വിവരം സൂചിപ്പിക്കണം. ഇതോടെ ഗ്രാമസഭയുടെ ഔപചാരിക ചടങ്ങുകൾ അവസാനിക്കുന്നതാണ്.

അധ്യായം 7

# വികസനസെമിനാർ

ഒന്നാം വാർഷികപദ്ധതി തയ്യാറെടുപ്പിന്റെ അക്കാദമീയമായി ഏറ്റവും ഉയർന്ന നിലവാരം പുലർത്തിയഘട്ടം വികസനസെമിനാറിന്റേതായിരുന്നു. ഒട്ടനവധി ജനകീയപഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വികസന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി നടന്ന സെമിനാറുകൾ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ കാമ്പും കരുത്തും വിളിച്ചോതുന്നവയായിരുന്നു. മുൻവർഷപദ്ധതി നടത്തിപ്പിന്റെ അനുഭവസമ്പത്തും പുതിയ കർമ്മസമിതികളുടെ വൈദഗ്ധ്യവും ഈ വർഷത്തെ സെമിനാറുകളെ ഗുണപരമായിത്തന്നെ പുതിയൊരുവിതാനത്തിലേക്കുയർത്താൻ പര്യാപ്തമാണ്.

ഈ വർഷത്തെ വികസനസെമിനാറുകളിൽ വികസനറിപ്പോർട്ടിനെ അടിസ്ഥാനമാക്കി വികസനസാധ്യതകളല്ല ചർച്ചചെയ്യുക, മറിച്ച് കരടു വാർഷികപദ്ധതി നിർദ്ദേശങ്ങളെക്കുറിച്ചായിരിക്കും.1998 ഏപ്രിൽ-മേയ് മാസത്തിൽ നടത്തേണ്ട വികസനസെമിനാർ കഴിഞ്ഞ വർഷം നടത്തിയ വികസനസെമിനാറിൽ നിന്ന് വ്യത്യസ്തമാണ്. കഴിഞ്ഞവർഷം പഠനറിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഉണ്ടാക്കിയ വികസനരേഖയായിരുന്നു സെമിനാറിൽ ചർച്ചചെയ്യപ്പെട്ടത്. സെമിനാറിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് സെമിനാർ പ്രതിനിധികൾ തെരഞ്ഞെടുത്ത കർമ്മസമിതികൾ രൂപപ്പെടുത്തിയ പ്രോജക്ടുകൾ പഞ്ചായത്ത്/മുനിസിപ്പൽസമിതി പരിശോധിക്കുകയും അവയിൽ നിന്ന് തെരഞ്ഞെടുത്ത പ്രോജക്ടുകൾ ക്രോഡീകരിച്ച് പദ്ധതിരേഖ ഉണ്ടാക്കി ഡി.പി.സി.യുടെ അംഗീകാരത്തിന് സമർപ്പിക്കുകയുമാണല്ലോ ചെയ്തത്. ഈവർഷമാകട്ടെ പഞ്ചായത്ത്/മുനിസിപ്പൽസമിതി അംഗീകരിക്കുന്ന കരടുപദ്ധതി നിർദ്ദേശങ്ങൾ അടസ്ഥാനമാക്കി കർമ്മസമിതികൾ പ്രോജക്ടുകൾ രൂപപ്പെടുത്തുകയും പ്രസ്തുത പ്രോജക്ടുകൾ ക്രോഡീകരിച്ച് കരടു പദ്ധതിരേഖ ഉണ്ടാക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രസ്തുതരേഖ ഗ്രാമസഭകൾ/വാർഡു സഭകൾ ചർച്ച ചെയ്ത് നിർദ്ദേശിച്ച ഭേദഗതികളോടുകൂടിയാണ് വികസനസെമിനാർ പരിഗണിക്കുന്നത്.

കഴിഞ്ഞ വികസനസെമിനാറുകളുടെ ഒരു പ്രധാനദൗർബല്യം അച്ചടിച്ച റിപ്പോർട്ടുകളുണ്ടായിട്ടുകൂടി വേണ്ടത്ര സമഗ്രമായ ചർച്ച നടന്നില്ല എന്നതാണ്. ചിലയിടത്തെങ്കിലും ഗ്രാമസഭകളെന്നപോലെ പുതിയ ആവശ്യങ്ങളുന്നയിക്കാനുള്ള വേദിയായി വികസനസെമിനാറുകൾ പരിണമിച്ചു. അക്കാദമീയ മുന്നൊരുക്കത്തിന്റെ അപര്യാപ്തതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഈവർഷം ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയില്ലെങ്കിൽ ഗൗരവമായ പ്രശ്നങ്ങൾ സെമിനാറിൽ ഉളവായേക്കാം. കരടുപദ്ധതിരേഖയാണ് വികസനസെമിനാറിൽ ചർച്ച ചെയ്യുന്നത്. ഗ്രാമസഭകൾ പലഭേദഗതികളും ഉന്നയിച്ചിട്ടുണ്ടായിരിക്കാം. അവയെല്ലാം അംഗീകരിച്ചിരിക്കണമെന്നില്ല. ഗ്രാമസഭാ പ്രതിനിധികൾ പങ്കെടുക്കുന്ന ഗ്രൂപ്പുചർച്ചകളിൽ കരടുപദ്ധതി രേഖയിലെ മുൻഗണനകളെക്കുറിച്ച് ബോധ്യപ്പെടുത്തേണ്ടതുണ്ട്. വാർഡുതലബോധത്തിൽ നിന്ന് പഞ്ചായത്തിലെ/മുൻസിപ്പാലിറ്റിയിലെ പ്രശ്നങ്ങളെ സമഗ്രമായി വീക്ഷിക്കുന്ന ഒരു സമീപനം സെമിനാറിൽ ഉരുത്തിരിയണമെങ്കിൽ ഇതിനുതകുന്ന തരത്തിലുള്ള അവതരണങ്ങളും ചർച്ചകളിലെ ഇടപെടലുകളും കൂടിയേതീരു.

സമയപരിമിതിയായിരുന്നു കഴിഞ്ഞവർഷത്തെ സെമിനാറുകളുടെ മറ്റൊരു മുഖ്യപ്രശ്നം. സമയക്കുറവിനു മുഖ്യകാരണം സമയത്തുസെമിനാറുകൾ ആരംഭിക്കാത്തതും ഉദ്ഘാടന സമ്മേളനം നീണ്ടുപോകുന്നതുമാണ്. ഇവ രണ്ടും ഈവർഷം ഒഴിവാക്കണം. സ്ത്രീകളുടെയും ദുർബലവിഭാഗങ്ങളുടെയും പങ്കാളിത്തം കഴിഞ്ഞവർഷത്തെ സെമിനാറിൽ വേണ്ടത്ര ഉണ്ടായിരുന്നില്ല എന്നുകൂടി പറയേണ്ടിയിരിക്കുന്നു.

## പ്രാതിനിധ്യം

സെമിനാർ പ്രതിനിധികളെ താഴെപ്പറയുന്ന രീതിയിൽ നിശ്ചയിക്കാം:

1. ഓരോ വാർഡിൽനിന്നും വിവിധ വിഷയ ഗ്രൂപ്പുകളിൽനിന്നു തെരഞ്ഞെടുത്ത പ്രതിനിധികളായരിക്കും ഏറ്റവുംവലിയ വിഭാഗം.വിഷയ

ഗ്രൂപ്പുകളിൽവച്ചാണ് പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്. ഒരു ഗ്രൂപ്പിൽനിന്ന് ഒന്നോ രണ്ടോ പ്രതിനിധികൾ വീതം ആകാം. പ്രതിനിധികൾ പകുതിപേർ വനിതകളായിരിക്കണം. പട്ടികജാതി/വർഗ്ഗക്കാരുണ്ടെങ്കിൽ അവരിൽ നിന്ന് ഓരോ പ്രതിനിധിയെങ്കിലും ഉണ്ടായിരിക്കണം.

2. പഞ്ചായത്ത്/മുനിസിപ്പാലിറ്റി അംഗങ്ങൾ.
3. പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
4. പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശത്തിൻെറ ചുമതലയുള്ള, പ്രത്യേകിച്ചും നിർവ്വഹണ ചുമതലയുള്ള, സർക്കാർ വകുപ്പ്, അർദ്ധ സർക്കാർ മേഖലകളിലെ ഉദ്യോഗസ്ഥന്മാർ.
5. പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥന്മാർ.
6. പ്രദേശത്തെ രാഷ്ട്രീയ-സാമൂഹ്യ-ബഹുജന സംഘടനാ പ്രതിനിധികൾ.
7. സഹകരണസംഘങ്ങളുടെ പ്രതിനിധികൾ.
8. മറ്റു ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ.
9. അങ്കണവാടി/ബാലവാടി പ്രതിനിധികൾ.
10. ജനകീയാസൂത്രണ പ്രവർത്തകർ (വിദഗ്ധ സമിതി അംഗങ്ങൾ, സംസ്ഥാന/ജില്ലാ/പ്രാദേശിക പരിശീലകർ)

6-10വരെ വിഭാഗങ്ങളിൽ നല്ല പങ്കും ഗ്രാമസഭാ പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.പ്രതിനിധികളിൽ മൂന്നിലൊന്നുപേരെങ്കിലും സ്ത്രീകളായിരിക്കുമെന്ന് ഉറപ്പുവരുത്തണം. ഗ്രാമസഭകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരും മറ്റ് പ്രതിനിധികളും ചേരുമ്പോൾ ഈ അനുപാതം വരുന്നില്ലെങ്കിൽ വനിതാപ്രതിനിധികളെ വനിതാ കർമ്മസമിതിയുടെ സഹായത്തോടെ നോമിനേറ്റ്ചെയ്യാവുന്നതാണ്. ഇതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യമെങ്കിലും ഉറപ്പാക്കണം. പ്രതിനിധികളായി ഇവർ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗ കർമ്മസമിതികളുടെ സഹായത്തോടെ കൂടുതൽ പ്രതിനിധികളെ നോമിനേറ്റ് ചെയ്യേണ്ടതാണ്. 250 പേരടങ്ങുന്ന സെമിനാറായിരിക്കും അഭികാമ്യം.

### മുന്നൊരുക്കങ്ങൾ

1. സ്വാഗതസംഘം

മാർച്ച് മാസത്തിൽ തന്നെ വിപുലമായ സ്വാഗതസംഘം രൂപീകരിച്ച് സെമിനാർ വമ്പിച്ച വിജയമാക്കുന്നതിന് വേണ്ട പ്രവർത്തനം തുടങ്ങണം. സ്വാഗതസംഘ രൂപീകരണയോഗത്തിലേക്ക് താഴെ പറയുന്നവരെ പഞ്ചായത്ത്/മുനിസിപ്പൽ സമിതി കത്ത് നൽകി ക്ഷണിക്കേണ്ടതാണ്.

1. രാഷ്ട്രീയ-സാമൂഹ്യ-ബഹുജന-സംഘടനാ പ്രതിനിധികൾ.
2. പ്രദേശത്തിൻെറ ചുമതലയുള്ള സർക്കാർ വകുപ്പ്, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ മേലുദ്യോഗസ്ഥന്മാർ.
3. അങ്കണവാടി, ബാലവാടി, സഹകരണസംഘം, ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾ.
4. ജനകീയാസൂത്രണ പ്രവർത്തകർ.

മാർച്ചിൽ നടക്കുന്ന ഗ്രാമസഭകളിൽത്തന്നെ വികസനസെമിനാർ സംബന്ധിച്ച ബോധവൽക്കരണം നടത്തണം. ബാനറുകൾ, പോസ്റ്ററുകൾ, സിനിമ, സ്ലൈഡുകൾ, പത്ര മാധ്യമങ്ങളിൽ വാർത്തകൾ, വിളംബര ജാഥകൾ, വികസന ജ്യോതി തുടങ്ങിയവ പ്രചാരണത്തിന് ഉപയോഗിക്കണം. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ വീഡിയോ കാസറ്റ്, പോസ്റ്റർ, ചാർട്ട്, ചിത്രങ്ങൾ മുതലായവ ഉപയോഗിച്ച് പ്രദർശനങ്ങൾ നടത്താം. വിദ്യാർത്ഥികൾ, യുവജനങ്ങൾ, വനിതകൾ എന്നിവരെ പങ്കെടുപ്പിച്ച് ജനകീയ ഉപന്യാസ, പ്രസംഗ, ക്വിസ് മത്സരങ്ങൾ നടത്താവുന്നതാണ്.

### സെമിനാർ സ്ഥലം

മുന്നൂറോളം പേർക്ക് യോഗം ചേരുകയും ഗ്രൂപ്പ് ചർച്ചകൾ നടത്തുകയും ചെയ്യാൻ സൗകര്യമുള്ള സ്ഥലം കാലേകൂട്ടി കണ്ടെത്തേണ്ടതാണ്. ഉച്ചഭക്ഷണം, ചായ, ഉച്ചഭാഷിണി എന്നിവ ഏർപ്പാടാക്കണം. ഇതിനുള്ള ചെലവ് പഞ്ചായത്ത്/മുനിസിപ്പാലിറ്റി വഹിക്കേണ്ടതാണ്.

### ഉദ്യോഗസ്ഥതല യോഗം

പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശത്തെ എല്ലാ സർക്കാർ വകുപ്പുകളിലേയും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥന്മാരുടെ യോഗം മേലുദ്യോഗസ്ഥൻ വിളിച്ചു ചേർത്ത് സെമിനാറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കു

സെമിനാറിൻെറ കാര്യപരിപാടി ക്ഷണകത്തിൽ ചേർത്തിരിക്കണം. കാര്യപരിപാടി ഇങ്ങനെയാവാം.

| | | | | | |
|---|---|---|---|---|---|
| 9 | മുതൽ | 10 | വരെ | രജിസ്ട്രേഷൻ | |
| 10 | " | 10.05 | " | സ്വാഗതം | സെക്രട്ടറി |
| 10.05 | " | 10.15 | " | അദ്ധ്യക്ഷപ്രസംഗം | പ്രസിഡൻറ്/ചെയർമാർ/മേയർ |
| 10.15 | " | 10.30 | " | ഉത്ഘാടനം | പാർലമെൻറ് അംഗം/എം.എൽ.എ/ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധി |
| 10.30 | " | 11.30 | " | കരട് പദ്ധതിരേഖ അവതരണങ്ങൾ | |
| 11.30 | " | 4.00 | " | ഗ്രൂപ്പു ചർച്ച | |
| 4.00 | " | 5.30 | " | ഗ്രൂപ്പ് റിപ്പോർട്ടിങ്. | |
| 5.30 | " | 6.00 | " | സമാപനം | |
| 6.00 മണിക്ക്പൊതുയോഗം | | | | കലാപരിപാടികൾ | |

മെന്ന് ഉറപ്പു വരുത്തണം. പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെടാനും സഹകരിച്ച് പ്രവർത്തി ക്കാനും ആവശ്യമായ തീരുമാനങ്ങൾ പ്രസ്തുത യോഗത്തിൽ ഉണ്ടാവേണ്ടതാണ്.

കരട് പദ്ധതിരേഖ

1998-99 ലേക്കുള്ള കരട് പദ്ധതിരേഖ ഗ്രാമസഭകളിൽ നിന്നുള്ള ഭേദഗതി നിർദ്ദേശം ഉൾപ്പെടെ വികസനസെമിനാറിൽ ലഭ്യമായിരിക്കണം.

കരട് പദ്ധതിരേഖയുടെ സംഗ്രഹം 1/4 ഡമ്മി സൈസിൽ അച്ചടിച്ച് സെമിനാറിൽ പങ്കെടുക്കുന്ന എല്ലാവർക്കും വിതരണം ചെയ്യേണ്ടതാണ്. പ്രോജക്ടുകളുടെ പട്ടിക-സംക്ഷിപ്ത വിവരങ്ങളോടെ മേഖല തിരിച്ച്, ഉണ്ടായിരിക്കണം. ഗ്രാമസഭ/വാർഡ്സഭകൾ നിർദ്ദേശിച്ച ഭേദഗതികളുടെ ഒരു പട്ടികയും അതാതു ഗ്രൂപ്പുകളിൽ കോപ്പിയെടുത്ത് നൽകിയിരിക്കണം.

1. കാര്യപരിപാടി

2. രജിസ്ട്രേഷൻ

വികസനസെമിനാറിൽ പങ്കെടുക്കുന്നവരെല്ലാം രജിസ്റ്റർ ചെയ്യുന്നതിന് ഒരു കൗണ്ടർ മതിയാകില്ല വിഷയഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ ചുരുങ്ങിയത് അഞ്ച് രജിസ്ട്രേഷൻ കൗണ്ടറുകൾ എങ്കിലും ഉണ്ടായിരിക്കണം. ഒരാളെ ഏതു കൗണ്ടറിൽ രജിസ്റ്റർ ചെയ്യണമെന്നത് അദ്ദേഹത്തിൻെറ താല്പര്യവും അദ്ദേഹത്തിന് ഏതു ഗ്രൂപ്പിലെ ചർച്ചകളിലാണ് കൂടുതൽ സംഭാവന ചെയ്യാൻ കഴിയുക എന്നത് സംബന്ധിച്ച സംഘാടകരുടെ വിലയിരുത്തലും മുൻ നിറുത്തിയായിരിക്കണം. രജിസ്ട്രേഷൻ കഴിഞ്ഞാൽ രജിസ്റ്റർ ചെയ്ത ഫോറങ്ങൾ എല്ലാം ശേഖരിച്ച് ഫയൽ ചെയ്തു സൂക്ഷിക്കുക എന്നത് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. ഇത് വളരെ പ്രധാനപ്പെട്ട ആധികാരിക രേഖയാണെന്നുള്ളത് പ്രത്യേകം സൂചിപ്പിക്കേണ്ടതില്ലല്ലോ. ഗ്രാമസഭയിലെ പങ്കാളിത്തം സംബന്ധിച്ച കണക്ക്സമാപന സമ്മേളനത്തിൽ പ്രഖ്യാപിക്കുന്നത് ഉചിതമായിരിക്കും. രജിസ്ട്രേഷനുള്ള മാതൃകാഫോറം കാണുക

3. അവതരണങ്ങളും ഗ്രൂപ്പുചർച്ചയും

പദ്ധതിരേഖയെ അടിസ്ഥാനമാക്കി 15-20 മിനിട്ട് വീതമുള്ള മൂന്ന് അവതരണങ്ങളാണ് വിഭാവനം ചെയ്യുന്നത്. ഒന്നാമത്തെ അവതരണം പദ്ധതിരേഖയുടെ ആദ്യത്തെ അധ്യായത്തെ ആസ്പദമാക്കിയാണ്. കഴിഞ്ഞവർഷത്തെ പദ്ധതിയുടെ അവലോകനത്തിലാണ് കൂടുതൽ ഊന്നൽ നൽകേണ്ടത്. രണ്ടാമത്തെ അവതരണം വിഭവസമാഹരണം എന്ന അധ്യായത്തെ ആസ്പദമാക്കിയായിരിക്കണം. പദ്ധതിയുടെ മൊത്തം അടങ്കലും വിഭവസ്രോതസ്സുകളും ലക്ഷ്യംകൈവരിക്കുന്നതിനുള്ള ജാഗ്രതയും അവതരണത്തിൽ വിശദീകരിക്കണം. മൂന്നാമത്തെ അവതരണം വികസനത

.............................................. ഗ്രാമപഞ്ചായത്ത്/

മുനിസിപ്പാലിറ്റി/വികസന സെമിനാർ

രജിസ്ട്രേഷൻ ഫോറം (മാതൃക)

തീയതി ..................................

| ക്രമനമ്പർ | പേര്, വീട്ടുനമ്പർ വീട്ടു പേര് | സ്ത്രീയോ പുരുഷനോ | വിദ്യാഭ്യാസ യോഗ്യത | പ്രായം | SC/ ST | തൊഴിൽ |
|---|---|---|---|---|---|---|
| | | | | | | |

(കോഡുകൾ ഗ്രാമസഭയ്ക്ക് നല്കിയതുതന്നെ ഉപയോഗിക്കുക)

ന്ത്രത്തെക്കുറിച്ചാണ്. പ്രോജക്ടുകളെ ഓരോന്നായെടുത്ത് പദ്ധതി രേഖാ അവലോകനത്തിൽ പരിചയപ്പെടുത്തേണ്ടതില്ല. അതിനുള്ള സമയവും സന്ദർഭവും ഗ്രൂപ്പ് ചർച്ചയാണ്. ഒൻപത് ഗ്രൂപ്പുകളെങ്കിലും ഉണ്ടാകേണ്ടതുണ്ട്

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം, ഊർജ്ജം.
4. ഗതാഗതം, പാർപ്പിടം
5. ആരോഗ്യം, ശുചിത്വം, കുടിവെള്ളം, സാമൂഹ്യക്ഷേമം
6. വിദ്യാഭ്യാസം, സംസ്കാരം
7. വനിതാ ക്ഷേമം
8. പട്ടികജാതി - പട്ടികവർഗ്ഗവികസനം,
9. സഹകരണം, വിഭവസമാഹരണം.

കൂടുതൽ വിഷയഗ്രൂപ്പുകളായിട്ട് ആവശ്യാനുസരണം വിഭജിക്കാവുന്നതാണ്. മത്സ്യബന്ധനം, പാർപ്പിടം, ആരോഗ്യം തുടങ്ങിയവയ്ക്കൊക്കെ പ്രത്യേകം ഗ്രൂപ്പുകളാകാം. ഓരോ ഗ്രൂപ്പിനും ഒരു കൺവീനറും, മോഡറേറ്ററുംഉണ്ടായിരിക്കണം. ഭക്ഷണം ഗ്രൂപ്പു ചർച്ചയ്ക്ക് മധ്യേ ഏർപ്പാടാക്കാവുന്നതാണ്.

ഗ്രൂപ്പു ചർച്ചയാണ് സെമിനാറിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. അധ്യക്ഷൻ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുവേണ്ടി നടന്ന പ്രവർത്തനങ്ങളെക്കുറിച്ചു പൊതുവായി സൂചിപ്പിക്കണം. അതുപോലെതന്നെ ഗ്രൂപ്പിന്റെ വിഷയമേഖലയെ മൊത്തം വികസനതന്ത്രവുമായി ബന്ധപ്പെടുത്തി വിശദീകരിക്കണം. അതുകഴിഞ്ഞാൽ ആ മേഖലയിലെ പ്രോജക്ടുകൾ ഏവയെന്ന് ചുരുക്കി മറ്റൊരു കർമ്മസമിതി അംഗം വിശദീകരിക്കണം. ഒന്നിലേറെ വിഷയങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഗ്രൂപ്പാണെങ്കിൽ ഒന്നിലേറെ അവതരണങ്ങൾ വേണ്ടി വരുമെന്ന് പറയേണ്ടതില്ലല്ലോ. ഈ അവതരണങ്ങളോടൊപ്പം ഗ്രാമസഭയിൽ നിന്നുയർന്നുവന്ന ബദൽ നിർദ്ദേശങ്ങളെയും പരാമർശിക്കണം. ഗ്രാമസഭയിൽ നിന്നുയർന്നുവന്ന ഒന്നും രണ്ടും വിഭാഗം നിർദ്ദേശങ്ങളുടെ പകർപ്പെടുത്ത് ഗ്രൂപ്പിലെ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്തിരിക്കേണ്ടതാണ്. ബദൽ നിർദ്ദേശങ്ങളുന്നയിച്ച ഗ്രാമസഭകളുടെ പ്രതിനിധികളും ഗ്രൂപ്പു ചർച്ചയ്ക്കുണ്ടാകുമെന്നതിനാൽ വാശിയേറിയ സംവാദം നടക്കുമെന്ന് തീർച്ചയാണ്. ഇതിലിടപെടുന്നതിന് ഗ്രൂപ്പിൽ പ്രതിനിധികളായിട്ടുള്ള കർമ്മ സമിതി അംഗങ്ങൾ മുൻകൂട്ടി തയ്യാറായിരിക്കണം. ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള ഭേദഗതികളുടെ നാനാ വശങ്ങൾ പരിശോധിച്ചതിനു ശേഷം കർമ്മസമിതികളുടെ ശുപാർശകളുടെ, സഹായത്തോടുകൂടിയാണല്ലോ ഭരണസമിതി കരടുപദ്ധതി രേഖയ്ക്ക് രൂപംനൽകിയിരിക്കുന്നത്.

ആയതിനാൽ തീരുമാനത്തിനു പിന്നിലെ യുക്തി ഗ്രൂപ്പിൽ വിശദീകരിച്ച് അംഗീകാരം തേടുന്നതിന് കർമ്മസമിതി അംഗങ്ങൾ ഒരു മുഖ്യ പങ്കു വഹിക്കേണ്ടതുണ്ട്. ഏതെങ്കിലും ഭേദഗതി നിർദ്ദേശത്തിന് ഭൂരിപക്ഷ പിന്തുണ ലഭിക്കുകയാണെങ്കിൽ അതു പ്രത്യേകം രേഖപ്പെടുത്തുകയും സമാപനസമ്മേളനത്തിൽ അറിയിക്കുകയും വേണം. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ഭേദഗതിനിർദ്ദേശങ്ങൾക്കു പുറമേ വികസന സെമിനാറിലെ പ്രതിനിധികൾക്കും പദ്ധതി രേഖ സംബന്ധിച്ച് ഭേദഗതി നിർദ്ദേശിക്കാവുന്നതാണ്. പക്ഷേ ഒരു വിഷയഗ്രൂപ്പിൽ അതുമായിബന്ധപ്പെട്ട വിഷയങ്ങളേ ചർച്ചചെയ്യേണ്ട തുള്ളൂ. മറ്റു മേഖലകളെക്കുറിച്ചു പ്രതിനിധികൾക്ക് അഭിപ്രായമുണ്ടെങ്കിൽ തങ്ങളുടെ അഭിപ്രായം സംബന്ധിച്ച കുറിപ്പ് എഴുതിത്തയ്യാറാക്കി ബന്ധപ്പെട്ട ഗ്രൂപ്പിൻെറ അധ്യക്ഷന് നൽകുകയാണുവേണ്ടത്. വികസനസെമിനാറിൽ ഉയർന്നു വരുന്ന ഭേദഗതികളെക്കുറിച്ചുള്ള അന്തിമതീരുമാനം ഭരണസമിതി പിന്നീട് കൈക്കൊള്ളും. എന്നാൽ ഏതെങ്കിലും ഭേദഗതി തള്ളിക്കളയുകയാണെങ്കിൽ അതിനുള്ള കാരണം തീരുമാനത്തോടൊപ്പം വ്യക്തമാക്കണമെന്നുമാത്രം.

സമാപനസമ്മേളനത്തിൽ ഈ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളാണ് അവതരിപ്പിക്കുന്നത്. അവ എഴുതിത്തയ്യാറാക്കിവേണം അവതരിപ്പിക്കാൻ. ഗ്രൂപ്പുകൾ അംഗീകരിച്ച ഭേദഗതിനിർദ്ദേശങ്ങൾ കൃത്യമായി എഴുതിയിരിക്കണം. ഇവസംബന്ധിച്ച് പൊതുചർച്ചയുടെ ആവശ്യമില്ല. ഈ നിർദ്ദേശങ്ങളെല്ലാം ഭരണസമിതി ഗൗരവമായി പരിശോധിച്ച് അന്തിമതീരുമാനങ്ങൾ കൈക്കൊള്ളും എന്ന് അദ്ധ്യക്ഷൻെറ നിർദ്ദേശത്തോടുകൂടി സെമിനാർ സമാപിപ്പിക്കാവുന്നതാണ്. ഗ്രൂപ്പുചർച്ചയുടെ റിപ്പോർട്ടുകൾ അധ്യക്ഷൻ ഒപ്പിട്ട് ഔദ്യോഗികരേഖകളായി പഞ്ചായത്താഫീസിൽ സൂക്ഷിക്കേണ്ടതാണ്.

### പൊതുയോഗം

വികസനസെമിനാറിൻെറ അനുബന്ധം എന്ന നിലയിൽ നടത്തുന്ന പൊതുയോഗത്തിൽ രാഷ്ട്രീയ-സാമൂഹ്യ മേഖലകളിലെ പ്രമുഖരെ പങ്കെടുപ്പിക്കണം. ആയോഗത്തിൽ വികസന സെമിനാർ അംഗീകരിച്ച പദ്ധതിരേഖയുടെ രൂപരേഖ കൺവീനർ/കോ-ഓർഡിനേറ്റർ അവതരിപ്പിക്കണം. യോഗത്തിൽ സംബന്ധിക്കുന്ന രാഷ്ട്രീയ-സാമൂഹ്യ നേതാക്കന്മാരിൽനിന്നുള്ള സൃഷ്ടിപരമായ പ്രതികരണംകൂടി പദ്ധതിരേഖയ്ക്ക് അവസാനരൂപം നല്കുമ്പോൾ പരിഗണിക്കേണ്ട താണ്.

യോഗാവസാനം വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ നല്കാവുന്നതാണ്.

യോഗാനന്തരം പ്രാദേശിക കലാപ്രതിഭകൾ അവതരിപ്പിക്കുന്ന കലാപരിപാടികൾ കൂടി ഉണ്ടാവുന്നത് അഭികാമ്യമായിരിക്കും.

അധ്യായം 8

# പദ്ധതിരേഖ

രണ്ടാം വാർഷികപദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നാനാവിധ പ്രവർത്തനങ്ങളാണ് ഇതുവരെ വിവരിച്ചത്. ഇനിയിപ്പോഴം ഈ പദ്ധതിരേഖയുടെ ഘടനയും ഉള്ളടക്കവുമാണ്. ഹ്രസ്വമായി പരിശോധിക്കുന്നത്. പ്രോജക്ട് തയ്യാറാക്കുന്ന കാര്യത്തിലെന്നപോലെ ചില മാറ്റങ്ങളൊഴിച്ചാൽ ബാക്കിയെല്ലാം കഴിഞ്ഞവർഷത്തെ ചിട്ടകാംതന്നെ തുടരാവുന്നതാണ്. ആയതിനാൽ ഈ അധ്യായത്തിൻെറ അധികവായ്നയ്ക്കു വേണ്ടി കഴിഞ്ഞ വർഷത്തെ നാലാംഘട്ട പരിശീലനകൈപ്പുസ്തകം ഉപയോഗപ്പെടുത്തേണ്ടതാണ്.

പദ്ധതിരേഖയുടെ ആവശ്യത്തെ ചോദ്യം ചെയ്യുന്ന ചിലരുണ്ട്. അവരുടെ അഭിപ്രായത്തിൽ സർക്കാർനൽകുന്ന തുകയ്ക്ക് പ്രോജക്ടുകളുണ്ടാക്കി നടപ്പാക്കുന്നതിനുമുമ്പ് അംഗീകാരം നേടിയാൽ മതി; ഒരു പ്രത്യേക രേഖയുടെ ആവശ്യമില്ല. ആസൂത്രണ സങ്കല്പങ്ങാക്ക് കടകവിരുദ്ധമാണീ നിലപാട്. അപ്പോഴപ്പോഴത്തെ തീരുമാനങ്ങാക്കനുസരിച്ച് പ്രോജക്ടുകളുണ്ടാക്കലല്ല ആസൂത്രണം. ആസൂത്രണമെന്നാൽ കൃത്യമായി മുൻഗണനകളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ചില കാര്യങ്ങാം ചെയ്യുന്നതിന് തീരുമാനങ്ങളെടുക്കലാണ്. ഈ തീരുമാനങ്ങളുടെ യുക്തിയെ വിശദീകരിക്കുന്ന രേഖയാണ് പദ്ധതിരേഖ. പദ്ധതിരേഖയ്ക്കു മൂന്നു സുപ്രധാന കർത്തവ്യങ്ങാം നിർവഹിക്കാനുണ്ട്. സംയോജനം, സുതാര്യത, സൂക്ഷ്മമേൽനോട്ടം. വിവിധതട്ടുകളിലെ പദ്ധതികളുടെ സംയോജനത്തിന് പദ്ധതിരേഖയുടെ ഭാഗമായ സ്ഥിതിവിവരക്കണക്കുകാം കൂടിയേതീരു. പദ്ധതിയുടെ സൂക്ഷ്മ മേൽനോട്ടത്തിന് അഥവാ മോണിറ്ററിംഗിനുള്ള അടിസ്ഥാനരേഖ യാണിത്. എല്ലാറ്റിലുമുപരി പദ്ധതിരേഖ സുതാര്യതയുടെ താക്കോലാണ്. പദ്ധതിരേഖയ്ക്ക് എട്ട് അദ്ധ്യായങ്ങളും നാല് അനുബന്ധങ്ങളുമുണ്ട്. ഇവ ഏതൊക്കെയെന്ന് ചുവടെ കൊടുക്കുന്നു.

1. ആമുഖം
2. വികസന തന്ത്രം
3. വിഭവസമാഹരണം
4. പ്രോജക്ടുകൾ മേഖല തിരിച്ച്
5. സംയോജിത വികസനപരിപാടികൾ
6. പട്ടികജാതി-പട്ടികവർഗ്ഗ വികസനപരിപാടി
7. സ്ത്രീ വികസനപരിപാടി
8. മോണിറ്ററിങ്ങ്

**അനുബന്ധങ്ങൾ**

1. ജി.എൻ. ഫോറങ്ങൾ
2. പ്രോജക്ടുരേഖകൾ
3. ജനകീയാസൂത്രണ രേഖകൾ
4. മുകൾത്തട്ടുകളിലേക്കുള്ള നിർദ്ദേശങ്ങൾ.

1998-99 വർഷത്തെ വാർഷികപദ്ധതിരേഖയാണ് തയ്യാറാക്കേണ്ടത്. ഇതിലെ ഓരോ അധ്യായത്തിലും എന്തെല്ലാമാണ് ഉൾക്കൊള്ളിക്കേണ്ടത്, അവ എങ്ങനെയാണ് തയ്യാറാക്കേണ്ടത് എന്നീ കാര്യങ്ങളാണ് ഈ അധ്യായത്തിൻെറ പ്രതിപാദ്യം. പദ്ധതിരേഖയുടെ നാലു കോപ്പികളാണ് ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കേണ്ടത്. മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ മൂന്ന് കോപ്പികളും തയ്യാറാക്കണം.

## 1. ആമുഖം

ആമുഖ അധ്യായത്തിൻെറ മുഖ്യ പ്രതിപാദ്യവിഷയം, പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഇന്ന് നേരിടുന്ന വികസന വെല്ലുവിളികൾ ഇവ നേരിടുന്നതിന് കഴിഞ്ഞ വർഷത്തെ പദ്ധതി എത്രമാത്രം പര്യാപ്തമായിരുന്നു എന്നതാണ്. ഇതിലേക്ക് കടക്കുന്നതിനുമുമ്പ്, രണ്ടു കാര്യങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

1) പഞ്ചായത്ത്/മുനിസിപ്പാലിറ്റി സംബന്ധിച്ച ഒരു പൊതു വിതരണം (പേര്, വിസ്തൃതി, പട്ടികജാതി - പട്ടികവർഗ്ഗ ജനസംഖ്യ, ഗ്രേഡ്, ബ്ലോക്ക്, ജില്ല etc.). ഇത് സംബന്ധിച്ച് പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുകയും പരിഷ്ക്കരിച്ച് ഉൾപ്പെടുത്തേണ്ടതുമാണ്.

2) പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ സമ്പദ്ഘടനയുടെ പൊതുസ്വഭാവത്തെക്കുറി

ച്ചുള്ള വിലയിരുത്തൽ (മുഖ്യസാമ്പത്തികമേഖല, ഉത്പാദന സംഘാടനവും സമ്പ്രദായവും, വാണിജ്യവത്ക്കരണം തുടങ്ങിയവ).

ഈ പൊതുസ്വഭാവത്തെ തൊഴിൽ ഘടനയുടെ അടിസ്ഥാനത്തിലോ വിളവിസ്തൃതിയുടെയും ഉത്പാദനയൂണിറ്റുകളുടെയും അടിസ്ഥാനത്തിലോ വിശദീകരിക്കാവുന്നതാണ്. ഏതായാലും ഈ വിവരണം ഒന്നോരണ്ടോ ഖണ്ഡികകളിൽ കൂടേണ്ടതില്ല. അടുത്തതായി ഒന്നോരണ്ടോ പേജുകളിലായി പഞ്ചായത്ത് അഭിമുഖീകരിക്കുന്ന വികസനപ്രശ്നങ്ങളെ സംക്ഷിപ്തരൂപത്തിൽ അവതരിപ്പിക്കണം. വികസനറിപ്പോർട്ടിലെ വിശകലനത്തിന്റെ രത്നചുരുക്കമാണിവിടെ നൽകേണ്ടത്. റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങളെല്ലാം പകർത്തേണ്ടതില്ല. വിശദീകരണങ്ങൾക്കും സ്ഥിതിവിവരക്കണക്കുകൾക്കുമെല്ലാം സൂചനകൾ നൽകിയാൽ മതിയാകും. താഴെപ്പറയുന്ന ഏഴു കാര്യങ്ങൾ പരിഗണിക്കുന്നത് നന്നാവും.

1) ഉത്പാദനവും ഉത്പാദനക്ഷമതയും ഉത്പാദനമുരടിപ്പും : വളരെ പതുക്കെമാത്രം ഉയരുന്ന ഉത്പാദന വളർച്ചയാണല്ലൊ കൃഷിയും ചെറുകിട വ്യവസായങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ഇതെത്രമാത്രം പ്രാദേശികമായി പ്രസക്തമാണ്? എത്രമാത്രം ഗൗരവമാണ്?

2) തൊഴിലും തൊഴിലില്ലായ്മയും : കണക്കുകൾ ലഭ്യമല്ലെങ്കിലും തൊഴിൽഘടനയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെയും തൊഴിലില്ലായ്മയുടെ സ്വഭാവത്തെയും (അഭ്യസ്തവിദ്യരുടെ/മറ്റുള്ളവരുടെ, സ്ഥിരം/സീസണൽ, ചില മേഖലകളിൽ ദൗർലഭ്യം, ചില മേഖലകളിൽ മാത്രം തൊഴിലില്ലായ്മ etc.) പൊതുവിലുള്ള ഗൗരവാവസ്ഥയെയുംകുറിച്ച് ഒന്നോരണ്ടോ ഖണ്ഡികയാവാം.

3) സേവനങ്ങളുടെ ഗുണനിലവാരം: വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ, കുടിവെള്ളം, ഭവനസൗകര്യങ്ങൾ, ഗതാഗതം തുടങ്ങിയവയുടെ ഗുണനിലവാരത്തെ പരിശോധിക്കാം.

4) ദരിദ്രരുടെ, പ്രത്യേകിച്ച് പട്ടിക വിഭാഗങ്ങളുടെ അവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തൽ: ദാരിദ്ര്യത്തിന്റെ തുരുത്തുകളേവ? അടിസ്ഥാനസൗകര്യം ഇന്നും നിഷേധിക്കപ്പെടുന്നവരാണ്?

5) സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തമെത്ര? തൊഴിലുകളെന്ത്? വിവേചനം എത്രമാത്രം?

6) ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ എടുത്തു പറയണം.

7) പഞ്ചായത്തിലെ / മുനിസിപ്പാലിറ്റിയിലെ പിന്നോക്കംനിൽക്കുന്ന പ്രദേശങ്ങളേവ? പിന്നോക്കാവസ്ഥയുടെ കാരണങ്ങളെന്ത്?

ഇവയിൽ, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവയെക്കുറിച്ചുള്ള കാര്യങ്ങൾ ഓരോന്നും ഓരോ ചെറുഖണ്ഡികയിൽ ഒതുക്കാവുന്നതാണ്. ഇതിനു പുറമേ ചൂണ്ടിക്കാണിക്കേണ്ട മറ്റേതെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവയും നൽകാം.

ഈ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നാം കഴിഞ്ഞവർഷം പദ്ധതിരേഖ തയ്യാറാക്കിയത്. അതിനാൽ അവ സംഗ്രഹിച്ചെഴുതിയാൽ മതിയാകും. പഞ്ചായത്ത്/മുനിസിപ്പാലിറ്റി നേരിടുന്ന മുഖ്യ വികസന പ്രശ്നങ്ങൾ എടുത്തുകാണിച്ചുകൊണ്ടാണ് ഈ ഖണ്ഡിക അവസാനിപ്പിക്കേണ്ടത്.

ഇതിനെത്തുടർന്ന് 97-98 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന പരിപാടികളിൽ വിവരിച്ച പ്രശ്നങ്ങൾക്ക് എത്രമാത്രം പ്രസക്തമായിരുന്നെന്നതും അതിന്റെയടിസ്ഥാനത്തിൽ നടപ്പുവർഷം എന്തു മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് എന്നതുമാണ്. കഴിഞ്ഞ വാർഷികപദ്ധതിയുടെ പോരായ്മകൾ സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കി താഴേക്കുതന്ന അവലോകന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള നിഗമനങ്ങളും പരിഹാരനിർദ്ദേശങ്ങളും ഇവിടെ ഉൾപ്പെടുത്താവുന്നതാണ്. പ്രോജക്ടുകളുടെ ഗുണനിലവാരംസംബന്ധിച്ചുള്ള ഒരു സ്വയംവിലയിരുത്തലും ഇവിടെ ഉൾക്കൊള്ളിക്കാം.

അടുത്താതായി 97-98 വർഷത്തെ പദ്ധതിയുടെ നിർവഹണത്തെ വിലയിരുത്തണം. ഓരോ വികസനമേഖലയുമെടുത്ത് അതിലെ പ്രോജക്ടുകളുടെ എണ്ണവും ആ പ്രോജക്ടുകളുടെ അംഗീകരിച്ച അടങ്കലും സ്രോതസ്സുകളും നൽകണം. അതിനുശേഷം അടുത്തവരിയിൽ നിർവഹണം പൂർത്തിയാക്കിയ പ്രോജക്ടുകളുടെ എണ്ണവും അവയുടെ അടങ്കലും വിഭവസ്രോതസ്സുകളും നൽകണം. മൂന്നാമത്തെ വരിയിൽ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത പ്രോജക്ടുകളും അവയുടെ അടങ്കലും സ്രോതസ്സുകളും നൽകണം. ഈ മൂന്നു കണക്കുകളും നൽകിയതിനു ശേഷം കഴിഞ്ഞ വർഷത്തെ പദ്ധതി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് എത്രമാത്രം കൂടുതൽ പണംവേണമെന്നും ഏതൊക്കെ പ്രോജക്ടുകളാണ് പണമില്ലാത്തതിനാൽ സ്പിൽ ഓവർ പ്രോജക്ടുകളായി 98-99 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തേണ്ടി വരുന്നത് എന്നും വ്യക്തമാക്കണം. ഇതുപോലെ ഓരോ വികസനമേഖലയുമെടുത്ത് കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദീകരണം

നൽകണം. ഇതിനുപുറമേ കഴിഞ്ഞവർഷത്തെ വിഭവസമാഹര തന്ത്രത്തിൽ എവിടെയൊക്കെയാണ് പാളിച്ചകൾ സംഭവിച്ചത്, അല്ലെങ്കിൽ, പ്രതീക്ഷകൾ അസ്ഥാനത്തായത് എന്ന് പൊതുവെ വിശദീകരിക്കണം. പ്രോജക്ട് നടത്തിപ്പിൽ നേരിട്ട പ്രായോഗിക വിഷമതകളും വിവരണത്തിലുൾപ്പെടുത്താം. പ്രോജക്ടു നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തവും പ്രവർത്തനം സംബന്ധിച്ച അനുഭവവും വിലയിരുത്താം. പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ഭൗതികലക്ഷ്യം എത്രമാത്രം കൈവരിക്കാൻ കഴിഞ്ഞു എന്നു പരിശോധിക്കാം. പഞ്ചായത്തിൻെറ വികസന വെല്ലുവിളികളെക്കുറിച്ചുള്ള ആദ്യഭാഗം രണ്ടു പേജിലൊതുക്കാവുന്നതാണ്. പദ്ധതി അവലോകനത്തിനും നിർവഹണവിലയിരുത്തലിനുമാണു് ആമുഖത്തിൽ പ്രാമുഖ്യം നൽകേണ്ടത്.

## 2. വികസനതന്ത്രം

ആമുഖാധ്യായത്തിൽ വിശദീകരിച്ച വികസന വെല്ലുവിളികളെ നേരിടുന്നതിനുള്ള തന്ത്രമാണ് രണ്ടാമധ്യായത്തിൽ വിശദീകരിക്കേണ്ടത്. രണ്ടുഭാഗങ്ങളാണ് വികസനതന്ത്രതതിൻെറ ഭാഗമായി വ്യക്തമാക്കേണ്ടത്.

1. മേഖലാ മുൻഗണനകൾ.
2. ഓരോ മേഖലയിലും എതു വികസന നയസമീപനമാണ് കൈക്കൊള്ളുക, അഥവാ, എതു തരത്തിലുള്ള പ്രോജക്ടുകളിലാണ് ഊന്നുക.

മേഖലാ മുൻഗണനാക്രമം വ്യക്തമാക്കാനുള്ള ഏറ്റവുംലളിതമായ മാർഗ്ഗം പ്രധാനപ്പെട്ട ഉപമേഖലകളുടെയെങ്കിലും സംസ്ഥാനപദ്ധതി വിഹിതത്തിൻെറയും മൊത്തം അടങ്കലിൻെറയും ശതമാനം എത്രയെന്നു കാണിക്കുന്ന ഒരു പട്ടിക നൽകയാണ്. എന്തുകൊണ്ട് ഇന്നയിന്ന മേഖലകൾക്ക് ഊന്നൽ നൽകി എന്നതു സംബന്ധിച്ച് ഒരു ലഘു വിശദീകരണവുമാകാം ഈ സന്ദർഭത്തിൽ ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. കഴിഞ്ഞ വർഷം പല പഞ്ചായത്തുകളും ഉത്പാദനമേഖല, സേവനമേഖല, പശ്ചാത്തലമേഖല എന്നീ മൂന്നു വിശാല മേഖലകൾ സംബന്ധിച്ച കണക്കുകൾ മാത്രമേ വികസനതന്ത്രത്തിൻെറ ഭാഗമായി നൽകിയിരുന്നുള്ളു. ഇതുപോരാ. ഈ മൂന്നു വിശാലമേഖലകളോടൊപ്പം അവയുടെ ഉപമേഖലകളുടെ അടങ്കലുകളുടെ ശതമാനവുംകൂടി നൽകാൻ കഴിയണം.

ഇപ്രകാരം വിവിധ മേഖലകൾക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തെയും അടങ്കലിനെയും കുറിച്ച് തീരുമാനമെടുക്കമ്പോൾ സംസ്ഥാന സർക്കാർ നൽകുന്ന പൊതുമേഖലാ മാർഗ്ഗനിർദേശങ്ങൾ കണക്കിലെടുക്കണം എന്ന കാര്യം വ്യക്തമാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ മൊത്തം വികസനമുൻഗണനകൾ ഉറപ്പുവരുത്തുന്നതിനും വിവിധതട്ടുകളിലെ പദ്ധതികളുടെ ഏകോപനം സാധ്യമാക്കുന്നതിനും ദുർബലവിഭാഗങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിനുംവേണ്ടിയാണ് ഈ മാർഗനിർദ്ദേശങ്ങൾ നൽകുന്നത്. 1998-99 ലെ വാർഷിക പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന ബഡ്ജറ്റ് രേഖയോടൊപ്പമേ പൂർണ്ണമായി വ്യക്തമാകു. എങ്കിലും പൊതുവേ പറഞ്ഞാൽ കഴിഞ്ഞവർഷത്തെ മേഖലാ നിബന്ധനകൾ ഈ വർഷവും തുടരും. പൊതുവിഭാഗം സംസ്ഥാന പദ്ധതി വിഹിതത്തിൻെറ 40 ശതമാനമെങ്കിലും ഉത്പാദനമേഖലയിൽ മുടക്കിയേ തീരു. പശ്ചാത്തലമേഖലയിലെ നിക്ഷേപം 30 ശതമാനത്തിൽ അധികരിക്കാനും പാടുള്ളതല്ല. ഒന്നാം വാർഷിക പദ്ധതിയിൽ പശ്ചാത്തലമേഖലയിൽ അനുവദനീയമായ പരിധിക്കുമുകളിൽ വകയിരുത്തിയ പഞ്ചായത്തുകൾക്ക് അത്രയും ശതമാനം കുറച്ചേ അടുത്തവാർഷികപദ്ധതിയിൽ പശ്ചാത്തലമേഖലയിൽ വകയിരുത്താൻ പാടുള്ളു. അതുപോലെതന്നെ ഉത്പാദനമേഖലയിൽ 40 ശതമാനം പൊതുസംസ്ഥാനവിഹിതം വകയിരുത്തുന്നതിൽ പരാജയപ്പെട്ടു . പഞ്ചായത്തുകൾ ഈ കുറവുകൂടി 98-99 ലെ വാർഷിക പദ്ധതിയുടെ ഉത്പാദനമേഖലാ സംസ്ഥാന വിഹിത്തിൽ നികത്തണം. നഗരപ്രദേശങ്ങളിൽ കഴിഞ്ഞവർഷം നൽകിയ ഇളവ് ഈവർഷവും തുടരുന്നതാണ്. ഉത്പാദനമേഖലയിൽ 30 ശതമാനമെങ്കിലും പൊതു സംസ്ഥാന പദ്ധതിവിഹിതനിക്ഷേപം ഉറപ്പു വരുത്ത ണം. അതുപോലെതന്നെ ചേരി പരിഷ്കരണത്തിന് 5 ശതമനാനം നീക്കിവയക്കണം. നഗരമേഖലകളിൽ പശ്ചാത്തല സൗകര്യങ്ങൾക്ക് പദ്ധതിവിഹിതത്തിൻെറ 30 ശതമാനത്തിൽ അപ്പു റം മുതൽമുടക്കാൻ പാടുള്ളതല്ല.

വളരെ സാമാന്യമായ ചില മാർഗനിർദ്ദേശങ്ങളെ മേഖലാ നിബന്ധനകളായി നൽകുന്നുള്ളു എന്നത് വ്യക്തമാണ്. ഈ പൊതു മാർഗനിർദ്ദേശങ്ങൾക്കുള്ളിൽ നിന്നു കൊണ്ട് ഉപമേഖലകളിൽ സ്വതന്ത്രമായി മുൻഗണനകൾ തെരഞ്ഞെടുക്കാനുള്ള അവകാശം തദ്ദേശഭരണസ്ഥാപനങ്ങൾക്കാണ്. മാത്രമല്ല സംസ്ഥാന പദ്ധതി വിഹിതത്തിനു മാത്രമേ ഈ മാർഗനിർദ്ദേശങ്ങൾ ബാധകമാകുന്നുള്ളൂ. തനതു ഫണ്ടടക്കം മറ്റു സ്രോതസ്സുകളിൽ നിന്നു സമാഹരിക്കുന്ന വിഭവം യ

ശ്രേഷ്ടം ഏതു മേഖലയിലും നിക്ഷേപിക്കുന്നതിനു ള്ള സ്വാതന്ത്ര്യം തദ്ദേശ ഭരണസ്ഥാ പനങ്ങ ൾക്കുണ്ട്.

പദ്ധതി അടങ്കൽ സംബന്ധിച്ച മറ്റൊരു സുപ്രധന മാർഗനിർദ്ദേശം പ്രത്യേക ഘടകപദ്ധതിയേയും ഉപ പദ്ധതിയിയേയും കുറിച്ചാണ്. സംസ്ഥാന പദ്ധതി ധനസഹായം പൊതുവിഭാഗം, പ്രത്യേകഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ മൂന്നി നങ്ങളിലായാണ് നൽകുന്നത്. പ്രത്യേക ഘടക പദ്ധതിക്കും ഉപ പദ്ധതിക്കുമായി നൽകുന്ന പദ്ധതി ധനസഹായം മറ്റൊരു മേഖലയ്ക്കുമായി വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല. കഴിഞ്ഞവർഷം പ്രത്യേക ഘടക പദ്ധതിയിലും ഉപപദ്ധതിയിലും ഉത്പാദനമേ ഖലയിൽ 40 ശതമാനം പണം മുടക്കണമെന്ന നിബന്ധനയിൽ ഇളവ് നൽകിയിരുന്നു. ഈ വിഭാഗങ്ങൾക്കുവേണ്ടി ഉത്പാദനമേഖലയിൽ ആവശ്യത്തിന് പ്രോജക്ടുകൾ രൂപംനൽകുന്നതിന് കഴിഞ്ഞില്ലെങ്കിൽ ഉത്പാദന മേഖലയുടെ വിഹിതം സേവന മേഖലയിലേക്ക് വകമാറ്റാൻ അനുവാദം നൽകിയിരുന്നു. ഇതുമൂലം പ്രത്യേക ഘടകപദ്ധതിയിലും ഉപ പദ്ധതിയിലും ഉത്പാദനമേഖലയുടെ വിഹിതം വളരെ താഴ്ന്നുപോയി എന്നുനാം കണ്ടുവല്ലോ. പടിപടിയായി ഈ സ്ഥിതി വിശേഷത്തിന് ഒരു മാറ്റം വരുത്താനാകും. 1998-99 ലെ വാർഷികപദ്ധതിയിൽ പ്രത്യേക ഘടക പദ്ധതിയിൽ ചുരുങ്ങിയത് 30 ശതമാനമെങ്കിലും ഉത്പാദനമേഖലയിൽ നിക്ഷേപിക്കേണ്ടതാണ്. പട്ടിക വർഗ്ഗഉപപദ്ധതിക്കു് ഇത് ബാധകമല്ല. ഇരു വിഭാഗത്തിലും പശ്ചാത്തലമേഖലയുടെ അനുവദനീയമായ പരിധി 30 ശതമാനമായി നിജപ്പെടുത്തിയിരുന്നത് അടുത്ത വർഷവും തുടരുന്നതാണ്.

വികസനതന്ത്രത്തിൽ ഓരോ വികസന മേഖലയിലും അനുവർത്തിക്കാനുദ്ദേശിക്കുന്ന വികസനസമിപനങ്ങൾ വേണമെങ്കിൽ ഒരു ചാർട്ടായി നൽകാവുന്നതാണ്. ഒരു മാതൃകാചാർട്ട് താഴെ ക്കൊടുത്തിരിക്കുന്ന ഏതെങ്കിലും വികസനത്തുറയിൽ കഴിഞ്ഞ വർഷത്തിൽ നിന്ന് നയ സമീപനത്തിൽ മാറ്റം വരുത്തുന്നുണ്ടെങ്കിൽ അതു സംബന്ധിച്ച് പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

| വികസനരേഖ | നയസമീപനം |
|---|---|
| കൃഷി-പുരയിടം | ജലസേചനത്തിന് ഊന്നൽ. ഇടവിളകൾക്ക് പ്രോത്സാഹനം |
| വയൽ | നീർക്കെട്ട് ഒഴിവാക്കൽ, തുടർവിള പ്രോത്സാഹിപ്പിക്കൽ മേൽപ്പറഞ്ഞവ സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്ര നീർത്തടവികസനപരിപാടി |
| മൃഗപരിപാലനം | ജനുസ്സ്മേന്മ വർദ്ധിപ്പിക്കാൻ, തീറ്റപ്പുൽ വളർത്തൽ |
| മത്സ്യബന്ധം | ചതുപ്പ് ചെമ്മീൻകൃഷി |
| ചെറുകിടവ്യവസായം | കൈത്തറിയുടെ വൈവിധ്യവത്ക്കരണം, വൈദഗ്ധ്യവത്ക്കരണം |
| ഊർജ്ജം | വിറകിൻെറ ഉപയോഗം കുറയ്ക്കൽ, ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കൽ |
| ആരോഗ്യം | പശ്ചാത്തല സൗകര്യ വിപുലീകരണം, കുടിവെള്ള പദ്ധതിയുടെ വിപുലീ കരണം. |
| വിദ്യാഭ്യാസം | സ്കൂൾ വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തൽ. |
| ഗതാഗതം | റോഡുകളുടെ ഗുണനിലവാരം ഉയർത്തൽ. |
| സാമൂഹ്യക്ഷേമം | ക്ഷേമപദ്ധതികളുടെ കവറേജ് വർദ്ധിപ്പിക്കൽ. |
| പട്ടികജാതി/പട്ടികവർഗ്ഗം | കോളനികളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ. |
| സഹകരണം | കാര്യക്ഷമത വർദ്ധിപ്പിക്കൽ തൊഴിൽ മേഖലയിൽ പ്രവർത്തനം വ്യാപിപ്പിക്കൽ. |
| വനിത | തൊഴിൽസംരംഭങ്ങൾ വർദ്ധിപ്പിക്കൽ. |

### 3. വിഭവസമാഹരണം

താരതമ്യേന ചെറിയൊരു അധ്യായമാണിത്. പൊതുവിഭാഗം , പ്രത്യേക ഘടകപദ്ധതി, പട്ടിക വർഗ ഉപപദ്ധതി എന്നീ മൂന്നുവിഭാഗങ്ങളുടെ പ്രോജക്ടുകൾക്കുള്ള മൊത്തം അടങ്കലുകളും വിവിധ വിഭവ സ്രോതസുകളും ഒരു പട്ടികയായി നൽകിയാൽമതിയാവും. പ്രാദേശികപദ്ധതികളുടെ വിഭവസ്രോതസുകളെ ഒമ്പതായി തരംതിരിച്ചിരിക്കുന്നു.

പ്രാദേശിക പദ്ധതികളുടെ ഏറ്റവും പ്രധാനപ്പെട്ട ധനസ്രോതസ് ഗ്രാൻറ്-ഇൻ-എയ്ഡ് ആയിരി

ക്കും. ഇതിനുപുറമേ സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന സ്കീമുകളെയും പ്രാദേശിക പദ്ധതികളുടെ ഭാഗമായി വേണം നടപ്പാക്കാൻ. ഇപ്രകാരം സംസ്ഥാന കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ധനസഹായത്തിലോ സ്കീമുകളിലോ പ്രാദേശിക പദ്ധതി ചുരുങ്ങാൻ പാടില്ല. പ്രാദേശികമായി പരമാവധി വിഭവങ്ങളെ പദ്ധതിക്കു വേണ്ടി സമാഹരിക്കാൻ . തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയ്യെടുക്കേണ്ടിയിരിക്കുന്ന. ഇന്നു പാഴായിക്കൊണ്ടിരിക്കുന്ന മനുഷ്യ പ്രകൃതി വിഭവങ്ങളെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി സമാഹരിക്കാൻ കഴിയുമെന്നുള്ളത് ആസൂത്രണവികേന്ദ്രീകരണത്തിന്റെ പ്രധാന നേട്ടങ്ങളിലൊന്നാണ്. പ്രദേശികമായി കൂടുതൽ പണവരുമാനവും കണ്ടെത്താനാവും. ഇപ്രകാരം പ്രാദേശിക പദ്ധതികൾക്കായി ഉപയോഗപ്പെടുത്താവുന്ന വിഭവ സ്രോതസ്സുകളെ ഒമ്പതായി തരം തിരിച്ചിരിക്കുന്നു. ഇവയിലാദ്യത്തെ മുന്നെണ്ണം സംസ്ഥാന - കേന്ദ്ര സർക്കാരുകളിൽ നിന്ന് ലഭിക്കുന്നതാണ് ബാക്കി ആറെണ്ണം പ്രാദേശികമായി സമാഹരിക്കുന്നതാണ്.

**പ്രാദേശിക പദ്ധതി:**

**പ്രധാന വിഭവസ്രോതസ്സുകൾ**

1. സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി സഹായം
2. സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം
3. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കിട്ടുന്ന സഹായം
4. പഞ്ചായത്തിന്റെ സ്വയാർജിത വരുമാനത്തിൽനിന്നും പദ്ധതിയേതരച്ചെലവുകൾ കഴിച്ചുള്ള മിച്ചം.
5. പ്രാദേശിക സംഭാവനകളും, സന്നദ്ധ പ്രവർത്തനവും
6. സഹകരണ സ്ഥാപനങ്ങൾ
7. മറ്റുധനകാര്യസ്ഥാപനങ്ങൾ
8. ഗുണഭോക്താവിന്റെ വിഹിതം
9. മറ്റുള്ളവ

**1. സംസ്ഥാന പദ്ധതിവിഹിതം**

കഴിഞ്ഞവർഷം സംസ്ഥാന പദ്ധതി വിഹിതമായി 749 കോടി രൂപയാണ് ഗ്രാൻറ് ഇൻ എയ്ഡായി നൽകിയത്. നടപ്പു വർഷത്തിൽ 950 കോടി രൂപയാണ് സംസ്ഥാന പദ്ധതി വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഒരോ തദ്ദേശഭരണ സ്ഥാപനത്തിനും എത്ര വീതം ലഭിക്കമെന്നുള്ളത് കൃത്യമായി ബഡ്ജറ്റ് രേഖപുറത്തു വരുമ്പോഴേ അറിയാനാകു. എങ്കിലും തെരഞ്ഞെടുപ്പുകഴിയുമ്പോഴേക്കും ഓരോതദ്ദേശഭരണ സ്ഥാപനത്തിനും ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ മതിപ്പു കണക്ക് വെളിപ്പെടുത്താനാകും.

കഴിഞ്ഞ വർഷത്തെ ഗ്രാൻറ്-ഇൻ-എയ്ഡ് മുഖ്യമായും ജനസംഖ്യാനുപാതികമായിട്ടാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ വീതം വച്ചത് ജനസംഖ്യമാത്രം മാനദണ്ഡമായി സ്വീകരിക്കുന്നത് സംബന്ധിച്ച് ഒട്ടേറെ വിമർശനങ്ങൾ ഉയർന്നു വന്നിരുന്നു. അതിന്റെ യടിസ്ഥാനത്തിൽ കഴിഞ്ഞവർഷംതന്നെ പ്രഖ്യാപിച്ചിരുന്നതു പോലെ ജനസംഖ്യയ്ക്കു പുറമേ ഭൂവിസൃതി, പിന്നോക്കാവസ്ഥ തുടങ്ങിയ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടുള്ള ഒരു സംയോജിത സൂചികയുടെ അടിസ്ഥാനത്തിലാണ് ഈ വർഷം പദ്ധതി വിഹിതം വിഭജിച്ചിട്ടുള്ളത്. ഇതുമൂലം വർദ്ധിച്ച പദ്ധതി ധനസഹായം എല്ലാതദ്ദേശഭരണ സ്ഥാപനങ്ങൾക്കു ഒരേ തോതിൽ ലഭിക്കുകയില്ല. എന്നാൽ കഴിഞ്ഞ വർഷം ലഭിച്ചതിനേക്കാൾ വളരെയേറെ തുകയെങ്കിലും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. അതേസമയം ഭൂവിസ്തൃതി ഏറെയുള്ളതും പിന്നോക്കം നിൽക്കുന്നതുമായ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചിലതിന് കഴിഞ്ഞവർഷം ലഭിച്ചതിനേക്കാൾ വളരെയേറെ തുക ലഭിക്കുകയും ചെയ്യും. മുൻപ് സൂചിപ്പിച്ചതുപോലെ മാർച്ചുമാസത്തിലാരംഭിക്കുന്ന ഗ്രാമസഭകൾക്കുള്ള കരടുപദ്ധതി നിർദ്ദേശങ്ങൾക്ക് രൂപംകൊടുക്കാൻ കഴിയുംവിധം ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പദ്ധതിവിഹിതത്തിന്റെ ഒരു മതിപ്പുകണക്ക് അറിയിക്കുന്നതാണ്. കൃത്യമായി അവസാനകണക്കുകൾ സംസ്ഥാന ബഡ്ജറ്റിനോടൊപ്പം ലഭ്യമാവും.

**2. സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം**

ഗ്രാൻറ് ഇൻ എയ്ഡിനുപുറമെ 165.89 കോടി രൂപ സംസ്ഥാനാഷ്കൃതപദ്ധതിവിഹിതമായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞവർഷത്തെ തിക്താനുഭവം മുൻനിർത്തി സംസ്ഥാനവിഷ്കൃത പദ്ധതിവിഹിതം ഇപ്പോൾ വിഭവസമാഹരണത്തിൽ ഉൾപ്പെടുത്തേണ്ടതില്ല. പദ്ധതിരേഖയ്ക്ക് അവസാനരൂപം നൽകുന്നതിനുമുമ്പ് ബഡ്ജറ്റ് അവതരണത്തിനുശേഷം കൃത്യമായി ഓരോ തദ്ദേശഭരണസ്ഥാപനത്തിനും ലഭിക്കാനിടയുണ്ടെന്ന് ഉറപ്പുള്ള സ്കീമുകളെമാത്രം സംയോജിപ്പി

ച്ച് പ്രോജക്ടുകളുണ്ടാക്കിയാൽ മതിയാവും. ഇത്തരത്തിലുള്ള സ്കീമുകളേതെല്ലാമെന്ന് പിന്നീട് അറിയിക്കുന്നതാണ്.

3. കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം

കഴിഞ്ഞവർഷത്തെ നാലും അഞ്ചും ഘടക പരിശീലന കൈപ്പുസ്തകങ്ങളിൽ കേന്ദ്രാവിഷ്കൃത സ്കീമുകളെക്കുറിച്ചുള്ള വിവരണങ്ങൾ നൽകിയിട്ടുണ്ട്. അവയിൽ ഓരോന്നിൽനിന്ന് നടപ്പുവർഷത്തിൽ എന്തുതുക ലഭിച്ചുഎന്നതിൻെറ കണക്കെടുത്ത് അടുത്ത വർഷവും അതേ സ്കീമുകളിൽനിന്ന് അത്രതന്നെ തുക ലഭിക്കും എന്നതിൻെറ അടിസ്ഥാനത്തിൽ സംയോജിതമായിട്ടോ സ്വതന്ത്രമായി പ്രോജക്ടുകൾ തയ്യാറാക്കിയാൽ മതിയാകും. ചുരുക്കത്തിൽ നടപ്പുവർഷം ലഭിച്ച തുക തന്നെ കേന്ദ്രാവിഷ്കൃതസ്കീമുകളിൽനിന്ന് അടുത്ത വർഷവും ലഭിക്കുമെന്നു കണക്കാക്കാം.

4. തനതുഫണ്ട്

എന്താണ് പദ്ധതിയിലേക്കുള്ള തനതുഫണ്ട് എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്നും കഴിഞ്ഞ പദ്ധതി രൂപീകരണവേളയിൽ കൃത്യമായ ധാരണയുണ്ടായിരുന്നില്ല. പദ്ധതി ധനസഹായത്തിനുപുറമേ പരമ്പരാഗതമായി നികുതിയിലൂടെയും നികുതിയേതര വരുമാനമാർഗങ്ങളിലുടെയും അവർതന്നെ സ്വരൂപിക്കുന്ന വരുമാനത്തിനുപുറമെ പൊതു ആവശ്യങ്ങൾക്കും പ്രത്യേക ആവശ്യങ്ങൾക്കും വേണ്ടിയുള്ള സർക്കാരിൻെറ ഗ്രാൻറുകളും ഈ പദ്ധതിയേതര വരുമാനത്തിൽ നിന്ന് പ്രതീക്ഷിത ഭരണച്ചെലവുകളും മെയിൻറനൻസ് തുടങ്ങി അനിവാര്യച്ചുമതലകൾക്കാവശ്യമായ ചെലവുകളും ചെറിയൊരു കണ്ടിൻജൻസി ചെലവും മാറ്റിയാൽ ബാക്കി മിച്ചംവരുന്ന തുക പുതിയ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാനാകും. ഇപ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ ഇനിമേലിൽ വാർഷിക പദ്ധതിയുടെ ഭാഗമായി ആസൂത്രിതമായി നടപ്പാക്കുകയാണ് വേണ്ടത്. എന്നുവെച്ചാൽ പദ്ധതിയേതരച്ചെലവ് കഴിഞ്ഞ് ഉണ്ടാകുന്ന ഈ മിച്ചം തുക പദ്ധതിയുടെ ഒരു വിഭവ സ്രോതസ്സായി കണക്കാക്കണം. ഇതു നിയമപ്രകാരം അനിവാര്യമാക്കുന്ന പുതിയ ബഡ്ജറ്റ് തയ്യാറാക്കുന്ന മാർഗനിർദ്ദേശങ്ങൾ തദ്ദേശഭരണവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. മുൻ വർഷത്തിൽനിന്ന് വ്യത്യസ്തമായ പദ്ധതിവരുമാനവും പദ്ധതിച്ചെലവും നടപ്പു വർഷത്തിൽ വാർഷിക ബഡ്ജറ്റിൻെറ ഭാഗമായിരിക്കും.

5. സഹകരണസ്ഥാപനങ്ങൾ

സഹകരണമേഖലയും ജനകീയാസൂത്രണവുമായുള്ള പരസ്പരപോഷകബന്ധം ശക്തിപ്പെടുത്തകയെന്നുള്ളത് നടപ്പുവാർഷിക പദ്ധതിയാസൂത്രണത്തിലെ ഒരു പ്രധാന ലക്ഷ്യമാണ്. ഇത് സംബന്ധിച്ച് സഹകരണ ആസൂത്രണസഹായി എന്ന പേരിൽ ഒരു പ്രത്യേക കൈപ്പുസ്തകംതന്നെ തയ്യാറാക്കുന്നുണ്ട്. ആയതിനാൽ അവയുടെ വിശദാംശങ്ങളിപ്പോൾ കടക്കുന്നില്ല. സഹകരണ സ്ഥാപനങ്ങൾക്ക് ഏത് രീതിതിയിൽ പദ്ധതി നിർവഹണത്തിൽ പങ്ക് വഹിക്കാനാകും എന്നു മാത്രമേ ഇവിടെസൂചിപ്പിക്കുന്നുള്ളു.

തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിനുവേണ്ടി സഹകരണസ്ഥാപനങ്ങളിൽനിന്ന് നേരിട്ട് വായ്പ സ്വീകരിക്കുന്നത് ഇന്ന് വിഭാവനം ചെയ്യുന്നില്ല. ഇതിനാവശ്യമായ നിയമങ്ങൾ ഇനിയും ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ടുകൾ പലതിൻെറയും നിർവഹണ ഏജൻസിയായി പ്രവർത്തിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിയും. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിനുവേണ്ടിവരുന്ന മുതൽമുടക്കിൻെറ ഒരു ഭാഗം സഹകരണസ്ഥാപനങ്ങളുടെ നിക്ഷേപത്തിലൂടെയാവാം. ഇതിലുപരി പദ്ധതികളുടെ ഗുണഭോക്താക്കളായ സ്വകാര്യ സംരംഭകർക്കും സഹകരണ മേഖലയിൽനിന്ന് വായ്പകൾ ലഭ്യമാക്കാം.. ഈ രണ്ട് രീതികളെയും പരമാവധി പ്രയോജനപ്പെടുത്തുംവിധമാണ് അടുത്ത വാർഷികപദ്ധതിയിലേക്കുള്ള മാർഗനിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്.

പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വികസനമേഖലയിൽ രൂപീകരിക്കുന്ന കർമ്മസമിതികളിൽ ഓരോന്നിലും ഓരോ സഹകരണപ്രതിനിധിയെങ്കിലും ഉണ്ടാവണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പുവർഷത്തിലെന്നപോലെ സഹകാരികൾ സഹകരണ കർമ്മസമിതിയിൽ ഒതുങ്ങിയാൽ പോരാ. കൃഷി, വ്യവസായം, മൃഗസംരക്ഷണം എന്നുതുടങ്ങി വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംഘാടന സംവിധാനമായിട്ടാണ് സഹകരണത്തെ വീക്ഷിക്കേണ്ടത്. കർമ്മസമിതികളിൽ രൂപം കൊള്ളുന്ന പ്രോജക്ടുകൾ ഏതെല്ലാം വിധത്തിൽ സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുമെന്ന് ഭരണസമിതികൾ ചർച്ച ചെയ്യുകയും സാധ്യതകൾ പ്രോജക്ട് രേഖയിൽ

ഉൾപ്പെടുത്തുകയും വേണം. പലതും നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്നവയാകും. ചിലപ്പോൾ പുതിയ സംഘങ്ങൾ രൂപീകരിക്കേണ്ടതായും വരും. പഞ്ചായത്തുകളുടെ പ്രോജക്ടുകളുടെ നടത്തിപ്പ് അംഗീകൃത ഏജൻസികൾ വഴി നടത്തുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ട്. ചില വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഏജൻസിയായി സഹകരണ സംഘങ്ങൾക്കു പ്രവർത്തിക്കാനാകും. ഗുണഭോക്താക്കൾക്കു പഞ്ചായത്തു വഴി നല്കുന്ന സേവനങ്ങൾ പലതും കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയുക ബന്ധപ്പെട്ട സഹകരണ സംഘത്തിലൂടെയായിരിക്കും. ഗുണഭോക്താക്കളിൽ നല്ലപങ്കും സംഘത്തിൻെറ അംഗങ്ങളുമായിരിക്കും. ഈ സേവനത്തിന് സംഘത്തിന് സർവ്വീസ് ചാർജ്ജും ഈടാക്കാം. ഈ ചെലവ് പ്രോജക്ടിൽ വകയിരുത്തിയാൽ മതിയാകും.

ഇതുവരെ സൂചിപ്പിച്ചത് സഹകരണസംഘങ്ങൾ വഴി നടപ്പിലാക്കുന്ന പ്രോജക്ടുകളെക്കുറിച്ചാണ്. ഇനി പരിശോധിക്കേണ്ടത് പഞ്ചായത്തു പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പശ്ചാത്തല സൗകര്യങ്ങളുടേയോ അല്ലെങ്കിൽ ധനസഹായ പരിപാടിയുടേയോ ഗുണഭോക്താക്കളായ തൊഴിൽ സംരംഭകർക്കുള്ള വായ്പകളെക്കുറിച്ചാണ്. വികസനപദ്ധതി വായ്പകളെക്കുറിച്ചുള്ള പരാമർശം സഹകരണസ്ഥാപനങ്ങൾക്കുമുന്നിൽ ഭയാശങ്കയാണു ഉയർത്തുക. കാരണം വാണിജ്യബാങ്കുകളുടെ തെരഞ്ഞെടുപ്പു കഴിഞ്ഞു ഏറ്റവും സുരക്ഷിതത്വം കുറഞ്ഞ ഐ. ആർ. ഡി. പി വായ്പകൾ കൊടുത്തു നഷ്ടം വരുന്ന അനുഭവമാണല്ലോ ഇന്നുള്ളത്. ഇത്തരം വായ്പകളെ കുറിച്ചല്ല ഇവിടെ പരാമർശിക്കുന്നത്. സഹകാരികളുടെ പങ്കാളിത്തത്തോടെ വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ സാമ്പത്തികമായി ഭദ്രമെന്നുറപ്പുള്ള പ്രോജക്ടുകൾക്കു രൂപംനൽകുന്നതിനാണ് ജനകീയാസൂത്രണത്തിലൂടെ ശ്രമിക്കുന്നത്. പഞ്ചായത്തിൻെറ സമഗ്രമായ പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ സംരംഭങ്ങൾ രൂപംകൊള്ളുന്നത്. അവയിൽ ഏതിനൊക്കെ സഹകരണ വായ്പാസംഘങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കാമെന്ന് വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഭരണസമിതികൾ തീരുമാനിക്കും. ഈയൊരു തീരുമാനം പിന്നീട് വായ്പനൽകേണ്ട സമയമാകുമ്പോൾ സംരംഭകൻെറ യോഗ്യതയെക്കുറിച്ചും തിരിച്ചടവു ശേഷിയെക്കുറിച്ചും വാണിജ്യപരമായ ഒരു സ്വതന്ത്ര വിലയിരുത്തൽ നടത്തുന്നതിൽനിന്ന് സംഘത്തെ തടയുന്നില്ല.

മുകളിൽ വിവരിച്ച പ്രകാരം വികസനപദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞാൽ അതു നടപ്പാക്കുന്നതിനുള്ള ക്രെഡിറ്റ് പ്ലാൻ ഉണ്ടാക്കുന്നതു എളുപ്പമായിരിക്കും. ഈ ക്രെഡിറ്റ് പ്ലാൻ നടപ്പിലാക്കുന്നതിനു എത്ര കൂടുതൽ ഡെപ്പോസിറ്റു സമാഹരിക്കണം എന്നതു സംബന്ധിച്ചു മതിപ്പു കണക്കുണ്ടാക്കലാണ് അടുത്തതായി ചെയ്യേണ്ടത്. ഈ ഡെപ്പോസിറ്റുകൾ സമാഹരിക്കുക എന്നത് ജനകീയാസൂത്രണത്തിൻെറ വിഭവസമാഹരണ പ്രവർത്തനങ്ങളുടെ ഒരു ഭാഗമായിരിക്കും. സഹകരണ മേഖലയുടെ ഡെപ്പോസിറ്റ് സമാഹരണം ഗ്രാമപഞ്ചായത്തിൻെറ ഒരു കർമ്മപരിപാടിയായി മാറും. അങ്ങനെ പരസ്പരം പോഷിപ്പിക്കുന്ന രണ്ടു സ്വയംഭരണ സ്ഥാപനങ്ങളായി പഞ്ചായത്തും സഹകരണസംഘങ്ങളും പ്രവർത്തിച്ചാൽ വമ്പിച്ച പരിവർത്തനം നമ്മുടെ നാട്ടിൻപുറങ്ങളിൽ വരുത്താനാകും.

## 4. മറ്റു ധനകാര്യസ്ഥാപനങ്ങൾ

സഹകരണ ബാങ്കുകൾപോലെതന്നെ വാണിജ്യ ബാങ്കുകളും ഗ്രാമീണ ബാങ്കുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ വാർഷികപദ്ധതിയുടെ പ്രധാനപ്പെട്ട ദൗർബല്യങ്ങളിലൊന്ന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും പദ്ധതി ധനസഹായവും തമ്മിൽ നേരത്തെ സംയോജിപ്പിക്കാൻ കഴിയാത്തതാണെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. വാണിജ്യ ബാങ്കുകളുടെ നിസ്സഹകരണമായിരുന്നു ഇതിനു പ്രധാന കാരണം. വായ്പ വേണ്ടുന്ന പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചപ്പോൾ അത് വാണിജ്യപരമായി വിലയിരുത്തി തീരുമാനമെടുക്കാമെന്നല്ലാതെ പ്രോജക്ടുകൾ ഉണ്ടാക്കുന്ന പ്രക്രിയയിൽ പങ്കാളിത്തം വഹിക്കാൻ അവർ വിസമ്മതിക്കുകയാണുണ്ടായത്. ബാങ്കുകളുടെ ക്രഡിറ്റ് പ്ലാനിംഗും ജനകീയാസൂത്രണവുമായുള്ള ബന്ധം ദുർബലമായിരുന്നു. സേവനമേഖലാ പദ്ധതിയിൽ ബാങ്കുകളുടെ സർവ്വീസ് ഏരിയാ പ്ലാനും ഡിസ്ട്രിക് ഏരിയാ പ്ലാനും എല്ലാം തയ്യാറായിക്കഴിഞ്ഞതിനുശേഷമാണ് ജനകീയാസൂത്രണ പദ്ധതിക്ക് രൂപം നൽകാൻ കഴിഞ്ഞത്. ഈ വർഷവും ഈ സ്ഥിതിവിശേഷത്തിൽ മാറ്റം വരാൻ പോകുന്നില്ല. എന്നാൽ കഴിഞ്ഞ വർഷത്തിൽനിന്ന് വ്യത്യസ്തമായി സർവ്വീസ് ഏരിയാ പ്ലാനുകളും ബ്ലോക്ക് ക്രഡിറ്റ് പ്ലാനുകളും പരിശോധിച്ച് അവ നൽകുന്ന വായ്പാ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുതകുംവിധം പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ സഹായം കഴിഞ്ഞ വർഷത്തെപ്പോലെത

ന്നെ ബാങ്ക് ജീവനക്കാരുടെ സംഘടനകൾവഴി ലഭ്യമാക്കാൻ കഴിയും. പ്രോജക്ടുകൾ തയ്യാറാക്കുന്ന കർമ്മസമിതിയിലേക്കും വികസനസമിതിയിലേക്കും പ്രദേശിക വാണിജ്യ ബാങ്ക് മാനേജർമാരേയോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളെയോ പങ്കെടുപ്പിക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ബാങ്ക് ധനസഹായത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി റിസർവ് ബാങ്ക് തന്നെ ഒരു പഠന സംഘത്തെ നിയോഗിച്ചിട്ടുണ്ട് എന്നുള്ളത് ശുഭോദർക്കമാണ്.

7. സന്നദ്ധസേവനം,സംഭാവന

സന്നദ്ധസേവനത്തെയും സംഭാവനയെയും പ്രദേശിക പദ്ധതിയ്ക്കുള്ള പ്രധാന വിഭവസ്രോതസ്സായാണ് കണക്കാക്കുന്നത്. പ്രോജക്ടുകളിൽ ഇത്ര ശതമാനം സന്നദ്ധസേവനവും സംഭാവന വേണമെന്ന് നിർബന്ധമാക്കിയിട്ടില്ല. കാരണം, എത്രമാത്രം സന്നദ്ധ സേവനവും സമാഹരിക്കാൻ കഴിയുമെന്നുള്ളത് സന്നദ്ധതയെ മാത്രമല്ല, പ്രോജക്ടിന്റെ സ്ഥാപനത്തെയും ആശ്രയിച്ചിരിക്കുന്നു. ഈ കാര്യത്തിൽ യാഥാർഥ്യബോധത്തോടെയുള്ള ഒരു സമീപനം കൈകൊള്ളാനാകണം. എത്ര സന്നദ്ധസേവനവും സംഭാവനയും ആകാമെന്നത് ഓരോ പ്രോജക്ടിന്റെയും അടിസ്ഥാനത്തിൽമാത്രം തീരുമാനമെടുക്കാവുന്ന ഒരു കാര്യമല്ല എന്നത് പ്രത്യേകം സൂചിപ്പിക്കേണ്ടതുണ്ട്. ഒറ്റയ്ക്കൊരു പ്രോജക്ടു എടുക്കുമ്പോൾ അതിൽ പറയുന്ന സന്നദ്ധസേവനവും സംഭാവനയും തികച്ചും പ്രയോഗികമായിട്ടുള്ള ഒന്നായിരിക്കും. എന്നാൽ ഇതുപോലെയുള്ള പ്രോജക്ടുകൾ ആകെയെടുക്കുമ്പോൾ വിഭാവനം ചെയ്യുന്ന സന്നദ്ധസേവനവും സംഭാവനയും പ്രായോഗികമായി നടപ്പിലാകണമെന്നില്ല. ഈയൊരു അപാകത നടപ്പുവർഷ പദ്ധതി പ്രോജക്ടുകളിൽ കാണാം.

8. ഗുണഭോക്തൃവിഹിതം

ഗുണഭോക്തൃവിഹിതത്തെരണ്ടായി തരം തിരിയ്ക്കാവുന്നതാണ്. ഇതിൽ ഒന്നാമത്തെ ഇനം പ്രോജക്ടിന്റെ നടത്തിപ്പിന്റെ ഭാഗമായി നിർവഹണ ഏജൻസിയ്ക്ക് ഗുണഭോക്താവ് ഗുണഭോക്തൃവിഹിതം പണമായടച്ച് ഏജൻസിവഴി നടത്തുന്ന ചെലവുകളാണ്. ഇവയെ അധിക വിഭവസമാഹരണമെന്ന് ന്യായമായും വിശേഷിപ്പിക്കാം. രണ്ടാമത്തേത് പ്രോജക്ടിന്റെ നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താവ് സ്വയം നടത്തേണ്ടിവരുന്ന അനുപൂരകചെലവുകളാണ്. ഈ ഇനത്തിലാണ് അതിശയോക്തിപരമായി ഗുണഭോക്തൃവിഹിതം പെരുപ്പിച്ച് കാണുന്നതിനുള്ള പ്രവണത പ്രകടമാകുന്നത്. പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താവ് മുടക്കേണ്ടിവരുന്ന അധിക അസ്സൽ നിക്ഷേപത്തെയല്ലാതെ മറ്റ് ചെലവുകൾ ഒരു കാരണവശാലും ഗുണഭോക്തൃവിഹിതമായി പദ്ധതിയടങ്കൽ ഊതിവീർപ്പിക്കുന്നതിനുള്ള ഒരു ശ്രമമായിരിക്കുന്നു.

9. മറ്റുള്ളവ

മുകളിൽപറഞ്ഞതുകൂടാതെ മറ്റുപല സ്രോതസ്സുകളിൽനിന്നും തദ്ദേശഭരണസ്ഥാപനങ്ങൾ കഴിഞ്ഞവർഷം പദ്ധതിയ്ക്കായി പണം സമാഹരിച്ചിരുന്നു. അവയിൽ രണ്ടിനങ്ങൾ എടുത്തുപറയാവുന്നവയാണ്. അതിലൊന്ന് സന്നദ്ധസംഘടനകളാണ്. അപൂർവ്വം ചിലയിടങ്ങളിൽ അവയിൽ തങ്ങളുടെ ചില പരിപാടികളെ പ്രദേശിക പദ്ധതികളുമായി സംയോജിപ്പിക്കുന്നതിന് തയ്യാറാവുകയുണ്ടായി. രണ്ടാമത്തേത് കേന്ദ്ര സർക്കാരിന്റെ കപ്പാർട്ട്, ടെക്നോളജി മിഷനുകൾ തുടങ്ങിയ ഏജൻസികളിൽനിന്ന് വികസനപ്രവർത്തനങ്ങൾക്ക് സഹായം നൽകുന്ന വികസന ഏജൻസികളിൽ നിന്നുള്ള വായ്പകളും ഗ്രാൻറുകളുമാണ്.

യഥാർത്ഥംപറഞ്ഞാൽ പ്രോജക്ടുകൾ തെരഞ്ഞെടുത്തതിശേഷമേ വിഭവസമാഹരണതന്ത്രം എന്ന അധ്യായം എഴുതാൻ കഴിയുകയുള്ളൂ. ആദ്യത്തെ നാലിനങ്ങൾ, അതായത്, സംസ്ഥാനപദ്ധതി സഹായവും കേന്ദ്ര-സംസ്ഥാനവിഷ്കൃത പദ്ധതി വിഹിതവും തനതുഫണ്ടും ഒഴികെ ബാക്കിവിഭവ സ്രോതസ്സുകളിൽനിന്ന് എന്തു ലഭിക്കുമെന്നുള്ളത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകളെ ആശ്രയിച്ചിരിക്കും. മുൻകൂട്ടി നിശ്ചയിക്കാൻ കഴിയുക ആദ്യത്തെ നാലിനങ്ങൾ മാത്രമാണ്.

4. വികസനപ്രോജക്ടുകൾ

നാലാം അധ്യായത്തിൽ, പദ്ധതിയിലുൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ ചുരുക്ക വിവരമാണ് നല്കേണ്ടതാണ്. പദ്ധതിരേഖയുടെ രണ്ടാം അനുബന്ധത്തിൽ പ്രോജക്ടുകളുടെ പൂർണ്ണരൂപം നൽകുന്നുണ്ട്. അതിനാൽ ഇവിടെ ഓരോ പ്രോജക്ടിന്റെയും രത്നച്ചുരുക്കം നൽകിയാൽ മതി. സൗകര്യത്തിനുവേണ്ടി താഴെപ്പറയുന്ന ഒരു പട്ടികരൂപത്തിൽ അത്യാവശ്യം വേണ്ടുന്ന വിവരങ്ങൾ ചേർക്കുകയാണുചിതം. (പേര്, അടങ്കലും വിഭവ സ്രോതസുകളും, ഭൗതികലക്ഷ്യം എന്നിവ)

പ്രോജക്ടുകളുടെ പേരുവിവരം നൽകേണ്ടത് വികസന മേഖലകളുടെ ക്രമത്തിലാണ്. കേന്ദ്ര സംസ്ഥാന ബഡ്ജറ്റുകളിൽ വിവിധ സർ

ക്കാർ വകുപ്പുകളുടെ അടിസ്ഥാനത്തിൽ വിവിധ വികസന മേഖലകളെ തരംതിരിക്കാറുണ്ട്. അവയുടെ ക്രമവും ക്രമനമ്പരും അനുസരിച്ചാണ് പ്രോജക്ടുകൾ പട്ടികപ്പെടുത്തേണ്ടിയിരിക്കുന്നത്. നടപ്പുവർഷം ഈ ക്രമം പൂർണ്ണമായി പിന്തുടരുന്നതിന് ഉദ്ദേശിക്കുന്നില്ല. പദ്ധതിയ്ക്കുള്ള സ്ഥിതിവിവരക്കണക്കുകളുടെ അനുബന്ധഫോറങ്ങൾക്കൊപ്പം പുതിയ വികസനമേഖലാക്രമത്തിൻെറ പട്ടികയും ലഭ്യമാക്കുന്നതാണ്. പൊതുവിഭാഗം, പ്രത്യേകഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി എന്ന് മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചാൽ പ്രോജക്ടുകൾ മേഖല തിരിച്ച് ലിസ്റ്റ് ചെയ്യേണ്ടത്.

### 5. സമഗ്രപരിപാടി

മേഖല തിരിച്ച് വികസന പ്രോജക്ടുകൾ അവതരിപ്പിച്ചു കഴിഞ്ഞാൽ പദ്ധതി രേഖയുടെ അടുത്ത അധ്യായത്തിൽ ഈ പ്രോജക്ടുകളെ എങ്ങനെ ഉദ്ഗ്രഥിച്ച് സമഗ്രപരിപാടികളാക്കും എന്നതുസംബന്ധിച്ച് വിശദമായ വിവരണം നൽകണം. ഓരോ പരിപാടിയും എടുത്ത് അതിലെ ഘടകങ്ങളായ പ്രോജക്ടുകൾ ഏവ? ഈ പ്രോജക്ടുകൾ തമ്മിൽ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിക്കണം. ഉദ്ഗ്രഥനം, സ്ഥലപരമോ, പ്രശ്നപരമോ, സംഘാടനപരമോ ആകാവുന്നതാണല്ലോ? ഈ സംയോജനത്തിൻെറ ഫലമായുണ്ടാകുന്ന നേട്ടങ്ങളെന്തെന്ന് സൂചിപ്പിക്കണം. ഈ സമഗ്രപരിപാടിക്കുവേണ്ടിവരുന്ന മൊത്തം അടങ്കൽ ഏതെന്നും അവ ഏതെല്ലാം സ്രോതസ്സിൽ നിന്നും എന്നുള്ളതും വിവരിക്കുന്നത് നന്ന്. സാദ്ധ്യതയുള്ള ചില സമഗ്രപരിപാടികൾ ഒന്ന് ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

1. നീർത്തടവികസന പരിപാടി.
2. സമഗ്രപുരയിടകൃഷി പരിപാടി
3. സംയോജിത നെൽകൃഷി പരിപാടി (മത്സ്യബന്ധനത്തെയും മൃഗപരിപാലനത്തെയും കേന്ദ്രീകരിച്ചും ഇത്തരം സംയോജിത പരിപാടികൾക്ക് രൂപം നല്കാം).
4. സമഗ്രആരോഗ്യപരിപാടി.
5. സമഗ്രവിദ്യാഭ്യാസപരിപാടി.
6. സമ്പൂർണ്ണ ഊർജ്ജസൂത്രണപരിപാടി.
7. സങ്കേത വികസനപരിപാടി.
8. കുടിവെള്ള ശുചിത്വപരിപാടി.

എല്ലാ പ്രോജക്ടുകളും ഏതെങ്കിലും സമഗ്രപരിപാടിയിൽ ഉൾപ്പെടുത്താൻപറ്റി എന്നുവരില്ല. എന്നാൽ പദ്ധതിയുടെ നല്ലപങ്കും ഇപ്രകാരം സംയോജിത പരിപാടികളായി വിഭാവനം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും കഴിയണം. ഇതിന് വേണ്ട ഒരു പ്രത്യേക കർമ്മസമിതി രൂപീകരിക്കാവുന്നതാണ്. ഈ സമിതിയിൽ പഞ്ചായത്തിനെ സമഗ്രമായി കണ്ട് പരിപാടികൾ ആവിഷ്ക്കരിക്കാൻ കെല്പുള്ള വ്യക്തികൾ ഉണ്ടായിരിക്കണം.

### 6. പ്രത്യേകഘടകപദ്ധതിയും ഉപപദ്ധതിയും

വികസനതന്ത്രത്തിൻെറയും വിഭവസമാഹരണത്തിൻെറയും അധ്യായങ്ങളിൽ പ്രത്യേകഘടകപദ്ധതിയെയും ഉപപദ്ധതിയെയുംകുറിച്ച് പൊതുവായി പരാമർശിച്ചിട്ടുണ്ട്. അവയിലടങ്ങിയിരിക്കുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് അധ്യായത്തിൽ ചേർത്തിട്ടുമുണ്ട്. അവയെല്ലാം ഇവിടെ ആവർത്തിക്കേണ്ടതില്ല. പ്രത്യേക ഘടകപദ്ധതിയ്ക്കും ഉപപദ്ധതിയ്ക്കും രൂപം നൽകുന്നതിന് നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ എങ്ങനെപാലിച്ചു എന്നതു സംബന്ധിച്ച വിവരണമാണ്. മുഖ്യമായും ഈ അധ്യായത്തിൽ നൽകേണ്ടത്. ഈ മാർഗ നിർദ്ദേശങ്ങളെക്കുറിച്ചും അതു പാലിക്കുന്നതിൽ കഴിഞ്ഞ വർഷമുണ്ടായ അനുഭവങ്ങളെക്കുറിച്ചും വിശദമായ ഒരുകൈപ്പുസ്തകം (ആസൂത്രണ സഹായി-2) പ്രത്യേകം അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്. ആയതിനാൽ അവയെല്ലാം വിശദമായി പ്രതിപാദിക്കുന്നതിന് ഈ കൈപ്പുസ്തകത്തിൽ ഒരുമ്പെടുന്നില്ല.

ഈ മാർഗനിർദേശങ്ങളെ പൊതുവിൽ മൂന്നായി തരം തിരിയ്ക്കാം. ഒന്ന്: ആസൂത്രണം സംബന്ധിച്ചുള്ളത്. ഘടകപദ്ധതിയ്ക്കും ഉപപദ്ധതിയ്ക്കുംവേണ്ടി പ്രത്യേക കർമ്മസമിതി, ഗ്രാമസഭകളിലും വികസനസെമിനാറിലും പ്രത്യേകവിഷയ ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ സ്വീകാര്യതയെക്കുറിച്ച് അവിടെ നടക്കുന്ന ചർച്ചകളുടെ റിക്കാർഡുകൾ സൂക്ഷിക്കുക ഇവയെല്ലാം ഇതിലുൾപ്പെടും. രണ്ടാമത്തേത്, മേഖലാ മാർഗ നിർദ്ദേശങ്ങളാണ്. മൂന്നാമത്തേത്, പ്രോജക്ടുകളിലെ ഗുണഭോക്താക്കളെയും ഗുണഭോക്തൃ പ്രദേശവും സംബന്ധിച്ചുള്ളവയാണ്. പൊതുപരിപാടിയുടെ ഭാഗമായി നടപ്പാക്കുമ്പോഴും എസ്.സി.പി.യ്ക്കും, റ്റി.എസ്.പിയ്ക്കും പ്രത്യേകം പ്രോജക്ടുകളെഴുതി തയ്യാറാക്കണം. വ്യക്തി/കുടുംബംലക്ഷ്യമാക്കുന്ന പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ പൂർണമായും ഈ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. പശ്ചാത്തല സൗകര്യ പ്രോജക്ടുകളിൽ 51 ശതമാനം

ഗുണഭോക്താക്കളും ഗുണഭോക്തൃപ്രദേശവും ഈ വിഭാഗങ്ങളുടേതായിരിക്കണം. ഇതെങ്ങനെ കണക്കാക്കാമെന്നതിനും വിശദമായ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഈ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പുലർത്തിയിരിക്കുന്ന ജാഗ്രത വിശദീകരിച്ചതിനു ശേഷം പ്രത്യേക ഘടകപദ്ധതിയേയും പട്ടികവർഗ ഉപപദ്ധതിയേയും പൊതുവായി വിശകലനം ചെയ്താൽ മതിയാവും.

### 7. സ്ത്രീവികസന പ്രോജക്ടുകൾ

സ്ത്രീകൾക്കായുള്ള പ്രത്യേക പ്രോജക്ടുകൾ ഒരു ലിസ്റ്റായി ഇവിടെ നൽകേണ്ടതാണ്. മുൻ വർഷത്തെ സ്ത്രീ വികസന പ്രോജക്ടുകളും പുതിയ പ്രോജക്ടുകളുടെ പ്രസക്തിയെക്കുറിച്ച് ഒരു ലഘുവിവരണവുമാകാം. അതുപോലെതന്നെ ആസൂത്രണ പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തത്തേയും പൊതു പ്രോജക്ടുകളിൽ എപ്രകാരം സ്ത്രീ പരിഗണന ഉറപ്പാക്കിയിരിക്കുന്നു എന്നതിനെക്കുറിച്ചും ലഘുഅവലോകന വിവരണവും ചേർക്കേണ്ടതാണ്.

### അനുബന്ധങ്ങൾ

ഒന്നാമത്തെ അനുബന്ധങ്ങൾ പദ്ധതി അടങ്കൽ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ നൽകുന്ന ഫോറങ്ങളാണ്. കഴിഞ്ഞവർഷം പതിനാലു ഫോറങ്ങൾ പൂരിപ്പിക്കേണ്ടിവന്നത് ഒട്ടേറെ വൈഷമ്യങ്ങൾ സൃഷ്ടിച്ചു. ആയതിനാൽ ഇവയെ ലഘൂകരിക്കുകയും ലളിതവത്കരിക്കുകയും ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിഭാഗം, പ്രത്യേകഘടകപദ്ധതി, ഉപപദ്ധതി എന്നിങ്ങനെ മൂന്ന് ഫോറങ്ങൾ മാത്രം പൂരിപ്പിച്ചാൽ മതിയാകും. ഇതിനുള്ള മാതൃകാഫോറങ്ങൾ ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തുന്നില്ല. അവയുടെ കോപ്പികൾ വിശദീകരണം സഹിതം പിന്നീടെത്തിക്കുന്നതാണ്.

പ്രോജക്ടുകളുടെ സമ്പൂർണരൂപം പദ്ധതി രേഖയ്ക്ക് അനുബന്ധമായി നൽകിയിരിക്കണം. വിദഗ്ധസമിതികളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ വേണ്ടിവരുമെന്നതിനാൽ ഇവ തത്കാലം ബൈൻഡ് ചെയ്യേണ്ടതില്ല.

ജനകീയാസൂത്രണരേഖകൾ താഴെപ്പറയുന്നവയാണ്.

1. രണ്ടാംവർഷികപദ്ധതിസംബന്ധിച്ച് ഭരണസമിതിയോഗതീരുമാനങ്ങളുടെ മിനിട്ട്സിന്റെ കോപ്പി.
2. ഗ്രാമസഭ വിളിച്ചുകൂട്ടുന്നതിനു വേണ്ടി ഇറക്കിയ പ്രചാരണ നോട്ടീസുകളുടെ പകർപ്പുകളും ഗ്രാമസഭയിൽ ചർച്ചയ്ക്കായി വിതരണം ചെയ്ത അച്ചടിച്ച കുറിപ്പുകളുടെ പകർപ്പുകളും.
3. ഗ്രാമസഭയിലെ പങ്കാളിത്തം സംബന്ധിച്ച സ്റ്റേറ്റ്മെൻറ്.
4. വികസനസെമിനാറിലെ പങ്കാളിത്തം സംബന്ധിച്ച സ്റ്റേറ്റ്മെൻറ്.
5. കർമ്മസമിതി അംഗങ്ങളുടെ ലിസ്റ്റ് (ഓരോ അംഗവും ഏതു വിഭാഗത്തിൽപ്പെടുന്നു എന്നു സൂചിപ്പിക്കണം. ഭരണസമിതി അംഗം, ഉദ്യോഗസ്ഥർ, വി.ടി.സി., കെ.ആർ.പി, ഡി.ആർ.പി., എൽ.ആർ.പി മറ്റുള്ളവ)
6. നാലു കർമ്മസമിതി പൊതുയോഗങ്ങളുടേയും രൂപീകരണ പൊതുയോഗങ്ങളുടേയും മിനിട്സ്.

ജനകീയാസൂത്രണരേഖകളുടെ ഓരോ കോപ്പി വീതം സമർപ്പിച്ചാൽ മതിയാകും. അതുപോലെതന്നെ പ്രോജക്ടുകളുടെ സമ്പൂർണ്ണരൂപത്തിന്റെ അധികകോപ്പികൾ വിദഗ്ധസമിതിത വിലയിരുത്തലിനുശേഷം എടുത്താൽ മതിയാവും. വികസനസെമിനാറിൽ വിതരണംചെയ്യുന്നതിന് അച്ചടിച്ച പദ്ധതിരേഖയോടൊപ്പം ആവശ്യമായ ഭേദഗതികൾ പ്രത്യേകം എഴുതിച്ചേർത്ത് സമർപ്പിച്ചാൽ മതിയാകും.

10959

Printed at Kerala State Audio Visual and
Reprographic Centre, TVPM, Ph : 360444

ആസൂത്രണസഹായി 1

# രണ്ടാംവർഷ പദ്ധതി



സംസ്ഥാന ആസൂത്രണ ബോർഡ്

തദ്ദേശഭരണ വകുപ്പ്

കേരള സർക്കാർ

1998

ജനകീയാസൂത്രണ പ്രസ്ഥാനം

Indic Digital Archive Foundation
gpura.org